11
ജൂൺ 2024
ചൊവ്വ
1445 ദുൽഹജ്ജ് 05
1199 എടവം 28
പേജ് 20
അബുദാബി

ഗൾഫ് ചന്ദ്രിക
www.chandrikadaily.com

ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika instagram.com/@gulfchandrika youtube/@gulfchandrika

08 ബുംറയിൽ തകർന്ന് പാക്കിസ്താൻ

അഡ്വ. ഹാരിസ് ബീരാൻ യു.ഡി.എഫിന്റെ രാജ്യസഭാ സ്ഥാനാർത്ഥി

ഭരണഘടനാ സംരക്ഷണം പ്രധാന ദൗത്യമെന്ന് അഡ്വ. ഹാരിസ് ബീരാൻ

തിരുവനന്തപുരം: അഡ്വ. വി.കെ ഹാരിസ് ബീരാൻ യു.ഡി.എഫിന്റെ രാജ്യസഭാ സ്ഥാനാർത്ഥി. തിരുവനന്തപുരത്ത് ചേർന്ന മുസ്‌ലിംലീഗ് ഉന്നതാധികാര സമിതി യോഗത്തിന് ശേഷം സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളാണ് സ്ഥാനാർത്ഥി പ്രഖ്യാപനം നടത്തിയത്. സുപ്രീംകോടതിയിലെ അഭിഭാഷകനും ഡൽഹി കെ.എം.സി.സി പ്രസിഡണ്ടും ആൾ ഇന്ത്യ ലായേഴ്സ് ഫോറത്തിന്റെ പ്രസിഡണ്ടുമാണ് ഹാരിസ് ബീരാൻ. വരണാധികാരിയായ നിയമസഭാ സെക്രട്ടറി മുമ്പാകെ നാമനിർദേശ പത്രിക സമർപ്പിക്കും.

പാർട്ടി ഒറ്റക്കെട്ടായാണ് ഹാരിസ് ബീരാന്റെ സ്ഥാനാർത്ഥിത്വം അംഗീകരിച്ചതെന്ന് സാദിഖലി തങ്ങൾ പറഞ്ഞു. ഒഴിവുവന്ന മൂന്ന് സീറ്റുകളിൽ ഒന്ന് യു.ഡി.എഫിന് അവകാശപ്പെട്ടതാണ്. അത് മുന്നണി അനുവദിച്ചത് മുസ്‌ലിം ലീഗിനാണ്. സ്ഥാനാർത്ഥി ആരായിരിക്കണം എന്നത് സംബന്ധിച്ച് മുസ്‌ലിംലീഗിന്റെ ഉന്നത നേതാക്കളുമായും എം.എൽ.എമാരുമായും ചർച്ച നടത്തിയിരുന്നു. കൂടിയാലോചനക്ക് ശേഷമാണ് സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുന്നതെന്നും തങ്ങൾ പറഞ്ഞു.

നേരത്തേ പാർട്ടി സംസ്ഥാന നേതൃത്വവും എം.എൽ.എമാരും യോഗം ചേർന്ന് സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കാൻ സാദിഖലി തങ്ങളെ ചുമതലപ്പെടുത്തിയിരുന്നതായി ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയും വ്യക്തമാക്കി. ഹാരിസ് ബീരാന്റെ ദീർഘകാലത്തെ ഡൽഹി ബന്ധങ്ങളും സേവനവും പാർട്ടിക്ക് കൂടുതൽ ഗുണം ചെയ്യുമെന്നും അദ്ദേഹം പ്രഗത്ഭനായ അഭിഭാഷകനാണെന്നും മുസ്‌ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റ് പ്രൊഫ. ഖാദർ മൊയ്തീൻ പറഞ്ഞു.

ഭരണഘടനയെ സംരക്ഷിക്കാനുള്ള കടമയാണ് പാർലമെന്റിൽ പാർട്ടിയുടെ ദൗത്യങ്ങളിൽ പ്രധാനമെന്നും ഭരണഘടന സംരക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ മറ്റൊന്നും പേടിക്കാനില്ലെന്നും ഹാരിസ് ബീരാൻ പ്രതികരിച്ചു. ആ ദൗത്യവുമായി മുന്നോട്ടുപോകും. പാർട്ടി തന്നിൽ അർപ്പിച്ച വിശ്വാസം പൂർണമായി പാലിക്കും. തങ്ങളും പി.കെ കുഞ്ഞാലിക്കുട്ടിയും അടക്കമുള്ള നേതൃത്വത്തോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. കഴിഞ്ഞ 25 വർഷമായി താൻ ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്നയാളാണ്. അത് തനിക്ക് രാജ്യസഭയിൽ കൂടുതൽ പ്രയോജനം ചെയ്യുമെന്ന നിലയിലായിരിക്കണം പാർട്ടി ഈ ദൗത്യം ഏൽപിച്ചത്. താൻ കേരളവുമായി നിരന്തരം ബന്ധപ്പെടുന്നയാളാണ്. എപ്പോഴും കേരളത്തിൽ തന്റെ സാന്നിധ്യം ഉറപ്പുവരുത്തണമെന്ന നിർദേശവും പാർട്ടി നൽകിയിട്ടുണ്ട്. കപിൽ സിബൽ അടക്കമുള്ള മുതിർന്ന അഭിഭാഷകരുടെ നിർദേശങ്ങൾ സ്വീകരിച്ചുകൊണ്ടായിരിക്കും രാജ്യസഭയിൽ പ്രവർത്തിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

ഇ.ടി മുഹമ്മദ് ബഷീർ, എം.പി അബ്ദുസമദ് സമദാനി, പി.വി അബ്ദുൽ വഹാബ്, പി.എം.എ സലാം, മുനവ്വറലി ശിഹാബ് തങ്ങൾ, കെ.പി.എ മജീദ് തുടങ്ങിയവരും ഉന്നാധികാര സമിതി യോഗത്തിൽ പങ്കെടുത്തു. സ്ഥാനാർത്ഥി പ്രഖ്യാപന വേളയിൽ മുസ്‌ലിം ലീഗ് എം.എൽ.എമാരും സന്നിഹിതരായിരുന്നു.

രാജ്യസഭാ സ്ഥാനാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ഹാരിസ് ബീരാനെ മുസ്‌ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഷാളണിയിച്ച് അനുമോദിക്കുന്നു. ആബിദ്ഹുസൈൻ തങ്ങൾ, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, പി.എം.എ സലാം, പി.വി അബ്ദുൽ വഹാബ്, പി.കെ കുഞ്ഞാലിക്കുട്ടി, പ്രഫ. ഖാദർ മൊയ്തീൻ, ഇ.ടി മുഹമ്മദ് ബഷീർ, ഡോ.അബ്ദുസമ്മദ് സമദാനി, കെ.പി.എ മജീദ്, പി.കെ ബഷീർ, പി അബ്ദുൽ ഹമീദ് സമീപം

പാർലമെന്റിൽ മുസ്‌ലിംലീഗ് എം.പിമാർ അഞ്ചാകും

ന്യൂഡൽഹി: യു.ഡി.എഫ് സ്ഥാനാർത്ഥിയായി ഹാരിസ് ബീരാൻ കൂടി രാജ്യസഭയിൽ എത്തുന്നതോടെ പാർലമെന്റിൽ മുസ്‌ലിംലീഗ് എം.പിമാരുടെ എണ്ണം വീണ്ടും അഞ്ചാകും. കേരളത്തിൽ നിന്നുള്ള ലോക്സഭാംഗങ്ങളായ ഇ.ടി മുഹമ്മദ് ബഷീർ, എം.പി അബ്ദുസ്സമദ് സമദാനി, തമിഴ്നാട്ടിൽ നിന്നുള്ള ലോക്സഭാംഗം നവാസ് ഗനി, കേരളത്തിൽ നിന്നുതന്നെയുള്ള രാജ്യസഭാംഗം പി.വി അബ്ദുൽ വഹാബ് എന്നിവർക്കൊപ്പമാണ് ഹാരിസ് ബീരാൻ കൂടി സഭയിലെത്തുന്നത്. 1979ൽ യു.ഡി.എഫ് സംവിധാനം നിലവിൽ വന്ന ശേഷം മിക്കപ്പോഴും മുസ്‌ലിംലീഗിന് ഒരേ സമയം രണ്ട് രാജ്യസഭാംഗങ്ങളുണ്ടായിരുന്നെങ്കിലും 2006ൽ അബ്ദുസ്സമദ് സമദാനിയുടെ കാലാവധി കഴിഞ്ഞതോടെയാണ് ഇതിനു മാറ്റം വന്നത്.

പ്രധാന വകുപ്പുകളിൽ മാറ്റമില്ലാതെ മോദി 3.0

ആഭ്യന്തരം അമിത് ഷാ തന്നെ

ന്യൂഡൽഹി: പ്രധാന വകുപ്പുകളിൽ മാറ്റമില്ലാതെ മൂന്നാം മോദി സർക്കാറിൽ മന്ത്രിമാരുടെ വകുപ്പു വിഭജനം. 2014ലും 2019ലും ബി.ജെ.പി കൈവശം ചില വകുപ്പുകൾ ഘടക കക്ഷികൾക്ക് നൽകിയതൊഴിച്ചാൽ മറ്റു വകുപ്പുകളിൽ കാര്യമായ ചലനങ്ങളില്ല. പ്രതിരോധ മന്ത്രിയായി രാജ്നാഥ് സിങും ആഭ്യന്തര മന്ത്രിയായി അമിത് ഷായും തുടരും. ആഭ്യന്തര വകുപ്പിൽ നിന്ന് അമിത് ഷായെ മാറ്റാൻ ഘടകകക്ഷികളുടെ സമ്മർദ്ദമുണ്ടായിരുന്നെങ്കിലും ബി.ജെ.പി വഴങ്ങിയില്ല. വിദേശകാര്യ മന്ത്രിയായി എസ് ജെയ്ശങ്കറും ധനകാര്യ മന്ത്രിയായി നിർമ്മലാ സീതാരാമനും തുടരും. നിതിൻ ഗഡ്കരിക്കു തന്നെയാണ് ഇത്തവണയും ഉപരിതല ഗതാഗതം. കഴിഞ്ഞ സർക്കാറിൽ പെട്രോളിയം വകുപ്പ് മന്ത്രിയായിരുന്ന ധർമ്മേന്ദ്ര പ്രഥാന് ഇത്തവണ വിദ്യാഭ്യാസ വകുപ്പാണ്. പ്രഹ്ലാദ് ജോഷി കൈകാര്യം ചെയ്ത പാർലമെന്ററി കാര്യം കിരൺ റിജിജുവിന് നൽകി. പകരം പ്രഹ്ലാദ് ജോഷിക്ക് ഭക്ഷ്യ, ഉപഭോക്തൃ വകുപ്പാണ്. ഹർഷ വർധൻ കൈകാര്യം ചെയ്ത ആരോഗ്യ വകുപ്പ് ബി.ജെ.പി അധ്യക്ഷൻ ജെ.പി നദ്ദക്കാണ് ലഭിച്ചത്. അനുരാഗ് താക്കൂർ കൈകാര്യം ചെയ്ത വാർത്താപ്രക്ഷേപണവും ഒപ്പം റെയിൽവേയും ഇത്തവണ അശ്വനി വൈഷ്ണവിനാണ് ലഭിച്ചിരിക്കുന്നത്.

ജ്യോതിരാദിത്യ സിന്ധ്യയെ ഇത്തവണ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ ചുമതല നൽകിയാണ് ഒതുക്കിയത്. ഘടകകക്ഷി നേതാക്കളിൽ പ്രമുഖനായ കുമാരസ്വാമിക്ക് ഖനി വ്യവസായ വകുപ്പാണ് ലഭിച്ചത്. ഹരിയാനാ മുൻ മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടാറിന് ഭവന നിർമ്മാണം, നഗര വികസനം എന്നീ വകുപ്പുകളും എച്ച്.എ.എം നേതാവ് ജിതൻ റാം മാഞ്ചിക്ക് ചെറുകിട -ഇടത്തരം വ്യവസായ വകുപ്പും ലഭിച്ചു. പെട്രോളിയം-പ്രകൃതി വാതകം, ടൂറിസം വകുപ്പുകളുടെ ചുമതലാണ് സുരേഷ് ഗോപിക്ക് നൽകിയിരിക്കുന്നത്. ന്യൂനപക്ഷകാര്യം, മത്സ്യബന്ധ നം, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ ചുമതലയിലാണ് ജോർജ്ജ് കൂര്യന്റെ മന്ത്രിസഭാ പ്രവേശം.

മന്ത്രിമാരും വകുപ്പുകളും 05

ബാർകോഴയിൽ ആഞ്ഞടിച്ച് പ്രതിപക്ഷം; പ്രക്ഷുബ്ധമായി സഭ

സർവത്ര അഴിമതി

- നടപടികൾ വേഗത്തിലാക്കി തടിതപ്പി സർക്കാർ
- അന്വേഷണം പ്രഖ്യാപിക്കുംവരെ പ്രതിഷേധമെന്ന് പ്രതിപക്ഷം

തിരുവനന്തപുരം: ബാർകോഴയിൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിനം കലുഷിതമായി. ബാറുടമകളിൽ നിന്ന് പണപ്പിരിവ് നടന്നതായ ശബ്ദസന്ദേശം പുറത്തുവന്ന സാഹചര്യത്തിൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന നിലപാടിൽ പ്രതിപക്ഷവും ന്യായീകരണവുമായി ഭരണപക്ഷവും ഉറച്ചുനിന്നതോടെ സഭയിൽ പ്ലക്കാർഡുകൾ ഉയർന്നു. നടുത്തളത്തിൽ പ്രതിപക്ഷത്തിന്റെ പ്രതിഷേധം ആളിക്കത്തിയതോടെ നടപടികൾ വേഗത്തിലായി സഭ നേരത്തേ പരിഞ്ഞു. സംസ്ഥാനം ഭരിക്കുന്നത് 'കോഴ സർക്കാർ' ആണെന്നുള്ള ബാനർ പിടിച്ച് സഭാ കവാടത്തിലും പ്രതിപക്ഷം പ്രതിഷേധിച്ചു.

പ്രതിപക്ഷത്തെ റോജി എം.ജോണാണ് ബാർകോഴയിൽ അന്വേഷണം ആവശ്യപ്പെട്ട് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. എന്നാൽ ഈ ആവശ്യം തള്ളിക്കളഞ്ഞ മുഖ്യമന്ത്രി പിണറായി വിജയൻ, ഇപ്പോൾ നടക്കുന്ന ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടി സ്വീകരിക്കാനാകൂവെന്ന് നിലപാടെടുക്കുകയായിരുന്നു. ഇത് അംഗീകരിക്കാൻ പ്രതിപക്ഷം തയാറായില്ല. കെ.എം മാണിക്കെതിരായ വി.എസിന്റെ പഴയ ബൈബിൾ വാക്യം ആവർത്തിച്ച റോജി എം. ജോൺ, 'കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള നരകത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും വീണുപോകരുതെ'ന്ന് തിരിച്ചടിച്ചു. പുറത്തുവന്നത് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. നിലവിലെ ക്രൈംബ്രാഞ്ച് അന്വേഷണം പ്രഹസനമാണ്. അന്വേഷിക്കുന്നത് ശബ്ദസന്ദേശം എങ്ങനെ പുറത്തുവന്നു എന്നു മാത്രമാണെന്നും അദ്ദേഹം ആരോപിച്ചു. എല്ലാ തെളിവും ഉണ്ടായിട്ടും എന്തുകൊണ്ടാണ് അഴിമതി നിരോധന നിയമ പ്രകാരം കേസെടുക്കാത്തതെന്ന് അദ്ദേഹം ചോദിച്ചു. പണം പിരിക്കുന്നത് പ്രതിപക്ഷത്തിന് വേണ്ടിയല്ല, ആർക്കു വേണ്ടിയാണെന്ന് മനസിലാവാത്തത് എക്സൈസ് വകുപ്പ് മന്ത്രിക്ക് മാത്രമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

അബ്കാരി നയത്തിൽ മാറ്റമുണ്ടാകുമെന്ന് പറഞ്ഞാണ് പരിവ് തുടങ്ങിയതെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വ്യക്തമാക്കി. അബ്കാരി നയത്തിന് വേണ്ടിയാണ് പിരിവ് നടത്തിയത്. എക്സൈസ് വകുപ്പിനെ ടൂറിസം വകുപ്പ് ഹൈജാക്ക് ചെയ്തു. ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിലേക്ക് കടന്നുകയറിയെന്നും അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കുമില്ല. ഇതിനായി നിയമസഭയിലും പുറത്തും ശക്തമായ പ്രതിഷേധം തുടരുമെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം മദ്യ നയത്തിൽ പ്രാഥമിക ചർച്ചപോലും നടന്നിട്ടില്ലെന്ന് മന്ത്രി എം.ബി രാജേഷ് ആവർത്തിച്ചു. എക്സൈസ് മന്ത്രി മദ്യവ്യവസായവുമായി ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ചയോടെയാണ് നടപടികൾ ആരംഭിക്കുന്നത്. ഈ ആരോപണം വരുന്ന സമയത്ത് ആ ചർച്ചയ്ക്കുള്ള സമയം പോലും നിശ്ചയിച്ചിരുന്നില്ല. ഇപ്പോഴാണ് ഈ മാസം 12,13 തീയതികളിൽ അവരുമായി ചർച്ചനടത്താനുള്ള സമയം നിശ്ചയിച്ചതുപോലും. ചീഫ് സെക്രട്ടറി നടത്തിയ യോഗം മദ്യനയവുമായി ബന്ധപ്പെട്ടതായിരുന്നില്ല. ടൂറിസം ഡയറക്ടർ സംഘടിപ്പിച്ച യോഗം പതിവ് യോഗത്തിന്റെ ഭാഗം മാത്രം ആയിരുന്നുവെന്നും മന്ത്രി ന്യായീകരിച്ചു.

ബാർകോഴ ആരോപണത്തിൽ മന്ത്രിമാരുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ സഭാകവാടത്തിൽ പ്രതിഷേധിക്കുന്ന യു.ഡി.എഫ് എം.എൽ.എമാർ

കാലിക്കറ്റ് വാഴ്സിറ്റി യൂണിയൻ പിടിച്ചെടുത്ത് യു.ഡി.എസ്.എഫ്

ചരിത്രം തിരുത്തിയ വിജയം

- മുഴുവൻ സീറ്റും ജയിച്ച് എം.എസ്.എഫ് - കെ.എസ്.യു സഖ്യം
- ചെറുത്തത് എസ്.എഫ്.ഐയുടെ തിരഞ്ഞെടുപ്പ് അട്ടിമറി ശ്രമം കൂടി

കാലിക്കറ്റ് സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പിൽ യു.ഡി.എസ്.എഫ് ചെയർപെഴ്സണായി തിരഞ്ഞെടുക്കപ്പെട്ട പി നിതിൻ ഫാത്തിമക്കൊപ്പം ആഹ്ലാദം പങ്കിടുന്ന പ്രവർത്തകർ. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, കെ.എസ്.യു സംസ്ഥാന പ്രസിഡണ്ട് അലോഷ്യസ് സേവ്യർ തുടങ്ങിയവർ സമീപം

സജീഷ് അൻവർ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ ചരിത്രം തിരുത്തിയ വിജയവുമായി എം.എസ്.എഫും കെ.എസ്.യുവും ഉൾപ്പെടുന്ന യു.ഡി.എസ്.എഫ് സഖ്യം. മുഴുവൻ സീറ്റും യു.ഡി.എസ്.എഫ് എസ്.എഫ്.ഐയിൽ നിന്ന് പിടിച്ചെടുത്തു. അഞ്ച് ജനറൽ സീറ്റും അഞ്ച് ജില്ലാ എക്സിക്യൂട്ടീവും ഉൾപ്പെടെ 10 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടന്നത്.

ചെയർപെഴ്സണായി കെ.എസ്.യുവിന്റെ പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളജിലെ പി. നിഥിൻ ഫാത്തിമ തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി എം.എസ്.എഫിലെ പുറമണ്ണൂർ മജ്‌ലിസ് ആർട്സ് ആന്റ് സയൻസ് കോളജിലെ പി. മുഹമ്മദ് സഫ്‌വാൻ, വൈസ് ചെയർമാനായി എം.എസ്.എഫിലെ ഫാറൂഖ് കോളജിലെ പി.കെ അർഷാദ്, ലേഡി വൈസ് ചെയർമാൻ ആയി എം.എസ്.എഫിലെ മയിലുംപുറം സ്വാമിവിവേകാനന്ദ സെന്റർ ഓഫ് ടീച്ചർ എഡ്യുക്കേഷനിലെ കെ.ടി ഷബ്ന, ജോയിൻ സെക്രട്ടറിയായി കെ.എസ്.യുവിലെ കൽപ്പറ്റ എൻ. എം.എസ്.എം കോളജിലെ കെ.പി അശിൻനാഥ്, കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ആയി എം.എസ്.എഫിലെ ജാഫർ ടി. തുണ്ടിയിൽ, മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് ആയി എം.എസ്.എഫിലെ പി.കെ മുബഷിർ എന്നിവരെ തിരഞ്ഞെടുക്കപ്പെട്ടു. വിജയികളുമായി പ്രവർത്തകർ കാമ്പസിൽ പ്രകടനം നടത്തി.

ലോകസഭാ തിരഞ്ഞെടുപ്പിലെ ദയനീയ പരാജയത്തിനു പിന്നാലെ കാലിക്കറ്റ് സർവകലാശാല യൂണിയൻ നഷ്ടപ്പെട്ടത് ഇടതുപക്ഷത്തിന് കനത്ത തിരിച്ചടിയായി. പിണറായി വിജയന്റെ ധാർഷ്ട്യത്തിനേറ്റ തിരിച്ചടിയാണ് ലോക്സഭാ ഫലമെങ്കിൽ എസ്.എഫ്.ഐ ഗുണ്ടായിസത്തിന് വിദ്യാർത്ഥികൾ നൽകിയ മറുപടിയാണ് കാലിക്കറ്റ് യൂണിയൻ തിരഞ്ഞെടുപ്പ് ഫലം. ഇടതുപക്ഷത്തിന്റെ വിദ്യാഭ്യാസ നയങ്ങളെ തള്ളിപ്പറഞ്ഞാണ് വിദ്യാർത്ഥികൾ കൂട്ടത്തോടെ യു.ഡി.എസ്.എഫിനെ പിന്തുണച്ചത്. പരാജയ ഭീതി പൂണ്ട എസ്.എഫ്.ഐക്കാർ തിരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിന് ശ്രമങ്ങൾ നടത്തിയിരുന്നു. എട്ടുവർഷത്തെ കുത്തക തകർത്താണ് യൂണിയൻ യു.ഡി.എസ്.എഫ് പിടിച്ചെടുത്തത്. യു.യു.സിമാരെ തട്ടികൊണ്ടുപോയും ഭീഷണിപ്പെടുത്തിയും യൂണിയൻ പിടിച്ചെടുക്കാൻ എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി പി.എം ആർഷോയുടെ നേതൃത്വത്തിൽ നടത്തിയ കുതന്ത്രങ്ങളാണ് തകർന്നുവീണത്. രാവിലെ ഒമ്പതര മുതൽ ഒരു മണി വരെയായിരുന്നു തിരഞ്ഞെടുപ്പ്. ഉച്ചക്ക് മൂന്നു മണി മുതൽ തുടങ്ങിയ വോട്ടെണ്ണൽ രാത്രിയോടെയാണ് പൂർണമായും സമാപിച്ചത്.

സുരക്ഷക്ക് വൻ പൊലീസ് സന്നാഹം

തേഞ്ഞിപ്പലം: എസ്.എഫ്.ഐ ഗുണ്ടായിസം തടയാൻ കാലിക്കറ്റ് സർവകലാശാലാ യൂണിയൻ തിരഞ്ഞെടുപ്പിന് സുരക്ഷയൊരുക്കാൻ വിന്യസിച്ചത് ആയിരത്തോളം പൊലീസുകാരെ. കൊണ്ടോട്ടി അസിസ്റ്റന്റ് പൊലീസ് കമ്മീഷണർ എ.എം സിദ്ദീഖിന്റെ നേതൃത്വത്തിലാണ് പൊലീസ് സന്നാഹം ഒരുക്കിയത്. സുരക്ഷ ഒരുക്കാൻ ഹൈക്കോടതി പ്രത്യേക നിർദേശം നൽകിയതിനെതുടർന്നായിരുന്നു ഇത്.

ഒമാനിൽ ഗ്യാസ് സിലിണ്ടറുകൾക്ക് ഇൻഷുറൻസ് ഫീസ് നൽകണം

മസ്കത്ത്: ഒമാനിൽ ഗ്യാസ് സിലിണ്ടർ ലഭിക്കുന്നതിനായി ഉപഭോക്താക്കൾക്ക് പുതിയ മാർഗനിർദേശവുമായി ഒമാൻ. ഉപഭോക്താക്കൾ പാചക വാതക സിലിണ്ടറുകൾക്ക് ഇൻഷുറൻസ് ഫീസ് നൽകണമെന്നാണ് വാണിജ്യ, വ്യവസായ, നിക്ഷേപ പ്രമോഷൻ മന്ത്രാലയം അറിയിച്ചു. ഡിസംബർ ആറ് മുതലാണ് നിയമം പ്രാബല്യത്തിൽ വരിക. സിലിണ്ടറിന്റെ തരം, ശേഷി, വലിപ്പം എന്നിവ അനുസരിച്ചായിരിക്കും ഇൻഷുറൻസ് തുക നിശ്ചയിക്കുന്നത്. അഞ്ചിനും 30 റിയാലിനും ഇടയിലായിരിക്കും ഇൻഷുറൻസ് തുക നൽകേണ്ടിവരിക. സിലിണ്ടർ തിരിച്ച് കൊടുക്കുമ്പോൾ ഉപഭോക്താവിന് ഇൻഷുറൻസ് തുകയും തിരികെ ലഭിക്കും. എന്നാൽ സിലിണ്ടർ നഷ്ടപ്പെടുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ ഇൻഷുറൻസ് തുക തിരികെ ലഭിക്കില്ലെന്ന് അധികൃതർ വ്യക്തമാക്കി. എൽപിജി സിലിണ്ടറുകൾ നിറക്കുന്നതിനും വിൽക്കുന്നതിനും ലൈസൻസ് നിർബന്ധമാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികളാണ് അധികൃതർ സ്വീകരിക്കുന്നത്. 1,000 റിയാൽ വരെ പിഴ, ലൈസൻസ് സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികളാണ് നിയമ ലംഘകർക്കെതിരെ ചുമത്തുക. ക്രമക്കേടുകൾ തുടർന്നാൽ ലൈസൻസ് റദ്ദാക്കുകയും ചെയ്യും.

നിരവധി സേവനങ്ങൾ ഉൾപ്പെടുത്തി ആർടിഎയുടെ പുതിയ നോൾ കാർഡ്

ദുബൈ: ഒട്ടനവധി സേവനങ്ങളും ഓഫറുകളും ഉൾപ്പെടുത്തി ദുബൈ ആർടിഎ പുതിയ നോൾ കാർഡ് പുറത്തിറക്കി. വിനോദസഞ്ചാരികൾ, താമസക്കാർ, പൗരന്മാർ എന്നിവർക്കായി വിവിധ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും 17,000 ദിർഹം വരെ കിഴിവ് നൽകുന്നതാണ് പുതിയ കാർഡ്. നോൾ ട്രാവൽ കാർഡ് ഉപയോഗിച്ച് ദുബൈയിലെ പൊതുഗതാഗതത്തിനും പാർക്കിംഗിനും മറ്റ് വിനോദങ്ങൾക്കും പണമടക്കാൻ കഴിയും. നഗരത്തിലെ ഹോട്ടലുകൾ, ഷോപ്പുകൾ, ഉല്ലാസ കേന്ദ്രങ്ങൾ, വിനോദ സംവിധാനങ്ങൾ തുടങ്ങിയവയിൽ അഞ്ച് മുതൽ 10 ശതമാനം വരെ കിഴിവുകളും വാഗ്ദാനം ചെയ്യുന്നു. പ്രാരംഭ ഘട്ടത്തിൽ ദുബൈ ഇന്റർനാഷണൽ എയർപോർട്ടിലും സ്യൂ, യൂറോപ്കാർഡ് തുടങ്ങിയ ചില പാർട്ണർ സ്റ്റോറുകളിലും ലഭ്യമാകും. 200 ദിർഹമാണ് വില. 19 ദിർഹം ബാലൻസ് ഉണ്ടാവും.

ഗൾഫ് വാർത്തകൾ

ബഹ്റൈനിൽ പെരുന്നാൾ അവധി 15 മുതൽ 18 വരെ

മനാമ: ബഹ്റൈനിൽ ബലിപെരുന്നാൾ അവധി പ്രഖ്യാപിച്ചു. കിരീടാവകാശിയും പ്രധാനമന്ത്രിയുമായ സൽമാൻ ബിൻ ഹമദ് അൽ ഖലീഫ രാജകുമാരനാണ് അവധികൾ സംബന്ധിച്ച് സർക്കുലർ പുറത്തിറക്കിയത്. ജൂൺ 15 മുതൽ 18 വരെയുള്ള ദിവസങ്ങളിലാണ് ബഹ്റൈനിൽ പെരുന്നാൾ അവധി നൽകിയിരിക്കുന്നത്. ഈ കാലയളവിൽ രാജ്യത്തെ മന്ത്രാലയങ്ങളും പൊതു സ്ഥാപനങ്ങളും അടച്ചിടുമെന്ന് സർക്കുലറിൽ വ്യക്തമാക്കി. ഒമാനിലും ബലിപെരുന്നാൾ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ സർക്കാർസ്വകാര്യ മേഖലയിൽ ജൂൺ 16 മുതൽ 20 വരെ പൊതു അവധിയായിരിക്കുമെന്നാണ് തൊഴിൽ മന്ത്രാലയം അറിയിച്ചത്. വാരാന്ത്യം ഉൾപ്പെടെ രാജ്യത്തെ നിവാസികൾക്ക് പെരുന്നാളിന് 9 ദിവസം തുടർച്ചയായി ഒഴിവ് ലഭിക്കും.

വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം

ദോഹ: ഖത്തറിലെ ഇന്ത്യൻ സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച എംബസിയുടെ പേരിൽ പ്രചരിക്കുന്ന വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. പുതിയ അധ്യയന വർഷം ആരംഭിച്ചിരിക്കെയാണ് വ്യാജസന്ദേശങ്ങൾ എംബസിയുടെ പേരിൽ പ്രചരിക്കുന്നത്

കുവൈത്തിൽ മയക്കു മരുന്നു പരിശോധന ശക്തം

കുവൈത്തിൽ മയക്കു മരുന്നു പരിശോധന ശക്തമാക്കി ആഭ്യന്തര മന്ത്രാലയം. കഴിഞ്ഞ ദിവസം നടന്ന പരിശോധനയിൽ മയക്കുമരുന്നുകളും സൈക്കോട്രോപിക് ഗുളികളും കൈവശം വെച്ച നിരവധി പേരെ അറസ്റ്റ് ചെയ്തു. മയക്കുമരുന്ന് കടത്ത്, ഇടപാട്, ഉപയോഗം എന്നിവക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി

ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ഷാർജക്ക് ഉയർന്ന റാങ്ക്

ഷാർജ: ഈ വർഷത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ജിസിസിയിൽ നാലാമതും മെന റീജിയണിൽ ഏഴാമതും റാങ്കിംഗ് കരസ്ഥമാക്കി ഷാർജ. ലണ്ടൻ ടെക് വീക്കിൽ പ്രഖ്യാപിച്ച സ്റ്റാർട്ടപ്പ് ജീനോം, ഗ്ലോബൽ എന്റർപ്രണർഷിപ്പ് നെറ്റ്‌വർക്ക് സ്റ്റാൻഡിംഗുകൾ, അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് രംഗത്ത് എമിറേറ്റിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനവും മത്സരശേഷിയും മുൻനിർത്തി ഷാർജയെ 2023 നെ അപേക്ഷിച്ച് രണ്ട് സ്ഥാനങ്ങൾ ഉയർത്തി. ഞങ്ങളുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം നിക്ഷേപകരും ബിസിനസ്സ് സൗഹൃദവുമാണ്, നവീകരണത്തെ പരിപോഷിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്, കൂടാതെ മുന്നോട്ട് ചിന്തിക്കുന്ന മനസ്സുകൾ ഒത്തുചേരുന്ന ഒരു ചലനാത്മക ആഗോള കേന്ദ്രമാണിത്.

ഞങ്ങൾ ശരിയായ പാതയിലാണ്, ഷാർജയിലെ സംരംഭകരെ ശാക്തീകരിക്കാനും മേഖലയിലും പുറത്തും സുസ്ഥിര സാമ്പത്തിക വികസനം നയിക്കാനുമുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തെ ഈ മുന്നേറ്റം ശക്തിപ്പെടുത്തുന്നുഷെറയുടെ ചെയർപേഴ്സൺ ശൈഖ ബുദൂർ ബിൻത് സുൽത്താൻ അൽ ഖാസിമി പറഞ്ഞു. ക്ലീൻടെക്, ഡിജിറ്റൽ ആന്റ് ക്രിയേറ്റീവ് ഇൻഡസ്ട്രീസ്, എഡ്ടെക് എന്നിവയുൾപ്പെടെയുള്ള നിർദ്ദിഷ്ട മേഖലകളിലെ ഷാർജയുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെ ശക്തി റിപ്പോർട്ട് എടുത്തുകാണിക്കുന്നു. നോളജ്, പെർഫോമൻസ് എന്നീ വിഭാഗങ്ങളിലെ മികച്ച 15 റാങ്കിംഗിൽ ഷാർജയും ഇടംപിടിച്ചിട്ടുണ്ട്. നോളജ് വിഭാഗം ഗവേഷണത്തിലൂടെയും പേറ്റന്റ് പ്രവർത്തനത്തിലൂടെയും നവീകരണത്തെ വിലയിരുത്തുന്നു, അതേസമയം പ്രകടന വിഭാഗം എക്സിറ്റുകളിൽ നിന്നും ഫണ്ടിംഗിൽ നിന്നും സൃഷ്ടിക്കുന്ന സാങ്കേതിക സ്റ്റാർട്ടപ്പ് മൂല്യത്തെ അടിസ്ഥാനമാക്കി ഒരു ഇക്കോസിസ്റ്റത്തിന്റെ വലിപ്പവും വിജയവും വിലയിരുത്തുന്നു.

ഫ്ളാഗ് ഐലന്റ്, ഷാർജ

എഎഫ്സി ചാമ്പ്യൻസ് ലീഗ് വിജയം

അൽഐൻ ഫുട്ബോൾ ടീമിനെയും സപ്പോർട്ടിങ് സ്റ്റാഫിനെയും സ്വീകരിച്ച് യുഎഇ പ്രസിഡന്റ്

ടീമിന്റെ മെഡിക്കൽ സേവനദാതാവായ ബുർജീലിന്റെ ചെയർമാൻ ഡോ. ഷംഷീർ വയലിലും സംഘത്തിൽ

അബുദാബി: 2024ലെ എഎഫ്സി ചാമ്പ്യൻസ് ലീഗിൽ യുഎഇക്ക് അഭിമാനവിജയം സമ്മാനിച്ച അൽ ഐൻ ഫുട്ബോൾ ടീമിനെയും പിന്നണി പ്രവർത്തകരെയും ആദരിച്ച് യുഎഇ പ്രസിഡന്റ് ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ. തിളങ്ങുന്ന വിജയത്തിൽ ടീമിനെ അഭിനന്ദിക്കാനായി അബുദാബി ഖസർ അൽ ബഹറിലാണ് പ്രത്യേക സ്വീകരണം ഒരുക്കിയത്.

ടീമിലെ കളിക്കാരെയും പിന്നണി പ്രവർത്തകരെയും ചരിത്ര നേട്ടത്തിന് യുഎഇ പ്രസിഡന്റ് അഭിനന്ദിച്ചു. ടൂർണമെന്റിലുടനീളമുള്ള ടീമിന്റെ അസാധാരണമായ പ്രകടനത്തെയും യുഎഇയെ പ്രതിനിധീകരിച്ച് വിജയം കൈവരിക്കാൻ കാരണമായ പരിശ്രമങ്ങളെയും അദ്ദേഹം പ്രശംസിച്ചു. കളിക്കാർ, ക്ലബ് ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ, സ്പോൺസർമാർ എന്നിവരാണ് സ്വീകരണത്തിൽ പങ്കെടുത്തത്. ക്ലബിന്റെ മെഡിക്കൽ പങ്കാളിയായ ബുർജീലിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. ഷംഷീർ വയലിലും സംഘത്തിൽ ഉണ്ടായിരുന്നു. അബുദാബി ഡെപ്യൂട്ടി ഭരണാധികാരി ഷെയ്ഖ് ഹസ്സ ബിൻ സായിദ് അൽ നഹ്യാനടക്കമുള്ള പ്രമുഖരും ടീമിനെ അഭിനന്ദിക്കാനായി എത്തി. രാജ്യത്തെ കായിക, യുവജന മേഖലയ്ക്ക് യുഎഇ പ്രസിഡന്റ് നൽകുന്ന പിന്തുണയുടെ ഫലമാണ് അൽ ഐൻ ഫുട്ബോൾ ക്ലബ്ബിന്റെ നേട്ടമെന്ന് ടീമംഗങ്ങൾ പ്രതികരിച്ചു.

അൽഐൻ എഫ്സി ടീമംഗങ്ങൾ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനൊപ്പം. ക്ലബ്ബിന്റെ മെഡിക്കൽ പങ്കാളിയായ ബുർജീലിന്റെ സ്ഥാപകൻ ഡോ. ഷംഷീർ വയലിൽ യുഎഇ പ്രസിഡന്റിന് ആശംസ നേരുന്നു

യുഎഇയിലെ ജോലി സ്ഥലങ്ങൾ പുകവലി വിമുക്തമാക്കുന്നു

അബുദാബി: പൊതുസ്വകാര്യ ജോലി സ്ഥലങ്ങൾ പുകവലി വിമുക്തമാക്കാൻ കമ്പനികളോട് യുഎഇ ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടു. പുകവലി നിരോധന നടപടിക്രമങ്ങൾ ലംഘിക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടിയെടുക്കാനും നിർദേശിച്ചിട്ടുണ്ട്. കമ്പനികളിലും സ്ഥാപനങ്ങളിലും ജീവനക്കാരെ പുകവലിരഹിത നയത്തെക്കുറിച്ച് രേഖാമൂലം അറിയിക്കേണ്ടതുണ്ട്. എന്നിട്ടും ലംഘിക്കുന്ന വ്യക്തികളുടെ പേരും സംഭവ സ്ഥലം, സമയം, അനന്തരഫലങ്ങൾ എന്നിവ രേഖപ്പെടുത്തണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്.

കമ്പനികൾക്കായി പുകയില രഹിത ജോലിസ്ഥല ഗൈഡ് മൊഹാപ് പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ പുകയിലയുടെ എല്ലാ രൂപത്തിലുമുള്ള ഉപയോഗിക്കലാണ് നിരോധിക്കുന്നത്. പുകയില രഹിത സർക്കാർ നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ, ഔട്ട്ഡോർ, പാർക്കിംഗ് ഏരിയകൾ ഉൾപ്പെടെയുള്ള എവിടെയും പുകവലി അനുവദനീയമല്ല. എല്ലാ പുകയില ഉൽപന്നങ്ങളുടെയും ഉപയോഗത്തിൽ നിന്ന് സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് മന്ത്രാലയത്തിന്റെ നിയമാവലി പ്രവർത്തിപ്പിക്കേണ്ടതെന്ന് പബ്ലിക് ഹെൽത്ത് സെക്ടർ അസിസ്റ്റന്റ് അണ്ടർ സെക്രട്ടറി ഡോ.ഹുസൈൻ അബ്ദുൾ റഹ്മാൻ അൽ റാൻഡ് പറഞ്ഞു. 2005ൽ ലോകാരോഗ്യ സംഘടന അംഗീകരിച്ച നയത്തോട് ചേർന്നായിരിക്കും ഈ പദ്ധതി നടപ്പാക്കുന്നത്.

കൽബയിൽ പുതിയ പവർ ട്രാൻസ്മിഷൻ സ്റ്റേഷൻ തുറന്നു

ഷാർജ: കൽബ കൊമേഴ്സ്യൽ പവർ ട്രാൻസ്മിഷൻ സ്റ്റേഷനിൽ 33/11 കെവിയുടെ ഉൽപാദനം ആരംഭിച്ചതായി ഷാർജ ഇലക്ട്രിസിറ്റി, വാട്ടർ, ഗ്യാസ് അതോറിറ്റി (സേവ) അറിയിച്ചു. ഷാർജ നിവാസികൾക്ക് മികച്ച സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെ എല്ലാ മേഖലകളിലുമുള്ള വൈദ്യുതി പ്രസരണ, വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനുള്ള അതോറിറ്റിയുടെ നിരന്തരമായ ശ്രമങ്ങളുടെ ഭാഗമാണ് ഈ സംരംഭം. എല്ലാ ടെസ്റ്റിംഗും കമ്മീഷൻ ചെയ്യലും വിജയകരമായി പൂർത്തിയാക്കിയ സ്റ്റേഷൻ നിർമ്മാണത്തിന്റെ ആകെ ചെലവ് 55 ദശലക്ഷം ദിർഹമാണ്.

കൽബയിലെ പുതിയ സബ്സ്റ്റേഷൻ വാണിജ്യ, വ്യാവസായിക മേഖലകളായ അൽ ഖുർം, കൽബ മാൾ വാട്ടർഫ്രണ്ട്, വിക്ടോറിയ സ്കൂൾ, ഖത്ത് അൽ മെലാഹിയ ബോർഡർ പോയിന്റ് എന്നിവയുൾപ്പെടെ പ്രദേശത്തിനും സമീപ പ്രദേശങ്ങൾക്കും വൈദ്യുത വിതരണത്തിന്റെ പ്രധാന ഉറവിടമെന്ന് സേവയിലെ കൽബ വകുപ്പ് ഡയറക്ടർ എഞ്ചിനീയർ യൂസഫ് മുഹമ്മദ് അൽ ഹമ്മാദി പറഞ്ഞു. ഷാർജയുടെ വിവിധ മേഖലകളിലുള്ള വികസന പദ്ധതികൾക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ട്, ഉയർന്ന നിലവാരത്തിലും നിശ്ചിത സമയപരിധിക്കുള്ളിലും പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അതോറിറ്റിയുടെ പ്രതിബദ്ധത അദ്ദേഹം ഊന്നിപ്പറഞ്ഞു. സേവനങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ നിർദ്ദേശപ്രകാരമാണിത്. ഏറ്റവും ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് സ്റ്റേഷൻ നിർമിച്ചതെന്നും നെറ്റ്‌വർക്കുമായി ബന്ധിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയെന്നും അൽ ഹമ്മാദി ചൂണ്ടിക്കാട്ടി. ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കാൻ അത്യാധുനിക സംവിധാനങ്ങളാൽ സജ്ജീകരിച്ചിരിക്കുന്നു. 60 എംവിഎ ശേഷിയുള്ള സ്റ്റേഷനിൽ മൂന്ന് ട്രാൻസ്ഫോർമറുകൾ ഉൾപ്പെടുന്നു, ഓരോന്നിനും 20 എംവിഎ ശേഷിയുണ്ട്. 33 കെവി കേബിളുകൾ 25 കിലോമീറ്ററും 11 കെവി കേബിളുകൾ 12 കിലോമീറ്ററും നീളുന്ന സ്റ്റേഷനിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചു. ആക്സസ് കൺട്രോൾ, നിരീക്ഷണ ക്യാമറകൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, റൂം ടെമ്പറേച്ചർ മോണിറ്ററിംഗ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു ബിഎംഎസ് (ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റം) സ്റ്റേഷനിൽ ഉണ്ട്.

ഷാർജ കൽബയിൽ പുതുതായി പ്രവർത്തനമാരംഭിച്ച പവർ ട്രാൻസ്മിഷൻ സ്റ്റേഷൻ

ദുബൈ പൊലീസ് സേനയിലെ മികച്ച 25 ഡ്രൈവർമാരെ ആദരിച്ചപ്പോൾ

ദുബൈ താമസ കുടിയേറ്റ വകുപ്പിൽ അൽ വാസൽ ക്ലബ്ബിന്റെ വിജയാഘോഷ ചടങ്ങിൽ നിന്ന്

ദുബൈ താമസ കുടിയേറ്റ വകുപ്പ് അൽ വാസൽ ക്ലബ്ബിന്റെ വിജയമാഘോഷിച്ചു

ദുബൈ: 20232024 യുഎഇ പ്രോ ലീഗ് ഫുട്ബോൾ ചാമ്പ്യന്മാരും, പ്രസിഡന്റ്സ് കപ്പ് ജേതാക്കളുമായ അൽ വാസൽ ഫുട്ബോൾ ക്ലബ്ബിന്റെ വിജയം ആഘോഷിക്കാൻ ദുബായ് താമസകുടിയേറ്റ വകുപ്പ് (ജിഡിആർഎഫ്എ) ചടങ്ങ് സംഘടിപ്പിച്ചു. അൽ ജാഫ്‌ലിയ ഓഫീസിൽ നടന്ന പരിപാടിയിൽ ക്ലബ്ബിന്റെ മാനേജ്മെന്റ് അംഗങ്ങളും കളിക്കാരും സംബന്ധിച്ചു.

ജി.ഡി.ആർ.എഫ്.എ ദുബൈ മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയും അൽ വാസൽ ക്ലബ് ഡയറക്ടർ ബോർഡ് ചെയർമാൻ അഹ്മദ് മുഹമ്മദ് ബിൻ ശഫാറും ഉൾപ്പെടെ ഉന്നതർ പങ്കെടുത്തു. ജിഡിആർഎഫ്എയിലേയും ക്ലബ്ബിന്റെയും മേധാവികൾ ചേർന്ന് കേക്ക് മുറിച്ചാണ് ആഘോഷങ്ങൾക്ക് തുടക്കമിട്ടത്.

ടീമംഗങ്ങളെ ഡയറക്ടറേറ്റിലെ ജീവനക്കാർ ഊഷ്മളമായി സ്വീകരിക്കുകയും വിജയാശംസകൾ നേർന്നുള്ള കവിത ആലപിക്കുകയും ചെയ്തു. ക്ലബ്ബിന്റെ നേട്ടങ്ങളെ ചടങ്ങിൽ ലഫ്റ്റനന്റ് ജനറൽ അഭിനന്ദിച്ചു. ഭാവിയിലെ വിജയങ്ങൾക്ക് അദ്ദേഹം ആശംസകൾ നേരുകയും ചെയ്തു. രാജ്യത്ത് വലിയ ആരാധകരുള്ള ഫുട്ബോൾ ക്ലബ്ബാണ് അൽ വാസൽ. നീണ്ട 17 വർഷത്തെ കാത്തിരിപ്പിന് ശേഷമാണ് പ്രസിഡന്റ്സ് കപ്പിൽ അൽ വാസൽ കിരീടം നേടുന്നത്.

സേനയിലെ മികച്ച 22 ഡ്രൈവർമാരെ ദുബൈ പോലീസ് ആദരിച്ചു

ദുബൈ: കഴിഞ്ഞ മൂന്ന് വർഷമായി ഒരു ട്രാഫിക് നിയമലംഘനമോ അപകടമോ വരുത്താത്ത പൊലീസ് സേനയിലെ 22 'ആദർശ' ഡ്രൈവർമാരെ ദുബൈ പോലീസ് ആദരിച്ചു. സർക്കാർ ചെലവുകൾ ക്രിയാത്മകമാക്കുന്നതിൽ പോലീസിനെ 24 ദശലക്ഷം ദിർഹം ലാഭിക്കാൻ സഹായിച്ച സേഫ് ഡ്രൈവിംഗ് സ്റ്റാർസ് എന്ന പരിപാടിയുടെ ഭാഗമായാണ് ഡ്രൈവർമാരെ ആദരിച്ചത്. നിർബന്ധിത വാഹനങ്ങൾ ഉൾപ്പെടുന്ന ട്രാഫിക് അപകടങ്ങൾ 40 ശതമാനം കുറക്കാൻ ഈ സംരംഭം സഹായിച്ചുവെന്ന് ജനറൽ അഡ്മിനിസ്ട്രേഷൻ ഓഫ് ട്രാൻസ്പോർട്ട് ആൻഡ് റെസ്ക്യൂ ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ കേണൽ സമീറ അബ്ദുല്ല അൽ അലി പറഞ്ഞു. വിവിധ അത്യാഹിതങ്ങളോടുള്ള ശരാശരി പ്രതികരണ സമയം രണ്ടര മിനിറ്റായി കുറയ്ക്കാൻ ഇത് സഹായിച്ചു. സുരക്ഷിതമായ ഡ്രൈവിംഗിന് മൂന്ന് വിഭാഗങ്ങളിലായി സിവിലിയന്മാർ ഉൾപ്പെടെ 100ലധികം ആളുകളെ പദ്ധതിയുടെ ഭാഗമായി ആദരിക്കും. പ്രകടനം മെച്ചപ്പെടുത്തുന്നതിനും റോഡുകളിലെ ഗതാഗത സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ പാലിക്കാൻ ഡ്രൈവർമാരെ പ്രേരിപ്പിക്കുകയുമാണ് ഇത് ലക്ഷ്യമിടുന്നത്. സേഫ് ഡ്രൈവിംഗ് സ്റ്റാർസ് സംരംഭം ട്രാഫിക് സുരക്ഷയുടെയും ഉത്തരവാദിത്തമുള്ള ഡ്രൈവിംഗിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും ഡ്രൈവർമാരെ മികച്ച ട്രാഫിക് സമ്പ്രദായങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും ലക്ഷ്യമിടുന്ന ഏറ്റവും പ്രധാനപ്പെട്ട സംരംഭങ്ങളിലൊന്നാണ്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനാണ് ഈ സംരംഭം ശ്രമിക്കുന്നതെന്ന് എക്സലൻസ് ആൻഡ് പയനിയറിംഗ് അഫയേഴ്സ് അസിസ്റ്റന്റ് കമാൻഡർഇൻചീഫ് അബ്ദുൾ ഖുദ്ദൂസ് അബ്ദുൾ റസാഖ് അൽ ഉബൈദലി പറഞ്ഞു.

യുഎഇയിൽ ട്രാഫിക് നിയമം പരിഷ്കരിക്കുന്നു

അബുദാബി: യുഎയിൽ പുതിയ ട്രാഫിക് നിയമത്തിന് ഇന്നലെ കാബിനറ്റ് യോഗം അംഗീകാരം നൽകി. പുതിയ പരിഷ്കാരമനുസരിച്ച് വാഹനങ്ങളെ തരംതിരിച്ചാകും നിയമങ്ങൾ നടപ്പിലാക്കുക. റോഡുകളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലും ഭേദഗതികളുണ്ടാകും. അന്താരാഷ്ട്ര തലത്തിൽ ഗതാഗത മേഖലയിൽ കാണുന്ന ദ്രുതഗതിയിലുള്ള വികസനം യുഎഇയിലും കൊണ്ടുവരികയാണ് ലക്ഷ്യം. ഡ്രൈവറില്ലാതെ സ്വയം ഓടുന്ന വാഹനങ്ങളുടെയും ഇലക്ട്രിക് കാറുകളുടെയും ഉപയോഗം വർധിപ്പിക്കുന്നതിനും പുതിയ നിയമം ഗുണം ചെയ്യുമെന്ന് ദുബൈ ഭരണാധികാരി പറഞ്ഞു. വിവിധ തരത്തിലുള്ള വ്യക്തിഗത ഗതാഗത മാർഗങ്ങളും, ഗതാഗതത്തെ മൊത്തത്തിൽ ആശ്രയിക്കുന്നതും നിയമം പരിശോധിക്കും.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.74 ₹
1 ഒമാനി റിയാൻ 216.98 ₹
1 സൗദി റിയാൻ 22.27 ₹
1 ഖത്തർ റിയാൻ 22.94 ₹
1 കുവൈറ്റ് ദിനാർ 272.33 ₹
1 ബഹ്റൈൻ ദിനാർ 221.63 ₹

സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 278.25
22 കാരറ്റ് 257.50
21 കാരറ്റ് 249.25
18 കാരറ്റ് 213.75

ഗൾഫ് വാർത്തകൾ

വിദ്വേഷ രാഷ്ട്രീയത്തിനു തിരിച്ചടിയേകിയത് സാധാരണ ജനം: ഡോ.പുത്തൂർ റഹ്മാൻ

ദുബൈ: ഇന്ത്യാ മഹാരാജ്യത്തെ വിദ്വേഷ രാഷ്ട്രീയത്തിലൂടെ എക്കാലവും ഭരിക്കാമെന്നു കരുതിയവരുടെ ഹുങ്കിനേറ്റ തിരിച്ചടിയാണ് പാർലമെന്റ് തിരഞ്ഞെടുപ്പു ഫലമെന്നും ഇന്ത്യയിലെ സാധാരണ ജനം ജനാധിപത്യവും മതേതരത്വവുമാണ് ആഗ്രഹിക്കുന്നതെന്നും അവരെ അന്യോന്യം അകറ്റുന്ന രാഷ്ട്രീയം ദീർഘകാലം നിലനിൽക്കില്ലെന്നും യുഎഇ കെഎംസിസി നാഷണൽ കമ്മിറ്റി പ്രസിഡന്റ് ഡോ. പുത്തൂർ റഹ്മാൻ അഭിപ്രായപ്പെട്ടു.

ദുബൈ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച രാഷ്ട്രീയ സിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ യു.ഡിഎഫിന്റെയും കേന്ദ്രത്തിൽ ഇന്ത്യ മുന്നണിയുടെയും വിജയം ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് 'ഇന്ത്യയുടെ ഭാവിയും പ്രതീക്ഷകളും ചർച്ച ചെയ്യുന്ന സിമ്പോസിയം കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ചത്.ഇന്ത്യക്കാരെ പരസ്പരം മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്നവർക്കുള്ള ജനങ്ങളുടെ താക്കീതാണ് തെരഞ്ഞെടുപ്പു ഫലം. മുസ്ലിംകളെ അധിക്ഷേപിച്ചുകൊണ്ട് പ്രധാനമന്ത്രി പ്രസംഗിച്ച എല്ലാ മണ്ഡലങ്ങളിലും ബി.ജെ.പി സ്ഥാനാർത്ഥികൾ പരാജയപ്പെട്ടു. അയോധ്യ ഉൾപ്പെടെ രാജ്യത്തെ ഹൈന്ദവ സഹോദരങ്ങളെ സ്വാധീനിക്കാൻ ബിജെ.പി ഉപയോഗിച്ച വിഷയങ്ങൾ ജനം ശ്രദ്ധിച്ചില്ല. ജനങ്ങളിലേക്ക് ഇറങ്ങാനും അവരെ സത്യം ബോധ്യപ്പെടുത്താനും ശ്രമിച്ചാൽ ഫലമുണ്ടാകും. ഇന്ത്യയിലെ സാധാരണക്കാർ സത്യത്തോടും നീതിയോടും പ്രതിബദ്ധതയുള്ളവരാണ്. യുപിയിലെ യുവ എം.പി ഇബ്ര ഹസന്റെയും കശ്മീരിൽ ഒമർ അബ്ദുല്ലയെ പരാജയപ്പെടുത്തിയ റാഷിദ് എഞ്ചിനീയറുടെയും വിജയം ഉദാഹരിച്ച് ഡോ. പുത്തൂർ റഹ്മാൻ വിശദീകരിച്ചു.

പിഎ ഇബ്രാഹിം ഹാജി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'ജനാധിപത്യ ഇന്ത്യ, പ്രതിഷയും പ്രത്യാശകളും' എന്ന വിഷയത്തിലുള്ള സിമ്പോസിയത്തിൽ ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടി അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഹനീഫ് ടി. ആർ സ്വാഗതം പറഞ്ഞു. പി കെ അൻവർ നഹ, എഎ ജലീൽ, ഡോ. ശരീഫ് പൊവ്വൽ,കാദർ അരിപ്പാമ്പ്രാ വിഷയാവതരണം നടത്തി.

ഇബ്രാഹിം മുറിച്ചാണ്ടി, കെ.പി.എ സലാം,ഹുസൈനാർ ഹാജി, ഹംസ തൊട്ടി,ഹസൻ ചാലിൽ,അബ്ദുല്ല ആറങ്ങാടി,അഫ്സൽ മെട്ടമ്മൽ,ഫൈസൽ പട്ടേൽ, ഇൻകാസ് നേതാക്കളായ സജി ബേക്കൽ,ഹരീഷ് മേപ്പാട്, അഹ്മദ് അലി ബെണ്ടിച്ചാൽ,ഫിറോസ് കാഞ്ഞങ്ങാട് പ്രസംഗിച്ചു. സെക്രട്ടറി ബഷീർ പാറപ്പള്ളി ഖിറാഅത്ത് നടത്തി. ട്രഷറർ ഡോ. ഇസ്മായിൽ നന്ദിയും പറഞ്ഞു.

ദുബൈ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച 'ജനാധിപത്യ ഇന്ത്യ, പ്രതീക്ഷയും പ്രത്യാശകളും' സിമ്പോസിയം യു.എ.ഇ കെ.എം.സി.സി നാഷണൽ കമ്മിറ്റി പ്രസിഡന്റ് ഡോ. പുത്തൂർ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

ഷാർജ കെഎംസിസി കൊടുങ്ങല്ലൂർ നിയോജക മണ്ഡലം കമ്മറ്റി എക്സിക്യൂട്ടീവ് മീറ്റും രക്ഷാപ്രവർത്തകർക്കുള്ള ആദരവും കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹാഷിം നൂഞ്ഞേരി ഉദ്ഘാടനം ചെയ്യുന്നു

ഷാർജ കൊടുങ്ങല്ലൂർ മണ്ഡലം കെഎംസിസി എക്സിക്യൂട്ടീവ് മീറ്റും ആദരവും

ഷാർജ: ഷാർജ കെഎംസിസി കൊടുങ്ങല്ലൂർ മണ്ഡലം കമ്മറ്റി എക്സിക്യൂട്ടീവ് മീറ്റും ആദരവും കെഎംസി സി സംസ്ഥാന പ്രസിഡന്റ് ഹാഷിം നൂഞ്ഞേരി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് നുഫൈൽ പുത്തൻചിറ അധ്യക്ഷനായി. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര വിശിഷ്ടാതിഥിയായിരുന്നു. കെഎംസിസി സംസ്ഥന ജനറൽ സെക്രട്ടറി മുജീബ് റഹ്മാൻ തൃക്കണാപുരം, തൃശൂർ ജില്ലാ പ്രസിഡന്റ് അബ്ദുൽ ഖാദർ ചക്കനാത്ത് എന്നിവർ മുഖ്യാതിഥികളായിരുന്നു.

എസ്.എസ്.എൽസി, പ്ലസ് ടു പരിക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളെയും ഷാർജയിലുണ്ടായ പ്രളയത്തിൽ ഷാർജ കെഎംസിസി സംസ്ഥാന കമ്മറ്റിയുടെ ആഹ്വാന പ്രകാരം ജില്ലാ കമ്മിറ്റിയുടെ സേവനങ്ങളോടൊപ്പം രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മണ്ഡലത്തിലെ പ്രവർത്തകരെ സംസ്ഥാന,ജില്ലാ നേതാക്കൾ ആദരിച്ചു. സംസ്ഥാന സെക്രട്ടറി കെഎസ് ഷാനവാസ്, മണ്ഡലം കമ്മറ്റിയുടെ ആറ് മാസത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. കെഎംസിസി സംസ്ഥാന ട്രഷറർ അബ്ദുറഹ്മാൻ മാസ്റ്റർ, തൃശൂർ ജില്ലാ ആക്ടിങ് ജനറൽ സെക്രട്ടറി കെഎഷംസുദ്ദീൻ, വനിതാ വിങ് ജില്ലാ പ്രസിഡന്റ് സജ്ന ഉമർ, ഹുസ്നറസാഖ്,മീഡിയ വിങ് കൺവീനർ ഹർഷദ് ആശംസകൾ നേർന്നു. ജില്ലാ വൈസ് പ്രസിഡന്റ് എംഎ ഹനീജ് ചർച്ചകൾക്ക് തുടക്കം കുറിച്ചു, മണ്ഡലം അഡൈസറി ബോർഡ് ചെയർമാൻ അബ്ദുൽ ജലീൽ, വൈസ് പ്രസിഡന്റുമാരായ സി.എസ് ഖലീൽ, എ. എച്ച് മുഹമ്മദലി, പി.അബ്ദുൽ റഹീം, സെക്രട്ടറിമാരായ സി.എസ് ഷിയാസ്, എം.എ സനിജ്, അൻവർ,മുഹമ്മദ് കബീർ, നജു അയ്യാരിൽ എം.എ സലിം, വനിതാ വിങ് ജില്ലാ സെക്രട്ടറിമാരായ ഷെറീന നജു, സബീന ഹനീജ്, വനിതാ വിങ് മണ്ഡലം പ്രസിഡന്റ് ഹാരിഷ നജീബ്, ജനറൽ സെക്രട്ടറി ജസീല ഇസ്ഹാഖ്, സെക്രട്ടറി മുനീറ ഹാരിസ്, സി.വി ഉമ്മർ, പി.എസ് സമദ്, വി.ബി സകരിയ്യ, സി.എസ് ഹാരിസ്, മുസമ്മിൽ, ഫൈസൽ, കെ.എ അഫ്സൽ, സബൂറ ഉമ്മർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. മണ്ഡലം ജനറൽ സെക്രട്ടറി ഷമീർ പി.എ സ്വാഗതവും സെക്രട്ടറി നജു അയ്യാർ നന്ദിയും രേഖപ്പെടുത്തി. മണ്ഡലം കമ്മറ്റിയുടെ സംഘടനാ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒഴിവുവന്ന മണ്ഡലം വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് എ. എച്ച് മുഹമ്മദലി, സെക്രട്ടറിമാരായി മുഹമ്മദ് കബീർ, എം.എ അൻവർ, നജു അയ്യാർ എന്നിവരെയും തിരഞ്ഞെടുത്തു.

ലുലു ഗ്രൂപ്പിന്റെ 269-ാമത് ഔട്ട്ലെറ്റ് അൽ ഐനിൽ യുഎഇ ഫെഡറൽ നാഷണൽ കൗൺസിൽ മുൻ അംഗം ശൈഖ് സാലെ ബൽറക്കാദ് അൽ അമേരി ഉദ്ഘാടനം ചെയ്യുന്നു

269-ാമത് ലുലു ഔട്ട്ലെറ്റ് അൽ ഐനിൽ ഉദ്ഘാടനം ചെയ്തു

അൽ ഐൻ: ലുലു ഗ്രൂപ്പിന്റെ 269-ാമത് ഔട്ട്ലെറ്റ് യു.എ.ഇ.യുടെ പൂന്തോട്ട നഗരിയായ അൽ ഐനിൽ പ്രവർത്തനമാരംഭിച്ചു. നഗരത്തിന്റെ പ്രാന്തപ്രദേശമായ സനാഇയ്യക്കടുത്ത അൽ അജ്യാസിലാണ് പുതിയ ലുലു ഹൈപ്പർമാർക്കറ്റ് തുറന്നത്. യുഎഇ ഫെഡറൽ നാഷണൽ കൗൺസിൽ മുൻ അംഗം ശൈഖ് സാലെ ബൽറക്കാദ് അൽ അമേരി ഉദ്ഘാടനം ചെയ്തു.

40,000 ചതുരശ്രയടി വിസ്തീർണത്തിലുള്ള ഹൈപ്പർ മാർക്കറ്റിൽ സൂപ്പർമാർക്കറ്റ്, ഹോട്ട് ഫുഡ്സ്, ഫ്രഷ് ഫുഡ്,ബേക്കറി, ഇലക്ട്രോണിക്സ് വിഭാഗം,സ്റ്റേഷനറി തുടങ്ങിയ സെക്ഷനുകളുമുണ്ട്. ലുലു ഗ്രൂപ്പിന്റെ അൽ ഐനിലെ പതിനാറാമത്തെ ഹൈപ്പർ മാർക്കറ്റാണിത്. വിവിധ ജനസമൂഹങ്ങളെ സേവിക്കുന്നതിനായി ലുലു ഗ്രൂപ്പ് ആരംഭിച്ച ഹൈപ്പർ മാർക്കറ്റ് ഇവിടെയും സമീപ പ്രദേശങ്ങളിലുമുള്ളവർക്കും ഉപകാരപ്രദമായിരിക്കുമെന്ന് ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ.അഷ്റഫലി പറഞ്ഞു.

അടുത്ത വർഷാവസാനത്തോടെ അൽ ഐനിൽ മൂന്ന് പുതിയ ഹൈപ്പർ മാർക്കറ്റുകൾ കൂടി ആരംഭിക്കും. ഉൾപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്കും ദീർഘ ദൂരം യാത്ര ചെയ്യാതെ വേണ്ടതെല്ലാം വാങ്ങാൻ കഴിയുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം വ്യാപിപ്പിക്കുന്നത്. യുഎഇ ഭരണാധികാരികൾ നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദി പറഞ്ഞു. അടുത്തവർഷമാകുമ്പോഴേക്കും മുന്നൂറ് ഔട്ട്ലെറ്റുകളാക്കി ഉയർത്തുന്നതിനാണ് ലുലു ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എം.എ യൂസുഫലി ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അഷ്റഫലി വ്യക്തമാക്കി.

ലുലു ഗ്രൂപ്പ് സി.ഇ.ഒ സൈഫി രൂപാവാല,ഡയറക്ടർ എം.എ സലീം,അൽ ഐൻ റീജിയണൽ ഡയറക്ടർ ഷാജി ജമാലുദ്ദീൻ എന്നിവർ പങ്കെടുത്തു.

അബുദാബി കെഎംസിസി കടപ്പുറം പഞ്ചായത്ത് കമ്മിറ്റിയുടെ കെ.എം സീതി സാഹിബ് എക്സിലെൻസി അവാർഡുകൾ മുഖ്യരക്ഷാധികാരി പുളിക്കൽ അലി വിതരണം ചെയ്യുന്നു

സാലിം

സഊദിയിൽ ഡ്രൈവിങ്ങിനിടെ മലയാളി മരിച്ചു

റിയാദ്: വാഹനമോടിക്കുന്നതിനിടയിൽ പ്രവാസി ഹൃദയാഘാതം മൂലം മരിച്ചു. കോഴിക്കോട് മുക്കം കാരശ്ശേരി സ്വദേശി സാലിം (37) ആണ് മരിച്ചത്. റിയാദിൽ നിന്നും മദീനയിലേക്കുള്ള യാത്രക്കിടെയാണ് സുഖമില്ലാതായത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഭാര്യ: നസീബ. മക്കൾ: ലിഹന (16), അമാസ് ഹനാൻ (14), ഹൈഫ (5). മയ്യിത്ത് സഊദിയിൽ ഖബറടക്കും

മഹല്ല് സംഗമവും അനുമോദന സദസും

അബുദാബി: തൃശൂർ ജില്ലയിലെ പെരിഞ്ഞനം തോട്ടുങ്ങൽ മുഹിയുദ്ദീൻ ജുമാമസ്ജിദ് മഹല്ല് നിവാസികളുടെ പ്രവാസി കൂട്ടായ്മ വെൽഫെയർ കമ്മറ്റി യു.എ.ഇ കുടുംബ സംഗമം സംഘടിപ്പിച്ചു. പ്രവാസത്തിന്റെ 51 വർഷം പൂർത്തികരിച്ച മുഹമ്മദ് മുസ്തഫ ഹാജിയെ സംഗമത്തിൽ ആദരിച്ചു. അബുദാബിയിലെ റഹ്മത്ത് കാലിക്കറ്റ് പാർട്ടി ഹാളിൽ നടത്തിയ സംഗമം അബുദാബി കേരള സോഷ്യൽ സെന്റർ പ്രസിഡന്റ് വീരാൻകുട്ടി ഉദ്ഘാടനം ചെയ്തു. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ കുടുംബ സംഗമങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. പ്രസിഡന്റ് എം.എ സാദിഖ് അധ്യക്ഷനായി. സെക്രട്ടറി സഗീർ സ്വാഗതം പറഞ്ഞു. റഹീം വി.കെ, അൻവർ എം.എ, ആഷിഖ് വി.എ, നിസാർ ടി.എം, ഇഖ്ബാൽ എന്നിവർ ആശംസകൾ നേർന്നു. റിഹാൻ മുഹമ്മദ് രൂപകൽപന ചെയ്ത ഫലകം മുസ്തഫ ഹാജിക്ക് സമ്മാനിക്കുകയും പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. പത്ത്,പന്ത്രണ്ട് ക്ലാസുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. ഷാജി സി.ബി കാര്യപരിപാടികൾ നിയന്ത്രിച്ചു. മുഹമ്മദ് ഷാജി പ്രോഗ്രാം കോർഡിനേഷൻ നടത്തി.ഷിറാസ് വി.കെ നന്ദി പറഞ്ഞു.

സീതിസാഹിബ് എക്സിലെൻസി അവാർഡ് വിതരണം

അബുദാബി: കേരളത്തിലെ മുസ്ലിം-പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പരിഷ്കർത്താവ് കെ.എം സീതി സാഹിബിന്റെ നാമധേയത്തിൽ അബുദാബി കെഎംസിസി കടപ്പുറം പഞ്ചായത്ത് കമ്മിറ്റി ഏർപ്പെടുത്തിയ കെ.എം സീതി സാഹിബ് എക്സിലെൻസി അവാർഡുകൾ സമ്മാനിച്ചു. പഞ്ചായത്ത് കെഎംസിസി മുഖ്യരക്ഷാധികാരിയും ഏഷ്യ ഒപ്റ്റിക്കൽസ് എം.ഡിയുമായ പുളിക്കൽ അലി അവാർഡുകൾ വിതരണം ചെയ്തു. അബുദാബിയിലെ ജീവകാരുണ്യ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനത്തിന് ഷംസുദ്ദീൻ റ്റി അലിയെ പഞ്ചായത്ത് കെഎംസിസി മൊമെന്റോ നൽകി ആദരിച്ചു.

അനുമോദന ചടങ്ങ് അബുദാബി കെഎംസിസി തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി പി.വി ജലാലുദ്ദീൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് നസീർ പി.വി, ഗുരുവായൂർ മണ്ഡലം പ്രസിഡന്റ് ഫൈസൽ കടവിൽ, വൈസ് പ്രസിഡന്റുമരായ സൈദുമുഹമ്മദ് പുത്തൻപുരയിൽ, വി.പി ഉസ്മാൻ, സെക്രട്ടറി സി.കെ ജലാൽ, പഞ്ചായത്ത് ഭാരവാഹിളായ നാസർ കൊച്ചികാരൻ, ചാലിൽ റഷീദ്, നിശാഖ് കടവിൽ, അബ്ദുൽ അസീസ് വലിയകത്ത് എന്നിവർ പ്രസംഗിച്ചു. പഞ്ചായത്ത് കെഎംസിസി പ്രസിഡന്റ് കെ.എസ് നഹാസ് അധ്യക്ഷനായി. ആക്ടിങ് ജനറൽ സെക്രട്ടറി മുനീർ ബിൻ ഈസ സ്വാഗതവും സെക്രട്ടറി നവാസ് ആലുങ്ങൾ നന്ദിയും പറഞ്ഞു.

മൂടാടി പഞ്ചായത്ത് കെഎംസിസി പ്രവർത്തക സംഗമം കോഴിക്കോട് ജില്ലാ മസ്ലിംലീഗ് ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ ഉദ്ഘാടനം ചെയ്യുന്നു

ചേക്കൂട്ടിഹാജി സ്മാരകസൗധം പ്രചാരണ കൺവൻഷൻ

കെഎംസിസിയുടെ പ്രവർത്തനങ്ങൾ മാതൃകാപരം: ടി.ടി ഇസ്മായിൽ

ദുബൈ: പ്രവാസ ലോകത്ത് കെഎംസിസി നടത്തുന്ന പ്രവർത്തനങ്ങൾ ലോകത്ത് തന്നെ മാതൃകാപരവും മസ്ലിംലീഗിന്റെ കരുത്ത് തെളിയിക്കുന്നതുമാണെന്ന് കോഴിക്കോട് ജില്ലാ മസ്ലിംലീഗ് ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ പറഞ്ഞു. കൊയിലാണ്ടി മൂടാടി പഞ്ചായത്തിലെ കോടിക്കലിൽ എം.ചേക്കൂട്ടിഹാജിയുടെ നാമധേയത്തിൽ നിർമിക്കുന്ന സ്മാരക സൗധത്തിന്റെ പ്രചാരണാർത്ഥം ബന്ധപ്പെട്ട് ദുബൈ ഖിസൈസ് റിവാഖ് ഓഷ ഓഡിറ്റോറിയത്തിൽ മൂടാടി പഞ്ചായത്ത് കെഎംസിസി സംഘടിപ്പിച്ച പ്രവർത്തക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

നാട്ടുകാരുടെ വേറിട്ട കൂടിച്ചേരലിന് സംഗമം വേദിയായി. ചേക്കുട്ടി ഹാജി സ്മാരക സൗധത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ദുബൈയിൽ എത്തിയ കെ.പി കരീമിനും പി.കെ മുഹമ്മദലിക്കും പ്രവർത്തക സംഗമത്തിൽ സ്വീകരണം നൽകി. പ്രസിഡന്റ് വി.കെ.കെ റാഷിദിന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടിയിൽ ജില്ലാ ട്രഷറർ സൂപ്പി നരിക്കാട്ടേരി മുഖ്യപ്രഭാഷണം നടത്തി.

ഇസ്മാഈൽ ഏറാമല, കെഎംസിസി കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി ജലീൽ മശ്ഹൂർ തങ്ങൾ, ട്രഷറർ ഹംസ കാവിൽ, സെക്രട്ടറി വി.കെ.കെ റിയാസ്, കൊയിലാണ്ടി മണ്ഡലം പ്രസിഡന്റ് നാസിം പാണക്കാട്, ആക്ടിങ് ജനറൽ സെക്രട്ടറി ജാഫർ നിലയെടുത്ത്, സയ്യിദ് ഫസൽ തങ്ങൾ, പി.വി നിസാർ, സമീർ മഹമൂദ്, സിഫാത്തിഹ്, സിറാജ് തയ്യിൽ എന്നിവർ പ്രസംഗിച്ചു. കെ.പി കരീം,പി.കെ മുഹമ്മദലി മറുപടി പ്രസംഗം നടത്തി. മൂടാടി പഞ്ചായത്ത് കെഎംസിസി ജനറൽ സെക്രട്ടറി ഷഫീഖ് സംസം സ്വാഗതവും ട്രഷറർ യൂനുസ് വരിക്കോളി നന്ദിയും പറഞ്ഞു. ഉന്നത മാർക്കോടെ എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികളായ സാമിഹ് മഹമൂദ്, അദ്നാൻ നിസാർ,ആയിശ സ്വാദ് എന്നിവർക്കും ഷാർജയിലുണ്ടായ മഴക്കെടുതിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ജാഫർ നിലയെടുത്ത്, ഐ.ടി മീഡിയ കോർഡിനേറ്റർ പി.വി സവാദ് എന്നിരെയും കമ്മിറ്റി ഉപഹാരം നൽകി ആദരിച്ചു. മുഹമ്മദലി മലമ്മൽ,ഹാരിസ് തൈക്കണ്ടി ,നബീൽ നാരങ്ങോളി,ആർ.വി ബാസിത്,ഷഹീർ മൂടാടി,റാഫി നിലയെടുത്ത് പരിപാടിക്ക് നേതൃത്വം നൽകി.

പ്രവാസത്തിന്റെ 51 വർഷം പൂർത്തീകരിച്ച മുഹമ്മദ് മുസ്തഫ ഹാജിയെ വെൽഫെയർ കമ്മറ്റി യു.എ.ഇ കുടുംബ സംഗമത്തിൽ പൊന്നാടയണിയിച്ച് ആദരിക്കുന്നു

അബുദാബി മുഷ്റിഫ് മാളിൽ സാക്ക് പ്ലസ് പുതിയ ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചു

അബുദാബി: മുഷ്റിഫ് മാളിൽ മെൻസ് ഫാഷനുകളുടെ ഏറ്റവും പുതിയ ട്രെൻഡുകളും വൈവിധ്യമാർന്ന ഡിസൈനുകളും അവതരിപ്പിച്ച് 'സാക്ക് പ്ലസിന്റെ' പുതിയ ഷോറൂം പ്രവർത്തനമാരംഭിച്ചു. മാളിന്റെ ഒന്നാം നിലയിലെ ഷോപ്പ് നമ്പർ 159ൽ തുറന്ന സാക്ക് പ്ലസിന്റെ ഉദ്ഘാടനം അബ്ദുല്ല ഫാറൂഖി നിർവഹിച്ചു. മാനേജിങ് ഡയരക്ടർ സക്കീർ ഹുസൈൻ, സാക്ക് സി.ഇ.ഒ മുഹമ്മദ് അനസ്, ഹൈദ്രോസ് തങ്ങൾ, സി.എ ശിഹാബ് തങ്ങൾ, മുനീർ അൽവഫാ, അയൂബ് കല്ലട, വി.കെ സക്കീർ പങ്കെടുത്തു. പുരുഷ സൗന്ദര്യത്തിന് പരിവേഷം നൽകുന്ന വസ്ത്രങ്ങളുടെ വൈവിധ്യ ശേഖരമാണ് സാക്ക് പ്ലസിൽ ഒരുക്കിയിട്ടുള്ളത്. യുവത്വത്തിന്റെ ഫാഷൻ സങ്കൽപങ്ങളും വ്യത്യസ്തത ബ്രാൻഡുകളും ഇവിടെ സജ്ജമാക്കിട്ടുണ്ട്. വസ്ത്രങ്ങൾക്ക് പുറമേ സൗന്ദര്യ വർധക വസ്തുക്കളുടെയും സുഗന്ധദ്രവ്യങ്ങളുടെയും പാദരക്ഷകളുടെയും നിറ ശേഖരവും സാക്ക് പ്ലസിന്റെ പ്രത്യേകതയാണ്.

വിപണിയിൽ ശ്രദ്ധേയമായ ഗ്ലാഡിയേറ്റർ,ഗാഡ്സ് ബ്രാൻഡുകളുടെ കാഷ്വൽ,ഫോർമൽ ഷൂകളുടെ വലിയ നിര ഇവിടെ ഒരുക്കിയിട്ടുണ്ട്. പുരുഷൻമാർക്ക് അനുയോജ്യമായ എല്ലാ തരത്തിലും അളവിലുമുള്ള വസ്ത്രങ്ങളും മറ്റും സാക്ക് പ്ലസിൽ ലഭ്യമാണെന്ന് മാനേജിങ് ഡയറക്ടർ സക്കീർ ഹുസൈൻ അറിയിച്ചു. ആദ്യ വിൽപ്പന സി.എ ശിഹാബ് തങ്ങൾക്ക് നൽകി ഹൈദ്രോസ് തങ്ങൾ നിർവഹിച്ചു. സാക്ക് പ്ലസിന്റെ രണ്ടാമത്തെ ബ്രാഞ്ച് ആണ് മുഷ്റിഫ് മാളിൽ തുറന്നത്. അജ്മാനിലാണ് ആദ്യ ഷോറൂം. വിവിധ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന മൂൺവേ ഗ്രൂപ്പിന്റെ കീഴിലുള്ളതാണ് സാക്ക് പ്ലസ്.ബലിപെരുന്നാളിനോടനുബന്ധിച്ച് വലിയ രീതിയിലുള്ള ഓഫറുകളാണ് ഉപഭോക്താക്കൾക്ക് നൽകുന്നതെന്നും മെൻസ് ചമയങ്ങളുടെ സമ്പൂർണ ഡെസ്റ്റിനേഷനാണ് ഇതെന്നും അദ്ദേഹം വ്യക്തമാക്കി.

അബുദാബി മുഷ്റിഫ് മാളിൽ സാക്ക് പ്ലസിന്റെ പുതിയ ഔട്ട്ലെറ്റ് അബ്ദുല്ല ഫാറൂഖി ഉദ്ഘാടനം ചെയ്യുന്നു

നിരീക്ഷണം

അവനത്രെ രാത്രിയിൽ (ഉറങ്ങുമ്പോൾ) നിങ്ങളെ പൂർണമായി ഏറ്റെടുക്കുന്നവൻ. പകലിൽ നിങ്ങൾ പ്രവർത്തിച്ചതെല്ലാം അവൻ അറിയുകയും ചെയ്യുന്നു. പിന്നീട് നിർണിതമായ ജീവിതാവധി പൂർത്തിയാക്കപ്പെടുവാൻവേണ്ടി പകലിൽ നിങ്ങളെ അവൻ എഴുന്നേൽപിക്കുന്നു. പിന്നീട് അവങ്കലേക്കാണ് നിങ്ങളുടെ മടക്കം. അനന്തരം നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റിയെല്ലാം അവൻ നിങ്ങളെ അറിയിക്കുകയും ചെയ്യും.

(വിശുദ്ധ ഖുർആൻ: 06: 60)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 05 • 1199 എടവം 28 • 1946 ജ്യേഷ്ഠം 21

മുസ്‌ലിം ലീഗ് കരുത്ത്–05

വർഗീയ ഫാസിസത്തിനെതിരായി രാജ്യം പുറത്തെടുത്ത ഉജ്വലമായ പോരാട്ടങ്ങളുടെ പ്രതിഫലനം പാർലമെന്റിന്റെ അകത്തളങ്ങളിൽ ഇടിമുഴക്കമായി മാറാനിരിക്കെ പോരാട്ടങ്ങൾക്ക് കരുത്ത് പകരാൻ കരുത്തുറ്റ സാരഥിയെ തന്നെ ഉപരിസഭയിലേക്ക് തിരഞ്ഞെടുത്തിരിക്കുകയാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ്. ഇന്ത്യയെന്ന മഹത്തായ സങ്കൽപം വെല്ലുവിളി നേരിടുമ്പോൾ ഒരു രാഷ്ട്രീയ പാർട്ടിയുടെ പൂർണമായ ഉത്തരവാദിത്തബോധത്തോടെ തങ്ങളുടെ നിരയിലെ ഏറ്റവും കരുത്തുറ്റവരെയായിരുന്നു മുസ്‌ലിംലീഗ് ലോകസഭാ തിരഞ്ഞെടുപ്പിന്റെ പോർക്കളത്തിലേക്കിറക്കിയത്. മുസ്‌ലിം ലീഗ് സാരഥികളുടെ പോരാട്ടം നേരിട്ട് ബോധ്യമായിട്ടുള്ള ജനാധിപത്യ വിശ്വാസികൾ വിസ്മയിപ്പിക്കുന്ന ഭൂരിപക്ഷത്തോടെയാണ് പാർട്ടിയുടെ തീരുമാനത്തെ സ്വാഗതം ചെയ്തത്. അതേ ഉത്തരവാദിത്ത ബോധത്തോടെ ഇപ്പോൾ രാജ്യസഭാ തിരഞ്ഞെടുപ്പിനും കാലത്തിന്റെ തേട്ടങ്ങൾക്കുള്ള മറുപടിയെന്നോണം കരുത്തുറ്റ പ്രതിനിധിയെ അണിനിരത്തിയിരിക്കുകയാണ്. സുപ്രീം കോടതി അഭിഭാഷകനും ഇന്ദ്രപ്രസ്ഥത്തിലെ നിറ സാനിധ്യവുമായ അഡ്വ. ഹാരിസ് ബീരാന്റെ സ്ഥാനാർത്ഥിത്വ പ്രഖ്യാപനം മതേതര കേരളത്തിൽ നിന്ന് ജനാധിപത്യ ഇന്ത്യക്കുള്ള മുസ്‌ലിംലീഗിന്റെ മറ്റൊരു സംഭാവനയാണ്.

പാർലമെന്റിന്റെ അധോസഭയിലെന്നപോലെ ഉപരിസഭയിലും മുസ്‌ലിംലീഗ് പ്രസ്ഥാനത്തിന്റെ പ്രകടനങ്ങൾക്ക് തിളക്കമേറെയാണ്. രാജ്യത്തെ അധസ്ഥിത പിന്നാക്ക ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം ഭരണഘടനാ നിർമാണ സഭയിൽ നിന്നുതന്നെ മുസ്‌ലിംലീഗ് ആരംഭിച്ചിട്ടുണ്ട്. ഖാഇദെ മില്ലത്ത് ഇസ്മായിൽ സാഹിബിന്റെയും ബി. പോക്കർ സാഹിബിന്റെയുമെല്ലാം നേതൃത്വത്തിൽ നടന്ന ചൂടേറിയ സംവാദങ്ങളും ശക്തമായ ഇടപെടലുകളും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചു നിർത്തി എന്നുമാത്രമല്ല സഭയുടെ പല ബോധ്യങ്ങളെയും തിരുത്തിക്കുറിക്കുകയും ചെയ്യുകയുണ്ടായി. കൗൺസിൽ ഓഫ് സ്റ്റേറ്റ് എന്നറിയപ്പെട്ട രാജ്യ സഭയുടെ പൂർവ രൂപത്തിൽ മുസ്‌ലിം ലീഗിന്റെ സാനിധ്യമുണ്ടായിരുന്നു. പാർട്ടിയുടെ പ്രഥമ അധ്യക്ഷൻ ഖാഇദേ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബായിരുന്നു പ്രഥമ പ്രതിനിധി. പിന്നീടിങ്ങോട്ട് ചെറിയ ഇടവേളയൊഴിച്ച് നിർത്തിയാൽ എല്ലാ കാലങ്ങളിലും മുസ്‌ലിം ലീഗിന്റെ പ്രാധിനിത്യം രാജ്യസഭ അനുഭവിച്ചു. ഏതെങ്കിലും പ്രത്യേക സമുദായത്തിനോ, ജനവിഭാഗത്തിനോ, ദേശങ്ങൾക്കുവേണ്ടിയോ ആയിരുന്നില്ല, എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങൾക്കുവേണ്ടിയായിരുന്നു മുസ്‌ലിംലീഗിന്റെ പോരാട്ടം. നീതി നിഷേധത്തിന്റെ തേങ്ങലുകളുയരുമ്പോഴെല്ലാം അവർ ഓടിയെത്തുകയും സാന്ത്വന സ്പർശമാവുകയും ചെയ്യുക മാത്രമല്ല, സാഹചര്യങ്ങളുടെ ഗൗരവം സഭയിൽ കൃത്യമായ അവതരിപ്പിക്കുകയും ചെയ്തു.

ഗുജറാത്തിൽ നടന്ന വംശഹത്യയെ അന്നത്തെ രാജ്യസഭാംഗമായിരുന്ന അബ്ദുസ്സമദ് സമദാനി സഭയിൽ അവതരിപ്പിക്കുമ്പോൾ ചെയറിലുണ്ടായിരുന്ന ഉപാധ്യക്ഷപോലും കണ്ണീർവാർക്കുകയായിരുന്നു. ഖാഇദെ മില്ലത്ത് ഇസ്മായിൽ സാഹിബ് മുതൽ പി.വി അബ്ദുൽ വഹാബ് വരെയുള്ള പാർട്ടിയുടെ പ്രതിനിധികൾ ഈ രീതിയിലുള്ള ഇടപെടലിലൂടെ സഭയുടെ മുഴുവൻ ശ്രദ്ധയും പലപ്പോഴായി തങ്ങളിലേക്ക് കേന്ദ്രീകരിപ്പിച്ചവരാണ്. രാജ്യത്തിന്റെ ഭരണഘടനക്കുനേരെയുള്ള അപകടകരമായ നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഭരണഘടനാ വിദഗ്ധനെ തന്നെയാണ് മുസ്‌ലിംലീഗ് രാജ്യസഭയിലേക്കയക്കുന്നത്. സിഎഎ പോലുള്ള രാജ്യം അതീവ ശ്രദ്ധയോടെ വീക്ഷിച്ച നിയമപോരാട്ടങ്ങളെ ഏകോപിപ്പിക്കുകയും അതുവഴി കേന്ദ്ര സർക്കാറിനെ പ്രതിരോധത്തിലാക്കാൻ മുന്നണിപ്പോരാളിയായി നിലകൊള്ളുകയും ചെയ്ത ഹാരിസ് ബീരാൻ കേന്ദ്ര സർക്കാറിന്റെ ഭരണഘടനാ വിരുദ്ധ സമീപനങ്ങളെ നിയമത്തിന്റെ വഴിയിൽ നേരിടാൻ എന്നും മുൻപന്തിയിലുണ്ടായിരുന്നു. രാജ്യ തലസ്ഥാനം കേന്ദ്രീകരിച്ച് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന തുല്യതയില്ലാത്ത ഈ പോരാട്ടത്തിന് രാജ്യസഭാംഗം എന്ന പദവി കൂടുതൽ കരുത്തു പകരുമെന്ന കാര്യത്തിൽ സംശയമില്ല. നീതിപീഠത്തിന്റെ മുന്നിൽ നിന്ന് നിയമനിർമാണ സഭയിലേക്ക് കൂടി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കപ്പെടുമ്പോൾ അതിന്റെ ആനുകൂല്യം മതേതര പക്ഷത്തിന് ലഭിക്കുക തന്നെ ചെയ്യും. ഹാരിസ് ബീരാൻ കൂടി എത്തുന്നതോടെ പാർലമെന്റിൽ ഹരിതപതാകയുടെ കരുത്ത് അഞ്ചാവുകയാണ്. ചരിത്ര മുഹൂർത്തം

അടിക്കുറിപ്പ്

പ്രിയ സുഹൃത്ത് അഡ്വ. ഹാരിസ് ബീരാനെ മുസ്‌ലിംലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥിയായി സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. സമയോചിതവും സന്തോഷം പകരുന്നതുമായ തീരുമാനമാണിത്. രാജ്യ തലസ്ഥാനത്തെ സംബന്ധിച്ചും രാജ്യത്തെ സംബന്ധിച്ചും കൃത്യമായ ധാരണയുള്ള, ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ നിയമ പോരാട്ടങ്ങളിലെ മുന്നണിപ്പോരാളിയായ ഹാരിസ് ബീരാന്റെ രാജ്യസഭാംഗത്വം മുസ്‌ലിംലീഗും സാദിഖലി ശിഹാബ് തങ്ങളും പുതിയ കാലത്തിന് നൽകുന്ന സന്ദേശം കൂടിയാണ്. ഭരണഘടനയിലും നിയമ വ്യവസ്ഥയിലും അവഗാഹമുള്ള സമുന്നതനായ ഒരു വ്യക്തിത്വത്തെ സഹപ്രവർത്തകനായി ലഭിച്ചതിലുള്ള എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ വാക്കുകളില്ല.

–പി.വി അബ്ദുൽവഹാബ്

ചരിത്രത്തിൽ ഇന്ന്

1580 യുവൻ ഡ ഗരായ് ബ്യൂണസ് അയേർസ് നഗരം സ്ഥാപിച്ചു.
1788 റഷ്യൻ പര്യവേഷകൻ ഗെറാസിം ഇസ്മൈലോവ് അലാസ്കയിലെത്തി.
1866 ഇപ്പോൾ അലഹബാദ് ഹൈക്കോടതി എന്നറിയപ്പെടുന്ന ആഗ്ര ഹൈക്കോടതി പ്രവർത്തനമാരംഭിച്ചു.
1901 കുക്ക് ദ്വീപുകൾ, ന്യൂസീലാന്റിന്റെ ഭാഗമായി.
1935 എഫ്.എം. പ്രക്ഷേപണത്തിന്റെ ഉപജ്ഞാതാവായ എഡ്വിൻ ആംസ്ട്രോങ്, തന്റെ കണ്ടുപിടിത്തത്തിന്റെ ആദ്യ പൊതുപ്രദർശനം അമേരിക്കയിലെ ന്യൂ ജഴ്സിയിൽ വച്ച് നടത്തി.
1937 ജോസഫ് സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് യൂണിയൻ, 8 സൈനികനേതാക്കളുടെ വധശിക്ഷ നടപ്പാക്കി.
1940 രണ്ടാം ലോകമഹായുദ്ധം: ഇറ്റലിയിലെ ജെനോവയിലും ട്യൂറിനിലും ബ്രിട്ടീഷ് സൈന്യം ബോംബാക്രമണം നടത്തി.
1945 കാനഡയുടെ പ്രധാനമന്ത്രിയായി വില്ല്യം ലിയോൺ മക്കെൻസി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ഉപരിസഭയിലെ ഹരിത നക്ഷത്രങ്ങൾ

ഷെരീഫ് സാഗർ

ഇസ്മയിൽ സാഹിബ്, ഇബ്രാഹീം സുലൈമാൻ സേട്ട്, എ.കെ.എം അബ്ദുസ്സമദ്, ബി.വി അബ്ദുല്ലക്കോയ, ഹമീദലി ശംനാട്, എസ്.എ ഖാജാ മുഹിയുദ്ദീൻ, എ.കെ രിഫായി, കൊരമ്പയിൽ അഹമ്മദ് ഹാജി, അബ്ദുസ്സമദ് സമദാനി. പി.വി അബ്ദുൽ വഹാബ്

1957 സെപ്തംബർ 19. കശ്മീർ പ്രശ്നം കത്തി നിൽക്കുന്ന കാലം. ഇന്ത്യൻ മുസ്‌ലിംകളുടെ കൂറിനെച്ചൊല്ലി ദുരാരോപണങ്ങൾ പ്രചരിക്കുന്ന കാലം. അന്നൊരാൾ രാജ്യസഭയിൽ എഴുന്നേറ്റ് നിന്ന് വൈകാരികമായ ഒരു പ്രസംഗം നടത്തി. ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബായിരുന്നു അത്. അദ്ദേഹം പറഞ്ഞു: കശ്മീർ ഒരു ദേശീയ പ്രശ്നമാണ്. ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ നേതാവ് എന്ന നിലയിൽ ഇക്കാര്യം ഞാൻ പലതവണ ആവർത്തിച്ചിട്ടുണ്ട്. ഈ ദേശത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഈ രാജ്യത്തിന് ഏതൊരു ഭാഗത്ത് നിന്നും ആപത്ത് സംഭവിക്കാതെ നോക്കുന്നതിലും ഇന്ത്യയിലെ മുസ്‌ലിംകൾ മുൻനിരയിൽ തന്നെയുണ്ടാകും. നമ്മുടെ നാടിന് വിജയവും സുഭിക്ഷതയും ബലവും സന്തോഷവും അഭിമാനവും നൽകാൻ ഞാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു".

> രാജ്യസഭയിലെത്തുന്ന ആദ്യ മുസ്‌ലിംലീഗുകാരൻ സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിംലീഗിന്റെ സ്ഥാപക നേതാവ് ഖാഇദെ മില്ലത്ത് തന്നെയായിരുന്നു. 1952ലാണ് ഖാഇദെ മില്ലത്ത് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 1958 വരെ ഈ പദവിയിൽ തുടർന്നു. നേരത്തെ കൗൺസിൽ ഓഫ് സ്റ്റേറ്റ് എന്നറിയപ്പെട്ടിരുന്ന ഇന്ത്യൻ പാർലിമെന്റിന്റെ ഉപരിസഭയായ രാജ്യസഭയിൽ തുടക്കം തൊട്ടേ മുസ്‌ലിംലീഗ് അംഗങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു.

രാഷ്ട്ര നിർമ്മാണത്തിന്റെ നിർണായക ഘട്ടത്തിലാണ് ഖാഇദെ മില്ലത്ത് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. രാജ്യസഭയിലെത്തുന്ന ആദ്യ മുസ്‌ലിംലീഗുകാരൻ സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിംലീഗിന്റെ സ്ഥാപക നേതാവ് ഖാഇദെ മില്ലത്ത് തന്നെയായിരുന്നു. 1952ലാണ് ഖാഇദെ മില്ലത്ത് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 1958 വരെ ഈ പദവിയിൽ തുടർന്നു. 1952 മെയ് 13നാണ് രാജ്യസഭയുടെ ആരംഭം. നേരത്തെ കൗൺസിൽ ഓഫ് സ്റ്റേറ്റ് എന്നറിയപ്പെട്ടിരുന്ന ഇന്ത്യൻ പാർലിമെന്റിന്റെ ഉപരിസഭയായ രാജ്യസഭയിൽ തുടക്കം തൊട്ടേ മുസ്‌ലിംലീഗ് അംഗങ്ങളുടെ സാന്നിധ്യമുണ്ടായിരുന്നു. രാജ്യത്തെ ന്യൂനപക്ഷത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ആ സാന്നിധ്യം ഉപകരിച്ചു.

1964 ഏപ്രിൽ 30. വർഗീയ കലാപങ്ങൾക്കെതിരെ രാജ്യസഭ പ്രക്ഷുബ്ധമായ സമയം. ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബാണ് അന്ന് മുസ്‌ലിം ലീഗിന്റെ രാജ്യസഭാംഗം. സേട്ട് സാഹിബ് പറഞ്ഞു: ഭയാനകമായ അക്രമ സംഭവങ്ങളാണ് ഇന്ത്യയിലെ ന്യൂനപക്ഷത്തിന് നേരെ നടന്നുകൊണ്ടിരിക്കുന്നത്. ഹിന്ദു ന്യൂനപക്ഷത്തോടുള്ള പാക്കിസ്താന്റെ സമീപനത്തെ ആക്ഷേപിക്കുന്നതിൽ കാട്ടുന്ന ആവേശം, നമ്മുടെ നാട്ടിൽ മുസ്‌ലിം ന്യൂനപക്ഷത്തിന് നേരെ നടക്കുന്ന അക്രമങ്ങളുടെ കാര്യത്തിൽ സഭയും ഗവൺമെന്റും പ്രദർശിപ്പിച്ചു കാണാത്തത് ഖേദകരമാണ്". സഭയിലെ പല അംഗങ്ങളും രാജ്യത്തെ പല നേതാക്കളും മുസ്‌ലിം ന്യൂനപക്ഷം അനുഭവിക്കേണ്ടിവന്ന യാതനകളെപ്പറ്റി ഒരു വാക്ക് പോലും ഉരിയാടാത്തത് ഏറെ ഖേദകരമാണ്". 1960ൽ കേരളത്തിൽ കോൺഗ്രസ് മുസ്‌ലിംലീഗ് പി.എസ്.പി സഖ്യം അധികാരത്തിൽ വന്ന സമയത്താണ് ഇബ്രാഹിം സുലൈമാൻ സേട്ട് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 1966 വരെ അദ്ദേഹം രാജ്യസഭയിൽ തുടർന്നു. പിൽക്കാലത്ത് ലോക്സഭയിൽ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ശബ്ദമായി മാറിയ സേട്ട് സാഹിബ് തന്റെ അങ്കം കുറിച്ചത് രാജ്യസഭയിലായിരുന്നു.

1964ൽ തമിഴ്നാട്ടിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട സിറാജുൽ മില്ലത്ത് എ.കെ.എം അബ്ദുസ്സമദ് സാഹിബ് 1976 വരെ രാജ്യസഭയിൽ മുസ്‌ലിംലീഗിന്റെ പ്രതിനിധിയായിരുന്നു. മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം ദക്ഷിണ ദേശത്തിന്റെയും സാമുദായിക പ്രാതിനിധ്യത്തിന്റെയും മികച്ച അടയാളമായിരുന്നു. 1967 മുതൽ 1998 വരെയുള്ള മൂന്ന് പതിറ്റാണ്ട് കാലം രാജ്യസഭയിൽ മുസ്‌ലിംലീഗിനെ പ്രതിനിധീകരിച്ച റെക്കോർഡ് ബി.വി അബ്ദുല്ലക്കോയക്കാണ്. രാജ്യസഭയുടെ 100 സമ്മേളനങ്ങളിൽ പങ്കെടുത്ത ആറ് പേർ മാത്രമാണുള്ളത്, അതിലൊരാൾ ബി.വിയാണ്. 2003 ഡിസംബർ 11ന് രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിൽനിന്ന് ബി.വി അബ്ദുല്ലക്കോയയുടെ മകൻ കെ. അബൂബക്കറാണ് ഈ ചരിത്ര നേട്ടത്തിനുള്ള രാജ്യത്തിന്റെ ആദരവ് ഏറ്റ് വാങ്ങിയത്. 120 രാജ്യസഭാ സമ്മേളനങ്ങളിൽ പങ്കെടുത്ത രാജ്യത്തെ തന്നെ അപൂർവ്വം നേതാക്കളിൽ ഒരാളാണ് ബി.വി അബ്ദുല്ലക്കോയ.

ബോഫോഴ്സ് അന്വേഷണ സമിതിയിലും ദേശീയോദ്ഗ്രഥന സമിതിയിലും അംഗമായിരുന്നു അദ്ദേഹം. കേരളത്തിൽ നിന്നുള്ള ഹമീദലി ഷംനാട് (1970–1979), തമിഴ്നാട്ടിൽനിന്നുള്ള എസ്. എ. ഖാജാ മുഹിയുദ്ദീൻ (1968 – 1974, 1974–1980) എന്നിവരും മുസ്‌ലിംലീഗിന്റെ രാജ്യസഭാംഗങ്ങളായിരുന്നു. ചരിത്ര പണ്ഡിതനും പത്ര പ്രവർത്തകനുമായ എ.കെ രിഫായിയാണ് (അഹമ്മദ് കബീർ രിഫായി) തമിഴ്നാട്ടിൽനിന്ന് രാജ്യസഭയിലെത്തിയ മറ്റൊരു മുസ്‌ലിംലീഗ് അംഗം. ഖാഇദെ മില്ലത്തിന്റെ വിയോഗാനന്തരം ബാഫഖി തങ്ങൾ സ്ഥാനമേൽക്കുന്നത് വരെയുള്ള ചെറിയൊരു കാലയളവിൽ മുസ്‌ലിംലീഗിന്റെ ദേശീയ കമ്മിറ്റിയുടെ താൽക്കാലിക പ്രസിഡന്റായിരുന്ന അദ്ദേഹം കെ.ടി.എം അഹമ്മദ് ഇബ്രാഹിം സാഹിബിന്റെ വിയോഗത്തിന് ശേഷം 1979 മുതൽ മുസ്‌ലിംലീഗ് തമിഴ്നാട് സംസ്ഥാന സെക്രട്ടറിയായിരുന്നു. 1972 മുതൽ 1978 വരെ രാജ്യസഭാംഗമായി പ്രവർത്തിച്ചു.

അഡ്വ. ഹാരിസ് ബീരാൻ

ഖാഇദെ മില്ലത്തിന്റെ ജീവചരിത്രം, എന്നെ ആകർഷിച്ച ഇസ്‌ലാം, നമ്മുടെ പ്രവാചകൻ, ഇസ്‌ലാമിക ചെറുകഥകൾ, ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഇസ്‌ലാം, തമിഴ്നാട്ടിലെ ഇസ്‌ലാമിക ചരിത്രം തുടങ്ങി ധാരാളം ഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയാണ് എ.കെ രിഫായി.

1972ൽ രാജ്യസഭയിൽ മാത്രം മുസ്‌ലിം ലീഗിന് അഞ്ച് അംഗങ്ങളുണ്ടായിരുന്നു. കേരളത്തിൽനിന്ന് ബി.വി അബ്ദുല്ലക്കോയ സാഹിബും ഹമീദലി ഷംനാടും തമിഴ്നാട്ടിൽനിന്ന് എസ്.എ ഖാജ മുഹിയുദ്ദീനും എ.കെ.എ അബ്ദുസ്സമദ് സാഹിബും എ.കെ രിഫായിയും. 1994 മുതൽ 2006 വരെ ഡോ. എം.പി അബ്ദുസ്സമദ് സമദാനി രാജ്യസഭാംഗമായിരുന്നു. ഒട്ടനേകം സുപ്രധാന വിഷയങ്ങളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയ സമദാനിയുടെ മനോഹരമായ രാജ്യസഭാ പ്രസംഗങ്ങൾ നവമാധ്യമങ്ങളിൽ ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നു. 1998 മുതൽ 2003 വരെ കൊരമ്പയിൽ അഹമ്മദ് ഹാജി രാജ്യസഭാംഗമായി പ്രവർത്തിച്ചു. 2010 മുതൽ 2015 വരെയുള്ള ഇടവേള ഒഴിച്ചുനിർത്തിയാൽ 2004 മുതൽ പി.വി അബ്ദുൽ വഹാബ് എം.പിയാണ് രാജ്യസഭയിലെ മുസ്‌ലിംലീഗിന്റെ ശബ്ദം. ഇന്ത്യയുടെ മാറിയ രാഷ്ട്രീയ കാലാവസ്ഥയിൽ സ്വതസിദ്ധമായ ശൈലിയിൽ പി.വി അബ്ദുൽ വഹാബ് രാജ്യസഭയിൽ നടത്തിയ ഇടപെടലുകൾ ഏറെ ശ്രദ്ധേയമാണ്.

പുതുതായി രാജ്യസഭയിലെത്തുന്ന അഡ്വ. ഹാരിസ് ബീരാൻ മുസ്‌ലിംലീഗിന്റെ ലെഗസിയെ പിന്തുടരാൻ പ്രാഗത്ഭ്യമുള്ള പ്രതിഭയാണ്. മൂന്നാം മോദിക്കാലത്തെ പാർലിമെന്റിൽ ഇന്ത്യൻ ന്യൂനപക്ഷത്തിന്റെ ശബ്ദമാകാൻ ഭരണഘടനാ പരിജ്ഞാനമുള്ള ഒരാൾ എത്തുന്നു എന്നതാണ് ഈ തിരഞ്ഞെടുപ്പിന്റെ പ്രത്യേകത. കാൽനൂറ്റാണ്ട് കാലമായി സുപ്രീംകോടതി അഭിഭാഷകനായി രാജ്യ തലസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹാരിസ് ബീരാൻ പുതിയ ഇന്ത്യയുടെ മിടിപ്പുകളെ തൊട്ടറിഞ്ഞ നിയമജ്ഞനാണ്. മുസ്‌ലിംലീഗിന്റെ എം.പിമാർക്ക് ഉത്തരവാദിത്തം കൂടിയ കാലമാണിത്. ഇ.ടി മുഹമ്മദ് ബഷീർ, ഡോ. എം.പി അബ്ദുസ്സമദ് സമദാനി, നവാസ് കനി എന്നീ മൂന്ന് ലോക്സഭാംഗങ്ങൾക്കൊപ്പം പി.വി അബ്ദുൽ വഹാബ്, അഡ്വ. ഹാരിസ് ബീരാൻ എന്നീ രാജ്യസഭാംഗങ്ങളും ആ ഉത്തരവാദിത്തം ഏറ്റെടുത്ത് തങ്ങളുടെ കർമ്മ മണ്ഡലത്തെ പ്രശോഭിതമാക്കുമെന്ന് പ്രത്യാശിക്കാം.

ഇതൊക്കെ ശ്രദ്ധിക്കണേ അമ്പാനേ...

നടുക്കളം

ഫിർദൗസ് കായൽപ്പുറം

'ബാർ' എന്നുകേട്ടാൽ 'കോഴ' എന്നുകൂടി ചേർത്തുവായിക്കണമെന്ന് മലയാളികളെ പഠിച്ചവരിൽ വി.എസ് അച്യുതാനന്ദൻ മുതൽ വി. ശിവൻകുട്ടി വരെയുണ്ട്. ബാർ കോഴയുടെ പേരിൽ കെ.എം മാണിക്കെതിരെ ഉറഞ്ഞുതുള്ളിയവർ പ്രതിപക്ഷത്തുനിന്നു മാറി ഭരണബെഞ്ചിലെത്തിയപ്പോൾ എന്തിനാണിങ്ങനെ വിയർക്കുന്നത് എന്ന ചിന്തയാണ് സഭാ സമ്മേളനത്തിന്റെ ആദ്യദിനത്തിലെ ഹൈലൈറ്റ്. മാണിയുടെ വീട്ടിൽ പണ്ട് ഉണ്ടായിരുന്ന നോട്ട് എണ്ണുന്ന ആ യന്ത്രം ഇപ്പോൾ എവിടെയാണെന്ന അന്വേഷണമാണ് ഇതിൽ പ്രധാനം. റോജി എം. ജോണിനെയാണ് പ്രതിപക്ഷം അന്വേഷണ ചുമതല ഏൽപ്പിച്ചത്. എ.കെ.ജി സെന്ററിലോ, ക്ലിഫ്ഹൗസിലോ യന്ത്രം ഉണ്ടെന്ന് അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുന്നു. കൂടെ മറ്റൊരു അന്വേഷണവും നടക്കുന്നുണ്ട്. സർക്കാരിന്റെ മദ്യനയക്കുഞ്ഞ് പിറന്നു, അതിന്റെ പിതാവാരെന്ന അന്വേഷണവും സമാന്തരമായി നടക്കുന്നുണ്ട്. അത് സത്യസന്ധമായും സുതാര്യമായും നടക്കണമെങ്കിൽ എം.ബി രാജേഷും മുഹമ്മദ് റിയാസും കനിയേണ്ടതുണ്ട്.

പണ്ട് സഭ തല്ലിപ്പൊളിച്ചതും സ്പീക്കറുടെ ചെയറും കമ്പ്യൂട്ടറും അടിച്ചുതകർത്തതുമെല്ലാം ആരു മറന്നാലും റോജിക്ക് മറക്കാനാവില്ല. അതുകൊണ്ട് മന്ത്രി എം.ബി രാജേഷിനോട് മദ്യനയ വിവാദങ്ങളും ബാർ കോഴയും 'ശ്രദ്ധിക്കണേ അമ്പാനേ' എന്നു വരെ ചോദിച്ചുപോയി റോജി. ബാറിന്റെ കാര്യത്തിൽ നടക്കുന്ന ഏത് പ്രതിഷേധത്തിനും വീര്യം കൂടും. മാണിയെ ബജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല,

സാക്ഷാൽ മാർക്സ് ഭഗവാൻ വന്നു പറഞ്ഞാൽ പോലും അനുവദിക്കില്ല എന്ന് നിലപാടെടുത്തവർ ഇന്നിപ്പോൾ പാവം വി.ഡി സതീശനും റോജി എം. ജോണും ആവശ്യപ്പെടുന്നതങ്ങ് അംഗീകരിച്ചാൽ പോരേ? മുഹമ്മദ് റിയാസോ എം.ബി രാജേഷോ സഭയിൽ പ്രസംഗിക്കരുതെന്നോ ബില്ല് അവതരിപ്പിക്കരുതെന്നോ പ്രതിപക്ഷത്തിന് അഭിപ്രായമില്ല. സഭ തല്ലിത്തകർക്കുമെന്ന് ഭീഷണിയുമില്ല. പിന്നെന്താണൊരു അന്വേഷണം പ്രഖ്യാപിച്ചാലെന്ന ചോദ്യം ന്യായമല്ലേ സർക്കാരേ...

പണ്ട് വി.എസ് വായിച്ച ബൈബിളും കയ്യിലേന്തിയാണ് ബാർ കോഴയുടെ കാണാപ്പുറങ്ങൾ തേടി റോജി സഭയിലെത്തിയത്. അന്നത്തെ ബൈബിൾ വാചകം അതുപോലെ തന്നെ യുണ്ടമ്പാനേ. എം.ബി രാജേഷിന്റെ മുഖത്തുനോക്കി തെല്ലും ദയകൂടാതെ റോജി അതങ്ങ് വായിച്ചു. 'ഉമ്മൻ ചാണ്ടിയും പി.സി ജോർജും കെ.എം മാണിയും എല്ലാം സഭാ വിശ്വാസികളാണല്ലോ. ബൈബിൾ വായിച്ചിട്ടുണ്ടാകുമല്ലോ. അതിൽ മത്തായിയുടെ സുവിശേഷത്തിൽ നിന്നുള്ള വചനങ്ങളാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത് എന്ന് പറഞ്ഞായിരുന്നു അന്നത്തെ വി.എസ് അച്യുതാനന്ദന്റെ പ്രസംഗം. 'കെടാത്ത തീയും ചാവാത്ത പുഴവും നിറഞ്ഞ നരകത്തിൽ മാണി വീണു പോകുന്നത് എനിക്ക് ഓർക്കാൻ പോലും കഴിയുന്നില്ല. കെടാത്ത തീയും ചാവാത്ത പുഴവും...' എന്നായിരുന്നു വി.എസ് പറഞ്ഞത്. റോജിക്ക് എം.ബി രാജേഷിനോടും മുഹമ്മദ് റിയാസിനോടും ഇത് തന്നെയാണ് പറയാനുള്ളത്. ''കെടാത്ത തീയും ചാവാത്ത പുഴവും നിറഞ്ഞ നരകത്തിൽ നിങ്ങൾ പോയി വീഴരുത്".

ഒടുവിൽ പ്ലക്കാർഡായി, നടുത്തളമായി, മുദ്രാവാക്യമായി, ആകെ ബഹളമായി. സഭയിൽ പ്രതിഷേധം കനക്കുമ്പോൾ തദ്ദേശ ബില്ലിന്റെ തലവര നിർണയിക്കുകയായിരുന്നു മന്ത്രി എം.ബി രാജേഷ്. ബില്ല് ജനിക്കുന്നതിന് മുൻപേ പാസാക്കിക്കളഞ്ഞു. സബ്ജക്ട് കമ്മിറ്റിക്കാരെ വരെ ഞെട്ടിച്ച് വിഭജന ബില്ല് രാജ്ഭവനിലേക്ക് പോകാൻ റെഡിയായിക്കഴിഞ്ഞു. ഏതായാലും ആദ്യദിനം കേമമായിരുന്നു. ബാറിലടിച്ചു പപിരിഞ്ഞെന്ന് ചുരുക്കം.

*സഭാ സ്റ്റാറ്റസ്: മന്ത്രിനയം ചർച്ച ചെയ്യാൻ യോഗം വിളിച്ച ടൂറിസം സെക്രട്ടറി, ഇനി സംസ്ഥാനത്തെ ക്രമസമാധാന പ്രശ്നം ചർച്ച ചെയ്യാനും യോഗം വിളിക്കാൻ

സഖ്യസർക്കാരിന് ആയുസില്ല

ന്യൂഡൽഹി: ടി.ഡി.പിയേയും ജെ.ഡി.യുവിനെയും കൂടെക്കൂട്ടി ഏറെക്കാലം ഭരിക്കാൻ മോദിക്ക് കഴിയില്ലെന്ന് മുതിർന്ന ബി.ജെ.പി നേതാവ് സുബ്രഹ്മണ്യൻ സ്വാമി. മോദിയുടെ ജീവിതത്തിലെ ഏറ്റവും വലിയ തെറ്റ് ഇന്ത്യൻ രാഷ്ട്രീയത്തിലെ രണ്ട് അണലികൾക്കൊപ്പം സഖ്യം ചേർന്നതാണ്. ഈ രണ്ടുപേരും ഹിന്ദുത്വ ഒട്ടകത്തിന്മേൽ ഇരിക്കുന്ന മതേതരത്വത്തിന് മുകളിൽ ചുവടുവെക്കും. മാസങ്ങൾക്കുള്ളിൽ ബി.ജെ.പി ഭരണം താറുമാറാകും. ഒരു പുതിയ കാവി ബി.ജെ.പി ഉയർന്നുവരും. ബി.ജെ.പിക്ക് കേവല ഭൂരിപക്ഷം നേടാനാവാത്ത സാഹചര്യത്തിൽ സർക്കാർ രൂപവത്കരണ ചർച്ചകളിൽനിന്ന് മോദി പിന്മാറേണ്ടിയിരുന്നു.

മോദിക്ക് തിരിച്ചടികളുണ്ടാകും

ന്യൂഡൽഹി: പ്രധാനമന്ത്രി മോദിക്ക് ഇനി തിരിച്ചടികളുടെ കാലമാണെന്നും പുതിയ കേന്ദ്രസർക്കാർ ഒരു വർഷത്തിനുള്ളിൽ തകരുമെന്നും ആം ആദ്മി പാർട്ടി എം.പി സഞ്ജയ് സിങ്. എൻ.ഡി.എ ഘടകകക്ഷികളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിൽ മോദി പരാജയപ്പെടും. സർക്കാരിന് ആറുമാസം മുതൽ ഒരു വർഷം വരെയോ കാലാവധിയുള്ളൂ. എൻ.ഡി.എ ഘടകകക്ഷികൾ പ്രതീക്ഷിക്കുന്നതുപോലെയല്ല മോദി ചെയ്യുക. രാഷ്ട്രീയ പാർട്ടികളെ തകർക്കുന്ന സമീപനവുമായാകും മോദി മുന്നോട്ട് പോകുക. നിങ്ങളുടെ പാർട്ടിയിൽ നിന്നുള്ളൊരാളെ സ്പീക്കറാക്കണമെന്നാണ് എനിക്ക് ടി.ഡി.പിയോടും ജെ.ഡി.യുവിനോടും പറയാനുള്ളത്.

ഇന്ത്യാ വാർത്തകൾ

ചുരുക്കത്തിൽ

നടി നൂർ മാളബിക ദാസ് ഫ്ളാറ്റിൽ മരിച്ചനിലയിൽ

മുംബൈ: നടി നൂർ മാളബിക ദാസിനെ (32) മരിച്ച നിലയിൽ കണ്ടെത്തി. മൃതദേഹത്തിന് മൂന്ന് ദിവസത്തെ പഴക്കമുണ്ട്. അഴുകി ദുർഗന്ധം വമിക്കുന്ന അവസ്ഥയിൽ മുംബൈയിലെ ഫ്ളാറ്റിലാണ് മൃതദേഹം കണ്ടെത്തിയത്. ജീവനൊടുക്കിയതാണെന്നാണ് റിപ്പോർട്ട്. അപ്പാർട്മെന്റിൽനിന്ന് ദുർഗന്ധം വമിക്കുന്നതായി അയൽവാസികൾ പരാതിപ്പെട്ടതോടെ പൊലിസെത്തി പരിശോധിക്കുകയായിരുന്നു. അസം സ്വദേശിയായ നടി, നേരത്തെ ഖത്തർ എയർവേയ്സിൽ എയർ ഹോസ്റ്റസായിരുന്നു. കജോൾ പ്രധാനവേഷത്തിലെത്തിയ 'ദി ട്രയൽ' എന്ന ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ സീരിസിൽ അഭിനയിച്ചു. സിസ്കിയാൻ, വാക്കമാൻ, തീഖി ചാത്നി, ജഘന്യ ഉപായ, ചരംസുഖ്, ദേഖി അന്ദേഖി, ബാക്ക്റോഡ് ഹസ്താലെ അടക്കം സിനിമകളിലും വെബ് സീരീസുകളിലും വേഷമിട്ടു.

സിക്കിമിൽ പ്രേം സിങ് തമാംഗ് അധികാരമേറ്റു

ഗാങ്ടോക്: സിക്കിം ക്രാന്തികാരി മോർച്ച (എസ്.കെ.എം) നേതാവ് പ്രേം സിങ് തമാങ് സംസ്ഥാന മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. ഇത് രണ്ടാം തവണയാണ് 56കാരനായ പ്രേം സിങ് മുഖ്യമന്ത്രിയാവുന്നത്. 32 അംഗ നിയമസഭയിൽ 31 അംഗങ്ങളുമായാണ് എസ്.കെ.എം ഇത്തവണ അധികാരത്തിലേറിയത്. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ പ്രേം സിങിന് സത്യവാചകം ചൊല്ലിക്കൊടുത്തു.

പ്രജ്വൽ രേവണ്ണ റിമാൻഡിൽ

ബെംഗളൂരു: ലൈംഗികാതിക്രമ കേസിൽ ജെ.ഡി.എസ് നേതാവും ഹാസൻ മുൻ എം.പിയുമായ പ്രജ്വൽ രേവണ്ണയെ 14 ദിവസത്തെ ജുഡിഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു. പ്രത്യേക അന്വേഷണ സംഘം (എസ്.ഐ.ടി) കസ്റ്റഡി അപേക്ഷ നൽകാതിരുന്ന സാഹചര്യത്തിലാണ് ഈമാസം 24 വരെ പ്രജ്വലിനെ കോടതി ജുഡിഷ്യൽ കസ്റ്റഡിയിൽ വിട്ടത്. കേസിൽ എസ്.ഐ.ടി തിങ്കളാഴ്ച രാവിലെ തെളിവെടുപ്പ് പൂർത്തിയാക്കിയിരുന്നു. പ്രജ്വലിനെ ഹൊളെനരസിപൂരിലെ വീട്ടിലുൾപ്പെടെ എത്തിച്ചാണ് തെളിവെടുപ്പ് നടത്തിയത്.

ആന്ധ്രയിൽ ടി.ഡി.പി നേതാവ് കൊല്ലപ്പെട്ടു

കുർണൂൽ: ആന്ധ്രാപ്രദേശിൽ ടി.ഡി.പി- വൈ.എസ്.ആർ കോൺഗ്രസ് സംഘർഷത്തിനിടെ ടി.ഡി.പി നേതാവ് ഗൗരിനാഥ് ചൗധരി കൊല്ലപ്പെട്ടു. കുർണൂൽ ജില്ലയിലെ ബൊമ്മിരെഡ്ഡിപള്ളി ഗ്രാമത്തിലാണ് സംഭവം. സ്ഥലത്ത് സംഘർഷാവസ്ഥ തുടരുകയാണ്. കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ഗ്രാമത്തിൽ സുരക്ഷ ശക്തമാക്കിയതായി ജില്ലാ പൊലിസ് മേധാവി അറിയിച്ചു. പ്രതികൾക്കായി തിരച്ചിൽ നടത്തിവരികയാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് ചന്ദ്രബാബു നായിഡുവിന്റെ നേതൃത്വത്തിലുള്ള ടി.ഡി.പി സർക്കാർ നാളെ അധികാരമേൽക്കാനിരിക്കെയാണ്. തിരഞ്ഞെടുപ്പ് ഫലം വന്നതിന് പിന്നാലെ ആന്ധ്രയിൽ വ്യാപകമായി അക്രമം പൊട്ടിപ്പുറപ്പെട്ടിരുന്നു.

സിക്കിമിൽ മിന്നൽ പ്രളയം; 2 മരണം

ഗാങ്ടോക്: കനത്ത മഴക്കു പിന്നാലെയുണ്ടായ മിന്നൽ പ്രളയത്തിൽ സിക്കിമിലെ നാംചി ജില്ലയിൽ രണ്ട് മരണം. ഒരാളെ കാണാതായി. നാംചിയിലെ മാജുവ ഗ്രാമത്തിലാണ് പ്രളയമുണ്ടായത്. എട്ടു പേർക്ക് പരിക്കേറ്റു. രണ്ട് വീടുകൾ ഒലിച്ചു പോയി. നിരവധി വീടുകൾക്ക് കേടുപാടുണ്ടായി.

ദുരൂഹത നീങ്ങാതെ വോട്ടിങ് യന്ത്രം

അഞ്ചര ലക്ഷം വോട്ട് കാണാമറയത്ത്

ചില മണ്ഡലങ്ങളിൽ പോൾ ചെയ്തതിനേക്കാളും വോട്ടുകൾ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നതിന് പിന്നാലെ ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിലെ പൊരുത്തക്കേടുകൾ പുറത്താവുന്നു. ഈ മാസം നാലിന് ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചപ്പോൾ 362 മണ്ഡലങ്ങളിലായി ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിൽ പോൾ ചെയ്ത 5,54,598 വോട്ടുകൾ കമ്മീഷൻ നീക്കം ചെയ്തതായി റിപ്പോർട്ട്.

ഇതിനു പുറമെ 176 മണ്ഡലങ്ങളിലായി 35,093 വോട്ടുകൾ പോൾ ചെയ്തതിനേക്കാളും കൂടുതൽ എണ്ണിയതായും കണക്കുകൾ വ്യക്തമാക്കുന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്ത് വിട്ട പോളിങ് കണക്കുകളും ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിൽ നിന്നും എണ്ണിയ വോട്ടുകളും തമ്മിൽ 538 മണ്ഡലങ്ങളിലും പൊരുത്തക്കേടുകളുള്ളതായാണ് കണ്ടെത്തിയത്. അതായത് ഇത്രയും മണ്ഡലങ്ങളിൽ ചെയ്ത വോട്ടുകളും ഫലപ്രഖ്യാപന ദിവസം ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിൽ എണ്ണിയ വോട്ടുകളും തമ്മിൽ കാര്യമായ വ്യത്യാസമുള്ളതായി 'ദി ക്വിന്റ്' നടത്തിയ അന്വേഷണം പറയുന്നു.

267 മണ്ഡലങ്ങളിൽ 500 വോട്ടുകൾക്ക് മുകളിലാണ് ഈ അന്തരം. എന്തു കൊണ്ട് ഈ വ്യത്യാസം എന്നത് സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷന് തൃപ്തികരമായ മറുപടി നൽകാൻ ഇതുവരെ ആയിട്ടില്ല. എന്നാൽ മോക് പോളിങിലെ ഡേറ്റകൾ കൺട്രോൾ യൂണിറ്റിൽ നിന്നും നീക്കം ചെയ്യാത്തതും പോളിങ് തുടങ്ങും മുമ്പ് വിവിപാറ്റ് സ്ലിപ്പുകൾ നീക്കം ചെയ്യാത്തതും ഫോറം 17 സി തയാറാക്കുന്ന സമയത്ത് പ്രിസൈഡിങ് ഓഫീസർക്ക് തെറ്റു പറ്റുന്നതോ ആവാം ഈ പൊരുത്തക്കേടുകൾക്ക് കാരണമെന്നാണ് യു.പി മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ എക്സിലൂടെ ഇതിന് വിശദീകരണം നൽകിയത്. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ കൂടുതൽ വോട്ടുകൾ കണ്ടെത്തിയ മണ്ഡലങ്ങൾ ഇവയാണ്. കരീംഗഞ്ച് (അസം)- ഇ.വി.എമ്മിൽ പോൾ ചെയ്തത്. 1136538, ഇ.വി.എമ്മിൽ നിന്നും എണ്ണിയത് 1140349. അധിക വോട്ടുകൾ 3811. ഓങ്കോൾ (ആന്ധ്രപ്രദേശ്) പോൾ ചെയ്തത് 1399707 എണ്ണിയത് 1401174. അധിക വോട്ടുകൾ 1467. ബാലസോർ (ഒഡീഷ) പോൾ ചെയ്തത് 1234427. എണ്ണിയത് 1235600 അധിക വോട്ടുകൾ 1173. മണ്ട്ല (മധ്യപ്രദേശ്) പോൾ ചെയ്തത് 1530861, എണ്ണിയത് 1531950 അധിക വോട്ടുകൾ 1089. ബക്സർ (ബിഹാർ) പോൾ ചെയ്തത് 1065290 എണ്ണിയത് 1066300. അധിക വോട്ടുകൾ 1010. 3811 അധിക വോട്ടുകൾ എണ്ണിയ അസമിലെ കരീംഗഞ്ചിൽ നിന്നും ബി.ജെ.പി സ്ഥാനാർത്ഥി കൃപാനാഥ് മല്ല 18,360 വോട്ടുകൾക്കാണ് വിജയിച്ചത്. ഒഡീഷയിലെ ജാജ്പൂർ മണ്ഡലത്തിൽ 809 വോട്ടുകളാണ് അധികമായി എണ്ണിയത്. ഇവിടെ ബി.ജെ.പിയുടെ രബീന്ദ്ര നാരായൺ ബെഹറ 1587 വോട്ടുകൾക്കാണ് വിജയിച്ചത്.

ചില മണ്ഡലങ്ങളിൽ ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിൽ പോൾ ചെയ്തതിനേക്കാളും പതിനായിരത്തോളം വോട്ടുകൾ എണ്ണുമ്പോൾ കുറഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തിയ മണ്ഡലങ്ങൾ ഇവയാണ്. ഏപ്രിൽ 19ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടന്ന തമിഴ്നാട്ടിലെ തിരുവള്ളൂർ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്ത് വിട്ട കണക്കുകൾ പ്രകാരം 14,30,738 വോട്ടുകളാണ് പോൾ ചെയ്തത്.

എന്നാൽ നാലാം തീയതി വോട്ടെണ്ണിയപ്പോൾ 14,13,947 വോട്ടുകൾ മാത്രമാണ് കണ്ടെത്തിയത്. 16,791 വോട്ടുകളാണ് മണ്ഡലത്തിൽ വോട്ടിങ് യന്ത്രത്തിൽ കുറവ് വന്നത്. അസമിലെ കൊക്രജാർ മണ്ഡലത്തിൽ 1240306 വോട്ടുകൾ പോൾ ചെയ്തപ്പോൾ 1229546 വോട്ടുകളാണ് എണ്ണിയത്. ഇവിടെ കുറവ് വന്നത് 10760 വോട്ടുകളാണ്. മണ്ഡലത്തിൽ നിന്നും യുണൈറ്റഡ് പീപ്പിൾസ് പാർട്ടി സ്ഥാനാർത്ഥി ജ്യോനാഥ ബസുമതാരി 51,580 വോട്ടുകൾക്കാണ് വിജയിച്ചത്. ഒഡീഷയിലെ ദേൻകനലിൽ 1193460 വോട്ടുകൾ പോൾ ചെയ്തപ്പോൾ 1184033 വോട്ടുകളാണ് എണ്ണിയത്. 9427 വോട്ടുകളുടെ കുറവ്.

കേരളത്തിലെ ആലപ്പുഴ മണ്ഡലത്തിൽ 1050726 വോട്ടുകൾ പോൾ ചെയ്തപ്പോൾ എണ്ണിയത് 1042798 വോട്ടുകൾ മാത്രമാണ്. 7928 വോട്ടുകളുടെ കുറവാണ് ഇവിടെ രേഖപ്പെടുത്തിയത്. ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ 1411989 വോട്ടുകൾ പോൾ ചെയ്തപ്പോൾ 1404061 വോട്ടുകളാണ് എണ്ണിയത്. 7928 വോട്ടുകളുടെ കുറവ്. ബി.ജെ.പിയിലെ സതീഷ് കുമാർ ഗൗതം 15,647 വോട്ടുകൾക്ക് വിജയിച്ച യു.പിയിലെ അലീഗഡിൽ 5896 വോട്ടുകളാണ് എണ്ണിയപ്പോൾ കുറവ് വന്നത്.

വോട്ടർമാർക്ക് നന്ദിപറയാൻ രാഹുലും പ്രിയങ്കയും ഇന്ന് റായ്ബറേലിയിൽ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസും ഇന്ത്യാ മുന്നണിയും നേടിയ വൻ മുന്നേറ്റത്തിനു പിന്നാലെ വോട്ടർമാർക്ക് നന്ദി പറയാൻ രാഹുലും പ്രിയങ്കയും ഇന്ന് റായ്ബറേലിയിൽ. യു.പിയിലെ ആദിത്യനാഥ് മന്ത്രിസഭയിൽ അംഗമായ ദിനേഷ് പ്രതാപ് സിങിനെയാണ് റായ്ബറേലിയിൽ നാലു ലക്ഷത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിന് രാഹുൽ പരാജയപ്പെടുത്തിയത്. അമേഠിയിൽ കൂടി ഇരുവരും പങ്കെടുക്കുന്ന റോഡ് ഷോ നിശ്ചയിച്ചിരുന്നെങ്കിലും ഉത്തരേന്ത്യയിൽ അത്യുഷ്ണം തുടരുന്ന സാഹചര്യത്തിൽ റായ്ബറേലിയിൽ മാത്രമായി പരിമിതപ്പെടുത്തുകയായിരുന്നു. അമേഠിയിൽ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയെ പരാജയപ്പെടുത്തിയ കോൺഗ്രസ് നേതാവ് കിഷോരി ലാൽ ശർമ്മയും റായ്ബറേലിയിലെ ഭുമാവോ ഗസ്റ്റ് ഹൗസ് പരിസരത്ത് നടക്കുന്ന കോൺഗ്രസ് റായിലിയിൽ പങ്കെടുക്കും. നാളെയാണ് വോട്ടർമാർക്ക് നന്ദി പറയാൻ രാഹുൽ വയനാട്ടിലെത്തുന്നത്.

ഔദാര്യമല്ല, അവകാശം; മോദിയുടെ ആദ്യം ഒപ്പുവച്ച ഫയലിൽ ജയറാം രമേശ്

ന്യൂഡൽഹി: അധികാരത്തിലെത്തിയതിനു പിന്നാലെ പ്രധാനമന്ത്രി മോദി ആദ്യം ഒപ്പുവച്ചത് കർഷക ക്ഷേമം ഉറപ്പാക്കുന്ന ഫയലിലെന്ന ബി.ജെ.പി പ്രചാരണങ്ങളുടെ മുനയൊടിച്ച് കോൺഗ്രസ് നേതാവ് ജയറാം രമേശ്. പി.എം കിസാൻ സമ്മാൻ നിധിയുടെ 17ാമത് ഘഡു അനുവദിച്ചുകൊണ്ടുള്ള ഫയലിലാണ് പ്രധാനമന്ത്രി ഇന്നലെ ഒപ്പുവെച്ചത്. എന്നാൽ ഇത് മോദിയുടെ ഔദാര്യമല്ലെന്നും കർഷകരുടെ അവകാശമാണെന്നും ജയറാം രമേശ് പറഞ്ഞു. നേരത്തെ അനുവദിക്കേണ്ടിയിരുന്ന തുകയാണിത്. തിരഞ്ഞെടുപ്പ് നടക്കുന്നത് കാരണം തടഞ്ഞുവച്ചതായിരുന്നു. അത് ഔദാര്യമല്ല, കർഷകരുടെ അവകാശമാണ്. എന്നാൽ ഇതിനെ കർഷക ക്ഷേമം ഉറപ്പാക്കുന്ന വലിയൊരു തുടക്കമായി ബി. ജെ.പി ചിത്രീകരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

കിസാൻ സമ്മാൻ നിധി പ്രകാരം വർഷത്തിൽ മൂന്നു തവണയായി 2000 രൂപ വീതം മൊത്തം ആറായിരം രൂപയാണ് കേന്ദ്രം അനുവദിക്കുന്നത്. ഇതിൽ 2023-24 വർഷത്തെ ആദ്യ ഘഡു ഏപ്രിൽ - മെയ് മാസങ്ങളിലായി ലഭിക്കേണ്ടതായിരുന്നു.

സ്പീക്കർ പദവിക്കായി പിടിവലി തുടരുന്നു

വിട്ടുവീഴ്ചയില്ലാതെ ഘടകകക്ഷികൾ

പുരന്ദേശ്വരിയെ ഉയർത്തിക്കാട്ടി ബി.ജെ.പി

ന്യൂഡൽഹി: ഒരു കക്ഷിക്കും കേവല ഭൂരിപക്ഷമില്ലാത്ത മൂന്നാം മോദി സർക്കാറിൽ ഏറ്റവും വലിയ പിടിവലി സ്പീക്കർ പദവിക്ക്. മന്ത്രിമാരുടെ വകുപ്പ് വിഭജനം ഉൾപ്പെടെ പൂർത്തിയായെങ്കിലും 18-ാം ലോക്സഭയെ നയിക്കുന്ന സ്പീക്കർ ആരാകുമെന്ന കാര്യത്തിൽ ഇതുവരേയും സമവായം രൂപപ്പെട്ടില്ല.

സ്പീക്കർ പദവി വേണമെന്ന ആവശ്യത്തിൽ ടി.ഡി.പിയും ജെ.ഡി.യുവും ഉറച്ചുനിൽക്കുന്നതും അത് വിട്ടുനൽകാനാവില്ലെന്ന് ബി.ജെ.പി നിലപാടെടുക്കുകയും ചെയ്തതാണ് പ്രതിസന്ധി തുടരാൻ കാരണം. സ്പീക്കർ സ്ഥാനത്തേക്ക് ആന്ധ്രാപ്രദേശ് സംസ്ഥാന അധ്യക്ഷ ദഗ്ഗുബാതി പുരന്ദേശ്വരിയുടെ പേര് ബി.ജെ.പി കേന്ദ്രങ്ങൾ ഉയർത്തിക്കാട്ടുണ്ടെങ്കിലും അന്തിമ തീരുമാനം വൈകും. ബി.ജെ.പിക്ക് തനിച്ചു ഭൂരിപക്ഷമുണ്ടായിരുന്ന 16, 17 ലോക്സഭകളിൽ യഥാക്രമം സുമിത്ര മഹാജൻ, ഓം ബിർള എന്നിവരായിരുന്നു സ്പീക്കർമാർ. ബി.ജെ.പി നേരിട്ടാണ് ഇരുവരുടേയും പേരു നിർദേശിച്ചത്. എന്നാൽ ഇത്തവണ കേവല ഭൂരിപക്ഷമില്ലാത്തതിനാൽ ഘടക കക്ഷികളെക്കൂടി വിശ്വാസത്തിൽ എടുത്തു മാത്രമേ ബി.ജെ.പിക്ക് മുന്നോട്ടു പോകാനാകൂ.

ചട്ടപ്രകാരം പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന്റെ തൊട്ടു മുമ്പാണ് നിലവിലെ സ്പീക്കറുടെ കാലാവധി അവസാനിക്കുക. തുടർന്ന് രാഷ്ട്രപതി ഒരു മുതിർന്ന അംഗത്തെ പ്രോടേം സ്പീക്കറായി നിയമിക്കും. പ്രോടേം സ്പീക്കറുടെ അധ്യക്ഷതയിലാണ് നിയുക്ത എം.പിമാർ സത്യപ്രതിജ്ഞ ചെയ്യുക. തുടർന്ന് സ്പീക്കർ തിരഞ്ഞെടുപ്പ് നടക്കും. പുതിയ സ്പീക്കറെ തിരഞ്ഞെടുക്കുന്നതുവരെയാണ് പ്രോടേം സ്പീക്കറുടെ കാലാവധി. സ്പീക്കർ ഭരണ കക്ഷിയിൽ നിന്നാണെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ പദവി ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിക്കു നൽകുന്നതാണ് കീഴ്വഴക്കം.

പതിനാറും പതിനേഴും സഭകളിൽ പ്രതിപക്ഷം ദുർബലമായതിനാൽ ഡെപ്യൂട്ടി സ്പീക്കർ പദവി കോൺഗ്രസിന് നൽകിയിരുന്നില്ല. എന്നാൽ ഇത്തവണ കോൺഗ്രസ് നൂറിലേറെ സീറ്റു നേടുകയും കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യാ മുന്നണിക്ക് 234 അംഗങ്ങളുടെ പിന്തുണ ഉറപ്പാകുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രതിപക്ഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തിന് അവകാശം ഉന്നയിക്കും. പ്രതിപക്ഷം ശക്തരായതിനാൽ കരുത്തനായ സ്പീക്കർ വേണമെന്ന് ചൂണ്ടിക്കാട്ടിയാണ് ബി.ജെ.പി സ്പീക്കർ പദവിയിൽ പിടിമുറുക്കുന്നത്. അതേസമയം ഒപ്പം നിന്ന പാർട്ടികളെപ്പോലും പിളർത്തുന്ന ബി.ജെ.പിയുടെ പാരമ്പര്യമാണ് നിതീഷിനേയും നായിഡുവിനേയും ആശങ്കപ്പെടുത്തുന്നത്.

തനിച്ചു ഭൂരിപക്ഷമില്ലാത്തതിനാൽ സർക്കാറിന്റെ സുരക്ഷ ഉറപ്പാക്കാൻ ബി.ജെ.പി ഏതു കളിക്കും മുതിരുമെന്ന കണക്കുകൂട്ടലും ഘടക കക്ഷികൾക്കുണ്ട്. അങ്ങനെ വന്നാൽ അംഗങ്ങൾക്കെതിരായ കൂറുമാറ്റ നിരോധന നിയമപ്രകാരമുള്ള നടപടികളിൽ സ്പീക്കറാണ് അന്തിമ വാക്ക്. ഇത് മുന്നിൽ കണ്ടാണ് ഘടകകക്ഷികൾ പിടിമുറുക്കുന്നത്. നേരത്തെ എൻ.ഡി.എയുടെ ഭാഗമായിരിക്കെ ബി.ജെ.പി ജെ.ഡി.യുവിനെ പിളർത്താൻ ശ്രമിച്ചതായി നിതീഷ് കുമാർ ആരോപിച്ചിരുന്നു.

ലോക്സഭ തിരഞ്ഞെടുപ്പ് ഫലം; കേരളത്തിലെ പ്രകടനത്തിൽ പി.ബിക്ക് കടുത്ത നിരാശ

■ പ്രതികൂല സാഹചര്യത്തിലും ഇന്ത്യ മുന്നണിയുടേത് മികച്ച പ്രകടനം

ന്യൂഡൽഹി: ലോക്സഭ തിരഞ്ഞെടുപ്പിൽ സിപിഎമ്മിനേറ്റ കനത്ത തിരിച്ചടിയിൽ നിരാശ പ്രകടിപ്പിച്ച് പാർട്ടി പോളിറ്റ് ബ്യൂറോ. സിപിഎമ്മിന്റെ പ്രകടനത്തിൽ, പ്രത്യേകിച്ച് കേരളത്തിന്റേത് നിരാശാജനകമാണ്. പാർട്ടി ഘടകങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഴത്തിൽ ആത്മപരിശോധന നടത്തുമെന്നും പോളിറ്റ് ബ്യൂറോ പ്രസ്താവനയിൽ വ്യക്തമാക്കുന്നു. സിപിഎം- 4, സിപിഐ, സിപിഐ (എംഎൽ) രണ്ടുവീതം സീറ്റുകൾ ലഭിച്ചു. ഇത് ചെറിയ രീതിയിലുള്ള ഇടത് പാർട്ടികൾ നടത്തിയ മുന്നേറ്റമാണ്. പ്രതിപക്ഷ സഖ്യമായ ഇന്ത്യ മുന്നണി പ്രതികൂല സാഹചര്യത്തിലും മികച്ച മുന്നേറ്റമാണ് നടത്തിയതെന്നും പി.ബി വിലയിരുത്തി. ഫലം ബിജെപിക്കേറ്റ കനത്ത തിരിച്ചടിയാണ്. ഇന്ത്യ സഖ്യം 234 സീറ്റ് നേടി. കേവല ഭൂരിപക്ഷത്തിന് 38 സീറ്റുകൾ മാത്രമാണ് കുറവ്.

എൻഡിഎ 43.31 ശതമാനം വോട്ട് നേടിയപ്പോൾ, ഇന്ത്യ സഖ്യം 41.69 ശതമാനം വോട്ട് നേടി. പ്രതിപക്ഷ പാർട്ടികൾക്ക് നേരേ ശക്തമായ ആക്രമണം നടക്കുന്ന സമയത്താണ് തിരഞ്ഞെടുപ്പ് നടന്നത്. രണ്ട് മുഖ്യമന്ത്രിമാർ ജയിലിലായിരുന്നു. കോൺഗ്രസിന്റേയും സിപിഎമ്മിന്റെ ഒരു ജില്ലാ കമ്മിറ്റിയുടേയും ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചു.

എൻസിപിയേയും ശിവസേനയേയും പോലുള്ള പാർട്ടികളെ ലക്ഷ്യംവയ്ക്കുകയും പണം ഉപയോഗിച്ച് പിളർത്തുകയും ചെയ്തു. പ്രതിപക്ഷത്തെ ഭിന്നിപ്പിക്കാൻ എല്ലാത്തരം രാഷ്ട്രീയ തന്ത്രങ്ങളും ഉപയോഗിച്ചു. ജെഡിയുവിനെ എൻഡിഎയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിൽ വിജയിക്കുകയും ചെയ്തു. തിരഞ്ഞെടുപ്പ് കമ്മിഷൻ ലെവൽ പ്ലേയിങ് ഫീൽഡ് ഒരുക്കിയിരുന്നില്ലെങ്കിൽ എൻഡിഎയ്ക്ക് ഫലം കൂടുതൽ പ്രതികൂലമാകുമായിരുന്നു. ബിജെപിയുടെ അജണ്ട മുന്നോട്ടു കൊണ്ടുപോകുന്നതിൽ കമ്മിഷന്റെ പങ്ക് വളരെ വലുതാണ്. മോദിയുടേയും പല ബിജെപി നേതാക്കളുടേയും പ്രകോപനപരമായ വർഗീയ പ്രസംഗങ്ങൾ തടയാൻ കമ്മിഷൻ പരാജയപ്പെട്ടത് പെരുമാറ്റച്ചട്ടം നിഷ്ഫലമാക്കിയെന്നും പി.ബി വിമർശിച്ചു.

ബി.ജെ.പി ഐ.ടി സെൽ തലവനെതിരെ പീഡന ആരോപണം

ന്യൂഡൽഹി: ബി.ജെ.പി ഐ.ടി സെൽ തലവൻ അമിത് മാളവ്യക്കെതിരെ ലൈംഗിക പീഡന പരാതിയുമായി ആർ.എസ്.എസ് പ്രവർത്തകൻ ശാന്തനു സിൻഹ. അമിത് മാളവ്യ സ്ത്രീകളെ ചൂഷണം ചെയ്യുന്നതുൾപ്പെടെ ഹീനമായ പ്രവർത്തികളിൽ ഏർപ്പെട്ടതായി ശാന്തനു സിൻഹ സാമൂഹിക മാധ്യമത്തിലൂടെ ആരോപിച്ചു. ഇതിന് പിന്നാലെ അമിത് മാളവ്യയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ് രംഗത്തെത്തി. പഞ്ചനക്ഷത്ര ഹോട്ടലുകളിലും ബി.ജെ.പിയുടെ ബംഗാളിലെ ഓഫീസുകളിലും വെച്ച് സ്ത്രീകളെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കിയെന്ന ആരോപണമാണ് മാളവ്യക്കെതിരെ ഉയർന്നത്.

മണിപ്പൂർ മുഖ്യമന്ത്രിയുടെ അകമ്പടി വാഹനത്തിന് നേരെ ആക്രമണം

ഇംഫാൽ: മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങിന്റെ വാഹനവ്യൂഹത്തിനു നേരെ ആക്രമണം. ആയുധധാരികളായ സംഘമാണ് ആക്രമണം നടത്തിയത്. ഇന്നലെ കങ്പോക്പി ജില്ലയിലാണ് സംഭവം. സുരക്ഷാ ഉദ്യോഗസ്ഥന് പരിക്കേറ്റിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം ഇംഫാലിൽ നിന്ന് ജിരിബം ജില്ലയിലേക്ക് സഞ്ചരിക്കവേയാണ് ആക്രമണമുണ്ടായത്. രാവിലെ 10.30ന് ദേശീയപാത 37ൽ വെച്ചാണ് സംഭവം. കഴിഞ്ഞ ദിവസം ജിരിബം ജില്ലയിൽ സർക്കാർ ഓഫീസുകളും എഴുപതോളം വീടുകളും ആക്രമിക്കപ്പെട്ടിരുന്നു. ഇവിടം സന്ദർശിക്കാൻ പോകുന്നതിനിടെയാണ് ആക്രമണം.

മൂന്നാം മോദി മന്ത്രിസഭയിലെ മന്ത്രിമാരും വകുപ്പുകളും

ക്യാബിനറ്റ് മന്ത്രിമാർ

1. നരേന്ദ്ര മോദി-പ്രധാനമന്ത്രി- പേഴ്സണൽ, പൊതുപരാതികൾ, പെൻഷൻ, ആണവോർജ്ജം, ബഹിരാകാശം.
2. രാജ്നാഥ് സിങ്-പ്രതിരോധം
3. അമിത് ഷാ-ആഭ്യന്തരം
4. നിതിൻ ഗഡ്കരി-ഉപരിതല ഗാതഗതം, ഹൈവേ
5. ജെ.പി നദ്ദ-ആരോഗ്യ കുടുംബ ക്ഷേമം, രാസവളം
6. ശിവരാജ് സിങ് ചൗഹാൻ-കൃഷി, കർഷക ക്ഷേമം, ഗ്രാമ വികസനം
7. നിർമല സീതാരാമൻ-ധനകാര്യം, കോർപറേറ്റ് കാര്യം
8. എസ് ജയശങ്കർ-വിദേശകാര്യം
9. മനോഹർ ലാൽ ഖട്ടാർ- ഭവന, നഗര വികസനം, ഊർജ്ജം
10. എച്ച്.ഡി കുമാര

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 11 ചൊവ്വ
ഗൾഫ് ചന്ദ്രിക

കീം: 79,044 പേർ പരീക്ഷയെഴുതി

തിരുവനന്തപുരം: സംസ്ഥാനത്ത് ആദ്യമായി നടത്തിയ കീം ഓൺലൈൻ എൻജിനിയറിങ്, ഫാർമസി പ്രവേശനപരീക്ഷകൾ പൂർത്തിയായി. 79,044 വിദ്യാർത്ഥികളാണ് ജൂൺ അഞ്ചു മുതൽ പത്തുവരെ ആറു ദിവസങ്ങളിലായി നടന്ന പ്രവേശന പരീക്ഷയെഴുതിയത്. ഈ മാസം 5 മുതൽ 9 വരെ എൻജിനിയറിങ് പരീക്ഷയും 10ന് ഫാർമസി പരീക്ഷയുമായിരുന്നു. പരീക്ഷയ്ക്കായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഒരുക്കിയത് സിഡിറ്റ് ആണ്. വിവിധ ജില്ലകളിലായി 198 പരീക്ഷാ കേന്ദ്രങ്ങളിലും, ഡൽഹിയിൽ രണ്ട് പരീക്ഷാകേന്ദ്രങ്ങളിലും, മുംബൈ, ദുബായ് എന്നിവിടങ്ങളിൽ ഓരോ കേന്ദ്രങ്ങളിലുമായാണ് പരീക്ഷ നടന്നത്.

അട്ടപ്പാടിയിൽ പുലി അവശനിലയിൽ

പാലക്കാട്: അട്ടപ്പാടി പുളിയപ്പതിയിൽ ജനവാസമേഖലയോട് ചേർന്ന് കൃഷിയിടത്തിൽ അവശനിലയിൽ പുലിയെ കണ്ടെത്തി. നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ വന്ന് പുലിയെ പിടികൂടി. പുലിയുടെ ശരീരത്തിൽ പരുക്ക് കണ്ടെത്തിയതിനാൽ വിഗ്ദധ ചികിത്സക്കായി സൈലന്റ് വാലി വനംവകുപ്പ് ഓഫീസിലേക്ക് മാറ്റി. പുലികൾ തമ്മിൽ ആക്രമണം നടത്തിയപ്പോഴുണ്ടായ പരുക്കേറ്റതാണെന്നാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത്. അവശനിലയിൽ കണ്ടെത്തിയ പുലിയെ വല ഉപയോഗിച്ച് പിടികൂടുന്നതിനിടെ ആർ.ആർ.ടി സംഘത്തിലെ ഉദ്യോഗസ്ഥന് നിസാര പരിക്കേറ്റു. അഞ്ചുവയസ് പ്രായമുള്ള പുലിക്ക് വിഗ്ദധ ചികിത്സ നൽകിയിട്ട് കാട്ടിലേക്ക് വിടാനാണ് വനംവകുപ്പിന്റെ തീരുമാനം. അതേസമയം പുലി തീരെ അവശനിലയാണ് കണ്ടെത്തിയതെന്നാണ് നാട്ടുകാർ പറയുന്നത്.

കേരള വാർത്തകൾ

പ്രഭാവർമ്മയ്ക്ക് നിയമസഭയുടെ ആദരം

തിരുവനന്തപുരം: സരസ്വതി സമ്മാൻ പുരസ്ക്കാരം നേടിയ കവി പ്രഭാവർമ്മക്ക് നിയമസഭയുടെ ആദരം. ഇന്നലെ ചോദ്യോത്തരവേളയ്ക്ക് ശേഷം ഫോട്ടോ സെഷനായി സഭപിരിഞ്ഞിട്ട് വീണ്ടും ചേരുന്ന വേളയിൽ സ്പീക്കർ എ.എൻ.ഷംസീറാണ് പ്രഭാവർമ്മയെ അനുമോദിച്ചുകൊണ്ടുള്ള പ്രമേയം സഭയിൽ അവതരിപ്പിച്ചത്.
സരസ്വതി സമ്മാൻ ലഭിച്ച പ്രഭാവർമ്മയ്ക്കൊപ്പം നാടും ഭാഷയും കൂടിയാണ് ആദരിക്കപ്പെടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നാടിന്റെയും ഭാഷയുടെയും ഈ സന്തോഷത്തിൽ സഭയും ഒത്തുചേരുന്നതായി അദ്ദേഹം പറഞ്ഞു. കേരളത്തിന് ലഭിച്ച ഉദാത്തമായ പുരസ്ക്കാരമാണിതെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പ്രഭാവർമ്മയ്ക്ക് പുരസ്ക്കാരം ലഭിച്ചതിലൂടെ നാടും ഭാഷയും ദീപ്തമാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് ഇനിയും കൂടുതൽ കൂടുതൽ സംഭാവനകൾ നൽകാൻ കഴിയട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.
വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിച്ച് കവിത എഴുതുന്ന വ്യക്തിയാണ് പ്രഭാവർമ്മയെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ചൂണ്ടിക്കാട്ടി. അദ്ദേഹത്തിന്റെ കവിതകളുടെ തലക്കെട്ട് തന്നെ വ്യത്യസ്തതയുള്ളവയാണ്. വിരുദ്ധധ്രുവങ്ങളിൽ നിൽക്കുന്ന വൈരുദ്ധ്യങ്ങളെ സമന്വയിപ്പിക്കുന്നതാണ് പ്രഭാവർമ്മയുടെ കവിതകളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭാഷാധ്യാപക തസ്തികയ്ക്കുള്ള യോഗ്യതകൾ നിശ്ചയിച്ച് ഉത്തരവിറങ്ങി

തിരുവനന്തപുരം: എൽ.പി, യു.പി ഭാഷാ അധ്യാപക നിയമനങ്ങൾക്കുള്ള അക്കാദമിക പരിശീലന യോഗ്യതകൾ വ്യക്തമാക്കി കൊണ്ടുള്ള ഭേദഗതി ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കി. ഇത് പ്രകാരം 202324 അധ്യയന വർഷം വരെ നിലവിലെ ചട്ടങ്ങൾ പ്രകാരം എൽ.പി, യു.പി ഭാഷാ അധ്യാപകർക്ക് നിഷ്കർഷിച്ചിരുന്ന യോഗ്യതകളോടുകൂടി നിയമനം ലഭിച്ചവർക്കും 202324 അധ്യയന വർഷം വരെയുള്ള പി.എസ്.സി വിജ്ഞാപനത്തിലൂടെ നിയമനം ലഭിക്കുന്നവർക്കും മാത്രം രണ്ടുവർഷത്തെ ഭാഷാ അധ്യാപക ഡി.എൽ.എഡ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചു. രണ്ടുവർഷ ഭാഷാധ്യാപക ഡി.എൽ.എഡ് കോഴ്സ് നിർബന്ധമാക്കി കൊണ്ടുള്ള 2019 ലെ ഉത്തരവ് തീയതിക്ക് മുമ്പ് ലോവർഗ്രേഡ് ലാംഗ്വേജ് അധ്യാപകർക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ നേടിയിട്ടുള്ളവരെയും ഈ യോഗ്യത കോഴ്സുകൾക്ക് ഉത്തരവ് സമയത്ത് പ്രവേശനം നേടിയവരെയും രണ്ടുവർഷ ഭാഷാധ്യാപക ഡി.എൽ.എഡ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിരവധി ഭാഷാ അധ്യാപക ഉദ്യോഗാർത്ഥികളെ ബാധിച്ചിരുന്ന ഈ വിഷയങ്ങൾ പരിഹരിക്കുന്നതിന് ഭേദഗതി ഉത്തരവ് ഇറക്കണമെന്ന് ആവശ്യപ്പെട്ട് കേരള അറബിക് മുൻഷിസ് അസോസിയേഷൻ(കെ.എ.എം.എ) സംസ്ഥാന ജനറൽ സെക്രട്ടറി എം. തമീമുദീൻ വിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിരുന്നു.

പെട്രോൾ, ഡീസൽ കമ്മീഷൻ കൂട്ടണമെന്ന് ഡീലർമാർ

കൊച്ചി: പെട്രോളിന്റെയും ഡീസലിന്റെയും ഡീലർ കമ്മീഷൻ അടിയന്തരമായി വർധിപ്പിക്കണമെന്ന് കേരള പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ കോഓർഡിനേഷൻ കമ്മിറ്റി വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. 2017ന് ശേഷം ഡീലർ കമ്മീഷൻ സംസ്ഥാനത്ത് വർധിപ്പിച്ചിട്ടില്ല. ഈ കാലയളവിൽ പെട്രോൾ, ഡീസൽ വില വലിയ തോതിൽ ഉയരുകയും തൊഴിലാളികളുടെ വേതനം 60 ശതമാനം വരെ വർധിപ്പിക്കുകയും ചെയ്തു. നിലവിൽ പെട്രോളിന് മൂന്ന് രൂപയും ഡീസലിന് രണ്ട് രൂപയുമാണ് ഡീലർമാർക്ക് കമ്മീഷനായി ലഭിക്കുന്നത്. ഇത് പെട്രോളിന് 60ഉം ഡീസലിന് 50ഉം രൂപയായിരുന്ന കാലത്തെ നിരക്കാണ്. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നാളെ പനമ്പിള്ളി നഗർ സ്റ്റേറ്റ് ലെവൽ കോ ഓർഡിനേറ്റർ ഓഫീസിന് മുന്നിൽ ഏകദിന ധർണ നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു. അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ പെട്രോൾ പമ്പുകൾ മുഴുവൻ സമയവും അടച്ചിട്ടുകൊണ്ടുള്ള സമരപരിപാടികളിലേക്ക് കടക്കുമെന്ന് ഭാരവാഹികളായ ടോമി തോമസ്, ആർ.ശബരിനാഥ്, വി.എസ് അബ്ദുൽ റഹ്മാൻ, കെ.എസ് കോമു എന്നിവർ അറിയിച്ചു.

'ക്യാബിനറ്റി'ലില്ലാത്ത നിരാശയിൽ ആദ്യ ബി.ജെ.പി എം.പി

ന്യൂഡൽഹി: സ്വതന്ത്ര ചുമതലയില്ലാത്ത സഹമന്ത്രി സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നതിന്റെ നിരാശയിൽ കേരളത്തിൽ നിന്നുള്ള ബി.ജെ.പിയുടെ ആദ്യ ലോക്സഭാംഗം. തിരഞ്ഞെടുപ്പ് ഫലം വന്നതു മുതൽ സുരേഷ് ഗോപിക്ക് അർഹമായ പരിഗണന ലഭിക്കുമെന്ന് ആവർത്തിച്ചു പറഞ്ഞ സംസ്ഥാന ഘടകവും സഹമന്ത്രി സ്ഥാനത്തിൽ ഒതുക്കിയതോടെ മൂകമായി. ജയിച്ചാൽ ക്യാബിനറ്റ് മന്ത്രി എന്ന പ്രചാരണമാണ് തിരഞ്ഞെടുപ്പ് പര്യടനത്തിലുടനീളം ബി.ജെ.പിയും സുരേഷ് ഗോപിയും ഉയർത്തിയത്. ഫലം വന്നതിനു പിന്നാലെ സംസ്ഥാന നേതാക്കളും ഇത് പറയാതെ പറഞ്ഞു. മന്ത്രിസഭയിൽ ചേരാൻ ക്ഷണം വന്നതിനു പിന്നാലെ ഡൽഹിയിലെത്തിയപ്പോഴാണ് സഹമന്ത്രി സ്ഥാനത്തേക്കാണ് പരിഗണിക്കുന്നതെന്ന് താരം അറിഞ്ഞത്. സത്യപ്രതിജ്ഞക്കു പിന്നാലെ സിനിമാ തിരക്കുകൾ പരിഗണിച്ച് രാജിവെക്കാനൊരുങ്ങുന്നുവെന്ന വാർത്ത വന്നതിനു പിന്നിലും നിരാശ ബി.ജെ.പി കേന്ദ്രനേതൃത്വത്തെ അറിയിക്കുക എന്ന ലക്ഷ്യമായിരുന്നുവെന്നാണ് റിപ്പോർട്ട്. അതേസമയം പിന്നീട് സുരേഷ് ഗോപി തന്നെ രാജി സന്നദ്ധതാ വാർത്ത നിഷേധിച്ച് രംഗത്തുവന്നു. പെട്രോളിയം- പ്രകൃതി വാതകം, ടൂറിസം വകുപ്പുകളുടെ ചുമതലാണ് സുരേഷ് ഗോപിക്ക് നൽകിയിരിക്കുന്നത്.

ബി.എസ്.സി നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി പ്രവേശനം

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 2024-25 വർഷത്തെ ബി.എസ്.സി നഴ്സിംഗ്, ബി.എസ്.സി. എം.എൽ.ടി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി. എസ്.സി. ഒപ്റ്റോമെട്രി, ബി.പി.ടി., ബി.എ.എസ്സ്.എൽ.പി, ബി.സി. വി.റ്റി., ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി, ബി.എസ്.സി ഒക്യൂപേഷണൽ തെറാപ്പി, ബി.എസ്.സി. മെഡിക്കൽ ഇമേജിംഗ് ടെക്നോളജി, ബി.എസ്.സി. റേഡിയോതെറാപ്പി ടെക്നോളജി, ബി. എസ്.സി. ന്യൂറോ ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷാഫീസ് അടയ്ക്കുന്നത് ജൂൺ 15 വരെയും ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നത് ജൂൺ 17 വരെയുമാണ്. എൽ.ബി. എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാ ഫീസ് ഒടുക്കാം. ജനറൽ, എസ്.ഇ.ബി.സി എന്നീ വിഭാഗത്തിന് 800 രൂപയും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. പ്രോസ്പെക്ടസ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾ 04712560363, 364 എന്നീ നമ്പറുകളിലും www.lbscetnre.kerala.gov.in. എന്ന വെബ്സൈറ്റിലും ലഭിക്കും.

മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ 40 ാമത്തെ ഷോറും പേരാമ്പ്രയിൽ ടി പി രാമകൃഷ്ണൻ എം എൽ എ ഉദ്ഘാടനം ചെയ്യുന്നു. മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ്, മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് ഇന്ത്യ ഓപ്പറേഷൻസ് മാനേജിംഗ് ഡയറക്ടർ ഒ. അഷർ, മലബാർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എ.കെ നിഷാദ്, വി എസ് ഷറീജ്, കെ.പി വീരാൻ കുട്ടി, എം. പി അബ്ദുൾ മജീദ്, കോർപ്പറേറ്റ് ഹെഡ് ആർ. അബ്ദുൽ ജലീൽ, റീജ്യണൽ ഹെഡ് എം പി. സുബൈർ, സോണൽ ഹെഡ് ജാസിർ തണ്ടോറ, പഞ്ചായത്ത് അംഗം പി.കെ രാകേഷ്, 'സുഭിക്ഷ ' ചെയർമാൻ എം.കുഞ്ഞഹമ്മദ് മാസ്റ്റർ തുടങ്ങിയവർ സമീപം.

മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ കേരളത്തിലെ 40 ാമത്തെ ഷോറും പേരാമ്പ്രയിൽ പ്രവർത്തനം തുടങ്ങി

കോഴിക്കോട്: ലോകത്തിലെ ഏറ്റവും വലിയ ജ്വല്ലറി ഗ്രൂപ്പുകളിലൊന്നായ മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ കേരളത്തിലെ 40 ാമത്തെ ഷോറൂം പേരാമ്പ്രയിൽ പ്രവർത്തനമാരംഭിച്ചു. ലോകോത്തര നിലവാരത്തിലുള്ള ഷോപ്പിംഗ് സൗകര്യങ്ങളോടെ നിർമ്മിച്ച അതിവിശാലമായ ഷോറൂമിന്റെ ഉദ്ഘാടനം ടി പി രാമകൃഷ്ണൻ എം എൽ എ നിർവ്വഹിച്ചു.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ പി ബാബു, പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി കെ പ്രമോദ്, പഞ്ചായത്ത് അംഗങ്ങളായ പി.കെ. രാകേഷ്, വിനോദ് തിരുവോത്ത്, കെ പി സി സി സെക്രട്ടറി സത്യൻ കടിയങ്ങാട്, മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി സി പി എ അസീസ് മാസ്റ്റർ, സി പി എം ഏരിയാ സെക്രട്ടറിയും 'സുഭിക്ഷ' ചെയർമാനുമായ എം. കുഞ്ഞഹമ്മദ് മാസ്റ്റർ, ബി ജെ പി മണ്ഡലം പ്രസിഡന്റ് രാകേഷ് തറമ്മൽ, പേരാമ്പ്ര വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ബാബു കൈലാസ്, മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ്, മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് ഇന്ത്യ ഓപ്പറേഷൻസ് മാനേജിംഗ് ഡയറക്ടർ ഒ അഷർ, മലബാർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ കെ പി വീരാൻകുട്ടി, എ കെ നിഷാദ്, വി എസ് ഷറീജ്, എം പി അബ്ദുൽ മജീദ്, കോർപ്പറേറ്റ് ഹെഡ് ആർ. അബ്ദുൽ ജലീൽ, റീജ്യണൽ ഹെഡ് എം പി, സുബൈർ, സോണൽഹെഡ് ജാസിർ തണ്ടോറ, പേരാമ്പ്ര ഷോറൂം ഡെപ്യൂട്ടി ഹെഡ് കെ.കെ റെനീഷ് മറ്റ് മാനേജ്മെന്റ് അംഗങ്ങൾ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഏറ്റവും പുതിയ ഡിസൈനുകളിലുള്ള ബ്രൈഡൽ, പാർട്ടി വെയർ, നിത്യേന ഉപയോഗ ത്തിനുള്ള ആഭരണങ്ങൾ എന്നിവയ്ക്ക് പുറമെ ഏത് പ്രായത്തിലുള്ളവർക്കും ഏത് അവസരത്തിലും ഉപയോഗിക്കാവുന്നതും വിവിധ സംസ്കാരങ്ങൾക്ക് അനുയോജ്യവുമായ വിപുലവും ആകർഷകവുമായ ആഭരണ ശേഖരം പുതിയ ഷോറൂമിലുണ്ട്. ലോക നിലവാരത്തിലുള്ള ഷോപ്പിംഗ് സൗകര്യമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന് നിലവിൽ 13 രാജ്യങ്ങളിലായി 350ലേറെ ഷോറൂമുകളുണ്ട്.

രാജ്യാന്തര അവയവക്കടത്ത്: വൃക്ക നൽകിയ പാലക്കാട് സ്വദേശിയെ മാപ്പ് സാക്ഷിയാക്കും

ആലുവ: ഇറാനിൽ കിഡ്നി വിൽപ്പന നടത്തിയ പാലക്കാട് സ്വദേശി ഷമീറിനെ രാജ്യാന്തര അവയവക്കടത്ത് കേസിൽ കേസിൽ മാപ്പു സാക്ഷിയാക്കാൻ അന്വേഷണ സംഘം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ഷമീറിന്റെ രഹസ്യ മൊഴിയെടുക്കുമെന്ന് അന്വേഷണ സംഘത്തെ നയിക്കുന്ന എറണാകുളം റൂറൽ ജില്ലാ പൊലീസ് മേധാവി വൈഭവ് സക്സേന പറഞ്ഞു. കഴിഞ്ഞ ദിവസം ബെംഗളൂരുവിൽ നിന്ന് പിടിയിലായ ഷമീർ വിദേശത്താണെന്ന മൊഴിയാണ് ആദ്യം പിടിയിലായ പ്രതികൾ നൽകിയത്. തമിഴ്നാട്ടിലും കർണാടകയിലും നടത്തിയ അന്വേഷണത്തിലാണ് ഷമീറിനെ കണ്ടെത്തിയത്. വൃക്ക നൽകിയതിലൂടെ ആറു ലക്ഷം രൂപ ലഭിച്ചുവെന്നാണ് ഷമീറിന്റെ മൊഴി. ആരോഗ്യ പ്രശ്നങ്ങളുള്ളതിനാൽ ഇയാളെ മെഡിക്കൽ പരിശോധന നടത്തി. ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിക്കുമെന്നും എസ് പി പറഞ്ഞു.
സാമ്പത്തിക ബുദ്ധിമുട്ടാണ് ഷമീറിനെ റാക്കറ്റിൽ എത്തിച്ചത്. മലേഷ്യയിൽ അഞ്ച് വർഷം ജോലി ചെയ്തു. പിതാവ് അനാരോഗ്യം കാരണം തിരികെ വന്നു. കോയമ്പത്തൂരിൽ താമസിക്കുമ്പോഴാണ് ഫേസ് ബുക്ക് പേജ് ശ്രദ്ധയിൽ പെടുന്നത്. ഈ വർഷമാദ്യമാണ് റാക്കറ്റുമായി ബന്ധപ്പെടുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണ് കിഡ്നി കൊടുക്കാൻ തീരുമാനിക്കുന്നത്. ഇന്ത്യയിൽ മാത്രമേ നിയമപരമല്ലാത്തതെന്നും ഇറാനിൽ പ്രശ്നമില്ലെന്നും സംഘം വിശ്വസിപ്പിച്ചതോടെയാണ് അവയവദാനത്തിന് തയ്യാറായതെന്ന് ഷമീർ മൊഴി നൽകിയെന്ന് എസ് പി മാധ്യമ പ്രവർത്തകരോട് പറഞ്ഞു.
കഴിഞ്ഞ ഏപ്രിൽ 23 നാണ് ഇയാൾ ഇറാനിലെത്തിയത്. മെയ് 3 ന് കിഡ്നി നൽകി. രണ്ടാഴ്ച കഴിഞ്ഞ് തിരിച്ചുവന്നതായും വ്യക്തമായിട്ടുണ്ട്. 20 പേരെ ഇറാനിലെത്തിച്ച് അവയവദാനം നടത്തിയെന്നാണ് കേസിലെ മുഖ്യപ്രതിയായ സാബിത് നാസർ മൊഴി നൽകിയിരിക്കുന്നത്. അതിൽ മലയാളി ഒരാൾ മാത്രമാണ്. ബാക്കിയെല്ലാം ഡൽഹി, ഹൈദരാബാദ്, ലക്നൗ തുടങ്ങിയ സ്ഥലങ്ങളിലെയാണ്. 20 ഇരകളും 20 സ്വീകർത്താക്കളുമാണ് ഈ റാക്കറ്റിലുള്ളതെന്നും ജില്ലാ പൊലീസ് മേധാവി അറിയിച്ചു. കൊച്ചി, മസ്ക്കറ്റ്, ഇറാൻ വഴിയാണ് അവയവക്കടത്തിനായി ഇരകളെ കൊണ്ടു പോകുന്നത്. കേസിലെ മുഖ്യപ്രതി മധു ഇറാനിലാണുള്ളത്. ഇയാളെ കണ്ടെത്താൻ ആവശ്യമെങ്കിൽ ഇന്റർപോൾ സഹായം തേടും. ഷമീർ ഒഴികെയുള്ളവരെല്ലാം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. മധുവിന്റെ കൂട്ടാളിയായ സാബിത്ത് നാസർ, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്ത സജിത്ത് ശ്യാം, ഇടനിലക്കാരനായ ആന്ധ്ര സ്വദേശി ബല്ലംകോണ്ട രാംപ്രസാദ് എന്നിവരാണ് ഇതുവരെ അന്വേഷണ സംഘം പിടികൂടിയിട്ടുള്ളത്.

പെരിയാറിൽ മീനുകൾ ചത്തുപൊങ്ങിയ സംഭവം:പരിശോധനാ സമിതിയെ നിയോഗിച്ച് ഹൈക്കോടതി

കൊച്ചി: പെരിയാറിൽ മലിനീകരണം മൂലം മീനുകൾ ചത്തുപൊങ്ങിയ സംഭവത്തിൽ ഹൈക്കോടതി പരിശോധനാ സമിതിയെ നിയോഗിച്ചു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് പരിഗണിക്കവെ മൽസ്യ കുരുതി ഗൗരവകരമാണെന്നും കോടതി ചൂണ്ടിക്കാട്ടി. പരിസ്ഥിതി സെക്രട്ടറി, കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, അമികസ്ക്യൂറി തുടങ്ങിയവരാണ് സമിതിയിലെ പ്രധാന അംഗങ്ങൾ. പെരിയാറിലെ മലിനീകരണം ഗൗരവമായി കാണണമെന്ന് ഹൈക്കോടതി വിലയിരുത്തി.

ഏകീകൃത കുർബാന: സഭ സർക്കുലർ ചോർന്നു, പ്രതിഷേധം

കൊച്ചി: ഏകീകൃത കുർബാന സംബന്ധിച്ച സർക്കുലർ സഭ ആസ്ഥാന കാര്യാലമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നിന്ന് ചോർന്നതുമായി ബന്ധപ്പെട്ട് പുതിയ വിവാദം. ജൂലൈ 3നുശേഷം ഏകീകൃത കുർബാന അർപ്പിക്കാത്ത വൈദികർ സഭയ്ക്ക് പുറത്തായിരിക്കുമെന്ന് മുന്നറിയിപ്പ് നൽകുന്ന സർക്കുലറാണ് പുറത്തായത്. നടപടി നേരിടുന്ന വൈദികർക്ക് വിവാഹം നടത്താനും അധികാരമില്ല. ഈ സർക്കുലർ ജൂൺ 16 ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും വായിക്കണമെന്നും എറണാകുളം-അങ്കമാലി അതിരൂപത മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ പേരിലുള്ള സർക്കുലറിൽ പറയുന്നു. അതിരൂപതയിലെ കുർബാന തർക്കം ചർച്ച ചെയ്ത് അന്തിമ തീരുമാനം എടുക്കാനായി വിളിച്ചു ചേർത്ത ഓൺലൈൻ സിനഡിന് മുമ്പ് സിനഡ് തീരുമാനമെന്ന പേരിൽ സർക്കുലർ പുറത്തിറങ്ങിയതോടെ വൈദികർക്കിടയിൽ വീണ്ടും ചേരിതിരിവുണ്ടായി. ജൂൺ നാലിനാണ് ഓൺലൈൻ സിനഡ് വിളിച്ച് ചേർക്കാൻ മേജർ ആർച്ച് ബിഷപ് സർക്കുലർ ഇറക്കിയത്. ഈ മാസം 14ന് സിനഡ് ചേരുമെന്നും ഏക അജണ്ട എറണാകുളം അങ്കമാലി അതിരൂപതയിലെ കുർബാന തർക്കം മാത്രമാണെന്നും കാട്ടി സിറോ മലബാർ സഭ ആസ്ഥാനത്ത് നിന്ന് വാർത്താ കുറിപ്പ് പുറത്തിറങ്ങിയിരുന്നു. എന്നാൽ കഴിഞ്ഞ ദിവസത്തെ തീയതി വച്ച് മൗണ്ട് സെന്റ് തോമസിൽ നിന്ന് കൂരിയ തയ്യാറാക്കിയ മേജർ ആർച്ച് ബിഷപ്പിന്റെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെയും പേരിലുള്ള സർക്കുലർ സീറോ മലബാർ സഭ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് എത്തി. സിനഡ് ചേരുകയോ, ചർച്ച ചെയ്യുകയോ ചെയ്യുന്നതിന് മുമ്പ് തന്നെ സിനഡ് തീരുമാനമെന്ന പേരിൽ സർക്കുലർ പുറത്തിറക്കിയതിൽ കടുത്ത പ്രതിഷേധമാണ് ഉയരുന്നത്. സിനഡ് ചേർന്ന് അംഗീകാരം നൽകുന്നതിന് മുമ്പേ അച്ചടക്ക നടപടി നിർദേശിക്കുന്ന സർക്കുലറിന്റെ പി ഡിഎഫ് രൂപം പുറത്തുവന്നത് സഭാ നേതൃത്വത്തിലെ ഗ്രൂപ്പിസത്തിന്റെ ഭാഗമാണെന്ന് ആരോപണം ഉയരുന്നുണ്ട്. സഭാ സംവിധാനത്തെ വെല്ലുവിളിച്ചുകൊണ്ട് കത്തോലിക്കാ സഭയിൽ തുടരാൻ ആരെയും അനുവദിക്കില്ലെന്ന് സർക്കുലറിൽ പറയുന്നു. മാർപാപ്പയുടെ നിർദേശപ്രകാരമാണ് വിമതർക്കെതിരെ സഭാ നേതൃത്വം നടപടി സ്വീകരിക്കുന്നത്. സിറോ മലബാർ സഭയിലെ എല്ലാ വൈദികർക്കും ഈ ഉത്തരവ് ബാധകമായിരിക്കും. ഉത്തരവ് പാലിക്കാത്ത വൈദികർക്ക് പൗരോഹിത്യ ശുശ്രൂഷയിൽ നിന്നും വിലക്കേർപ്പെടുത്തുമെന്നും സർക്കുലറിൽ പറയുന്നു. സർക്കുലർ പുറത്തായ സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി വേണമെന്ന് കാത്തലിക് നസ്രാണി അസോസിയേഷൻ, അൽമായ ശബ്ദം എന്നീ സഭ അനുകൂല സംഘടനകൾ ആവശ്യപ്പെട്ടു.

ജാതിഅധിക്ഷേപം: സത്യഭാമ കീഴ്കോടതിയിൽ കീഴടങ്ങണമെന്നു ഹൈക്കോടതി നിർദ്ദേശം

കൊച്ചി: നർത്തകൻ ആർഎൽവി രാമകൃഷ്ണനെ ജാതിയമായി അധിക്ഷേപിച്ചെന്ന കേസിൽ നർത്തകി സത്യഭാമ കീഴ്കോടതിയിൽ കീഴടങ്ങണമെന്നു ഹൈക്കോടതി നിർദ്ദേശിച്ചു. ഒരാഴ്ചക്കുള്ളിൽ കേസ് പരിഗണിക്കുന്ന തിരുവനന്തപുരത്തെ കോടതിയിൽ ഹാജരാകണമെന്നാണ് ഹൈക്കോടതി നിർദ്ദേശം. അന്നേദിവസം തന്നെ കീഴ്ക്കോടതി ജാമ്യാപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കണമെന്നും കോടതി നിർദേശിച്ചു. സത്യഭാമ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ തീർപ്പാക്കിയാണ് ഹൈക്കോടതിയുടെ നിർദേശം. അധിക്ഷേപ പരാമർശത്തിൽ കലാമണ്ഡലം സത്യഭാമക്കെതിരെ പൊലീസ് കേസെടുത്തിരുന്നു.

തിരഞ്ഞെടുപ്പ് പരാജയം അന്വേഷിക്കാൻ മൂന്നംഗ സമിതി

വി.കെ ശ്രീകണ്ഠന് തൃശ്ശൂർ ഡി.സി.സി പ്രസിഡന്റിന്റെ താൽക്കാലിക ചുമതല

തിരുവനന്തപുരം: തൃശൂർ ലോക്സഭാ സീറ്റിൽ കെ. മുരളീധരന്റെ പരാജയത്തിന്റെ എല്ലാവശവും പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിന് കെ.പി.പി.സി മൂന്നാംഗ സമിതിയെ ചുമതലപ്പെടുത്തി. രാഷ്ട്രീയകാര്യ സമിതി അംഗമായ കെ.സി.ജോസഫ്, വർക്കിംഗ് പ്രസിഡന്റ് അഡ്വ. ടി.സിദ്ദിഖ് എം.എൽ.എ, ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ എന്നിവരടങ്ങുന്നതാണ

ഗസ്സയിൽ വെടിനിർത്തൽ ചർച്ച പരാജയപ്പെടുത്തുന്നത് ഇസ്രാഈലാണ്. യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ചർച്ചക്ക് നേതൃത്വം നൽകിയാലും ഇസ്രാഈൽ ചർച്ച പരാജയപ്പെടുത്തും. അത്തരം നീക്കങ്ങളാണ് അവർ നടത്തുന്നത്. നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ നടത്തിയത് കടുത്ത യുദ്ധക്കുറ്റമാണ്.

–ഇസ്മായിൽ ഹനിയ്യ
(ഹമാസ് നേതാവ്)

യഥാർത്ഥ വിജയത്തിലേക്ക് മുന്നേറുന്നതിൽ നിന്ന് നെതന്യാഹു ഇസ്രാഈലിനെ തടയുകയാണ്. അതിനാലാണ് യുദ്ധകാല സർക്കാരിൽ നിന്ന് രാജിവെക്കുന്നത്. വലിയ ഹൃദയഭാരത്തോടെയാണ് ഈ തീരുമാനം കൈക്കൊണ്ടത്. ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാനും വെല്ലുവിളികളെ നേരിടാനും സാധിക്കുന്ന ഒരു സർക്കാർ സ്ഥാപിക്കാൻ തിരഞ്ഞെടുപ്പ് നടത്തണം

– ബെന്നി ഗാന്റ്സ്
(ഇസ്രാഈൽ മുൻ യുദ്ധ കാബിനറ്റ് മന്ത്രി)



അന്തർദേശീയം

നെതന്യാഹു മന്ത്രിസഭയിൽ പൊട്ടിത്തെറി

ഇസ്രാഈൽ യുദ്ധക്യാബിനറ്റിൽ നിന്ന് ബെന്നി ഗാന്റ്സ് രാജിവെച്ചു

ജറുസേലം: ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ യുദ്ധ ക്യാബിനിറ്റിൽ നിന്ന് ബെന്നി ഗാന്റ്സ് രാജി വെച്ചു. നെതന്യാഹുവിന്റെ നിലപാടുകളിൽ എതിർപ്പ് രേഖപ്പെടുത്തിയാണ് ബെന്നി കടുത്ത തീരുമാനം കൈക്കൊണ്ടത്. ഗസ്സയിൽ ഇസ്രാഈൽ നടത്തുന്ന വംശഹത്യ ഒമ്പതാം മാസത്തിലേക്ക് കടന്നിരിക്കെയാണ് ബെന്നി ഗാന്റ്സിന്റെ അപ്രതീക്ഷിത നീക്കം. യഥാർത്ഥ വിജയത്തെ തടയുന്ന തരത്തിലാണ് നെതന്യാഹുവിന്റെ പ്രവൃത്തിയെന്ന് ബെന്നി ഗാന്റ്സ് ആരോപിച്ചു. ഗസ്സയിൽ ആക്രമണം ശക്തമാകുന്നതിടെ രാജ്യത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള തിയതി തീരുമാനിക്കാൻ ഗാന്റ്സ് നെതന്യാഹുവിനോട് നേരത്തെ ആവശ്യപ്പെട്ടിരുന്നു. " യഥാർത്ഥ വിജയത്തിലേക്ക് മുന്നേറുന്നതിൽ നിന്ന് നെതന്യാഹു ഇസ്രാഈലിനെ തടയുകയാണ്. അതിനാലാണ് യുദ്ധകാല സർക്കാരിൽ നിന്ന് രാജിവെക്കുന്നത്. വലിയ ഹൃദയഭാരത്തോടെയാണ് ഈ തീരുമാനം കൈക്കൊണ്ടത്. ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാനും വെല്ലുവിളികളെ നേരിടാനും സാധിക്കുന്ന ഒരു സർക്കാർ സ്ഥാപിക്കാൻ തിരഞ്ഞെടുപ്പ് നടത്തണം", ഗാന്റ്സ് പറഞ്ഞു. ദിശാബോധമില്ലാത്ത സമീപനങ്ങൾ ഇസ്രാഈലിനെ വൻ തകർച്ചയിലേക്കാണ് നെതന്യാഹു നയിക്കുന്നതെന്ന് ഗാന്റ്സ് കുറ്റപ്പെടുത്തി. അതേസമയം, ബെന്നി ഗാന്റ്സ് ഹമാസിന്റെ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നതെന്ന് ഇസ്രാഈൽ ധനമന്ത്രി ബെസലെൽ സ്മോട്രിച് ആരോപിച്ചു. മുൻ പ്രതിരോധ മന്ത്രിയും മുൻ ആർമി ജനറലുമായ ബെന്നി ഗാന്റ്സ് ഇസ്രാഈൽ റെസിലിയൻസ് പാർട്ടിയുടെ നേതാവാണ്. 2019-ലും 2020-ലും നടന്ന തിരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ രാഷ്ട്രീയ എതിരാളിയായ ബെന്നി ഗാന്റ്സുമായി ചേർന്ന് നെതന്യാഹു സഖ്യസർക്കാറിന് രൂപം നൽകുകയായിരുന്നു. തുടർന്ന് ബജറ്റ് പാസാക്കുന്നത് സംബന്ധിച്ച അഭിപ്രായ ഭിന്നതയിൽ സർക്കാർ നിലം പതിച്ചു. ഇത്തവണയും ബെന്നി ഗാന്റ്സ് ഇടഞ്ഞതോടെ നെതന്യാഹു രാജി തീരുമാനം പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. മുന്നണി ബന്ധം ഉപേക്ഷിക്കരുതെന്ന് ഗാന്റ്സിനോട് ആവശ്യപ്പെട്ട് നെതന്യാഹു ഒരു ഹ്രസ്വ പ്രസ്താവന തന്നെ പുറപ്പെടുവിച്ചു. എന്നാൽ ഗാന്റ്സ് വ്യക്തിപരമായി സർക്കാരിൽ നിന്ന് പിൻവാങ്ങുക മാത്രമല്ല, അദ്ദേഹത്തിന്റെ പാർട്ടി കൂടി നെതന്യാഹു സർക്കാരിനുള്ള പിന്തുണ പിൻവലിച്ചു. ഗാന്റ്സിന്റെ വിടവാങ്ങൽ 120 സീറ്റുകളുള്ള നെസെറ്റിൽ (ഇസ്രാഈൽ പാർലമെന്റ്) ഭരണകക്ഷിയായ വലതുപക്ഷ സഖ്യത്തിന്റെ 64 സീറ്റുകളുടെ ഭൂരിപക്ഷത്തെ അപകടപ്പെടുത്തില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ.

ഗസ്സയിലെ ഹമാസിന്റെ ഭരണം അവസാനിപ്പിക്കുന്നതുൾപ്പെടെ ഈ സർക്കാരിന്റെ ആറ് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഗാന്റ്സ് നെതന്യാഹുവിന് ഈമാസം എട്ടു വരെ സമയം നൽകിയിരുന്നു. എന്നാൽ കൃത്യമായ നീക്കങ്ങളുണ്ടാവുന്നില്ലെന്ന ആക്ഷേപം ഉയർത്തി ഗാന്റ്സ് ഇടയുകയായിരുന്നു. നേരത്തെ, പ്രധാനമന്ത്രി നെതന്യാഹുവിന്റെ പ്രധാന വിമർശകൻ കൂടിയായിരുന്ന ഗാന്റ്സ്, സേനയിൽ നിന്ന് വിരമിച്ച ജനറലുമാണ്. ഒക്ടോബർ ഏഴിന് നടന്ന ആക്രമണത്തിന് ശേഷമാണ് ഗാന്റ്സ് കൂടി യുദ്ധമന്ത്രിസഭയുടെ ഭാഗമാവുന്നത്. നെതന്യാഹുവും പ്രതിരോധ മന്ത്രി യോവ് ഗാലന്റും ബെന്നി ഗാന്റ്സും ചേരുന്നതായിരുന്നു യുദ്ധമന്ത്രിസഭ.

അതേസമയം, ഗാന്റ്സിന്റെ നിലപാടിനെ പിന്തുണച്ച് ഇസ്രാഈൽ പ്രതിപക്ഷ നേതാവ് യായിർ ലാപിഡ് രംഗത്തുവന്നു. ഗാന്റ്സിന്റേത് ശരിയായ തീരുമാനമാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഗാന്റ്സിന്റെ രാജി പ്രഖ്യാപനം പുറത്തു വന്നതോടെ യുദ്ധ മന്ത്രിസഭയിൽ സ്ഥാനം നൽകണമെന്നാവശ്യപ്പെട്ട് ദേശീയ സുരക്ഷാ മന്ത്രി ഇത്തമാർ ബെൻ ഗ്വിർ രംഗത്തുവന്നു. അമേരിക്ക മുന്നോട്ടുവെക്കുന്ന വെടിനിർത്തൽ ഇസ്രാഈൽ അംഗീകരിക്കുകയാണെങ്കിൽ തങ്ങൾ പിന്തുണ പിൻവലിച്ച് സർക്കാറിനെ താഴെയിറക്കുമെന്ന് പറഞ്ഞ വ്യക്തിയാണ് ബെൻ ഗ്വിർ. അതിനാൽ ഇക്കാര്യം നെതന്യാഹുവിനെ കടുത്ത സമ്മർദ്ദത്തിലാക്കുമെന്നാണ് വിലയിരുത്തൽ. ഇസ്രാഈൽ പ്രതിരോധ സേനയുടെ ഗസ്സ ഡിവിഷന്റെ ചുമതലയുള്ള ബ്രിഗേഡിയർ ജനറൽ ആവി റോസെൻഫീൽഡും രാജിവെച്ചു. ഒക്ടോബർ ഏഴിന് നടന്ന ആക്രമണം തനിക്ക് തടയാൻ സാധിച്ചില്ലെന്നും അതിനാൽ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും പറഞ്ഞാണ് അദ്ദേഹം രാജി പ്രഖ്യാപിച്ചത്.

യുദ്ധ ക്യാബിനറ്റിൽ അംഗങ്ങളായ ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, ബെന്നി ഗാന്റ്സ്, പ്രതിരോധ മന്ത്രി യോവ് ഗാലന്റ് എന്നിവർ യോഗത്തിനിടെ

സമാനതകളില്ലാത്ത ക്രൂരത

ഗസ്സ: ഗസ്സയിൽ ഇസ്രാഈൽ നടത്തുന്ന ആക്രമണം സമാനതകളില്ലാത്ത ക്രൂരതയായി നടമാടുകയാണ്. വംശഹത്യയുടെ എട്ടു മാസം പിന്നിടുമ്പോൾ ഗസ്സയെന്ന മനോഹര നഗരത്തെ ചാവുപറമ്പാക്കി മാറ്റിയിരിക്കുകയാണ് ഇസ്രാഈൽ സൈന്യം. കഴിഞ്ഞ 24 മണിക്കൂറിനിടെ ഇസ്രാഈൽ സൈന്യത്തിന്റെ കൊടുംക്രൂരതയിൽ ഗസ്സയുടെ വിവിധ ഭാഗങ്ങളിലായി 40 പേർ കൊല്ലപ്പെട്ടു. ഇതോടെ ഒക്ടോബർ ഏഴു മുതൽ ഇതുവരെ ഗസ്സയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 37124 ആയി ഉയർന്നു. നൂറിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഫലസ്തീൻ ആരോഗ്യമന്ത്രാലയത്തിന്റെ ഔദ്യോഗിക കണക്കനുസരിച്ച് 84712 പേർക്ക് പരിക്കേറ്റു. ശനിയാഴ്ച ബന്ദികളെ മോചിപ്പിക്കുന്നതിനെന്ന വ്യാജേന നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ നടത്തിയ ആക്രമണത്തിൽ 64 പിഞ്ചുകുഞ്ഞുങ്ങൾ ഉൾപ്പെടെ 274 ഫലസ്തീനികൾ കൊല്ലപ്പെട്ടിരുന്നു. നുസൈറത്തിലേത് കടുത്ത യുദ്ധക്കുറ്റമാണ് ഇസ്രാഈൽ നടത്തിയതെന്ന് ഹമാസ് നേതൃത്വം വ്യക്തമാക്കി. ഗസ്സയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ശാശ്വത വെടിനിർത്തൽ സംബന്ധിച്ച ചർച്ച പരാജയപ്പെടുത്തുന്നത് ഇസ്രാഈലാണെന്നും ഹമാസ് നേതാവ് ഇസ്മായിൽ ഹനിയ്യ കുറ്റപ്പെടുത്തി.

അതേസമയം, വെടിനിർത്തൽ ചർച്ചക്ക് നേതൃത്വം നൽകുന്നതിനായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ വീണ്ടും ഈജിപ്തിലെത്തും. ഹമാസും ഇസ്രാഈലും തമ്മിൽ മൂന്ന് ഘട്ട കരാറിനുള്ള യു.എസ് നിർദേശം ഇസ്രാഈൽ അംഗീകരിച്ചതായി ഐക്യരാഷ്ട്രസഭയിലെ യു.എസ് ഡെപ്യൂട്ടി അംബാസഡർ റോബർട്ട് വുഡ് പറഞ്ഞു. ഹമാസ് കരാർ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് അമേരിക്ക മുന്നോട്ടുവെച്ച കരട് പ്രമേയത്തിൽ യു.എൻ രക്ഷാസമിതി വോട്ടെടുപ്പ് നടത്താൻ മണിക്കൂറുകൾക്ക് മുമ്പായിരുന്നു ഇത്. അതിനിടെ ഇസ്രാഈൽ സൈന്യത്തിന്റെ തുടർച്ചയായ ആക്രമണത്തെത്തുടർന്ന് ഗസ്സയിലേക്കുള്ള സഹായങ്ങൾ യു.എൻ ഫുഡ് ഏജൻസി നിർത്തിവെച്ചു. ഗസ്സയിലേക്ക് എത്തിച്ചേരാൻ യു.എസ് നിർമിച്ച താൽക്കാലിക കടൽപ്പാലം ലക്ഷ്യമാക്കിയും ആക്രമണം നടത്തിയതിനെത്തുടർന്നാണ് നടപടി. ഗസ്സയിലെ രണ്ട് ഭക്ഷ്യവിതരണ വെയർഹൗസുകൾക്കു നേരെ റോക്കറ്റാക്രമണം ഉണ്ടായെന്നും ഒരാൾക്ക് പരിക്കേറ്റെന്നും അദ്ദേഹം പറഞ്ഞു. ഗസ്സയിലെ നിലവിലെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതു വരെ താൽക്കാലികമായാണ് സഹായങ്ങൾ നിർത്തിവെച്ചതെന്ന് യു.എൻ ഏജൻസി വൃത്തങ്ങൾ വ്യക്തമാക്കി.

നുസൈറത്ത്: ഇസ്രാഈൽ വംശഹത്യയുടെ തെളിവെന്ന് ക്യൂബ

ഹവാന: ഗസ്സയിലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ സൈന്യം നടത്തിയ കൂട്ടക്കൊല വംശഹത്യയുടെ തെളിവാണെന്ന് ക്യൂബ. കൂട്ടക്കൊലയെ അപലപിച്ച ക്യൂബൻ വിദേശകാര്യമന്ത്രി ബ്രൂണോ റോഡ്രിഗസ് ഇസ്രാഈലിന്റെ കൊടുംക്രൂരത അവസാനിപ്പിക്കാൻ അന്താരാഷ്ട്ര സമൂഹം ശക്തമായി ഇടപ്പെടണമെന്ന് അഭ്യർത്ഥിച്ചു. ഉപരോധമുൾപ്പെടെ നീക്കമുണ്ടായാൽ മാത്രമേ ശാശ്വത പരിഹാരമുണ്ടാവുകയുള്ളൂ. ഫലസ്തീൻ ജനതയെ ഉന്മൂലനം ചെയ്യാനുള്ള ഇസ്രാഈൽ നീക്കം അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം ബ്രൂണോ പറഞ്ഞു.

റേഷൻ വിതരണം മുടങ്ങിക്കിടക്കുന്നു

കോഴിക്കോട്: കരാറുകാർക്ക് റേഷൻ സാധനങ്ങൾ എത്തിച്ച വകയിലുള്ള 75 കോടി രൂപ കുടിശ്ശിക നൽകാത്തതിനെ തുടർന്ന് വിതരണം നിർത്തിയതിനാൽ സംസ്ഥാനത്ത് റേഷൻ പാടെ മുടങ്ങി. ജൂൺ മാസാരംഭം മുതൽ റേഷൻ സാധനങ്ങൾ കടയിലെത്തിക്കാതെ കരാറുകാർ സമരത്തിലാണ്. ഡിസംമ്പർ മുതൽ മൂന്ന് തവണയെങ്കിലും ഇത്തരം സമരങ്ങളെ തുടർന്ന് താൽക്കാലികമായി റേഷൻ മുടങ്ങിയിട്ടുണ്ടെങ്കിലും കുടിശ്ശികയായ സംഖ്യയിൽ നിന്ന് ഒരു നിശ്ചിത തുക നൽകി സമരങ്ങൾ അവസാനിപ്പിക്കലായിരുന്നു പതിവ്. ജൂൺ 11 പിന്നിട്ടെങ്കിലും സമ്മരം ഒത്തുതീർപ്പാക്കുവാനുള്ള ഒരു നീക്കങ്ങളും ഉണ്ടായിട്ടില്ല. കഴിഞ്ഞ മാസം അഡ്വാൻസായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്ത റേഷൻ കടയിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് കഴിഞ്ഞുതുടങ്ങി. ബലിപെരുന്നാളും, മഴയും പ്രകൃതി ദുരന്തങ്ങളും, തീരദേശ മേഖലയിൽ ട്രോളിങ്ങ് നിരോധനവും കാരണം എല്ലാവരും റേഷൻ വാങ്ങുന്നതിന് നേരെത്തേ കടയിലെത്തുന്നുണ്ടെങ്കിലും ഭൂരിഭാഗം കടകളിലും സാധനങ്ങൾ സ്റ്റോക്കില്ലാത്തത് കൊണ്ട് മടങ്ങി പോവേണ്ട ദുരവസ്ഥയിലാണ്. ഇത്തരം സാഹചര്യത്തിൽ റേഷൻ വാങ്ങാൻ വരുന്ന ഉപഭോക്താൾക്ക് അവരുടെ പദ്ധതിയിൽ (മഞ്ഞ, പിങ്ക്, നീല, വെള്ള) സ്റ്റോക്കില്ലങ്കിൽ സ്റ്റോക്കുള്ള മറ്റു വിഭാഗങ്ങളുടെ അരി,ഗോതമ്പ് എന്നിവയിൽ നിന്ന് മൈനസായി റേഷൻ നൽകുന്നതിന് ആവശ്യമായ ക്രമീകരണം ഇപോസ് യന്ത്രങ്ങളിലൊരുക്കണമെന്ന് ആൾ കേരളാ റീട്ടോയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ: ജോണിനെല്ലൂർ, ജനറൽ സെക്രട്ടറി ടി. മുഹമ്മദാലി എന്നിവർ ആവശ്യപ്പെട്ടു.

ഇറാൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഈ മാസം 28ന്

തെഹ്റാൻ: ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി ഹെലികോപ്ടർ അപകടത്തിൽ കൊല്ലപ്പെട്ടതിനെത്തുടർന്ന് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഈ മാസം 28ന് നടക്കും. തിരഞ്ഞെടുപ്പിന് മൊത്തം 80 പേർ നാമനിർദേശ പത്രിക സമർപ്പിച്ചു. ഇവരിൽ ആറു പേരെ തിരഞ്ഞെടുപ്പ് മേൽനോട്ട ചുമതലയുള്ള ഗാർഡിയൻ കൗൺസിൽ തിരഞ്ഞെടുത്തതായി ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

വൈസ് പ്രസിഡന്റ് അമിർ ഹുസൈൻ ഘാസിസാദെ ഹാഷ്മി, പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഘർ ഘലിനാഫ്, ആണവപദ്ധിമുൻ വക്താവ് സയീദ് ജലീൽ, മുൻ ആഭ്യന്തര മന്ത്രി മുസ്തഫ മുഹമ്മദി, തെഹ്റാൻ മേയർ അലി റെസാ സകാനി, തബ്രീസിലെ പാർലമെന്റംഗം മസൂദ് പെസെഷ്കിയാൻ എന്നിവരാണ് മത്സരരംഗത്തുള്ളത്. ഇക്കഴിഞ്ഞ മെയ് 19നാണ് പ്രസിഡന്റ് ഇബ്രാഹിം റെയ്സി, വിദേശകാര്യമന്ത്രി എച്ച്.അമീർ അബ്ദുള്ളാഹിയ ഉൾപ്പെടെ ഹെലികോപ്ടർ അപകടത്തിൽപ്പെട്ടത്. മണിക്കൂർ നീണ്ട തിരച്ചിലിനൊടുവിലാണ് ഹെലികോപ്ടറിലുണ്ടായിരുന്ന എല്ലാവരുടെയും മൃതദേഹം കണ്ടെടുത്തത്.

പാർലമെന്റ് പിരിച്ചുവിട്ടു; തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് ഫ്രഞ്ച് പ്രസിഡന്റ്

പാരിസ്: യൂറോപ്യൻ യൂണിയൻ തിരഞ്ഞെടുപ്പിൽ തീവ്ര വലതുപക്ഷ പാർട്ടിയുമായ നാഷണൽ റാലി മികച്ച വിജയത്തിലേക്ക് നീങ്ങുന്നതോടെ പാർലമെന്റ് പിരിച്ചുവിട്ട് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ. രാജ്യത്ത് പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. പാരിസ് ഒളിമ്പിക്സിന് മുമ്പ് രണ്ടു ഘട്ടമായാണ് ഫ്രാൻസിൽ വോട്ടെടുപ്പ് നടക്കുക. ഫ്രഞ്ച് ദേശീയ അസംബ്ലിയിലേക്കുള്ള ആദ്യ ഘട്ട തിരഞ്ഞെടുപ്പ് ഈ മാസം 30നും രണ്ടാംഘട്ട തിരഞ്ഞെടുപ്പ് ജൂലൈ ഏഴിനും നടക്കും. യൂറോപ്യൻ യൂണിയൻ തിരഞ്ഞെടുപ്പിലെ എക്സിറ്റ് പോൾ ഫലങ്ങൾ പ്രഖ്യാപിച്ച് ഒരു മണിക്കൂറിന് ശേഷമാണ് മാക്രോൺ പാർലമെന്റ് പിരിച്ചുവിടുന്നതായി പ്രഖ്യാപിച്ചത്.

യൂറോപ്യൻ യൂണിയൻ തിരഞ്ഞെടുപ്പിൽ 40 ശതമാനം വോട്ടു നേടിയാണ് വലതുപക്ഷ പാർട്ടികൾ ഭൂരിപക്ഷത്തിലെത്തിയത്. നാഷണൽ റാലി പാർട്ടി 32.3 മുതൽ 33 ശതമാനം വോട്ട് സ്വന്തമാക്കിയപ്പോൾ മാക്രോണിന്റെ റിനൈസൻസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സഖ്യം 14.8 മുതൽ 15.2 ശതമാനം വരെ മാത്രമാണ് വോട്ട് നേടിയത്. ഇ.യു തിരഞ്ഞെടുപ്പിൽ മാക്രോണിനു പുറമെ ജർമൻ ചാൻസർ ഒലാഫ് ഷോൾസ്, ഓസ്ട്രിയൻ ചാൻസലർ കാൾ നെഹാമർ എന്നിവരുടെ പാർട്ടികളും തോൽവി ഏറ്റുവാങ്ങി. നാഷണൽ റാലിയുടെ നേതാവായ ജോർദാൻ ബാർഡെല്ല പാർലമെന്റ് തിരഞ്ഞെടുപ്പ് നേരത്തെ നടത്താൻ പ്രസിഡന്റിനെ വെല്ലുവെളിച്ചിരുന്നു. പ്രസിഡന്റായി രണ്ടാം തവണയും അധികാരത്തിലുള്ള മാക്രോൺ ചുമതലയേറ്റ് രണ്ടു വർഷം മാത്രം തികയുന്ന മാക്രോണിന് നിലവിൽ ഫ്രഞ്ച് പാർലമെന്റിൽ ഭൂരിപക്ഷമില്ല.

മാക്രോണിന് ഭരണസംവിധാനത്തിൽ വെല്ലുവിളികളില്ലെങ്കിലും ഇ.യു തിരഞ്ഞെടുപ്പ് ഫലം റിനൈസൻസ് പാർട്ടിയെ ആശങ്കപ്പെടുത്തുന്നത്. അതേസമയം, തിരഞ്ഞെടുപ്പിന് തയാറാണെന്നെന്നും രാജ്യത്തെ കുടിയേറ്റം അവസാനിപ്പിക്കണമെന്നും നാഷണൽ റാലി നേതാവ് മറൈൻ ലെപെൻ വ്യക്തമാക്കി.

സോണിയാഗാന്ധിയെ സന്ദർശിച്ചു; കെട്ടിപ്പിടിച്ച് സന്തോഷം പങ്കുവച്ച് ഷെയ്ഖ് ഹസീന

ന്യൂഡൽഹി: നെഹ്റു കുടുംബത്തെ സന്ദർശിച്ച് സ്നേഹം പങ്കിട്ട് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. മൂന്നാം മോദി സർക്കാരിന്റെ സത്യപ്രതിജ്ഞയിൽ പങ്കെടുക്കാൻ ഡൽഹിയിലെത്തിയ ഹസീന ഇന്നലെയാണ് സോണിയാ ഗാന്ധിയേയും മക്കളായ രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി എന്നിവരേയും കാണാനെത്തിയത്. സോണിയ ഗാന്ധിയെ കെട്ടിപ്പിടിച്ചാണ് ഷെയ്ഖ് ഹസീന സന്തോഷം പങ്കുവച്ചത്. രാഹുലിനേും പ്രിയങ്കയേയും ചേർത്തുപിടിച്ച് സ്നേഹം സമ്മാനിച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ കൂടിക്കാഴ്ചയിൽ സംസാരിച്ചതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. നാല് ദിവസത്തെ സന്ദർശനത്തിനായാണ് ഷെയ്ഖ് ഹസീന ഇന്ത്യയിലെത്തിയത്. ബംഗ്ലാദേശിൽ ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി പദത്തിലിരുന്ന നേതാവ് കൂടിയാണ് ഷെയ്ഖ് ഹസീന.

ഹുസൈൻ മടവൂരിനെതിരായ വെള്ളാപ്പള്ളിയുടെ പ്രസ്താവന പ്രതിഷേധാർഹമെന്ന് ഐ.എസ്.എം

കോഴിക്കോട്: മുസ്ലിം സമുദായത്തിന് ഇടതുപക്ഷം അനർഹമായത് നൽകുന്നു എന്ന നവോത്ഥാന സമിതി ചെയർമാൻ വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനയിൽ പ്രതിഷേധിച്ച് വൈസ് ചെയർമാൻ സ്ഥാനം രാജിവച്ച ഹുസൈൻ മടവൂരിനെതിരായ വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന അപകവും പ്രതിഷേധാർഹവുമാണെന്ന് എ.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി ഷുക്കൂർ സ്വലാഹി. അനർഹമായത് മുസ്ലിം സമുദായം നേടുന്നു എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കേരളത്തിലെ ഓരോ മേഖലയിലെയും സമുദായ പ്രാധിനിത്യം അദ്ദേഹം പുറത്തു വിടണം.

ജോലി, ഉദ്യോഗസ്ഥ, ഭരണ, മേഖലകളിലെ സമുദായ പ്രാധിനിത്യം പുറത്തു വരികയും ജാതി സെൻസസ് നടപ്പിലാക്കുകയും ചെയ്താൽ കാര്യങ്ങൾ ആർക്കും വ്യക്തമാകുന്നതേയുള്ളൂ. അതുകൊണ്ടാണ് പലപ്പോഴും അധികാരികൾ ഇതിനോട് വിമുഖത കാണിക്കുന്നത്. അഞ്ച് പതിറ്റാണ്ടോളമായി കേരളത്തിന്റെ പൊതു മണ്ഡലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് ഹുസൈൻ മടവൂർ. അദ്ദേഹത്തിന്റെ സ്ഥാനവും മഹത്വവും മനസ്സിലാക്കാൻ വെള്ളാപ്പള്ളി നടേശന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

കേരളീയ സൗഹൃദ ഭൂമികയിൽ ജ്വലിച്ചു നിൽക്കുന്ന ശ്രീനാരായണ ഗുരുവിന്റെ പാരമ്പര്യങ്ങളിൽ നിന്നുകൊണ്ട് ഇത്തരം അനുചിതമായ പ്രസ്താവനകൾ നടത്തുന്നതിൽ നിന്നും അദ്ദേഹം പിന്മാറണമെന്നും ഐ.എസ്.എം ആവശ്യപ്പെട്ടു.

യുവാക്കളിൽ ചിന്താശേഷി വളർത്താൻ സമൂഹ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തണം: വിസ്ഡം യൂത്ത്

കോഴിക്കോട് : സോഷ്യൽ മീഡിയയുടെ ഉപയോഗം യുവാക്കളിൽ ചിന്താശേഷി വളർത്താൻ ഉപകരിക്കുന്നതാകണമെന്നും കുടുംബ തകർച്ചകൾക്കും മാനസിക പ്രശ്നങ്ങൾക്കും കരണമാകുന്നതിനെ തടയുന്നതിന് ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നും വിസ്ഡം ഇസ് ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി കോഴിക്കോട്ട് സംഘടിപ്പിച്ച 'ആംപ്ലിഫൈ' കമ്മ്യൂണിക്കേഷൻ വർക്ക്ഷോപ്പ് അഭിപ്രായപ്പെട്ടു.

യുവതലമുറയെ അധാർമികതയിലേക്ക് നയിക്കുന്ന പോൺ സൈറ്റുകൾക്കെതിരെ കർശനനടപടി എടുക്കുകയും നിരോധനം ഏർപ്പെടുത്തുകയും വേണം. സോഷ്യൽ മീഡിയയും ആധുനിക വിവരസാങ്കേതികവിദ്യയും വ്യാപകമായി ദുരുപയോഗം ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കണമെന്നും സംഗമം അഭിപ്രായപ്പെട്ടു.കൃത്രിമ ബുദ്ധി സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനങ്ങളെ ശരിയായ ദിശയിലേക്ക് വഴി തിരിച്ച് വിടാനുള്ള ശ്രമങ്ങളുണ്ടാകണം. ഇത്തരം നേട്ടങ്ങളെ നൻമയുടെ പ്രചാരണത്തിനും സഹജീവി സ്നേഹം മനസുകളിൽ വളർത്തിയെടുക്കാനുംഉപയോഗപ്പെടുത്തണം.സോഷ്യൽ മീഡിയ ശ്രദ്ധയും പണ സമ്പാദനവും മാത്രം ലക്ഷ്യമാക്കി മോട്ടിവേഷന്റെ പേരിൽ നടക്കുന്ന പരിപാടികൾ ധാർമികതയുടെ അതിർവരമ്പുകൾ ലംഘിക്കുന്നത് ശരിയല്ല. സമൂഹ നന്മക്ക് ഹേതുവാകേണ്ട വിവര സാങ്കേതിക വിദ്യയുടെ നൂതന മാർഗ്ഗങ്ങളെ ഇത്തരക്കാർ ദുരുപയോഗം ചെയ്യുന്നത് സമൂഹം തിരിച്ചറിയണം.ജീവൽ ഗന്ധിയായ ഫയലുകൾക്ക് കാലതാമസം നേരിടുന്നത് ഗുരുതരമായ പാതകമാണെന്നും പരിഹാരം കാണാൻ അധികൃതർ തയ്യാറാകണമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.അഹമ്മദ് ദേവർകോവിൽ എം എൽ എ ശില്പശാല ഉദ്ഘാടനം ചെയ്തു.

വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡണ്ട് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽസെക്രട്ടറി ടി.കെ. അഷ്റഫ്, പീസ്റേഡിയോ സി ഇ ഒ ഹാരിസ് ഇബ്നു സലീം എന്നിവർ ക്ലാസെടുത്തു. വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ.പി പി നസീഫ്, പി.യു.സുഹൈൽ, ജമാൽ പെരിന്തൽമണ്ണ, അബ്ദുറഹ്മാൻ ചുങ്കത്തറ, സഹൽ സലഫി കൊല്ലം മെഹബൂബ് പട്ടാമ്പി തുടങ്ങിയവർ സംസാരിച്ചു.



അത് വിഴുങ്ങി

അൻസലോട്ടി തിരുത്തി

മാഡ്രിഡ്: ഫിഫ ക്ലബ് ലോകകപ്പിൽ റയൽ മാഡ്രിഡ് പങ്കെടുക്കില്ലെന്ന് താൻ പറഞ്ഞിട്ടില്ലെന്ന് കോച്ച് കാർലോസ് അൻസലോട്ടി. ചാമ്പ്യൻസ് ലീഗ് ജേതാക്കളായ റയൽ മാഡ്രിഡാണ് ക്ലബ് ലോകകപ്പിൽ യൂറോപ്പിനെ പ്രതിനിധീകരിക്കേണ്ടവർ. എന്നാൽ ഫിഫ ക്ലബ് ലോകകപ്പിൽ പങ്കെടുക്കുന്ന ടീമുകളുടെ എണ്ണം ഉയർത്തിയതിലെ പ്രതിഷേധം ചില വൻകിട ക്ലബുകൾ സൂചിപ്പിക്കുന്നതിനിടയിലായിരുന്നു റയൽ കോച്ച് ക്ലബ് ലോകകപ്പ് ക്ഷണം സ്വീകരിക്കില്ലെന്ന തരത്തിൽ റിപ്പോർട്ട് വന്നത്. എന്നാൽ ഇറ്റാലിയൻ പത്രത്തിന് താൻ നൽകിയ അഭിമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടതായി അദ്ദേഹം ഇന്നലെ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. റയലിന് ലഭിക്കുന്ന അവസരങ്ങൾ ക്ലബ് ഉപയോഗപ്പെടുത്തുമെന്നാണ് അദ്ദേഹത്തിന്റെ പുതിയ കുറിപ്പ്. എന്നാൽ പത്രത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം ഫിഫയെ നഖശിഖാന്തം വിമർശിച്ചിരുന്നു. അടുത്ത വർഷം ജൂൺ 15 ൽ തുടങ്ങി ജൂലൈ 13 വരെ ഒരു മാസക്കാലയളവിലേക്കാണ് ക്ലബ് ലോകകപ്പ് ഫിഫ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. 12 ടീമുകൾക്ക് പകരം 32 ടീമുകളാണ് ഇത്തവണ.

നിരാശൻ

ന്യൂയോർക്ക്: ബാറ്റിംഗ് പവർ പ്ലേ നന്നായി ഉപയോഗപ്പെടുത്തിയില്ല. ധാരാളം ഡോട്ട് ബോളുകളും നൽകി. ഇന്ത്യക്കെതിരായ പരാജയത്തിന് രണ്ട് കാരണങ്ങൾ പറഞ്ഞ പാക്കിസ്താൻ നായകൻ ബബർ അസം നിരാശനാണ്. സാധാരണ പോലെ കളിച്ചാൽ മതിയായിരുന്നു. പവർ പ്ലേ ഘട്ടത്തിൽ 40-45 റൺസ് നേടുകയായിരുന്നു ലക്ഷ്യം. എന്നാൽ അത് ഉപയോഗപ്പെടുത്താനായില്ല. 120 പന്തുകളിൽ 120 റൺസ് നേടാൻ പ്രയാസമുണ്ടായിരുന്നില്ല. ഒരോവറിൽ ആറ് റൺസ് മാത്രം മതിയായിരുന്നു. അത് എളുപ്പവുമായിരുന്നു. എന്നാൽ തുടക്കത്തിൽ തന്നെ ഇന്ത്യൻ ബൗളർമാർക്ക് അവസരം നൽകി. അവർ റണ്ണില്ലാത്ത പന്തുകൾ എറിഞ്ഞു. ടീം നിരാശയിലാണ്. ഇനിയിപ്പോൾ രണ്ട് മൽസരം ബാക്കി. അതിൽ രണ്ടിലും ജയിക്കുക എന്നതാണ് പ്രധാനം. ആ മൽസരങ്ങളിലേക്കാണ് ഇനി ശ്രദ്ധയെന്നും പാക് നായകൻ പറഞ്ഞു. ഇന്ന് കാനഡയുമായാണ് പാക്കിസ്താൻ കളിക്കുന്നത്.

ചന്ദ്രിക
സ്പോർട്സ്

ഗൾഫ് ചന്ദ്രിക

മൽസരം *പാക്കിസ്താൻ താരങ്ങൾ നശിപ്പിച്ചതാണ്. സുഖമായി ഇന്ത്യക്കെതിരെ ജയിക്കാമായിരുന്നു. ജയിക്കാൻ ഒരു പന്തിൽ ഒരു റൺ എന്ന ശരാശരിയിൽ നിൽക്കുമ്പോൾ മുഹമ്മദ് റിസ്വാൻ ജസ്പ്രീത് ബുംറക്കെതിരെ എന്തിനാണ് ക്രോസ് ബാറ്റിംഗ് ഷോട്ടിന് ശ്രമിച്ചത്... അദ്ദേഹമാണ് പരാജയത്തിലെ ഒന്നാം പ്രതിയെന്ന് ഞാൻ പറയും. ബുംറയുടെ പേര് കേൾക്കുമ്പോൾ പല ബാറ്റർമാർക്കും പേടിയാണ്. ഇന്ത്യ ശക്തരാണ്. ബുംറ മാത്രമല്ല സിറാജും ജഡേജയുമെല്ലാം നന്നായാണ് പന്തെറിഞ്ഞത്. ഒരു നയവുമില്ലാതെയാണ് പാക് ബാറ്റർമാർ കളിച്ചത്*

–വഖാർ യുനസ്

www.chandrikadaily.com

BREAKING ഇന്ന് രാജ്യാന്തര സൗഹൃദ മൽസരത്തിൽ ക്വസ്റ്റിയാനോയുടെ പോർച്ചുഗൽ റിപ്പബ്ലിക് ഓഫ് അയർലൻഡിനെതിരെ



ഇന്ന്

ടി-20 ലോകകപ്പ്
പാക്കിസ്താൻ-കാനഡ
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

ലോകകപ്പ് ഫുട്ബോൾ
യോഗ്യതാ റൗണ്ട്
ഖത്തർ-ഇന്ത്യ
(രാത്രി 9-30)
സ്പോർട്സ്-18
ജിയോ ടി.വി ലൈവ്

ഇന്ന് പാക്-കാനഡ

ന്യൂയോർക്ക്: ആദ്യ മൽസരത്തിൽ അമേരിക്കയോടും രണ്ടാം മൽസരത്തിൽ ഇന്ത്യയോടും തകർന്ന പാക്കിസ്താന് ടി-20 ലോകകപ്പിൽ ഇന്ന് മൂന്നാം മൽസരം. പ്രതിയോഗികൾ കാനഡ. ഗ്രൂപ്പ് എ-യിൽ ഇത് വരെ ഒരു പോയിന്റുമില്ലാത്തവരാണ് പാക്കിസ്താൻ. കാനഡയാവട്ടെ ഒരു മൽസരം ജയിച്ചവരാണ്. അവശേഷിക്കുന്ന രണ്ട് മൽസരങ്ങളിലും ജയിച്ചാലും പാക്കിസ്താന് സൂപ്പർ എട്ടില്ലെത്തുമെന്നുറപ്പില്ല. നിലവിൽ ഇന്ത്യയും അമേരിക്കയുമാണ് ഗ്രൂപ്പിൽ ആദ്യ രണ്ട് സ്ഥാനങ്ങളിൽ. ബാറ്റിംഗാണ് പാക്കിസ്താന് കാര്യമായ വെല്ലുവിളി. കളിച്ച രണ്ട് മൽസരങ്ങളിലും ബൗളിംഗിൽ മികവ് പ്രകടിപ്പിച്ചപ്പോഴും ബാറ്റിംഗിൽ ശോഭിക്കാൻ ആർക്കുമായിട്ടില്ല. ഇന്ത്യക്കെതിരായ മൽസരത്തിൽ വിക്കറ്റ് കീപ്പർ മുഹമ്മദ് റിസ്വാൻ മാത്രമാണ് അൽപ്പസമയം പൊരുതിയത്. രണ്ട് മൽസരങ്ങളിലും ബാറ്റിംഗിൽ പരാജയപ്പെട്ട നായകൻ ബബർ അസം സമ്മർദ്ദത്തിലാണ്.

കടുവകൾ പൊരുതി തോറ്റു

ന്യൂയോർക്ക്: ഐസൻഹോവർ പാർക്കിൽ വീണ്ടും ബാറ്റിംഗ് പ്രയാസകരമായി. ടി-20 ലോകകപ്പിൽ അട്ടിമറി വിജയത്തിന് അരികിലായിരുന്നു ബംഗ്ലാദേശ്. പക്ഷേ അവസാന പന്തിൽ ദക്ഷിണാഫ്രിക്ക ജയിച്ചു കയറി. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക ആകെ നേടിയത് 113 റൺസാണ്. 46 റൺസ് നേടിയ ഹെൻട്രിച്ച് ക്ലാസൺ മാത്രമാണ് പൊരുതിയത്. ഡേവിഡ് മില്ലർ 29 റൺസ് സ്വന്തമാക്കി. മറുപടിയിൽ ബംഗ്ലാദേശും പതറി. മോശം തുടക്കത്തിന് ശേഷം തൗഹീദ് ഹൃദോയി (37) മനോഹരമായി കളിച്ചു. എന്നാൽ അവസാന ഘട്ടത്തിൽ ഹൃദോയിയെ കാഗിസോ റബാദ പുറത്താക്കിയത് തിരിച്ചടിയായി. മഹമുദുല്ല അവസാന ഓവറിലെ അഞ്ചാം പന്തിൽ ജയിക്കാൻ ആറ് റൺസ് മാത്രം വേണ്ട ഘട്ടത്തിൽ പുറത്തായി. നാല് റൺസിനായിരുന്നു ആഫ്രിക്കൻ ജയം.

ബും..... ബും....

CLICK *ഈ ചിത്രം ഇന്ത്യൻ മനസുകളിൽ ഉജ്വലശോഭയിൽ എന്നുമുണ്ടാവും. ടി-20 ലോകകപ്പിൽ തോൽക്കുമെന്ന് കരുതിയ മൽസരത്തിൽ രാജ്യത്തെ വിജയത്തിലേക്ക് നയിച്ചത് ഈ സീമറാണ്. ന്യൂയോർക്കിലെ ഐസൻഹോവർ പാർക്കിൽ അയൽ ശത്രുക്കളായ പാക്കിസ്താനെതിരെ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 119 റൺസിന് പുറത്തായപ്പോൾ ടീം തോൽക്കുമെന്നാണ് കരുതപ്പെട്ടത്. ഒരു ഘട്ടത്തിൽ പാക്കിസ്താൻ സ്ക്കോർ പതിമൂന്നാം ഓവറിൽ മൂന്ന് വിക്കറ്റിന് 73 റൺസായിരുന്നു. പാക് വിക്കറ്റ് കീപ്പർ മുഹമ്മദ് റിസ്വാൻ 31 റൺസുമായി ക്രീസിലും. പക്ഷേ പതിനഞ്ചാം ഓവറിൽ ഇന്ത്യൻ നായകൻ രോഹിത് ശർമ പന്ത് ജസ്പ്രീത് ബുംറക്ക് നൽകുന്നു. ആദ്യ പന്തിൽ തന്നെ തകർപ്പൻ ഇൻസ്വിംഗറിൽ ബുംറ പാക്കിസ്താൻ ബാറ്ററെ ക്ലീൻ ബൗൾഡാക്കുന്നു. ആ ഓവറിൽ മൂന്ന് റൺ മാത്രമായിരുന്നു അദ്ദേഹം നൽകിയത്. തന്റെ അവസാന ഓവറിൽ ബുംറ കൂറ്റനടിക്കാരൻ ഇഫ്ത്തിക്കാർ അഹമ്മദിനെ ഫുൾടോസിൽ പുറത്താക്കുന്നു. നിർണായകമായ പത്തൊമ്പതാം ഓവറിലായിരുന്നു ബുംറ ഇഫ്തിക്കാറിനെ മടക്കിയത്. ഈ ഓവറിലും മൂന്ന് റൺ മാത്രം. ആകെ നാലോവർ സ്പെല്ലിൽ 14 റൺസ് മാത്രം നൽകി മൂന്ന് വിക്കറ്റ്. ആദ്യ സ്പെല്ലിൽ പാക് നായകൻ ബബർ അസമിനെ പുറത്താക്കിയതും ബുംറയായിരുന്നു. ആദ്യ ഓവറിൽ തന്നെ റിസ്വാന്റെ വിക്കറ്റും ബുംറക്ക് ലഭിക്കുമായിരുന്നു. എന്നാൽ അതിർത്തിയിൽ ശിവം ദുബേ ക്യാച്ച് നഷ്ടപ്പെടുത്തുകയായിരുന്നു. എറിഞ്ഞ 24 പന്തുകളിൽ 15 പന്തുകളിൽ ഒരു റൺ പോലും നൽകിയില്ല. ആകെ വഴങ്ങിയത് ഒരു ബൗണ്ടറി മാത്രം. ഈ മികവിൽ ഇന്ത്യ സുന്ദരമായി മൽസരം നേടി. കളിയിലെ കേമൻ മറ്റാരുമായിരുന്നില്ല. സ്വപ്നസുന്ദരമായ പ്രകടനം നടത്തിയ ബുംറയെ തേടി അഭിനന്ദന പ്രവാഹമായിരുന്നു പിന്നെ. നായകൻ രോഹിത് ശർമ തന്റെ പ്രധാന സീമറെ വിശേഷിപ്പിച്ചത് ജീനിയസ് എന്നായിരുന്നു. പാക്കിസ്താൻ നായകൻ ബബർ അസമും പറഞ്ഞു-തങ്ങളെ തോൽപ്പിച്ചത് ബുംറയാണെന്ന്. ടി-20 ലോകകപ്പിൽ ഇതിനകം ഇന്ത്യയും പാക്കിസ്താനും എട്ട് തവണ നേർക്കുനേർ വന്നു. ഇതിൽ ഏഴിലും വിജയം ഇന്ത്യക്കായിരുന്നു. കളിയിലെ കേമൻപ്പട്ടം സ്വീകരിച്ച് സംസാരിക്കവെ ബുംറ പറഞ്ഞു- സാഹചര്യം നോക്കി പന്തെറിയുന്നു. പിച്ചിൽ നിന്നും പിന്തുണയുണ്ടായിരുന്നു. അത് നന്നായി ഉപയോഗപ്പെടുത്തി. സഹബൗളർമാരായ സിറാജും അർഷദിപും ഹാർദികും അക്സറും ജഡേജയും നല്ല പിന്തുണയും നൽകി.*

മഹാജയം

ന്യൂയോർക്ക്: അമേരിക്കയിൽ ക്രിക്കറ്റ് അധികം ചർച്ച ചെയ്യാറില്ല. അവിടെ ഇന്ത്യ, പാക്, ബംഗ്ലാ വംശജർ ഉൾപ്പെടെ ഏഷ്യക്കാർക്ക് മാത്രം പരിചയമുള്ള ഗെയിമാണ് ക്രിക്കറ്റ്. പക്ഷേ ഇന്നലെ അമേരിക്ക ഒന്നടങ്കം ക്രിക്കറ്റ് ആഘോഷമാക്കി. അത്രമാത്രം ആഹ്ലാദത്തിലായിരുന്നു അമേരിക്കയിലെ ഇന്ത്യക്കാർ. തോറ്റു എന്ന് കരുതിയ മൽസരത്തിൽ ഇന്ത്യ സ്വപ്നതുല്യമായ വിജയം നേടിയതിന്റെ ആഘോഷം അമേരിക്കയിലെ എല്ലാ നഗരങ്ങളിലുമുണ്ടായി. അത് ന്യൂയോർക്കിൽ മാത്രമൊതുങ്ങിയില്ല. ഇന്ത്യൻ വിജയത്തിൽ ടീമിനെ തേടി അഭിനന്ദന പ്രവാഹം തുടരുമ്പോൾ ഗ്രൂപ്പ് എ-യിൽ ഒന്നാം സ്ഥാനത്തെത്തി രോഹിത് ശർമയുടെ ടീം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യയെ 119 ൽ പാക്കിസ്താൻ നിയന്ത്രിച്ചപ്പോൾ ഇന്ത്യൻ ആരാധകർ നിരാശയിലായിരുന്നു. പക്ഷേ ജസ്പ്രീത് ബുംറയുടെ നേതൃത്വത്തിൽ ഇന്ത്യൻ ബൗളർമാർ കരുത്തോടെ തിരികെ വന്നപ്പോൾ പാക്കിസ്താൻ 113 ൽ നിയന്ത്രിക്കപ്പെട്ടു. 06 റൺസിനായിരുന്നു ഇന്ത്യയുടെ മാസ്മരിക വിജയം. 14 റൺസ് മാത്രം നൽകി പാക് നിരയിലെ മൂന്ന് പ്രധാന വിക്കറ്റുകൾ സ്വന്തമാക്കിയ ജസ്പ്രീത് ബുംറയായിരുന്നു വിജയശിൽപ്പി യെങ്കിൽ വൈസ് ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ 24 റൺസിന് രണ്ട് വിക്കറ്റ് നേടി. അർഷദിപ് സിംഗ് 31 റൺസ് നൽകി ഒരു വിക്കറ്റ് നേടിയപ്പോൾ സിറാജ് വിക്കറ്റൊന്നും നേടിയില്ലെങ്കിലും നാലോവറിൽ 19 റൺസ് മാത്രമാണ് വഴങ്ങിയത്. തോൽവി പാക്കിസ്താന് പുറത്തേക്കുള്ള വഴിയുമായി. കളിച്ച രണ്ട് മൽസരങ്ങളിൽ തകർന്ന അവർക്ക് ഇനി രണ്ട് മൽസരം മാത്രമാണ് ബാക്കി. കാനഡ, അയർലൻഡ് എന്നിവർക്കെതിരായ മൽസരങ്ങളിൽ ജയിച്ചാലും മറ്റ് ടീമുകളുടെ ജയപരാജയങ്ങളെ ആശ്രയിച്ച് മാത്രമേ സൂപ്പർ എട്ടിൽ എത്താനാവൂ. ഇന്ത്യക്ക് പിറകെ രണ്ട് കളികളിൽ ജയിച്ച അമേരിക്കക്കും നാല് പോയിന്റുണ്ട്. ഗ്രൂപ്പിൽ ആദ്യ രണ്ട് സ്ഥാനക്കാർ മാത്രമാണ് സൂപ്പർ എട്ടിലെത്തുക.

CLICK ഇതായിരുന്നു ആ നിമിഷം.... പാക്കിസ്താനെതിരായ ലോകകപ്പ് പോരാട്ടത്തിൽ ജസ്പ്രീത് ബുംറയുടെ പന്തിൽ വിക്കറ്റ് കീപ്പർ മുഹമ്മദ് റിസ്വാൻ ക്ലീൻ ബൗൾഡാവുന്നു. പതിനഞ്ചാം ഓവറിലായിരുന്നു ബുംറയുടെ പന്തിൽ ക്രോസ് ബാറ്റിന് ശ്രമിച്ച് റിസ്വാൻ പുറത്തായത്. 44 പന്തിൽ 31 റൺസുമായി റിസ് വാൻ പൊരുതുന്ന സമയമായിരുന്നു അത്. റിസ്വാൻ പുറത്തായതോടെ പാക് ക്യാമ്പിൽ വലിയ സമ്മർദ്ദമായി. പിന്നെ വന്നവരെല്ലാം വേഗം മടങ്ങി. മൽസരം ഇന്ത്യ സ്വന്തമാക്കുകയും ചെയ്തു. ജയമുറപ്പിച്ച ഘട്ടത്തിലായിരുന്നു റിസ്വാന്റെ മോശം ഷോട്ട്. ഈ പുറത്താവലായിരുന്നു ടീമിനെ ബാധിച്ചതെന്ന് വഖാർ യൂനസ്, വസിം അക്രം ഉൾപ്പെടെ മുൻകാല താരങ്ങളെല്ലാം കുറ്റപ്പെടുത്തി

ഖത്തറിനെതിരെ തോൽക്കരുത്

ദോഹ:നിൽക്കണോ അതോ പോണോ...? അത് ഇന്നറിയാം. ലോകകപ്പ് യോഗ്യതാ റൗണ്ട് ഏഷ്യൻ രണ്ടാം റൗണ്ടിൽ ഇന്ത്യക്കിന്ന് അവസാന മൽസരം. പ്രതിയോഗികൾ വൻകരാ ചാമ്പ്യന്മാരായ ഖത്തർ. മൽസരം നടക്കുന്നത് അവരുടെ ആസ്ഥാനമായ ദോഹയിൽ. ജയിച്ചാൽ മാത്രമാണ് ഇന്ത്യക്ക് സാധ്യത. തോറ്റാൽ മൂന്നാം റൗണ്ട് കടക്കാനാവാതെ ഇന്ത്യ പുറത്താവും. നിലവിൽ ഇന്ത്യ ഖത്തറിന് പിറകിൽ രണ്ടാം സ്ഥാനത്താണ്. അഞ്ച് മൽസരങ്ങളിൽ നാലിലും വിജയിച്ച് ഖത്തർ 13 പോയിന്റുമായി മൂന്നാം റൗണ്ട് ഉറപ്പിച്ചവരാണ്. അവർക്ക് പിറകെ ഇന്ത്യയുണ്ട്. പക്ഷേ സമ്പാദ്യം ഒരു വിജയവും അഞ്ച് പോയിന്റും. മൂന്നാം സ്ഥാനത്തുള്ള അഫ്ഗാനിസ്താനും അഞ്ച് പോയിന്റുണ്ട്. കുവൈറ്റിന് നാല് പോയിന്റുമുണ്ട്. ഇന്ന് അഫ്ഗാനും കുവൈറ്റും സൗദി വേദിയിൽ നേർക്കുനേർ വരുന്നുണ്ട്. ഇന്ത്യ ഖത്തറിനോട് തോൽക്കുകയോ സമനില വരിക്കുകയോ ചെയ്താൽ അഫ്ഗാൻ-കുവൈറ്റ് മൽസരത്തിലെ ജേതാക്കൾ ഖത്തറിന് പിറകിൽ ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരായി മൂന്നാം റൗണ്ടിലെത്തും. ഇനി അഫ്ഗാൻ-കുവൈറ്റ് മൽസരം സമനിലയിൽ കലാശിച്ചാലും ഇന്ത്യ തോറ്റാൽ അതും ഗുർപ്രീത്സിംഗ് സന്ധു നയിക്കുന്ന ടീമിന്റെ സാധ്യതകളെ കാര്യമായി ബാധിക്കും.

എങ്ങനെ യോഗ്യത നേടാം

കൊൽക്കത്ത:2026 ൽ അമേരിക്കയിലും കാനഡയിലും മെക്സിക്കോയിലുമായി നടക്കുന്ന ലോകകപ്പ് ഫുട്ബോളിന് യോഗ്യത നേടണമെങ്കിൽ ഇന്ത്യയുടെ വഴികൾ ഇപ്രകാരം: ഇന്ന് ഖത്തറിനെ തോൽപ്പിച്ച് മൂന്നാം റൗണ്ടിലെത്തുകയാണ് ആദ്യ വഴി. ഇന്ന് തോറ്റാൽ ഇന്ത്യ പുറത്താണ്. ഇന്നത്തെ മൽസരം സമനിലയിലായാൽ അഫ്ഗാൻ-കുവൈറ്റ് മൽസര ഫലത്തെ ആശ്രയിക്കണം. ഈ മൽസരം സമനിലയിലായാൽ ഇന്ത്യക്ക് സമനില കരുത്താവും. ഇന്ത്യ തോൽക്കുകയും അഫ്ഗാൻ-കുവൈറ്റ് മൽസരത്തിൽ ഫലമുണ്ടാവുകയും ചെയ്താൽ ആ കളിയിൽ ജയിക്കുന്നവർ ഖത്തറിനൊപ്പം മൂന്നാം റൗണ്ടിലെത്തും.

പോയിന്റ് നില

ഏഷ്യ രണ്ടാം റൗണ്ട്
രാജ്യം, കളി, വിജയം,
പോയിന്റ് എന്ന ക്രമത്തിൽ
1-ഖത്തർ 5-4-12
2-ഇന്ത്യ 5-1- 5
3-അഫ്ഗാൻ 5-1-5
4-കുവൈറ്റ് 5-1-4

സുനിൽ ഛേത്രിയില്ലാതെ പത്തൊമ്പത് വർഷത്തിന് ശേഷം ഇന്ത്യ പന്ത് തട്ടുന്ന മൽസരത്തിൽ കപ്പിത്താൻപ്പട്ടം ഗുർപ്രീതിനാണ് കോച്ച് ഇഗോർ സ്റ്റിമോക് നൽകിയിരിക്കുന്നത്. രാജ്യത്തിനായി 72 മൽസരങ്ങൾ കളിച്ച താരമാണ് ഗുർപ്രീത്. ദീർഘകാലം ഇന്ത്യയെ നയിച്ച ഇതിഹാസതാരം കുവൈറ്റിനെതിരെ നടന്ന സമനില പോരാട്ടത്തിന് ശേഷമാണ് വിരമിച്ചത്. മുൻനിരയിൽ ഛേത്രിയുടെ സ്ഥാനം മൻവീർ സിംഗിനാവും നൽകുക. ലൈനപ്പിൽ കാര്യമായ മാറ്റമുണ്ടവില്ലെന്ന സൂചനയാണ് സ്റ്റിമോക് നൽകിയിരിക്കുന്നത്. കൊൽക്കത്തയിൽ കുവൈറ്റിനെതിരായ മൽസരത്തിൽ സമ്പൂർണ നിരാശ നൽകിയ മധ്യനിരയെക്കുറിച്ച് അദ്ദേഹമൊന്നും പറഞ്ഞില്ല. സഹൽ അബ്ദുൾ സമദ്, അനിരുദ്ധ് ഥാപ്പ, ബ്രാൻഡൻ ഫെർണാണ്ടസ്, ലിസ്റ്റൺ കോളോസോ തുടങ്ങിയവരായിരിക്കും ഇന്ന് മധ്യനിരയിൽ. മുൻനിരയിൽ ചാംഗ്തേയും മൻവീറും വിക്രം പ്രതാപ് സിംഗും ലാൽസംഗയും. പക്ഷേ ജോലി മുഴുവൻ വരുക പ്രതിരോധ നിരക്കാരായ അൻവർ അലി, മെഹ്താബ് സിംഗ്, നിഖിൽ പൂജാരി, രാഹുൽ ബെക്കെ എന്നിവർക്കായിരിക്കും. ഇതിനകം മൂന്നാം റൗണ്ട് ഉറപ്പാക്കിയതിനാൽ സിനിയർ താരങ്ങൾക്ക് വിശ്രമം നൽകി യുവനിരക്കാവും ഖത്തർ അവസരം നൽകുക. മലയാളിയായ തഹ്സിൻ മുഹമ്മദ് ജംഷിദ് ഇന്ത്യക്കെതിരെ ഇന്ന് ഖത്തർ ജഴ്സിയിൽ കളിക്കാനും സാധ്യതയുണ്ട്.

ജാസിം ബിൻ ഹമദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 9-30 മുതലാണ് കളി. അവസാന മൽസരത്തിൽ ഖത്തറിനെ ഗോൾ രഹിത സമനിലയിൽ കുരുക്കാൻ അഫ്ഗാന് കഴിഞ്ഞിരുന്നു എന്നതാണ് ഇന്ത്യൻ സംഘത്തിന് നേരിയ പ്രതീക്ഷ നൽകുന്നത്.

തഹ്സിൻ കളിക്കുമോ

ദോഹ: ഗുർപ്രീത്സിംഗ് സന്ധു നയിക്കുന്ന ഇന്ത്യ ലോകകപ്പ് യോഗ്യതാ മൽസരത്തിൽ ജാസിം ബിൻ ഹമദ് സ്റ്റേഡിയത്തിൽ ഇന്ന് കളിക്കുമ്പോൾ ഖത്തർ നിരയിൽ ഒരു മലയാളിയുണ്ടാവാൻ സാധ്യത. ഖത്തർ ദേശീയ സംഘത്തിൽ ഇടം നേടിയ തഹ്സിൻ മുഹമ്മദ് ജംഷിദ് ഇന്ന് കളിക്കാനാണ് വ്യക്തമായ സാധ്യത. ഖത്തർ സൂപ്പർ ലീഗിൽ അൽദുഹൈൽ ക്ലബിന്റെ താരമായി മിന്നിയ 17-കാരനെ ഈയിടെ ദേശീയ ടീമിലേക്ക് എടുത്തത്. അഫ്ഗാനെതിരായ സമനിലയിൽ കലാശിച്ച മൽസരത്തിൽ തലശ്ശേരിക്കാരൻ കളിച്ചിരുന്നു.

ഇന്ന് 18 മൽസരങ്ങൾ

ദോഹ: ഇന്ന് ഏഷ്യയിൽ ലോകകപ്പ് യോഗ്യതാ റൗണ്ടിൽ 18 മൽസരങ്ങൾ. ഖത്തർ ഇന്ത്യ മൽസരത്തിനൊപ്പം ഇതേ ഗ്രൂപ്പിൽ കുവൈറ്റ് -അഫ്ഗാൻ കളിയുണ്ട്. ഇത് കൂടാതെ ജപ്പാൻ-സിറിയ, ഉ.കൊറിയ-മ്യാൻമർ, ദ.കൊറിയ-ചൈന, തായ്‌ലൻഡ്-സിംഗപ്പൂർ, മലേഷ്യ-തായ്പെയ്, ഒമാൻ-കിർഗിസ്താൻ, തുർക്മെനിസ്താൻ-ഹോംഗ്കോംഗ്, ഇറാൻ-ഉസ്ബെക്, ഇന്തോനേഷ്യ-ഫിലിപ്പൈൻസ്, ഇറാഖ്-വിയറ്റ്നാം, തജിക്കിസ്താൻ-പാക്കിസ്താൻ, സഊദി-ജോർദാൻ തുടങ്ങിയ മൽസരങ്ങളും ഇന്ന് നടക്കും

മെസി ഇറങ്ങി, ലോക ചാമ്പ്യന്മാർ ജയിച്ചു

CLICK *കളിക്കിടെ മെസി*

ചിക്കാഗോ:ഏഴ് മാസത്തിന് ശേഷം സൂപ്പർ താരം ലിയോ മെസി അർജന്റീനിയൻ ജഴ്സിയിൽ തിരിച്ചെത്തിയ മൽസരത്തിൽ ഇക്വഡോറിനെ ഒരു ഗോളിന് പരാജയപ്പെടുത്തി ലോക ചാമ്പ്യന്മാർ കോപ്പ ഫുട്ബോളിനൊരുങ്ങി. സോൾഡിയർ ഫീൽഡിൽ ഇന്നലെ നടന്ന മൽസരത്തിൽ എയ്ഞ്ചലോ ഡി മരിയയുടെ ഗോളിലായിരുന്നു അർജൻറീനയുടെ വിജയം. മാർച്ചിൽ പേശീവലിവ് മൂലം അർജൻറീനയുടെ രണ്ട് സൗഹൃദ മൽസരങ്ങളിൽ മെസിക്ക് കളിക്കാനായിരുന്നില്ല. ഇന്നലെ മൽസരത്തിന്റെ 56-ാം മിനുട്ടിലാണ് കോച്ച് ലയണൽ സ്കലോനി അദ്ദേഹത്തെ മൈതാനത്തിറക്കിയത്. അത് വരെ ടീമിന്റെ കപ്പിത്താൻ ഡി മരിയയായിരുന്നു. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ടോട്ടനത്തിനായി കളിക്കുന്ന ഡിഫൻഡർ ക്യസ്റ്റ്യൻ റോമിറോ നൽകിയ ക്രോസിൽ നിന്നായിരുന്നു ഡി മരിയയുടെ സുന്ദര ഗോൾ. അർജന്റീനയുടെ അടുത്ത സന്നാഹ മൽസരം ഗ്വാട്ടിമലക്കെതിരെ ശനിയാഴ്ച്ചയാണ്. കോപ്പയിൽ അർജൻറീനയുടെ ആദ്യ മൽസരം ജൂൺ 21-ന് കാനഡക്കെതിരെയാണ്. ലിയോ പൂർണ ആരോഗ്യത്തിലേക്ക് തിരികെ വരുകയാണെന്ന് കോച്ച് സ്കലോനി വ്യക്തമാക്കി. അദ്ദേഹത്തെ പോലെയുള്ള താരങ്ങളെ സംരക്ഷിക്കേണ്ടത് രാജ്യത്തിന്റെ ചുമതലയാണെന്നും കോപ്പാ മൽസരങ്ങളിൽ പൂർണ കരുത്തോടെ അദ്ദേഹത്തിന് കളിക്കാനാവുമെന്നും കോച്ച് പറഞ്ഞു. നിലവിൽ കോപ്പ ജേതാക്കളാണ് അർജൻറീന.

കേന്ദ്രത്തിലായാലും, കേരളത്തിലായാലും ശക്തമായ പ്രതിപക്ഷം വേണം. അതില്ലാതെ പോയതിന്റെ ഗതികേട് രാജ്യത്തെ ജനങ്ങൾ അനുഭവിച്ചു. ഇപ്പോൾ ശക്തമായ പ്രതിപക്ഷം കേന്ദ്രത്തിൽ ഉണ്ടായപ്പോൾ ടോൺ മാറിയില്ലേ രണ്ട് കേന്ദ്ര മന്ത്രിമാരെ കേരളത്തിന് ലഭിച്ചതിൽ സന്തോഷം. ജനാധിപത്യം വിജയിക്കണം.

–സുകുമാരൻ നായർ

തൃശൂരിലെ കെ.മുരളീധരന്റെ തോൽവി വേദനയാണ്. ബിജെപി ജയിക്കുന്ന ഒരു സവിശേഷ സാഹചര്യമാണ് തൃശൂരിലുണ്ടായത്. മുരളീധരൻ എന്നു പറഞ്ഞാൽ കേരളത്തിലെ എല്ലാം ജംക്ഷനിലും ആൾക്കൂട്ടമുള്ള നേതാവാണ്. ഏത് ഫൈറ്റിനും നമുക്ക് ഉപയോഗിക്കാൻ പറ്റിയ ആളാണ്. പാർട്ടിക്കു വേണ്ടി മത്സരിക്കുന്ന നേതാവാണ് അദ്ദേഹം. റിസ്കെടുക്കാൻ തയാറാകുന്ന അദ്ദേഹം പാർട്ടിയുടെ പോരാളിയാണ്.

–രാഹുൽ മാങ്കൂട്ടത്തിൽ

കേരള വാർത്തകൾ

തദ്ദേശ വാർഡ് വിഭജന ബിൽ

പാസാക്കിയത് അഞ്ച് മിനുട്ടിൽ

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിൽ ഓരോ വാർഡുകൾ വീതം വർധിപ്പിക്കുന്നതിനുള്ള, തദ്ദേശ വാർഡ് വിഭജന ബിൽ പാസാക്കാൻ അസാധാരണ നടപടിയുമായി സർക്കാർ. 2024ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബിൽ, കേരള പഞ്ചായത്ത് രാജ് ഭേദഗതി ബിൽ എന്നിവ സബ്ജറ്റ് കമ്മിറ്റിക്ക് വിടുമെന്നായിരുന്നു നിയമസഭയുടെ ഇന്നലെത്തെ അജണ്ടയിലുണ്ടായിരുന്നത്. എന്നാൽ ഇതിൽ ഭേദഗതി വരുത്തിയാണ് അഞ്ച് മിനുട്ടിനുള്ളിൽ വകുപ്പുതിരിച്ചുള്ള പരിഗണന പൂർത്തിയാക്കി ബിൽ പാസാക്കിയത്.

നേരത്തെ ഇതുസംബന്ധിച്ച് സർക്കാർ ഓർഡിനൻസ് ഇറക്കിയിരുന്നെങ്കിലും തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം ചൂണ്ടിക്കാട്ടി ഗവർണർ അത് മടക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് ഓർഡിനൻസ് ബിൽ ആയി കൊണ്ടുവരാൻ തീരുമാനിച്ചത്. അടിയന്തര ഘട്ടങ്ങളിലാണ് സബ്ജറ്റ് കമ്മിറ്റിക്ക് വിടാതെ ബിൽ പാസാക്കാറുള്ളത്. പ്രതിപക്ഷം സഹകരിക്കാത്തത് കൊണ്ടാണ് ബിൽ അഞ്ചുമിനിറ്റ് കൊണ്ട് പാസാക്കിയതെന്നാണ് ബിൽ അവതരിപ്പിച്ച മന്ത്രി എം.ബി രാജേഷിന്റെ വിശദീകരണം. മുൻസിപ്പാലിറ്റികളിൽ ഇരുപതിനായിരത്തിൽ കവിയാത്ത ജനസംഖ്യയുള്ള മുൻസിപ്പാലിറ്റികളിൽ 25 വാർഡുകളും അതിനുശേഷം വരുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറു അധികം ജനസംഖ്യയ്ക്ക് ഓരോന്നു വീതവും വാർഡ് വിഭജിക്കാനാണ് പുതിയ ബിൽ വിഭാവനം ചെയ്യുന്നത്. കോർപ്പറേഷനുകളിലാണെങ്കിൽ നാലുലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ളിടങ്ങളിൽ 55 വാർഡുകളും അതിന് മുകളിൽ ഒാരോ പതിനായിരം ജനസംഖ്യയ്ക്കും ഓരോ വാർഡും എന്ന നിലയിൽ പരമാവധി 100 വാർഡുകൾ വരെയാകാമെന്നതാണ് ബിൽ വ്യക്തമാക്കുന്നത്.

പഞ്ചായത്തുകളിൽ ഓരോ വാർഡുകൾ വീതം വർദ്ധിപ്പിക്കുന്നതിനും ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ വാർഡുകളുടെ എണ്ണം പതിമൂന്നിൽ കുറയാനോ 23ൽ കവിയാനോ പാടില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഇത് യഥാക്രമം 13,23 എന്നിങ്ങനെ നിജപ്പെടുത്തി. ജില്ലാപഞ്ചായത്തുകളിലാണെങ്കിൽ ബിൽപ്രകാരം വാർഡുകളുടെ എണ്ണം 16ൽ കുറയാനോ 32ൽ കവിയാനോ പാടില്ല.

ബാർ കോഴയിൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം നടത്തളത്തിൽ പ്രതിഷേധിക്കുന്നതിനിടെയാണ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന ചട്ടത്തിൽ ഇളവിനുള്ള പ്രമേയം മന്ത്രി അവതരിപ്പിച്ചത്. ഇതിന് അംഗീകാരം നേടിയതിന് പിന്നാലെയാണ് ബിൽ അവതരിപ്പിച്ചത്. തുടർന്ന് വകുപ്പ് തിരിച്ചുള്ള ചർച്ചകളും മൂന്നാംവായനയും തിടുക്കത്തിൽ പൂർത്തിയാക്കി സഭ ബിൽ പാസാക്കിയത്.

ബിൽ പാസാക്കിയതിനെതിരെ സ്പീക്കർക്ക് പ്രതിപക്ഷത്തിന്റെ കത്ത്

തിരുവനന്തപുരം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട കേരള പഞ്ചായത്ത് രാജ്, മുൻസിപ്പാലിറ്റി ഭേദഗതി ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിടാതെ പാസാക്കിയ നടപടിക്കെതിരെ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സ്പീക്കർക്ക് കത്ത് നൽകി.

സബ്ജക്ട് കമ്മിറ്റിയിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതു പ്രകാരം ബിൽ വീണ്ടും സഭയുടെ പരിഗണനയിക്ക് എത്തുമ്പോഴും പ്രതിപക്ഷത്തിന് ഭേദഗതികൾ അവതരിപ്പിക്കുന്നതിനുള്ള അവസരമുണ്ടായിരുന്നു. അത് ബോധപൂർവം ഇല്ലാതാക്കുന്ന നടപടിയാണ് സഭയിൽ നടന്നത്. അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് സഭാതലത്തിൽ പ്രതിഷേധം ഉയർന്നപ്പോൾ അജണ്ടയിൽ പറഞ്ഞിരുന്നതിന് വിരുദ്ധമായി ബില്ലുകൾ പരിഗണനയ്ക്കെടുക്കാനുള്ള പ്രമേയം അവതരിപ്പിക്കാൻ സ്പീക്കർ മന്ത്രിക്ക് അനുമതി നൽകുകയും ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാതെ സഭ പാസാക്കുകയുമായിരുന്നു. ജൂലൈ 25 വരെ സമ്മേളനം ഉണ്ടെന്നിരിക്കെ ഇത്രധൃതിവച്ച് ബിൽ പാസാക്കിയതിന് പിന്നിലെ ഉദ്ദേശ്യം ദുരൂഹമാണ്. തികഞ്ഞ ജനാധിപത്യ വിരുദ്ധമായ നടപടിയാണ് സഭയിലുണ്ടായത്. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ ഹനിക്കുന്ന ഇത്തരം സമീപനം അംഗീകരിക്കാനാകില്ലെന്നും പ്രതിപക്ഷ നേതാവ് കത്തിൽ ചൂണ്ടിക്കാട്ടി.

എക്സൈസിന്റെ സ്പെഷ്യൽ കോമ്പിങ് ഓപ്പറേഷൻ

മയക്കുമരുന്ന് കടത്ത്: 67 പേർ പിടിയിൽ

തിരുവനന്തപുരം: മയക്കുമരുന്ന് ഉപയോഗവും കടത്തും തടയുന്നതിന്റെ ഭാഗമായി എക്സൈസ് നടത്തിയ പ്രത്യേക കോമ്പിങ് ഓപ്പറേഷനിൽ കുടുങ്ങിയത് 67 പേർ. അബ്കാരി/എൻ.ഡി.പി.എസ് കേസുകളിൽ വിവിധ കോടതികളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടുകളിലെ പ്രതികളായ 58 പേരും ഒളിവിൽ കഴിഞ്ഞിരുന്ന 9 പിടികിട്ടാപ്പുള്ളികളുമാണ് പിടിയിലായത്.

സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹൈവേകളിലും അതിർത്തി പ്രദേശങ്ങളിലും ഇടറോഡുകളിലും നടത്തിയ പ്രത്യേക വാഹന പരിശോധനയിൽ എൻ.ഡി.പി. എസ് കേസുകൾ ഉൾപ്പെടെ 240 കേസുകളും 15 ന് അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ നടത്തിയ പരിശോധനയിൽ 707 കേസുകളും രജിസ്റ്റർ ചെയ്തു. അന്തർസംസ്ഥാന ട്രെയിനും അന്തർസംസ്ഥാന ബസുകളും കേന്ദ്രീകരിച്ചു റെയിൽവേ സ്റ്റേഷനിലും സംസ്ഥാന ഹൈവേകളിലും നടത്തിയ പരിശോധനയിൽ 240 ട്രയിനുകളും 1370 അന്തർസംസ്ഥാന ബസുകളും പരിശോധിച്ചു. 115 കോറ്റ്പ കേസുകളും ഒരു എൻ.ഡി.പി.എസ് കേസും കണ്ടെത്തി. 5.5 കിലോ കഞ്ചാവും 5 കിലോ പുകയില നിരോധിത ഉത്പന്നങ്ങളും പിടികൂടി. എക്സൈസ് കമ്മീഷണർ മഹിപാൽ യാദവിന്റെ നിർദേശപ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) പ്രദീപിന്റെ മേൽനോട്ടത്തിൽ നടന്ന കോമ്പിങ് ഓപ്പറേഷനുകൾക്ക് ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും പരിശോധനയ്ക്ക് നേതൃത്വം നൽകി. രണ്ടായിരത്തോളം എക്സൈസ് ജീവനക്കാർ പങ്കാളികളായി. സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ ഇനിയും ഇത്തരത്തിലുള്ള അപ്രതീക്ഷിത പരിശോധനകൾ സംഘടിപ്പിക്കുമെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലും എക്സൈസ് ആസ്ഥാനത്തെ ടെലിഫോൺ നമ്പരുകളിലും ബന്ധപ്പെട്ട വിവരങ്ങൾ കൈമാറാവുന്നതാണ്. ടെലിഫോൺ നമ്പരുകൾ എക്സൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. എക്സൈസ് ആസ്ഥാനത്തെ ടെലിഫോൺ നമ്പർ: 0471 2322825, 9447178000, 9061178000.

റോഡുകളുടെ ഗുണനിലവാരം പരിശോധിക്കാൻ പി.ഡബ്ല്യു.ഡി മിഷൻ ടീം

തിരുവനന്തപുരം: നിർമാണവും പുനരുദ്ധാരണവും പൂർത്തിയായ റോഡുകൾ അകാരണമായി വെട്ടിപ്പൊളിക്കാൻ അനുവദിക്കില്ലെന്ന് പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ്. ഇക്കാര്യത്തിൽ കൃത്യമായ നിർദ്ദേശം നൽകുകയും ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

നിർമാണം പൂർത്തിയാക്കിയ റോഡുകളുടെ ഗുണനിലവാരം പി.ഡബ്ല്യു.ഡി മിഷൻ ടീം പരിശോധിക്കും. റോഡുകൾക്ക് ഗുണനിലവാരമില്ലെങ്കിൽ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കും. റോഡുകൾ കുഴിക്കേണ്ട അവസരത്തിൽ വിവിധ വകുപ്പുകൾ ഏകോപിച്ചാണ് ഇടപെടുന്നത്. റോഡ് കുഴിക്കുന്നത് സംബന്ധിച്ച അനുമതിനേടുന്നതിനായി റൈറ്റ് ഓഫ് വേ പെർമിഷൻ (ആർ. ഒ.ഡബ്ല്യു) എന്ന പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്.

റോഡുകൾ നിരന്തരം കുഴിക്കുന്നത് ഒഴിവാക്കാനായാണ് ഡക്ടുകൾ നിർമിക്കുന്നത്. ഇതിലൂടെ കേബിളുകളും പൈപ്പുകളും കടത്തിവിടാം. ഭാവിയിൽ റോഡ് കുഴിക്കൽ ഒഴിവാക്കാനായി ട്രഞ്ച്ലെസ് യൂട്ടിലിറ്റി ഏജൻസികളുടെ യോഗം വിളിക്കുമെന്നും മന്ത്രി വിശദീകരിച്ചു.

എറണാകുളത്തെ കനത്ത തോൽവി; അണികൾക്കിടയിൽ അമർഷം രൂക്ഷം

സ്ഥാനാർഥിക്കെതിരെ പരാതി പ്രളയം

അഷ്റഫ് തൈവളപ്പ്
കൊച്ചി

ലോക്സഭ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം ഏറ്റുവാങ്ങേണ്ടി വന്ന എറണാകുളം ലോക്സഭ മണ്ഡലത്തിൽ മൗനം തുടർന്ന് സിപിഎം നേതൃത്വം. തിരഞ്ഞെടുപ്പ് ഫലം വന്ന് ഒരാഴ്ച പിന്നിടുമ്പോഴും കനത്ത തോൽവിയുടെ കാരണങ്ങളെ കുറിച്ചോ മറ്റോ സിപിഎമ്മോ ഇടത് നേതൃത്വമോ ഇതുവരെ പ്രതികരിച്ചിട്ടില്ല. തിരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ വിജയം നേടുമെന്ന് അവകാശപ്പെട്ട് സിപിഎമ്മും സിപിഐയും രംഗത്തെത്തിയിരുന്നു. കനത്ത തോൽവിയിൽ നേതൃത്വത്തിനെതിരെ അണികൾക്കിടയിൽ കടുത്ത വിമർശനമാണ് ഉയരുന്നത്. സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ നേതൃത്വത്തിനെതിരെ പ്രതിഷേധം ഉയരുന്നുണ്ട്. ഇന്ന് ചേരുന്ന സിപിഎം ജില്ലാ കമ്മിറ്റി യോഗത്തിൽ തിരഞ്ഞെടുപ്പ് തോൽവി പ്രധാന ചർച്ചയാവും. സ്ഥാനാർഥിക്കെതിരെയുള്ള പരാതികളും ചർച്ചയാവാനാണ് സാധ്യത. ഇടത് സ്ഥാനാർഥിക്ക് ആകെ ലഭിച്ച വോട്ടിനേക്കാൾ ഉയർന്ന ഭൂരിപക്ഷവുമായാണ് യുഡിഎഫിന്റെ ഹൈബി ഈഡൻ എറണാകുളത്ത് നിന്ന് ജയിച്ചുകയറിയത്. എൽഡിഎഫിന്റെ സിറ്റിങ് മണ്ഡലങ്ങളിൽ ഉൾപ്പെടെ യുഡിഎഫ് വൻ ലീഡെടുത്തു. കൊച്ചിയിൽ 40,286 വോട്ടും കളമശേരിയിൽ 38,447 വോട്ടും വൈപ്പിനിൽ 29,868 വോട്ടുമാണ് യുഡിഎഫിന്റെ ഭൂരിപക്ഷം. ഹൈബി 37,069 ഭൂരിപക്ഷം നേടിയ എറണാകുളത്ത് എൽഡിഎഫും എൻഡിഎയും തമ്മിലുള്ള വോട്ട് വ്യത്യാസം 2573 വോട്ട് മാത്രമായിരുന്നു. സ്ഥാനാർഥി നിർണയത്തിലെ പിഴവാണ് എറണാകുളത്തെ ദയനീയ പരാജയത്തിന്റെ കാരണമെന്ന് പ്രവർത്തകരും നേതാക്കളും രഹസ്യമായി സമ്മതിക്കുന്നുണ്ട്. യുഡിഎഫിന് വെല്ലുവിളിയുയർത്താൻ പറ്റിയ സ്ഥാനാർഥിയല്ല കെ.ജെ ഷൈൻ എന്ന് നേരത്തെ തന്നെ വിമർശനമുണ്ടായിരുന്നു. 2,31,932 വോട്ടു മാത്രമാണ് കെ.ജെ ഷൈനിന് നേടാനായത്.

ലത്തീൻ സഭാംഗം, വനിത എന്നീ മാനദണ്ഡങ്ങൾ വച്ചാണ് കെ.ജെ ഷൈനെ സിപിഎം സ്ഥാനാർഥിയാക്കിയത്. പറവൂർ ലോക്കൽ കമ്മിറ്റി അംഗവും നഗരസഭാ കൗൺസിലറുമായ ഷൈനിന്റെ സ്ഥാനാർഥിത്വത്തിനെതിരെ സിപിഐ ഉൾപ്പെടെയുള്ള ഘടകകക്ഷികളും അതൃപ്തി പ്രകടിപ്പിച്ചിരുന്നു. മുതിർന്ന നേതാക്കൾ അടക്കമുള്ള പ്രവർത്തകരോട് മോശമായാണ് സ്ഥാനാർഥി പെരുമാറിയതെന്നും, പ്രചാരണ സമയത്ത് ആഡംബര സൗകര്യങ്ങൾ ആവശ്യപ്പെട്ടെന്നും പരാതി ഉയർന്നിട്ടുണ്ട്. പലപ്പോഴും നിശ്ചയിച്ച സമയത്ത് പ്രചാരണത്തിന് എത്തിയില്ല, പ്രചാരണ ചുമതലയുള്ള പ്രവർത്തകരോടും നേതാക്കളോടും അനാവശ്യമായി ക്ഷോഭിച്ചെന്നും വിമർശനങ്ങളുണ്ട്. പാർട്ടിയോട് ആലോചിക്കാതെ സംഭാവന വാങ്ങിയെന്ന ഗുരുതര ആരോപണവും ഒരു വിഭാഗവും ഉയർത്തുന്നു. മുഖ്യമന്ത്രി നേരിട്ട് പ്രചാരണത്തിനെത്തിയ മണ്ഡലങ്ങളിലൊന്നായിരുന്നു എറണാകുളം. മന്ത്രി പി.രാജീവ് പ്രതിനിധീകരിക്കുന്ന കളമശേരി മണ്ഡലവും എറണാകുളം ലോക്സഭ മണ്ഡല പരിധിയിൽ ഉൾപ്പെടുന്നതാണ്. കളമശേരിയിൽ വലിയ ലീഡാണ് യുഡിഎഫ് നേടിയത്. പി.രാജീവിന്റെ ബൂത്തിൽ പോലും ലീഡ് നേടാൻ എൽഡിഎഫിന് കഴിഞ്ഞിരുന്നില്ല. എറണാകുളം നിയമസഭാ മണ്ഡലത്തിൽ ഒരു സബ് ബൂത്തിൽ മാത്രമാണ് ലീഡ് ലഭിച്ചത്. അതേസമയം, 8 ബൂത്തുകളിൽ ബിജെപി ഒന്നാമതെത്തി. തൃക്കാക്കരയിലും കൊച്ചിയിലും ഒന്നോ രണ്ടോ ബൂത്തുകളിൽ മാത്രമായിരുന്നു ലീഡ്. ഇത്തവണ പോളിങ് കുറഞ്ഞപ്പോൾ വലിയ പ്രതീക്ഷകളാണ് എൽഡിഎഫ് വച്ചുപുലർത്തിയിരുന്നത്. എന്നാൽ സ്വന്തം ചിഹ്നത്തിൽ മത്സരിച്ചിട്ടും കനത്ത തോൽവിയായിരുന്നു ഫലം.

ഭിന്നശേഷിക്കാർക്ക് സ്ക്രൈബ്: സർവകലാശാലകളെ ചുമതലപ്പെടുത്തൽ പരിഗണിക്കും

തിരുവനന്തപുരം: ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയമിക്കുന്ന ഉത്തരവാദിത്തം അധ്യാപകർക്ക് നൽകുന്നത് തീരുമാനിക്കാൻ സർവകലാശാലകളെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു നിയമസഭയിൽ പറഞ്ഞു. സ്ക്രൈബിന്റെ സഹായം ആവശ്യപ്പെടുന്ന വിദ്യാർത്ഥിയെക്കാൾ ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരെ സ്ക്രൈബായി പരിഗണിക്കുന്ന രീതിയാണ് നിലവിൽ സർവകലാശാലകൾ സ്വീകരിച്ചുവരുന്നത്. സർവകലാശാലകൾ നടത്തുന്ന പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിക്കാനുള്ള അധികാരം പരീക്ഷാ മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. ഇതനുസരിച്ച് പരീക്ഷാ കൺട്രോളർ, വകുപ്പ് മേധാവി, പ്രിൻസിപ്പാൾ, ചീഫ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥരാണ് നിലവിൽ സ്ക്രൈബിനെ നിയമിക്കുന്നത്.

ഈ സാഹചര്യത്തിൽ കുട്ടികൾക്ക് സ്ക്രൈബിന്റെ സഹായം ബുദ്ധിമുട്ടില്ലാതെ കണ്ടെത്താവുന്നതാണ്.

അർമേനിയിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയതായി പരാതി

കൊച്ചി: അർമേനിയിൽ ജോലി വാഗ്ദാനം ചെയ്ത് ഏജന്റുമാർ ലക്ഷങ്ങൾ തട്ടിയെടുത്തതായി പരാതി. തൃശൂർ പുതുക്കാട് സ്വദേശികളായ ലിധേഷ് സുധാകരൻ, പ്രശാന്ത് വി.സി, കണ്ണൂർ സ്വദേശി സുധി കൃഷ്ണൻ, കൊട്ടാരക്കര സ്വദേശി സളിൽ ലാൽ എന്നിവരാണ് ഏജന്റുമാർക്കെതിരെ ആരോപണവുമായി രംഗത്ത് വന്നത്. 45000 രൂപ പ്രതിമാസ ശമ്പളവും താമസിക്കാൻ റൂമും വാഗ്ദാനം ചെയ്താണ് എയിംസ് എന്ന പേരിൽ പ്രവർത്തിക്കുന്ന ഏജൻസിയിലെ ഏജന്റുമാരായ കോതമംഗലം കോട്ടപ്പടി സ്വദേശി വിമൽ ടി.വി, അമ്പലപ്പുഴ സ്വദേശി സുധി സതീശൻ എന്നിവർ ഒരോരുത്തരിൽ നിന്നും മൂന്ന് ലക്ഷം രൂപ വീതം ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റിയതെന്ന് ഇവർ വാർത്താ സമ്മേളനത്തിൽ ആരോപിച്ചു. പണം കൈപ്പറ്റിയ ശേഷം കഴിഞ്ഞ സെപ്റ്റംബറിലാണ് രണ്ട് ഗ്രൂപ്പുകളിലായി 11 പേരെ അർമേനിയിലേക്ക് കൊണ്ടുപോയത്. എന്നാൽ നല്ല ജോലിയോ ഭക്ഷണമോ ലഭിക്കാത്ത സ്ഥലത്ത് എത്തിച്ച ശേഷം ചതിക്കുകയായിരുന്നുവെന്ന് ഇവർ പറഞ്ഞു. പിന്നീട് ഏജന്റുമാർ റൂമിന്റെ പണം നൽകാത്തതിനാൽ ഇവിടെ നിന്ന് ഇറക്കി വിട്ടു. കൈയിലുള്ള സാധനങ്ങളും മൊബൈൽഫോണും ഉൾപ്പെടെ കെട്ടിട ഉടമ വാങ്ങിവച്ചു. ഏജൻസിയുടെ അർമേനിയയിലെ ഏജന്റായ ജിബിൻ ഇയാളുടെ സുഹൃത്ത് കെവിൻ എന്നിവരുമായി വാക്കുതർക്കവും സംഘർഷവും ഉണ്ടായി. ഇതിന്റെ പേരിൽ ഇവരുടെ ഗുണ്ടകൾ ആക്രമിക്കുകയും സംഘർഷത്തിന്റെ പേരിൽ തങ്ങൾക്കെതിരെ കേസ് എടുക്കുകയും പാസ്പോർട്ടും രേഖകളും പിടിച്ചെടുക്കുകയും ചെയ്തു. പാസ്പോർട്ടും രേഖകളും തിരികെത്തരാൻ ഒരു ലക്ഷം രൂപ കൂടി സംഘം ആവശ്യപ്പെട്ടു. ഈ തുക നൽകിയ ഏഴ് പേർ മാത്രമാണ് ഇതുവരെ തിരികെയെത്തിയത്. മറ്റ് നാല് പേർ ഇപ്പോഴും തടവിലാണെന്നും ശേഷിക്കുന്നവരുടെ ജീവൻ അപകടത്തിലാണെന്നും ഇവർ പറഞ്ഞു. ഏജന്റുമാർക്കെതിരെ നാലുപേരും കൊച്ചി സിറ്റി പൊലീസ് കമ്മീഷണർക്ക് പരാതി നൽകി.

ഗതാഗത മന്ത്രിക്ക് സി.ഐ.ടി.യുവിന്റെ ഭീഷണി വഴി നടക്കാൻ അനുവദിക്കില്ല

തിരുവനന്തപുരം: ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണത്തിൽ ഗതാഗതമന്ത്രിക്കെതിരെ ഭീഷണിയുമായി സി.ഐ.ടി.യു. വിഷയത്തിൽ തൊഴിലാളികളുമായി അടിയന്തരമായി ചർച്ച നടത്തി പ്രശ്നങ്ങൾക്കു പരിഹാരം കണ്ടില്ലെങ്കിൽ മന്ത്രി കെ.ബി ഗണേഷ് കുമാറിനെ വഴി നടക്കാൻ അനുവദിക്കില്ലെന്നു സി.ഐ.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ ദിവാകരൻ. ഗണേഷിനെ എന്താണ് സി.ഐ.ടി.യു, എന്താണ് തൊഴിലാളി പ്രസ്ഥാനമെന്നു പഠിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഓൾ കേരള ഡ്രൈവിങ് സ്കൂൾ വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) സെക്രട്ടറിയേറ്റിനു മുന്നിൽ ആരംഭിച്ച അനിശ്ചിതകാല ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാന്യമായാണ് മന്ത്രി ആന്റണി രാജു തൊഴിലാളി സംഘടനകളോട് പെരുമാറിയിരുന്നത്. 12ന് ഡ്രൈവിങ് സ്കൂൾ ഓണേഴ്സ് ആന്റ് വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യുസി) നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിഷേധ ധർണ നടത്തും.

ഓസ്ട്രേലിയയിൽ കടലിൽവീണ് കണ്ണൂർ സ്വദേശിനിയടക്കം രണ്ട് സ്ത്രീകൾ മരിച്ചു

കണ്ണൂർ: ഓസ്ട്രേലിയയിൽ കടലിൽവീണ് കണ്ണൂർ സ്വദേശിനിയടക്കം രണ്ട് സ്ത്രീകൾ മരിച്ചു. മറ്റൊരു സ്ത്രീ നീന്തി രക്ഷപ്പെട്ടു. കണ്ണൂർ കോർപറേഷൻ ഏഴര ഡിവിഷൻ കൗൺസിലർ ഫിറോസ ഹാഷിം - കെ.എം.സി.സി സ്ഥാപക നേതാവ് പരേതനായ സി ഹാഷിം ദമ്പതികളുടെ മകൾ കണ്ണൂർ എടക്കാട് നടാൽ ഹിബാസിൽ മർവ്വ ഹാഷിം(34)ആണ് മരിച്ചത്. ഭർത്താവ് കാസർകോട് തായലങ്ങാടി സ്വദേശി ഡോ. സിറാജുദ്ദീൻ. തിങ്കളാഴ്ച വൈകിട്ട് 4.30 ഓടെ സിഡ്നി സതർലാൻഡ്ഷയറിലെ കുർണെലിലാണ് അപകടം. വിനോദസഞ്ചാരകേന്ദ്രമായ ഇവിടുത്തെ പാറക്കെട്ടിലൂടെ നടന്നുപോകുമ്പോൾ മർവയടക്കം മൂന്നുപേർ കടലിലേക്ക് വീഴുകയായിരുന്നു എന്ന് സിഡ്നി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മരിച്ച മറ്റൊരു സ്ത്രീയെ കുറിച്ചുള്ള വിവരം ലഭ്യമല്ല. പരിസരത്തുണ്ടായിരുന്നവർ ഉടൻ പൊലീസിനെ വിവരമറിയിച്ചു. തുടർന്ന് ഹെലികോപ്റ്ററിന്റെയടക്കം സഹായത്തോടെ തിരച്ചിലിനൊടുവിൽ അബോധാവസ്ഥയിൽ കരക്കെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആസ്ട്രേലിയയിലെ കെ.എം.സി.സി പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത് മർവ്വയാണ്. മക്കൾ: ഹംദാൻ, സൽമാൻ, വഫ. സഹോദരങ്ങൾ: നൂറുൽ ഹുദ (കാനഡ), ഹിബ (ഷാർജ), ഹാദി (ബിടെക് വിദ്യാർഥി).

പ്രായപൂർത്തിയായവരുടെ വൈവാഹിക കാര്യങ്ങളെ തടയാനാവില്ലെന്ന് ഹൈക്കോടതി

കൊച്ചി: മാതാപിതാക്കളുടെ സ്നേഹമോ കരുതലോ പരിഗണിച്ച് പ്രായപൂർത്തിയായ ഒരാളുടെ വൈവാഹികമായ കാര്യങ്ങളെ തടയാനാവില്ലെന്നു ഹൈക്കോടതി. ഒരാൾക്ക് താൻ വിവാഹം കഴിക്കുന്ന പുരുഷനെ തിരഞ്ഞെടുക്കാനുള്ള അവകാശത്തെ മാതാപിതാക്കളുടെ സ്നേഹവും കരുതലും പരിഗണിച്ച് അട്ടിമറിക്കാനാവില്ലെന്നു ഹൈക്കോടതി വ്യക്തമാക്കി. ജർമനിയിൽ വിദ്യാർഥിയായാൾ തന്റെ സുഹൃത്തുമായുള്ള അടുപ്പം യുവതിയുടെ പിതാവ് തടഞ്ഞതിനെ തുടർന്നു നൽകിയ ഹേബിയസ് കോർപസ് ഹർജിയിലാണ് കോടതി നിരീക്ഷണമുണ്ടായത്.

ബാർ കോഴ: ജുഡീഷ്യൽ അന്വേഷണത്തിൽ ഉറച്ച് പ്രതിപക്ഷം

തിരുവനന്തപുരം: ബാർ കോഴയിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യത്തിൽ ഉറച്ച് പ്രതിപക്ഷം. കോഴ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് നൽകിയിരിക്കുന്ന പരാതിയിൽ അഴിമതി നിരോധന നിയമം അനുസരിച്ച് കേസെടുക്കുന്നതിനൊപ്പം ജുഡീഷ്യൽ അന്വേഷണവും വേണമെന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. ഇതിനായി നിയമസഭയിലും പുറത്തും നിരന്തര സമരത്തിലേക്ക് പ്രതിപക്ഷം കടക്കും.

കൊള്ള നടത്തിയവർ ആരൊക്കെയെന്നത് പുറത്തു വന്നേ മതിയാകൂവെന്ന് നിയമസഭയിൽ അടിയന്തര പ്രമേയനോട്ടീസിന് തുടർന്ന് സംസാരിക്കവെ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 11 ചൊവ്വ
ഗൾഫ് ചന്ദ്രിക

ജില്ലയിലെ മുന്നറിയിപ്പ് സൈറണുകളുടെ പ്രവർത്തനക്ഷമത ഇന്ന് പരീക്ഷിക്കും

തിരൂർ:സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള മുന്നറിയിപ്പ് സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടക്കും. മലപ്പുറം ജില്ലയിലെ 8 സ്ഥലങ്ങളിൽ സ്ഥാപിച്ച സൈറണുകളും ഇന്ന് വൈകീട്ട് നാല് മണിക്കു ശേഷം മുഴങ്ങും. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ സ്ഥാപിച്ച 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് നടക്കുന്നത്.
ജി.എച്ച്.എസ്.എസ്. പാലപ്പെട്ടി, ജി.എച്ച്.എസ്.എസ്. തൃക്കാവ്, ജി.എം.എൽ.പി.എസ് കൂട്ടായി നോർത്ത്, ജി.യു.പി.എസ് പുറത്തൂർ പടിഞ്ഞാറെക്കര, ജി.എം.യു.പി.എസ് പറവണ്ണ, ജി.എഫ്.യു.പി.എസ് പരപ്പനങ്ങാടി ചെട്ടിപ്പടി, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ, ജി.വി.എച്ച്.എസ് കീഴുപറമ്പ് എന്നിവിടങ്ങളിലാണ് ജില്ലയിൽ സൈറണുകൾ സ്ഥാപിച്ചിട്ടുള്ളത്. പരീക്ഷണമായതിനാൽ സൈറണുകൾ മുഴങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓഫീസിൽ നിന്ന് അറിയിച്ചു.

സമദാനിയുടെ നന്ദി പ്രകടനം ഇന്ന് കുറ്റിപ്പുറത്ത്

കുറ്റിപ്പുറം : നിയുക്ത എം.പി ഡോ. എം.പി അബ്ദുസമദ് സമദാനി ഇന്ന് കുറ്റിപ്പുറം പഞ്ചായത്തിൽ വോട്ടർമാരെ കണ്ട് നന്ദി അറിയിക്കും. വൈകീട്ട് 3.30 ന് നടുവട്ടത്ത് നിന്നും നന്ദി പ്രകടനം ആരംഭിക്കും.
3. 45ന് പാഴൂർ, 3.55ന് ഊരോത്ത് പള്ളിയാൽ, 4ന് പകരനല്ലൂർ താഴങ്ങാടി, 4.15ന് ചെല്ലൂർ ജി .എൽ.പി സ്കൂൾ സമീപം, 4.30ന് മർക്കസ് മൂടാൽ, 4.40ന് കഴുത്തല്ലൂർ, 4.50ന് കുറ്റിപ്പുറം 5ന് എടച്ചലം, 5.10 ന് പേരശ്ശനൂർ, 5. 15ന് പൈങ്കണ്ണൂർ സമാപനം.

മലപ്പുറം വാർത്തകൾ

ചരിത്ര വിജയം

CLICK കേറി വാ മക്കളേ.../ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ച യു.ഡി.എസ്.എഫ് പ്രവർത്തകരുടെ ആഹ്ലാദം

അക്രമോത്സുക രാഷ്ട്രീയത്തെ തകർത്തെറിഞ്ഞ് വിദ്യാർഥികൾ

മലപ്പുറം: പാർലമെന്റ് തിരഞ്ഞെടുപ്പിന് പിന്നാലെ നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ തിരഞ്ഞെടുപ്പിലും ഇടതുപക്ഷത്തെ തള്ളിക്കളഞ്ഞ് പുതുതലമുറ. മുഴുവൻ ജനറൽ സീറ്റുകളിലും യു.ഡി.എസ്.എഫ് മുന്നണി വിജയിച്ചു. ജനാധിപത്യത്തെ അട്ടിമറിച്ച് വിജയം നേടാമെന്ന എസ്.എഫ്.ഐയുടെ വ്യാമോഹം തകർത്തു നൽകുന്ന വിധിയാണ് വിദ്യാർഥികളിൽ നിന്നുമുണ്ടായത്. സർക്കാരിന്റെ ജനദ്രോഹ, വിദ്യാർഥി ദ്രോഹ നടപടികൾക്കെതിരെ എസ്.എഫ്.ഐ തുടരുന്ന മൗനവും കലാലയത്തിൽ എസ്.എഫ്.ഐ നടത്തുന്ന അക്രമോത്സുകതക്കുമെതിരായ വിധിയെഴുത്തായി തിരഞ്ഞെടുപ്പ് മാറി. സർവകലാശാലയുടെ ചരിത്രത്തിലാദ്യമായാണ് ഇടത് ഭരണത്തിന് കീഴിൽ നടക്കുന്ന യൂണിവേഴ്സിറ്റി തിരഞ്ഞെടുപ്പിൽ യു.ഡി.എസ്.എഫ് ഭരണം പിടിക്കുന്നത്.

ചെയർപേഴ്സൺ
പി നിതിൻ ഫാത്തിമ

ജനറൽ സെക്രട്ടറി
പി മുഹമ്മദ് സഫ്വാൻ

അവസാന നിമിഷം വരെ തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ എസ്.എഫ്.ഐ ശ്രമമുണ്ടായിരുന്നു. വോട്ടെണ്ണൽ തടസപ്പെടുത്താൻ വരെ ശ്രമമുണ്ടായി. എന്നാൽ ജനാധിപത്യത്തെ സംരക്ഷിക്കാൻ എം.എസ്.എഫ്, കെ.എസ്.യു സഖ്യം കോട്ടകെട്ടിയതോടെ എസ്.എഫ്.ഐയുടെ രാഷ്ട്രീയ പാപ്പരത്തം തകരുന്ന കാഴ്ചയാണ് യൂണിവേഴ്സിറ്റിയിൽ കണ്ടത്. സർക്കാരിനെതിരായ വിദ്യാർഥി, യുവജന വികാരമാണ് തിരഞ്ഞെടുപ്പ് ഫലത്തിലൂടെ വ്യക്തമായത്. പൊതുതിരഞ്ഞെടുപ്പിന് പിന്നാലെ കലാലയ തിരഞ്ഞെടുപ്പിലും കനത്ത തിരിച്ചടിയാണ് പുതുതലമുറ ഇടത് പക്ഷത്തിന് നൽകിയത്. അക്രമോത്സുക രാഷ്ട്രീയത്തിനെതിരെ ജനാധിപത്യ, സൗഹാർദ്ദ രാഷ്ട്രീയം നേടിയ വിജയമായി തിരഞ്ഞെടുപ്പ് ഫലം മാറി.

CLICK യൂണിവേഴ്സിറ്റി യൂണിയൻ വിജയികളെ ആനയിച്ച് യു.ഡി.എസ്.എഫ് പ്രവർത്തകർ ആഹ്ലാദപ്രകടനം നടത്തുന്നു.

മാനവികതയിലൂന്നിയ വിദ്യാർഥി മുന്നേറ്റം: സമദാനി

മലപ്പുറം: മാനവിക മാനത്തിലും മതേതര അടിസ്ഥാനങ്ങളിലും ഊന്നിയുള്ള വിദ്യാർഥിത്വത്തിന്റെയും യുവ സമരസരണിയുടെയും മുന്നേറ്റമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ പിടിച്ചടക്കിയുള്ള യു.ഡി.എസ്.എഫ് വിജയം സൂചിപ്പിക്കുന്നതെന്ന് ഡോ.എം.പി അബ്ദു സമദ് സമദാനി പറഞ്ഞു കാമ്പസുകൾ അഭിലഷിക്കുന്നത് സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും അക്കാദമികമായ മികവിന്റെയും അന്തരീക്ഷമാണെന്നും ഈ വിജയം ഉദ്ഘോഷിക്കുന്നു. വർഷങ്ങൾക്ക് ശേഷമാണ് കാലിക്കറ്റിൽ വീണ്ടും യു.ഡി.എസ്.എഫ് വിദ്യാർഥി ശക്തി വിജയത്തേരിലേറുന്നത് എന്ന വസ്തുത നേതാക്കൾക്കും പ്രവർത്തകർക്കും അഭിമാനം പകരുന്നതാണ്. എം.എസ്.എഫ്, കെ.എസ്.യു ഭാരവാഹികൾക്കും പ്രവർത്തകർക്കും സർവോപരി വോട്ട് നൽകി വിജയം പ്രദാനം ചെയ്ത മുഴുവൻ വിദ്യാർഥികൾക്കും അഭിനന്ദനങ്ങൾ. യു.ഡി.എഫ് എന്ന കുടുംബത്തിന്റെ ഐക്യത്തിന്റെ കൂടി വിജയമാണിത്.

മുസ്‌ലിം ലീഗ് സോണൽ ലീഡേഴ്സ് മീറ്റ് വ്യാഴാഴ്ച

16 അസംബ്ലി മണ്ഡലങ്ങളിലെയും നേതാക്കളുടെ യോഗം 4 സോണുകളിലായി നടക്കും

മലപ്പുറം: ലോക് സഭാ തിരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ് നേടിയ തിളക്കമാർന്ന ചരിത്ര വിജയത്തിനുശേഷം തുടർന്നുള്ള സംഘടനാ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടി മുസ്‌ലിം ലീഗിന്റെയും പോഷക സംഘടനകളുടെയും നേതാക്കളുടെ യോഗം 13ന് നടക്കും.
ജില്ല മുതൽ പഞ്ചായത്ത് തലം വരെ നേതൃ സ്ഥാനങ്ങളിലുള്ളവരെ ഒരുമിച്ചു വിളിച്ചു ചേർത്ത് കൊണ്ട് 16 നിയോജകമണ്ഡലങ്ങളുടെയും നേതൃയോഗങ്ങൾ 4 സോണുകളിലായി വ്യാഴാഴ്ച രാവിലെയും ഉച്ചക്കുശേഷവുമായി ഒറ്റ ദിവസം സംഘടിപ്പിക്കുവാൻ മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റി പരിപാടികൾ ആവിഷ്കരിച്ചു.
ഏറനാട്, മലപ്പുറം, തിരൂരങ്ങാടി, തിരൂർ എന്നിവയാണ് നാല് സോണുകൾ. നിലമ്പൂർ, വണ്ടൂർ, മഞ്ചേരി, ഏറനാട് മണ്ഡലങ്ങൾ എടവണ്ണ മുണ്ടേങ്ങര പി.എസ് ഓഡിറ്റോറിയത്തിൽ സംഗമിക്കും. മലപ്പുറം, മങ്കട, പെരിന്തൽമണ്ണ, കൊണ്ടോട്ടി മണ്ഡലങ്ങൾ മലപ്പുറം കോട്ടക്കുന്നിലെ ഭാഷാ സമര സ്മാരക മന്ദിര ഹാളിൽ സമ്മേളിക്കും.
തിരൂരങ്ങാടി, വള്ളിക്കുന്ന്, താനൂർ, വേങ്ങര മണ്ഡലങ്ങൾ ചെമ്മാട് ടൗണിലെ സി.എച്ച്.എസ് സ്മാരക സൗധം ഹാളിൽ ഒത്തുചേരും. തിരൂർ, കോട്ടക്കൽ, തവനൂർ, പൊന്നാനി മണ്ഡലങ്ങൾ തിരൂർ സി.കെ കുഞ്ഞു ഹാജി സ്മാരക സൗധം ഹാളിൽ ഒരുമിച്ച് ചേരും. 13 ന് രാവിലെ 10 മണിക്ക് എടവണ്ണയിലും ചെമ്മാട്ടും ഉച്ചക്കുശേഷം 2 മണിക്ക് മലപ്പുറത്തും തിരൂരിലുമാണ് സോണൽ ലീഡേഴ്സ് മീറ്റുകൾ.
മുസ്‌ലിം ലീഗ്, മുസ്‌ലിം യൂത്ത് ലീഗ്, വനിതാ ലീഗ്, എം.എസ്.എഫ് എന്നീ സംഘടനകളുടെ അതാത് മണ്ഡലങ്ങളിലുള്ള ജില്ലാ ഭാരവാഹികൾ, നിയോജക മണ്ഡലം, മുനിസിപ്പൽ, പഞ്ചായത്ത് ഘടകങ്ങളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, ഉപാധ്യക്ഷന്മാർ, ഭരണം ഇല്ലാത്ത സ്ഥലങ്ങളിലെ പാർലമെന്ററി പാർട്ടി ലീഡർമാർ എന്നിവരാണ് ലീഡേഴ്സ് മീറ്റിൽ പങ്കെടുക്കുന്നത്.
മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികൾ നാലിടങ്ങളിലും പങ്കെടുക്കും. നേരത്തെ തീരുമാനിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി മലപ്പുറം, തിരൂരങ്ങാടി സോണൽ മീറ്റുകളുടെ സമയം പരസ്പരം മാറ്റിയിട്ടുണ്ടെന്ന് മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ അറിയിച്ചു. സോണൽ മീറ്റിൽ പങ്കെടുക്കുന്നതിനുവേണ്ടി മുകളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വിവിധ ഘടകങ്ങളുടെ നേതാക്കളെല്ലാം കൃത്യസമയത്ത് തന്നെ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണമെന്ന് അദ്ദേഹം അറിയിച്ചു.

വോട്ടേഴ്സ് ലിസ്റ്റ് പുതുക്കൽ:
പ്രയാസങ്ങൾ പരിഹരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറോട് ആവശ്യപ്പെട്ടു

മലപ്പുറം: തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് നിവേദനം നൽകി. ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുവാൻ അവസരം ഉണ്ടായിരുന്ന എല്ലാവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിലും വോട്ട് ചെയ്യാൻ അവസരം നൽകുന്ന വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു. ഹിയറിങ്ങിനു വേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള ആയിരക്കണക്കിന് വോട്ടർമാർ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നേരിട്ട് വരേണ്ടിവരുന്ന സാഹചര്യത്തിന് ബദൽ സംവിധാനങ്ങൾ ഒരുക്കണമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി. മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി കഴിഞ്ഞ ദിവസം ഈ ആവശ്യം പ്രമേയത്തിലൂടെ ഉന്നയിച്ചിരുന്നു.

പ്ലസ് വൺ പ്രവേശനം; രണ്ടാം അലോട്ട്മെന്റ് നാളെ

സീറ്റിനായി കാത്തിരിക്കുന്നത് 46,063 വിദ്യാർഥികൾ

മലപ്പുറം: പ്ലസ്‌വൺ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ബുധനാഴ്ച്ച വരാനിരിക്കെ ആശങ്കയോടെ വിദ്യാർഥികൾ. ആദ്യഘട്ട അലോട്ട്മെന്റിൽ നിന്നും പുറത്തായ ജില്ലയിലെ 46,063 വിദ്യാർത്ഥികളാണ് പ്രതീക്ഷയോടെ കാത്തിരിക്കുന്നത്. ആകെയുള്ള 50,207 മെറിറ്റ് സീറ്റിൽ 36,393 പേർക്കാണ് ആദ്യ അലോട്ട്മെന്റിൽ സീറ്റ് ലഭിച്ചത്. 19നാണ് അവസാന ഘട്ട അലോട്ട്മെന്റ്. അതേ സമയം അലോട്ട്മെന്റ് കിട്ടിയ വിദ്യാർത്ഥികളിൽ പകുതി പേരും പ്രവേശനം നേടിയതാകട്ടെ താൽകാലികമായും. ജില്ലയിലെ സീറ്റ് ക്ഷാമത്തിന്റെ രൂക്ഷത തെളിയിക്കുന്നതാണിത്. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർഥികൾക്ക് പോലും ഇഷ്ടമുള്ള വിഷയത്തിൽ ആദ്യ ഒപ്ഷനായി കൊടുത്ത സ്കൂളിൽ സീറ്റ് ലഭിച്ചില്ല എന്നതാണ് പ്രശ്നം. ആദ്യ അലോട്ട്മെന്റിൽ സീറ്റ് ലഭിച്ച 36393 പേരിൽ 17149 പേർ മാത്രമാണ് സ്ഥിരം പ്രവേശനം നേടിയത്. 16021 വിദ്യാർഥികളും അഡ്മിഷനെടുത്തത് താത്കാലികമായാണ്. 3109 പേർ പ്രവേശന നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടില്ല. 114 പേരുടെ അവസരം നിഷേധിക്കുകയും ചെയ്തു. സ്പോർട്സ് ക്വാട്ടയിലും സ്ഥിരം പ്രവേശനം നേടിയത് പകുതിയിൽ താഴെ പേർ മാത്രം. ആകെ അനുവദിച്ച 1179 സീറ്റിലേക്ക് 449 പേരാണ് സ്ഥിരം പ്രവേശനം നേടിയത്. 425 പേർ താത്കാലികമായും പ്രവേശനം നേടി. 304 പേർ പ്രവേശന നടപടികൾ പൂർത്തീകരിച്ചില്ല. ഒരാളുടെ പ്രവേശനം നിഷേധിക്കുകയും ചെയ്തു. എസ്.എസ്.എൽ.സി ഫലം പുറത്തുവന്നപ്പോൾ തന്നെ ജില്ലയിലെ സീറ്റുകളുടെ അപര്യാപ്തത ചർച്ചയായിരുന്നു. ഇത് തെളിയിക്കുന്നതാണ് പുതിയ സംഭവ വികാസങ്ങൾ. ജില്ലയിൽ നിന്നും ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പോലും ഇഷ്ടപ്പെടുന്ന സ്കൂളിലോ കോഴ്സിനോ അഡ്മിഷൻ ലഭിക്കില്ലെന്ന വാദം നേരത്തെ വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും വിവിധ സംഘടനകളും ഉന്നയിച്ചിരുന്നു. എന്നാൽ അതിനെ തീർത്തും അവഗണിക്കുകയായിരുന്നു സർക്കാർ ചെയ്തത്. ആദ്യഘട്ടത്തിൽ തന്നെ ജനറൽ വിഭാഗം, സംവരണ വിഭാഗത്തിലെ ഈഴവ-തിയ്യ, മുസ്‌ലിം, വിശ്വകർമ എന്നിവയിലെ മുഴുവൻ സീറ്റുകളും നിറഞ്ഞിരുന്നു. ഇനി ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ 998, ക്രിസ്ത്യൻ ഒ.ബി.സി 335, ഹിന്ദു ഒ.ബി.സി 483, പട്ടികജാതി 2731, പട്ടിക വർഗം 4508, ഭിന്നശേഷി 381, കാഴ്ചപരിമിതർ 215, ധീവര 663, കുശവൻ 253, കുടുംബി 366, സാമ്പത്തിക പിന്നാക്ക വിഭാഗം 2881 എന്നിവയിലായി ആകെ 13814 സീറ്റാണ് ഒഴിഞ്ഞുകിടക്കുന്നത്. ആദ്യ അലോട്ട്മെന്റ് ഫലം പ്രസിദ്ധീകരിച്ചത് പ്രകാരം ഇനിയും സീറ്റ് അനുവദിച്ചു കിട്ടാത്ത 46053 വിദ്യാർഥികളാണ് ജില്ലയിൽ അവസരം കാത്തിരിക്കുന്നത്. നാളെ പ്രസിദ്ധീകരിക്കുന്ന രണ്ടാം അലോട്ട്മെന്റിൽ പ്രതീക്ഷ വെച്ച് കാത്തിരിക്കുകയാണ് ജില്ലയിലെ വിദ്യാർഥികൾ.

ഹയർസെക്കന്ററി അധിക ബാച്ച്:
യൂത്ത് ലീഗ് നീതി സമരം 14ന്

മലപ്പുറം: എസ്.എസ്.എൽ.സി പരീക്ഷ ഫല പ്രഖ്യാപനം വന്ന് ദിവസങ്ങൾ പിന്നിട്ടിട്ടും തുടർ പഠനത്തിനാവശ്യമായ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിൽ മലപ്പുറം ജില്ലയോട് ഇടതു സർക്കാർ കാണിക്കുന്ന വിവേചനത്തിനെതിരെ മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റി പ്രഖ്യാപിച്ച സമരത്തിന്റെ ഭാഗമായി ഈ വരുന്ന പതിനാലിന് നിയോജക മണ്ഡലം കേന്ദ്രങ്ങളിൽ നീതി സമരം നടക്കുമെന്ന് പ്രസിഡന്റ് ഷരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫും പറഞ്ഞു. പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കാൻ പുതിയ ബാച്ച് അനുവദിക്കാതെ ഒരു ബാച്ചിൽ 70 ഓളം വരുന്ന കുട്ടികളെ കുത്തിനിറച്ച് പഠിപ്പിക്കാനുള്ള വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട് ജില്ലയോടുള്ള അവഗണനയും വിദ്യാർഥികളോടുള്ള മാനുഷിക വിവേചനവുമാണ്. ജില്ലയിലെ പത്താം ക്ലാസ് വിജയിച്ച ഇരുപത്തി അയ്യായിരത്തോളം വരുന്ന വിദ്യാർഥികൾക്ക് നിലവിലെ സാഹചര്യത്തിൽ തുടർ പഠനത്തിന് അവസരം കിട്ടാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ഫുൾ എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് പോലും ഇഷ്ടപ്പെട്ട സ്കൂളിലോ ഇഷ്ടപ്പെട്ട കോഴ്സോ തിരഞ്ഞെടുക്കാൻ പറ്റാത്ത സ്ഥിതിയുണ്ട്. സീറ്റ് നിഷേധിക്കപ്പെടുന്ന വിദ്യാർഥികളിൽ നല്ലൊരു പങ്കും മികച്ച വിജയനം നേടിയവരാണ്. ഓരോ പ്രദേശത്തും എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ വിദ്യാർഥികളുടെ കൃത്യമായ കണക്ക് സർക്കാറിന്റെ കയ്യിൽ ഉണ്ടായിട്ടും അതനുസരിച്ചുള്ള സീറ്റുകൾ ഉറപ്പു വരുത്താതെ താൽക്കാലിക സംവിധാനങ്ങൾ ആവർത്തിക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർന്ന് വരേണ്ടതുണ്ട്. പതിനാലിന് വെള്ളിയാഴ്ച വൈകുന്നേരമാണ് നിയോജക മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നീതി സമരം നടക്കുക.

അപേക്ഷിക്കാം

പാലക്കാട്: കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന എസ്.എസ്.എൽ.സി ക്യാഷ് അവാർഡിനായി ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0491 2546873.

ഇന്ത്യൻ ഫുട്ബോൾ ടീമിലേക്ക് തിരഞ്ഞെടുത്ത ആകാശിന് സ്വീകരണം

മണ്ണാർക്കാട്: ഹരിയാനയിൽ വെച്ച് നടന്ന ദേശീയ 9 എ സൈഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആകാശ് കുന്നത്തിന് തെങ്കര ന്യൂ ഹീറോസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും നാട്ടുകാരും ചേർന്ന് സ്വീകരണം നൽകി. ജില്ലയിൽ നിന്നും ആദ്യമായാണ് 9എ ഫുട്ബോളിൽ ദേശീയ ടീമിലേക്ക് ഒരാൾ തിരഞ്ഞെടുക്കപ്പെട്ടത്. സ്വീകരണ ചടങ്ങ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പ്രീത ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് മെമ്പർ റഷീദ് കോൽപ്പാടം അധ്യക്ഷനായി. ന്യൂഹീറോസ് ക്ലബ്ബ് പ്രസിഡന്റ് ഗിരീഷ് ഗുപ്ത,കെ.സുരേന്ദ്രൻ,സച്ചിൻ, സജിമോൻ.പി,സന്തോഷ് കുന്നത്ത്, വിഷ്ണു.എസ് തുടങ്ങിയവർ സംബന്ധിച്ചു.

ഇന്ത്യൻ ഫുട്ബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആകാശ് കുന്നത്തിന് തെങ്കരയിൽ നൽകിയ സ്വീകരണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പ്രീത ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് വാർത്തകൾ

ദുബൈ കെഎംസിസി പട്ടാമ്പി മണ്ഡലം കമ്മിറ്റിയുടെ റിലീഫ് വിതരണം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എ.എം.എ കരീം ഉദ്ഘാടനം ചെയ്യുന്നു

കെ.എം.സി.സി.സിയുടേത് തുല്യതയില്ലാത്ത ജീവകാരുണ്യ പ്രവർത്തനം-കരീം

പട്ടാമ്പി: തുല്യതയില്ലാത്ത ജീവകാരുണ്യ പ്രവർത്തനമാണ് കെ.എം.സി.സി.സിയുടേതെന്ന് മുസ്‌ലിംലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് സി.എ.എം.എ കരീം. വ്യക്തിപരമായ പ്രയാസങ്ങൾക്കിടയിലും മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ മടികാണിക്കാത്തവരാണ് പ്രവാസികൾ. ഏത് പ്രതിസന്ധി ഘട്ടങ്ങളിലും പ്രവാസികളുടെ സഹായമാണ് നമ്മുടെ ആശ്വാസം എന്നും കരീം പറഞ്ഞു. ദുബൈ കെ.എം.സി.സി പട്ടാമ്പി മണ്ഡലം കമ്മിറ്റിയുടെ റിലീഫ് വിതരണം പട്ടാമ്പി സി.എച്ച് സൗധത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദുബൈ കെ.എം.സി.സി സംസ്ഥാന വൈസ് പ്രസിഡന്റ് വി.മുഹമ്മദ് പട്ടാമ്പി അധ്യക്ഷത വഹിച്ചു. മുസ്‌ലിംലീഗ് സംസ്ഥാന സെക്രെട്ടറിയറ്റ് അംഗം എം.എ സമദ്, ജില്ലാ ഭാരവാഹികളായ പി.ടി മുഹമ്മദ്, വി.എം മുഹമ്മദാലി, മണ്ഡലം പ്രസിഡന്റ് ഇ.മുസ്തഫ മാസ്റ്റർ, ജനറൽസെക്രട്ടറി അഡ്വ.മുഹമ്മദാലി മാറ്റാംതടം, കെ.കെ.എം ശരീഫ്, ദുബൈ കെ.എം.സി.സി ജില്ലാ സെക്രട്ടറി അനസ് ആമയൂർ, ബാസിത് കൊപ്പം, സലീം മുതുതല, ഷാനവാസ് നാട്യമംഗലം, സി.എ ഷാഹിദ്, ടി.പി ഉസ്മാൻ, മുസ്തഫ പോക്കുപ്പടി, കെ.എ റഷീദ്, ഇസ്മായിൽ വിളയൂർ, പി.എം സൈഫുദ്ധീൻ, ഹംസ കൈപ്പുറം, അനസ് കൊടലൂർ, പി.ടി അവറാൻകുട്ടി, വി.അബ്ദുല്ലക്കുട്ടി, പി.അബ്ദുറഹിമാൻ, അബൂബക്കർ മുതുതല, കെ.സദഖത്തുള്ള, നാസർ നാട്യമംഗലം, കെ.എം മുജീബ്ദ്ധീൻ സംബന്ധിച്ചു.

അട്ടപ്പാടിയിൽ അഗ്നിരക്ഷാനിലയം വേണമെന്ന ആവശ്യം ശക്തം

സേനയുടെ മഴക്കാലയാത്ര ദുരിതം

പാലക്കാട്: അട്ടപ്പാടി മേഖലയിലേക്കുള്ള അഗ്നിരക്ഷാ സേനാംഗങ്ങളുടെ മഴക്കാലയാത്ര വേനൽക്കാലത്തേക്കാൾ പ്രതിസന്ധിയിൽ. ദൂരക്കുടുതൽ തന്നെയാണ് കാരണം. അട്ടപ്പാടി കേന്ദ്രീകരിച്ച് അഗ്നിരക്ഷാനിലയം സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനങ്ങളിൽ തുടർനടപടിക്രമങ്ങളും ആയിട്ടില്ല. ഇതോടെ ഈ മഴക്കാലത്തും അഗ്നിരക്ഷാ സേനയെ കാത്തിരിക്കുന്നത് ദുരിതയാത്ര തന്നെ. ചുരംപാതയിൽ മരംവീഴൽ, മണ്ണിടിച്ചിൽ എന്നിവയാണ് മഴക്കാലത്തുണ്ടാവുക. ദിവസങ്ങൾക്ക് മുമ്പും ചുരത്തിൽ കല്ലും മണ്ണും ഇടിഞ്ഞുവീണിരുന്നു. എല്ലാക്കാലത്തും രക്ഷാപ്രവർത്തനത്തിനായി വട്ടമ്പലത്തുനിന്ന് അഗ്നിരക്ഷാസേന അട്ടപ്പാടിയിലെത്തുന്നത് ഒരുമണിക്കൂറിലധികമെടുത്താണ്. വിദൂരമേഖലയിലാണെങ്കിൽ വീണ്ടും സമയമെടുക്കും.

മണ്ണാർക്കാടും അട്ടപ്പാടിയിലും ഒരേസമയം സേനയുടെ ആവശ്യം വന്നാൽ പ്രതിസന്ധി രൂക്ഷമാകും. സേനയ്ക്കു കീഴിലുള്ള സിവിൽ ഡിഫൻസ്, ആപ്തമിത്ര അംഗങ്ങൾ നിരവധിപേർ അട്ടപ്പാടിയിലുള്ളതാണ് ഏക ആശ്വാസം. എന്നാൽ സേനയുടെ സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചുള്ള രക്ഷാപ്രവർത്തനം ആവശ്യമായി വരുന്ന സമയത്ത് ചുരം താണ്ടി സേനയെത്തുകയേ മാർഗമുള്ളൂ. റെസ്ക്യൂ വാഹനങ്ങൾക്ക് ചുരത്തിലൂടെ അതിവേഗം സഞ്ചരിക്കാനാകില്ല. ഇതിനാൽ പെട്ടെന്നുള്ള രക്ഷാപ്രവർത്തനം അസാധ്യമായ സാഹചര്യമുണ്ടാകാറുണ്ട്. വേനൽക്കാലത്ത് തീപിടിത്തം പോലുള്ള സംഭവങ്ങളിൽ ഇത്തരം പ്രതിസന്ധി നേരിടാറുണ്ട്. സ്റ്റേഷൻ ഓഫീസർ സുൽഫീസ് ഇബ്രാഹിമിന്റെ നേതൃത്വത്തിലുള്ള 41 സേനയാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. മണ്ണാർക്കാട് അഗ്നിരക്ഷാനിലയത്തിന്റെ പരിധിയും വലുതാണ്. മണ്ണാർക്കാടിനു പുറമേ അട്ടപ്പാടി മുഴുവനും ഉൾപ്പെടുന്നു.അട്ടപ്പാടി കേന്ദ്രീകരിച്ച് അഗ്നിരക്ഷാനിലയം വേണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുന്നതാണ്.

മണ്ണാർക്കാട് അഗ്നിശമന ഓഫീസ്

ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് ഇന്ന്

പാലക്കാട്: കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് ഇന്ന് രാവിലെ 11ന് ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. സിറ്റിംഗിൽ ജില്ലയിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കുന്നതാണെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു. ഫോൺ: 0471 2315133.

അദാലത്ത് 28ന്

പാലക്കാട്: വനിതാ കമ്മിഷൻ ജില്ലാതല അദാലത്ത് ജൂൺ 28ന് രാവിലെ 10ന് പാലക്കാട് ഗവ ഗസ്റ്റ് ഹൗസ് ഹാളിൽ നടക്കും.

നിയമനം

പാലക്കാട്: ഷൊർണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിങ് ടെക്നോളജി ആൻഡ് ഗവ പോളിടെക്നിക് കോളെജിൽ പ്രിന്റിങ് ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിലെ ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും. പങ്കെടുക്കാൻ താൽപര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, ഫോട്ടോ എന്നിവ സഹിതം ജൂൺ ആറിന് രാവിലെ 11ന് കോളെജിൽ എത്തണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 04662 220440.

ഷൊർണൂരിൽ നാട്ടുകാരെ വട്ടംകറക്കി കുടിവെള്ള വിതരണം

ഷൊർണൂർ: വേനലിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകളിലൂടെ ഒരിറ്റുപോലും കുടിവെള്ളം എത്തിക്കാൻ കഴിയാത്തതിന് കാരണമായി ഷൊർണൂർ വാട്ടർ അതോറിറ്റി അധികൃതർ ചൂണ്ടിക്കാട്ടിയിരുന്നത് വറ്റിവരണ്ടുകിടന്ന ഭാരതപ്പുഴയെയായിരുന്നു. മഴക്കാലമെത്തി. പുഴ നിറഞ്ഞൊഴുകുന്നില്ലെങ്കിലും ചെറിയ തോതിലൊക്കെ ഒഴുക്കുണ്ട്. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ ആ ഒഴുക്കൊക്കെ മതി. എന്നാൽ പല ഇടങ്ങളിലും വെള്ളമെത്തുന്നില്ലെന്ന് പരാതി. ഭാരതപ്പുഴയിലെ കിണറിൽ നിന്ന് വാട്ടർ അതോറിറ്റി മോട്ടോറുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യാത്ത പ്രശ്നമൊന്നുമില്ല. പൈപ്പുകളിൽ വെള്ളത്തിന്റെ സാന്നിദ്ധ്യവുമുണ്ട്. പല ഭാഗത്തും പൈപ്പുകൾ പൊട്ടി വെള്ളം ലീക്കാവുന്നതും വാൾവുകൾ ലീക്കാവുന്നതുമാണ് പ്രശ്നം. ഈ തകരാറുകൾ വെള്ളത്തിന്റെ പ്രഷർ കുറക്കുകയും വീടുകളിൽ ആവശ്യത്തിന് വെള്ളം സംഭരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ സാഹചര്യം നിലനിൽക്കെ ദിവസത്തിൽ രാവിലെ മുതൽ ഉച്ചവരെ ഒരു ഭാഗത്തേക്കും ഉച്ചമുതൽ വൈകുന്നേരം വരെ മറ്റൊരു ഭാഗത്തേക്കും വെള്ളം വിതരണം ചെയ്യുന്നത് പ്രശ്നം സങ്കീർണമാക്കുന്നു. ജലവിതരണം ഒന്നിടവിട്ട ദിവസങ്ങളിലാക്കിയതാണ് സ്ഥിരം തലവേദന സൃഷ്ടിക്കുന്നത്. കേടായ വാൾവുകൾ മാറ്റുന്നതിനും പൊട്ടിയ പൈപ്പുകൾ മാറ്റുന്നതിനും അധികൃതരുടെ ഭാഗത്ത് ഒരു നടപടിയുമുണ്ടാകുന്നില്ല. ഫണ്ടില്ലാത്തതാണ് പ്രശ്നമെന്ന് സൂചനകളുണ്ടെങ്കിലും അത് തുറന്ന് പറയാനും അധികൃതർ തയ്യാറാകുന്നില്ല. കേടായ വാൾവുകളുടെ പാർട്സുകൾ മാറ്റിയാൽ ലീക്കുകൾ ഒഴിവാക്കാനാകും. കോയമ്പത്തൂരിലും മറ്റുമാണ് പാർട്സുകൾ ലഭിക്കുക. അതിന് പണം മുൻകൂർ നൽകുകയും വേണം. അതിനെന്താണ് തടസ്സമെന്ന് അധികൃതർ തുറന്നു പറയുന്നുമില്ല. ഷൊർണൂർ ടൗൺ മേഖലയിലാണ് കുടിവെള്ള പ്രശ്നം ജനങ്ങളെ വട്ടം കറക്കുന്നത്.

നെടുങ്ങോട്ടൂർ മേൽപ്പാലത്തിൽ പൈപ്പ് പൊട്ടി കുടിവെള്ളം പാഴാവുന്നു

പൂട്ടിയിട്ട വീട്ടിൽ മോഷണം സ്വർണാഭരണം നഷ്ടമായി

മണ്ണാർക്കാട്: തെങ്കരയിൽ പൂട്ടിയിട്ട വീട്ടിൽ മോഷണം. അരപ്പവൻ തൂക്കം വരുന്ന കമ്മൽ നഷ്ടപ്പെട്ടു. ആനമൂളി ചിറപ്പാടം സ്വദേശി മൊയ്തീന്റെ വീട്ടിലാണ് മോഷണം അരങ്ങേറിയത്. ഞായറാഴ്ച രാത്രിയിലാണ് സംഭവം നടന്നതെന്ന് കരുതുന്നു. മൊയ്തീൻ വിദേശത്താണ്. സമീപത്തുള്ള ബന്ധുവീട്ടിൽ പോയ വീട്ടുകാർ ഇന്നലെ രാവിലെ തിരിച്ചെത്തിയപ്പോഴാണ് വാതിൽ കുത്തിതുറന്ന നിലയിൽ കണ്ടത്. അലമാരയിലുള്ള തുണികളും മറ്റും മുറിയിൽ വാരിവലിച്ചിട്ട നിലയിലായിരുന്നു.അലമാരയിൽ സൂക്ഷിച്ചിരുന്ന കമ്മലാണ് നഷ്ടപ്പെട്ടത്. വിവരമറിയിച്ചപ്രകാരം മണ്ണാർക്കാട് പൊലിസ് സ്ഥലത്തെത്തി പരിശോധന നടത്തി.

രോഗീബന്ധു സംഗമവും ഫ്ലാഗ് ഓഫും ഇന്ന്

അലനല്ലൂർ: കനിവ് കർക്കിടാംകുന്ന് രോഗി ബന്ധു സംഗമവും പുതിയതായി വാങ്ങിയ ഹോം കെയർ വാഹനത്തിന്റെ ഫ്ലാഗ് ഓഫ് കർമ്മവും ഇന്ന് രാവിലെ 9 മണിമുതൽ കുളപ്പറമ്പ് അലയൻസ് ഓഡിറ്റോറിയത്തിൽ നടക്കും. പാലിയേറ്റീവ് ദിനത്തിൽ നടത്തിയ ബിരിയാണി ഫെസ്റ്റ് വഴി ലഭിച്ച തുക 12ലക്ഷം രൂപ നൽകിയാണ് പുതിയ ബൊലീറോ കാർ വാങ്ങിയത്. ജനപ്രതിനിധികളും തൊട്ടടുത്ത പാലിയേറ്റീവ് ക്ലിനിക്കിലെ ഭാരവാഹികളും പൗരപ്രമുഖരും ഒത്തുചേരുന്ന സംഗമം വൈകുന്നേരം 4മണി വരെ തുടരും.ഇത് സംബന്ധിച്ച് ചേർന്ന യോഗത്തിൽ പ്രസിഡന്റ് പി.കെ അബ്ദുൾഗഫൂർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഹംസ പുളിക്കൽ, ട്രഷറർ പി.കെ മുസ്തഫ, പി.പി.കെ അബ്ദുറഹിമാൻ, ടി.വി ഉണ്ണികൃഷ്ണൻ, പി.കെ അബ്ദുൾ നാസർ, ടി.പി ഷാജി, പി.കെ മുഹമ്മദാലി, എം. അബ്ദുൾ മജീദ്, ഉമ്മർ ചിങ്ങത്ത്, സുകുമാരൻ സംബന്ധിച്ചു.

സമദാനിക്ക് സ്വീകരണം നൽകും

തൃത്താല: നിയുക്ത എം.പി. ഡോ. അബ്ദുസമദ് സമദാനിക്ക് നാളെ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ യു.ഡി.എഫിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. രാവിലെ 8.30ന് ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവിൽ നിന്നും തുടങ്ങി പരുതൂർ പഞ്ചായയത്തിലെ നാടപറമ്പിൽ വൈകീട്ട് സമാപിക്കും.

അനുമോദിച്ചു

അലനല്ലൂർ: ഉണ്ണിയാൽ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു,എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ വിജയിച്ച വിദ്യാർഥികളെ അനുമോദിച്ചു. അന്തരിച്ച എ. എസ്.എൻ നായരുടെ ഓർമ്മക്കായ് മികവ് 2024 എന്ന നാമോദയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് അസീസ് ഭീമനാട് ചടങ്ങ് ഉദ്ഘാടനം ചെയ്തു.പി.കെ യാക്കൂബ് അധ്യക്ഷനായി.

മുസ്‌ലിം ലീഗ് പട്ടാമ്പി നിയോജകമണ്ഡലം കൊപ്പം മേഖല പൊളിറ്റിക്കൽ സ്കൂൾ ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ചെയ്യുന്നു

കൊപ്പം മേഖല പൊളിറ്റിക്കൽ സ്കൂൾ

കൊപ്പം: ലോക്സഭ തിരഞ്ഞെടുപ്പിൽ ആർക്ക് വോട്ട് ചെയ്യണമെന്ന മുസ്‌ലിം ലീഗിന്റെ ആഹ്വാനമാണ് ജനം കേട്ടതെന്നു മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം. രാഷ്ട്രീയത്തിൽ മുസ്‌ലിംലീഗ് പറയുന്നത് കേൾക്കാനാണ് ജനങ്ങൾക്ക് ഇഷ്ടം. ചരിത്രം അങ്ങനെയാണ്. സങ്കീർണമായ വിഷയങ്ങളിൽ ലീഗ് എന്ത് പറയുന്നു എന്ന് എല്ലാവരും കാതോർക്കും. അതിൽ രാഷ്ട്രീയമോ ജാതിയോ മതമോ ഇല്ല. എല്ലാവർക്കും ലീഗ് ആഹ്വാനം സ്വീകര്യമാണ്. ആ സ്വീകാര്യതയാണ് ലോക്സഭ തിരഞ്ഞെടുപ്പിൽ കണ്ടത്. രാഷ്ട്രീയം പറയാൻ സമുദായവും സമൂഹവും ആഗ്രഹിക്കുന്നത് ലീഗിലൂടെയാണ്. അതുകൊണ്ടാണ് പലരുടെയും അവ്യക്തവും അങ്കലാപ്പുളവാക്കുന്നതുമായ രാഷ്ട്രീയ അഭിപ്രായങ്ങളെ ജനം പുച്ഛിച്ചു തള്ളിയതെന്നും മാരായമംഗലം അഭിപ്രായപ്പെട്ടു. മുസ്‌ലിംലീഗ് നിയോജക മണ്ഡലം കമ്മിറ്റിയുടെ കൊപ്പം മേഖല പൊളിറ്റിക്കൽ സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മണ്ഡലം പ്രസിഡന്റ് ഇ.മുസ്തഫ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം.എ സമദ്, ജില്ലാ വൈസ്പ്രസിഡന്റ് പി.ടി മുഹമ്മദ് മാസ്റ്റർ, സെക്രട്ടറിമാരായ വി.എം മുഹമ്മദാലി, സി.എ സാജിത്, മണ്ഡലം സെക്രട്ടറി അഡ്വ.മുഹമ്മദാലി മാറ്റാംതടം, ട്രഷറർ കെ.കെ.എം ശരീഫ്, വി.ഹുസ്സൈൻകുട്ടി, ടി.കുഞ്ഞാപ്പ ഹാജി, കെ.എം മുഹമ്മദ്, കൊളക്കാട്ടിൽ കുഞ്ഞാപ്പു, അലി കുന്നുമ്മൽ, മുസ്തഫ പോക്കുപ്പടി, കെ.പി മുഹമ്മദാലി നെടുങ്ങോട്ടൂർ, റിയാസ് തിയ്യാട്ടിൽ, സി.പി മുസ്തഫ സംസാരിച്ചു. കൊപ്പം, തിരുവേഗപ്പുറ, വിളയൂർ, കുലുക്കല്ലൂർ പഞ്ചായത്തുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരാണ് പങ്കെടുത്തത്.

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 'മാവ് ഗ്രാമം' പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ അസീസ് നിർവഹിക്കുന്നു

'തിരുവേഗപ്പുറ ഇനി മാവ് ഗ്രാമം'

കൊപ്പം: തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 'മാവ് ഗ്രാമം' പദ്ധതിയുടെ ഉദ്ഘാടനം ലോക പരിസ്ഥിതി ദിനാചരണത്തിൽ നിർവഹിച്ചു. കഴിഞ്ഞ പഞ്ചായത്ത് ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതിയാണ് മാവ് ഗ്രാമം. കൊപ്പം വളാഞ്ചേരി റോഡിലെ വീതി കൂടിയ ഭാഗങ്ങളിലും, പഞ്ചായത്തിലെ വിവിധ സ്കൂളുകളിലുമാണ് പദ്ധതിയുടെ ഭാഗമായി മാവിൻ തൈകൾ നട്ടത്. പി.എച്ച്.സി, ആയുർവേദ ഡിസ്പെൻസറി തുടങ്ങിയ വിവിധ പൊതു സ്ഥാപനങ്ങളിലും തന്നെ തൈകൾ നട്ടുപിടിപ്പിക്കും. ഈ പ്രദേശങ്ങളിലെ ഭാവിയിലെ വികസന പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിലുള്ള കുറഞ്ഞ ഉയരത്തിൽ മാത്രം വളരുന്ന മികച്ച കായ്ഫലമുള്ള മുന്തിയ ഇനം ഒട്ടു മാവിൻ തൈകളാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. തൈകളുടെ പരിപാലനത്തിനായി തൊഴിലുറപ്പ് തൊഴിലാളികൾക്കും വാർഡ് മെമ്പർമാർക്കും പ്രത്യേകം ചുമതല നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തനമായി 50 സെന്റോ അതിലധികമോ സ്ഥലമുള്ള താല്പര്യമുള്ള കർഷകർക്ക് പൂർണ്ണമായും സൗജന്യമായി മാവിൻതോട്ടം തയ്യാറാക്കി നൽകുന്നതാണ്. 50 സെന്റിൽ താഴെ സ്ഥലമുള്ളവർക്ക് വീട്ടു വളപ്പിൽ നട്ട് വളർത്താനായി സ്ഥലത്തിന് ആനുപാതികമായ എണ്ണം തൈകൾ ലഭ്യമാക്കും. താല്പര്യമുള്ളവർ ജൂൺ 20 മുതൽ 30 നു ഇടയിലായി അതാത് വാർഡുകളിൽ നടക്കുന്ന ഗ്രാമസഭകൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ അസീസ് അറിയിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻമാരായ എം.രാധാകൃഷ്ണൻ, എ.കെ വാപ്പുമാസ്റ്റർ, ബുഷ്റ ഇഖ്ബാൽ, മെമ്പർമാരായ പി.ടി ഹംസ, എം.അബ്ബാസ്, കെ.ടി.എ മജീദ്, ഹസീന അസീസ്, മിന്നത്ത് ടീച്ചർ, സുനിത, കൃഷി ഓഫീസർ ബൈജു സംബന്ധിച്ചു.

മതന്യൂനപക്ഷങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ

പാലക്കാട്: കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ജില്ലാ കാര്യാലയത്തിൽ നിന്ന് 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വിവിധ വായ്പാ പദ്ധതികളിൽ പാലക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, അട്ടപ്പാടി താലൂക്കുകളിൽപ്പെട്ട മറ്റ് പിന്നോക്ക (ഒ.ബി.സി.) വിഭാഗങ്ങളിലും മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി എന്നീ മതന്യൂനപക്ഷ വിഭാഗങ്ങളിലും ഉൾപ്പെട്ടവരിൽ നിന്നും വായ്പാ അപേക്ഷ ക്ഷണിച്ചു. കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട അംഗങ്ങൾ കൂടുതലുള്ള അയൽക്കൂട്ടങ്ങളിലെ വനിതകൾക്കായുള്ള മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതിയിൽ (പലിശ 44.5 ശതമാനം) ഒരു കുടുംബശ്രീ സി.ഡി.എസിന് മൂന്ന് കോടി രൂപവരെ അനുവദിക്കുന്ന മൈക്രോ ക്രെഡിറ്റ് വായ്പക്കും ഇപ്പോൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി പാലക്കാട് നഗരത്തിൽ വെസ്റ്റ് ഫോർട്ട് റോഡിൽ യാക്കര റെയിൽവേ ഗേറ്റിന് സമീപം കെ.ടി.വി. ടവേഴ്സിൽ പ്രവർത്തിക്കുന്ന കെ.എസ്.ബി.സി.ഡി.സി. ജില്ലാ കാര്യാലയവുമായി ബന്ധപ്പെടണമെന്ന് അസിസ്റ്റന്റ് മാനേജർ അറിയിച്ചു. ഫോൺ: 0491 2505366, 0491 2505367.

ബക്രീദ് ഖാദി മേള

പാലക്കാട്: കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിലുള്ള വിൽപ്പന കേന്ദ്രങ്ങളിൽ ഖാദി തുണിത്തരങ്ങൾക്ക് ജൂൺ പത്ത് മുതൽ 15വരെ 20 മുതൽ 30ശതമാനം വരെ ഗവ. റിബേറ്റ് അനുവദിച്ചു. ഖാദി ബോർഡിന്റെ കീഴിലുള്ള ഖാദി ഗ്രാമ സൗഭാഗ്യ, കോട്ടമൈതാനം, ടൗൺ ബസ്സ്റ്റാന്റ് കോംപ്ലക്സ്, കോങ്ങാട് മുനിസിപ്പൽ കോംപ്ലക്സ്, തൃത്താല, കുമ്പിടി എന്നിവടങ്ങളിലുള്ള ഖാദി ഷോറൂമുകളിലും മണ്ണൂർ, ശ്രീകൃഷ്ണപുരം, പട്ടഞ്ചേരി, കളപ്പെട്ടി, വിളയോടി, എലപ്പുള്ളി, കിഴക്കഞ്ചേരി, മലക്കുളം, ചിതലി എന്നീ ഗ്രാമശിൽപ്പകളിലും പ്രത്യേക മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. മേളയോടനുബന്ധിച്ച് എല്ലാ വിൽപ്പനശാലകളിലും ഖാദി കോട്ടൺ, സിൽക്ക്, മനില ഷർട്ടിങ് എന്നീ തുണിത്തരങ്ങളും തേൻ മറ്റു ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളും ഒരുക്കിയിട്ടുണ്ട്. ഗവ.ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു. ഫോൺ: 0491 2534392

തെയ്യോട്ടുച്ചിറ നേർച്ച; ദിക്റ് ദുആ സമ്മേളനം ഇന്ന്

മണ്ണാർക്കാട്: തെയ്യോട്ടുചിറ കമ്മു സൂഫി ആണ്ട് നേർച്ചയുടെ പ്രധാന സംഗമമായ ദിക്റ് ദുആ സമ്മേളനവും കെ.എം.ഐ.സി സിൽവർ ജൂബിലിയുടെ സമാപനവും ഇന്ന് വൈകീട്ട് 8 മണിക്ക് നടക്കും.76 യുവ പണ്ഡിതർ സനദ് സ്വീകരിക്കും.സമസ്ത പ്രസിഡന്റ് ഉലമ സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു.തെയ്യോട്ടുച്ചിറ മഹല്ല് കമ്മിറ്റി ചെയർമാനും ഖാസിയുമായ പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ അധ്യക്ഷനാവും.സമസ്ത വൈസ് പ്രസിഡന്റ് നെല്ലായ കുഞ്ഞി മുഹമ്മദ് മുസ് ലിയാർ സ്ഥാന വസ്ത്ര വിതരണം നടത്തും.

കെ.എം.ഐ.സി പ്രിൻസിപ്പൽ സി. എച്ച് അബ്ദുറഹ്മാൻ വഹാബി സനദ് ദാന പ്രഭാഷണം നിർവഹിക്കും. ഷുക്കൂർ മദനി അമ്മിനിക്കാട് അനുസ്മരണ പ്രഭാഷണം നിർവഹിക്കും. തുടർന്ന് നടക്കുന്ന ആയിരങ്ങൾ പങ്കെടുക്കുന്ന ദിക്റ് ദുആ സമ്മേളനത്തിന് പ്രമുഖ സൂഫീവര്യനായ ശൈഖുന ഏലംകുളം ബാപ്പു മുസ് ലിയാർ നേതൃത്വം നൽകും. ഇന്നലെ രാവിലെ നടന്ന ഉലമറ സംഗമം സമസ്ത കേന്ദ്ര മുശാവറ ഹൈദർ ഫൈസി പിണങ്ങാങ്ങര ഉദ്ഘാടനം ചെയ്തു. സയ്യിദ് ഇമ്പിച്ചി കോയ തങ്ങൾ കൊടക്കാട് അധ്യക്ഷനായി. സ്വാലിഹ് അൻവരി ചേകനൂർ മുഖ്യപ്രഭാ

മാധ്യമ പ്രവർത്തകരുടെ പെൻഷൻ കുടിശിക അനുവദിക്കണം

കണ്ണൂർ: മാധ്യമ പ്രവർത്തകരുടെയും ജീവനക്കാരുടെയും പെൻഷൻ കുടിശിക എത്രയും വേഗം അനുവദിക്കണമെന്ന് സീനിയർ ജേർണലിസ്റ്റ് യൂണിയൻ കേരള ജില്ല കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ക്ഷേമപെൻഷൻ കുടിശിക നൽകുന്നതിനൊപ്പം മാധ്യമ പ്രവർത്തകരുടെയും ജീവനക്കാരുടെയും പെൻഷൻ കുടിശിക കൂടി അനുവദിക്കണം. ടി.പി വിജയൻ അധ്യക്ഷനായി. ഹനീഫ കുരിക്കളകത്ത്, മുഹമ്മദ് മുണ്ടേരി, ഇ.എം രഞ്ജിത്ത്ബാബു, കെ.സി രാജഗോപാലൻ, മട്ടന്നൂർ സുരേന്ദ്രൻ സംസാരിച്ചു.

കെപി മൂസ ഹാജിക്ക് സ്വീകരണം

കണ്ണൂർ: എസ്ടിയു സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കെപി മൂസ ഹാജിക്ക് ഇന്ന് മൂന്നിന് എസ്ടിയു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എസ്ടിയു ഓഫീസിൽ സ്വീകരണം നൽകും. മുസ്‌ലിം ലീഗ് ജില്ലാ ജന. സെക്രട്ടറി കെടി സഹദുല്ല ഉദ്ഘാടനം ചെയ്യും. എസ്ടിയു ദേശീയ വൈസ് പ്രസിഡന്റ് എംഎ കരീം അനുമോദന പ്രസംഗം നടത്തും. എസ്ടിയു ജില്ലാ പ്രവർത്തക സമിതി അംഗങ്ങൾ, ഫെഡറേഷൻ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കണമെന്ന് ജന. സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ അറിയിച്ചു.

എസ്കെജെഎം വിംഗുകൾ

കണ്ണൂർ: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ കമ്മിറ്റിയുടെ ജില്ലാ മുദരിബ്, കിഫായ, മീഡിയ വിംഗുകൾ രൂപീകരിച്ചു. കിഫായ വിംഗ്–സന്നദ്ധ സേവനം: കെ.ടി മുഹമ്മദ് ഫൈസി (ചെയ), അശ്റഫ് മൗലവി കുന്നുങ്കൈ (കൺ). മുദർരിബ് സമിതി: മുജീബുറഹ്മാൻ അൻസാരി (ചെയ), ഇവി അശ്രഫ് മൗലവി (കൺ). മീഡിയ വിംഗ്: അബ്ദുല്ലത്തീഫ് മൗലവി എടവച്ചാൽ (ചെയ), സി.വി ഇൻശാദ് മൗലവി (കൺ). സത്താർ മൗലവി വളക്കൈ അധ്യക്ഷനായി. സിദ്ദീഖ് ഫൈസി വെൺമണൽ, മാണിയൂർ മുഹമ്മദ് റഫീഖ് ഫൈസി ഇർഫാനി, ഇസ്സുദ്ദീൻ നിസാമി പൊതുവാച്ചേരി സംബന്ധിച്ചു.

കണ്ണൂർ വാർത്തകൾ

സെൻട്രൽ ജയിൽ മതിലിന് ബലക്ഷയമുണ്ടെന്ന് സൂപ്രണ്ടിന്റെ റിപ്പോർട്ട്

കണ്ണൂർ:കണ്ണൂർ സെൻട്രൽ ജയിലിലെ കെട്ടിടങ്ങൾക്കും മതിലുകൾക്കും ബലക്ഷയമുണ്ടെന്ന് സെൻട്രൽ ജയിൽ സൂപ്രണ്ട് മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. 154 വർഷം പഴക്കമുള്ള ജയിലിൽ ജീവനക്കാരുടെ കുറവും വലിയ പ്രതിസന്ധിയുണ്ടാക്കുന്നതായി സൂപ്രണ്ട് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ജയിലിന് സുരക്ഷാ ഭീഷണിയുണ്ടെന്നാരോപിച്ച് സമർപ്പിച്ച പരാതിയിൽ കമ്മീഷൻ ആക്റ്റിംഗ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ട റിപ്പോർട്ടിലാണ് സൂപ്രണ്ട് ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ വർഷം ജൂണിലുണ്ടായ കനത്ത മഴയിൽ മൂന്നര മീറ്റർ ഉയരത്തിൽ ജയിലിനെ ചുറ്റുന്ന പ്രധാന മതിലിന്റെ ഒരു ഭാഗം തകർന്നപ്പോൾ പവർ ഫെൻസിംഗ് സംവിധാനവും ജയിൽ സുരക്ഷാ കേബിളും മുറിഞ്ഞുപോയതായി റിപ്പോർട്ടിൽ പറയുന്നു. ആയിരത്തിലേറെ തടവുകാരുടെ ബാഹുല്യം നിരന്തരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുന്നതായി റിപ്പോർട്ടിലുണ്ട്. ഇത് ജയിൽ ഭരണ നിർവഹണത്തെയും ജയിൽ സുരക്ഷയെയും ഗുരുതരമായി ബാധിക്കുമെങ്കിലും അനിഷ്ട സംഭവങ്ങളില്ലാതെ ജയിൽ സുരക്ഷ ഉറപ്പാക്കുന്നതിന് മതിയായ താൽക്കാലിക സംവിധാനം ഒരുക്കിയതായി റിപ്പോർട്ടിൽ പറയുന്നു. മതിൽ പുനർ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം ഇരുമ്പ് ഷീറ്റ് ഉപയോഗിച്ച് താത്കാലിക മതിലൊരുക്കി. മതിലിന്റെ ഇരുഭാഗത്തും 24 മണിക്കൂറും കനത്ത ജാഗ്രത തുടർന്നു. മതിൽ പുനർ നിർമ്മിച്ചാൽ മാത്രമേ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇതിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ അനുമതി വാങ്ങിയിട്ടുണ്ട്. പരാതിയുടെ ഗൗരവം ഉൾക്കൊണ്ട് ജയിൽ അധികൃതർ നടപടി സ്വീകരിച്ച സാഹചര്യത്തിൽ കമ്മീഷൻ കേസ് തീർപ്പാക്കി. മനുഷ്യാവകാശ പ്രവർത്തകനായ അഡ്വ. വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

കലണ്ടർ പ്രകാശനം

തളിപ്പറമ്പ്: കരിമ്പം ഗവൺമെന്റ് എൽപി സ്കൂളിൽ ദിനാചരണ കലണ്ടർ ബിആർസി ട്രെയിനർ എസ്എ ജീവാനന്ദ് പ്രകാശനം ചെയ്തു. എംവി സിനൂജ ഏറ്റുവാങ്ങി. കെ റീനാഭായി അധ്യക്ഷയായി. ഷീമ സൂസി വില്യംസ്, എൻ സ്മിത, കെവി മെസ്മർ, ഷീജ ജോസ് സംസാരിച്ചു.

സ്പോർട്സ് ക്വാട്ട: അപേക്ഷ സമർപ്പണം

കണ്ണൂർ: തളിപ്പറമ്പ് സർസയ്യിദ് കോളജിൽ ഒന്നാം വർഷ പിജി പ്രോഗ്രാമുകളിൽ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഓൺലൈൻ അപേക്ഷയുടെ കോപ്പിയും സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ കോപ്പിയും കോളജ് ഓഫീസിൽ സമർപ്പിക്കണം. വിവരങ്ങൾക്ക് ഫോൺ: 0460 2203217, 2205866, 9744518208.

ചിറ്റാരിപ്പറമ്പിൽ ബിജെപി പ്രവർത്തകന്റെ വീട്ടിനു നേരെ ബോംബേറ്

കൂത്തുപറമ്പ് നരവൂരിൽ ബി.ജെ.പി പ്രവർത്തകന്റെ വീടിന് സമീപത്ത് ബോംബ് പൊട്ടാതെ കിടക്കുന്നു

കൂത്തുപറമ്പ്:ചിറ്റാരിപ്പറമ്പ് നരവൂരിൽ ബി.ജെ.പി പ്രവർത്തകന്റെ വീടിന് നേരെ ബോംബേറും സിപിഐ നേതാവിന്റെ സ്ഥാപനത്തിൽ റീത്തും വെച്ചു. അക്രമത്തിന് പിന്നിൽ സിപിഎം പ്രവർത്തകർ ആണെന്നാണ് ആരോപണം. നരവൂരിലെ ചെറുവളത്ത് ഹൗസിൽ സി.വിനീഷിന്റെ വീടിന് നേരെയാണ് ബോംബേറുണ്ടായത്.

സമീപത്തെ സി.പി.ഐ ബ്രാഞ്ച് സെക്രട്ടറി പി ശൈലജയുടെ പീടികയിലാണ് റീത്ത് വച്ച നിലയിൽ കണ്ടെത്തിയത്. ബോംബേറിൽ വിനീഷിന്റെ വീടിന്റെ ഷീറ്റ് കൊണ്ട് നിർമ്മിച്ച കാർപോർച്ചിന് കേടുപാടുകൾ പറ്റിയിട്ടുണ്ട്.സമീപത്തു നിന്നു പൊട്ടാതെ ഒരു സ്റ്റീൽ ബോംബ് പൊലീസ് കണ്ടെത്തി.ഞായറാഴ്ച അർദ്ധരാത്രിയോടെയായിരുന്നു സംഭവം.നരേന്ദ്രമോദിയുടെ സത്യപ്രതിജ്ഞ ചടങ്ങിൽ ആഹ്ലാദം പ്രകടിപ്പിച്ച്ഞായറാഴ്ച വൈകീട്ട് പടക്കം പൊട്ടിച്ചിരുന്നു. ഇതിനു പിന്നാലെയാണ് ബോംബേറുണ്ടായത്. ഇന്നലെ രാവിലെ കട തുറക്കാനെത്തിയപ്പോഴാണ് മുൻവശത്ത് പച്ചിലകൾ കൊണ്ടുള്ള റീത്ത്ശ്രദ്ധയിൽ പെട്ടത്. കൂത്തുപറമ്പ് എസിപി കെവി വേണുഗോപാലിന്റെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി.

വഖ്ഫ് ബോർഡ് ജുഡീഷ്യൽ സിറ്റിംഗ് 13 ന്

കണ്ണൂർ:കേരള സംസ്ഥാന വഖ്ഫ് ബോർഡ് കണ്ണൂർ ഡിവിഷണൽ ഓഫീസിന് കീഴിൽ കണ്ണൂർ,കാസർകോട് ജില്ലകളിലെ വഖ്ഫുകളുമായി ബന്ധപ്പെട്ട് ജൂൺ 15 ന് നടത്താൻ തീരുമാനിച്ച ബോർഡ് ജുഡീഷ്യൽ സിറ്റിംഗ് ജൂൺ 13 ന് നടക്കുമെന്ന് കണ്ണൂർ ഡിവിഷണൽ ഓഫീസർ അറിയിച്ചു.

അധ്യാപക ഒഴിവ്

പാനൂർ: കടവത്തൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വിഎച്ച്എസ്ഇ വിഭാഗത്തിൽ നോൺ വെക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ), നോൺ വെക്കേഷണൽ ടീച്ചർ (ഗണിതം) എന്നീ തസ്തികകളിൽ താൽക്കാലിക ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ 20 ന് രാവിലെ സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഓഫിസിൽ ഹാജരാകണം. ഫോൺ: 9447642495, 944704 2479

പി.ജി. അഡ്മിഷൻ: മുസ്‌ലിം കമ്മ്യൂണിറ്റി മെറിറ്റ് അപേക്ഷ

കണ്ണൂർ: തളിപ്പറമ്പ് സർസയ്യിദ് കോളജിൽ ഒന്നാം വർഷ പി.ജി പ്രോഗ്രാമുകളിൽ മുസ്‌ലിം കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഓൺലൈൻ അപേക്ഷ നൽകിയ ശേഷം കോളജ് വെബ്സൈറ്റിൽ (www.sirsye dcolle ge.ac.in) ലഭിക്കുന്ന ലിങ്കിൽ ജൂൺ 11 മുതൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോ ൺ: 0460 2203217,22 05866.

നെബുലൈസേഷൻ കോർണർ

തളിപ്പറമ്പ്: താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി കാഷാൽറ്റിയിൽ രോഗികൾക്കായുള്ള നെബുലൈസേഷൻ കോർണർ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.തളിപ്പറമ്പ് നഗരസഭ സ്ഥിരംസമിതി അധ്യക്ഷ നഫീസ ബീവി അദ്ധ്യക്ഷയായി. പിആർ സീന, ടിടി ഖമറു സമാൻ, എൻ ജുനൈദ്, കെവി ശ്രീലത, എഎൻ രതീഷ്, ഉമേശൻ, പ്രകാശൻ, ഗംഗാധരൻ സംസാരിച്ചു.

ഐ.ടി.ഐ പ്രവേശനം

ചെറുപുഴ: പെരിങ്ങോം സി.ആർ.പി.എഫ്. കേന്ദ്രത്തിനടുത്തുള്ള പെരിങ്ങോം ഗവ. ഐ.ടി.ഐ. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. രണ്ടുവർഷം ദൈർഘ്യമുള്ള മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഒരു വർഷം ദൈർഘ്യമുള്ള വെൽഡർ ട്രേഡുകളാണുള്ളത്. ০০০. ശേമറാശശൈീ.സല്യമഹ മ.ഴീ.ശി പോർട്ടലിൽ നേരിട്ടോ അക്ഷയ സെന്റർ വഴിയോ അപേക്ഷ സമർപ്പിക്കാം. ഫോൺ: 04985 236266, 9497671940.

ബുസ്താനുൽ ഉലൂം അറബിക് കോളജ് വിദ്യാർത്ഥി സംഘടന സബാഹിന്റെ പ്രവർത്തനോദ്ഘാടനം സയ്യിദ് നൗഫൽ അലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു.

സബാഹ് പ്രവർത്തനോദ്ഘടനം

മാണിയൂർ: പാറാൽ ബുസ്താനുൽ ഉലൂം അറബിക് കോളജ് വിദ്യാർത്ഥി സംഘടന സബാഹിന്റെ പ്രവർത്തനോദ്ഘാടനം സയ്യിദ് നൗഫൽ അലി ശിഹാബ് തങ്ങൾ നിർവഹിച്ചു. സി കെകെ മാണിയൂർ അധ്യക്ഷനായി. ജംഷീദ് ബാഖവി അൽ-ഹൈത്തമി സ്വാഗതം പറഞ്ഞു. കണ്ണൂർ കോർപ്പറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ, ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി റജിസ്ട്രാർ ഡോ. റഫീഖലി ഹുദവി മുഖ്യാതിഥിയായി. സി.കെ മുസ്തഫ ഹാജി പടന്നോട്ട്, ഇബ്രാഹിം എടവച്ചാൽ, അബ്ദുല്ല ഫൈസി മാണിയൂർ, അബ്ദുറഹ്മാൻ ഹുദവി, സൈദ് മുഹമ്മദ് ഫൈസി, റഷാദ് ഹുദവി, അനസ് ഹുദവി, സൽമാൻ വാഫി, ദിൽഷാദുൽ ഹഖ് വാഫി, യാസീൻ മുഹമ്മദ് സംസാരിച്ചു.

തളിപ്പറമ്പ് സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികൾക്കുള്ള അനുമോദനം തളിപ്പറമ്പ് ഡിവൈഎസ്പി പി പ്രമോദ് ഉദ്ഘാടനം ചെയ്യുന്നു.

ഉന്നത വിജയികളെ ആദരിച്ചു

തളിപ്പറമ്പ്: സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂളിൽനിന്ന് എസ്എസ്എൽസി പ്ലസ്ടു, എൻഎംഎംഎസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും എംബിബിഎസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ പൂർവവിദ്യാർത്ഥി മിസാജു നിഹാല, കണ്ണൂർ സർവകലാശാലയിൽനിന്ന് ബിഎ ഇംഗ്ലീഷിൽ ഒന്നാം റാങ്ക് നേടിയ ആസിയ അലി എന്നിവരെയും സ്കൂൾ മാനേജ്മെന്റും പിടിഎയും സ്റ്റാഫും സംയുക്തമായി ആദരിച്ചു.

തളിപ്പറമ്പ് ഡിവൈഎസ്പി പി പ്രമോദ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ പികെ സുബൈർ അധ്യക്ഷനായി. കെ.പി മുഹമ്മദ്കുഞ്ഞി ഹാജി, സിപിവി അബ്ദുല്ല, പി.പി മുഹമ്മദ് നിസാർ, കൊടിയിൽ സലീം, പിടിഎ പ്രസിഡന്റ് മുഹമ്മദ്കുഞ്ഞി കൊടിയിൽ, കെ മുഹമ്മദ്കുട്ടി ഹാജി, പ്രിൻസിപ്പൽ എംടികെ ഇസ്മാഈൽ, പ്രധാനാധ്യാപകൻ കെ മുഹമ്മദ്കുഞ്ഞി, ടി ഹാഷിം, സ്റ്റാഫ് സെക്രട്ടറി കെവിടി മുസ്തഫ പ്രസംഗിച്ചു.

എംഎസ്എഫ് ട്യൂഷൻ സെന്റർ എംകെ അബ്ദുൽഖാദർ ഉദ്ഘാടനം ചെയ്യുന്നു

എംഎസ്എഫ് ട്യൂഷൻ സെന്റർ

പേരാവൂർ: എംഎസ്എഫ് വിളക്കോട് ട്യൂഷൻ സെന്റർ ഗ്ലോബൽ ഇന്ത്യ പബ്ലിക് സ്കൂൾ ഡയറക്ടർ എംകെ അബ്ദുൽഖാദർ ഉദ്ഘാടനം ചെയ്തു. മുസ്‌ലിംലീഗ് ശാഖ പ്രസിഡന്റ് അബൂബക്കർ പയ്യമ്പള്ളി, ജനറൽ സെക്രട്ടറി സാലിഹ് മാസ്റ്റർ, ഗ്രാമപഞ്ചായത്ത് മെമ്പർ കെവി അബ്ദുൽറഷീദ്, അബ്ദുൽസലാം സംസാരിച്ചു.

ലോഗോ ക്ഷണിച്ചു

കണ്ണൂർസിറ്റി: സിറ്റിയുടെ കൂട്ടായ്മയായ സ്നേഹസല്ലാപം നവമാധ്യമ കൂട്ടായ്മയുടെ അഞ്ചാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തുന്നതിനുവേണ്ടി അഞ്ചാം വാർഷിക ലോഗോ ക്ഷണിച്ചു. citysnehasallapam@gmail.com എന്ന ഇ-മെയിലോ, 9037 70 6991 എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്കോ 20ന് മുമ്പ് അയക്കാം.

വളപട്ടണം പുഴയിലേക്ക് സോളാർ ബോട്ടെത്തുന്നു

അഴീക്കൽ–മാട്ടൂൽ–പറശ്ശിനി സർവീസിനാണ് ബോട്ട്

കണ്ണൂർ: വളപട്ടണം പുഴയിൽ ജലഗതാഗതത്തിന് കൂടുതൽ സൗകര്യമൊരുക്കി സോളാർ ബോട്ട് എത്തുന്നു. ജലഗതാഗത വകുപ്പ് നിർമ്മിക്കുന്ന രണ്ട് സോളാർ ബോട്ടുകളിൽ ഒന്നാണ് അഴീക്കൽ– മാട്ടൂൽ–പറശ്ശിനിക്കടവ് സർവീസിനെത്തുന്നത്. നിലവിൽ സർവീസ് നടത്തുന്ന ബോട്ട് കാലപ്പഴക്കം കാരണം അപകടാസ്ഥയിലാണ്.

സോളാർ ബോട്ട് എത്തുന്നതോടെ ഉൾനാടൻ ജലഗതാഗതത്തോടൊപ്പം ടൂറിസം മേഖലയിൽ വലിയ ഉണർവാണ് ഉണ്ടാവുക. ശബ്ദമോ അന്തരീക്ഷ മലിനീകരണമോ ഇല്ലാതെ സുരക്ഷ സൗകര്യമുള്ളതാണ് സോളാർ ബോട്ടുകൾ. ഉൾനാടൻ ജലഗതാഗത മേഖലയുടെ വളർച്ചക്കായി 2017 ജനുവരിയിലാണ് സംസ്ഥാനത്ത് ആദ്യത്തെ സോളാർ ബോട്ട് ആദിത്യ വൈക്കം– തവണക്കാവ് സർവീസ് ആരംഭിച്ചത്. ഇത് വിജയമാണെന്ന് കണ്ടെത്തിയാണ് പുതിയ ബോട്ടുകൾ നിർമിക്കുന്നത്.

നിലവിൽ സർവീസ് നടത്തുന്ന ബോട്ട് കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണ്.ഇതിനെതിരെ നാട്ടുകാർ നിരന്തരം പരാതിയും നൽകിയിരുന്നു. ഇതിനിടയിലാണ് പുതിയ ബോട്ട് ഉടനെത്തുമെന്ന പ്രഖ്യാപനം ഉണ്ടായത്. കെ.വി സുമേഷ് എം.എൽ.എ സഭയിൽ ഉന്നയിച്ച സബ്മിഷന് മറുപടിയായി ഗതാഗതമന്ത്രി കെ.ബി ഗണേഷ്കുമാർ ഈ കാര്യം അറിയിച്ചത്. ജലഗതാഗത വകുപ്പിനു കീഴിൽ നിർമാണം പൂർത്തിയാവുന്ന രണ്ട് ബോട്ടുകളിൽ ഒന്നാണ് കണ്ണൂരിന് ലഭിക്കുക. 70 സീറ്റുള്ള ബോട്ടായിരിക്കും കണ്ണൂരിലെത്തുക. ജലഗതാഗത വകുപ്പിന് കീഴിലുള്ള സോളാർ ബോട്ടിൽ 30/70/100 സീറ്റുകളാണ് ഉള്ളത്. വളപട്ടണം പുഴയിലൂടെയുള്ള ജലഗതാഗതത്തോടൊപ്പം വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിക്കാനാണ് ബോട്ട് സർവീസ് ആരംഭിച്ചത്. എന്നാൽ ഇടക്ക് മുടങ്ങിയെങ്കിലും ഡബിൽ ഡക്കർ ബോട്ട് പുനരാരംഭിച്ചെങ്കിലും ജനകീയമായില്ല.

ചെലവ് കുറയും സോളാർ ബോട്ട്

മലീനീകരണത്തോടൊപ്പം ചെലവും കുറയും എന്നതാണ് സോളാർ ബോട്ടിന്റെ പ്രത്യേകത. ഡീഡൽ ബോട്ടിന് പ്രതിദിനം ശരാശരി 8000 രൂപവരെ ചെലവുണ്ടാവും. എന്നാൽ സോളാറിൽ പ്രവർത്തിക്കുന്ന ബോട്ടിന് 1500ലും താഴെയാണെന്ന് വിദഗ്ധർ പറയുന്നു.

നിലവിൽ ജലഗതാഗത വകുപ്പിന് 60 യാത്രാബോട്ടുകളാണുള്ളത്. ആലപ്പുഴ,എറണാകുളം, കൊല്ലം, കോട്ടയം, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലാണ് സർവീസ് നടത്തുന്നത്. പ്രതിവർഷം 1.5 കോടി യാത്രക്കാരാണ് ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്നത്.

കെ സുധാകരൻ നടത്തിയ പര്യടനം

വോട്ടർമാർക്ക് നന്ദി:

ധർമ്മടം മണ്ഡലത്തിൽ കെ സുധാകരന്റെ വൻസ്വീകരണ പര്യടനം

ചക്കരക്കൽ: ചരിത്രവിജയം നൽകി വിജയിപ്പിച്ച വോട്ടർമാർക്ക് ഹൃദയത്തിൽ ചാലിച്ച സ്നേഹാഭിവാദ്യം നൽകി കെ സുധാകരന്റെ ധർമ്മടം നിയോജക മണ്ഡല പര്യടനം.

നട്ടാൽ മുളക്കാത്ത ആരോപണം അഴിച്ചുവിട്ട സിപിഎമ്മിനെ സകലമാനം ജനങ്ങളും വോട്ടിലൂടെ തൂത്തെറിഞ്ഞതിന്റെ നേർസാക്ഷ്യമാണ് ഈ കൂടിക്കാണലെന്ന് സുധാകരൻ പറഞ്ഞു. എംപി എന്ന പദവിക്ക് ഉപരി നിങ്ങളുടെ ജ്യേഷ്ഠസഹോദരനായി കൂടെയുണ്ടാവുമെന്ന് സ്വീകരണ പരിപാടിയിൽ അദ്ദേഹം പറഞ്ഞു.

തുറന്ന വാഹനത്തിൽ ചാലയിൽ തുടങ്ങി നിരവധി സ്വീകരണകേന്ദ്രങ്ങളിലൂടെ അഞ്ചരക്കണ്ടിയിൽ സമാപിച്ചു. ബാന്റ്മേളം പടക്കം പൊട്ടിച്ചും മധുരം വിതരണം ചെയ്തും ധർമ്മടം നിയോജക മണ്ഡലത്തിലുടനീളം കെ സുധാകരനെ വരവേറ്റു. കെ വി ജയരാജൻ, കെസി മുഹമ്മദ് ഫൈസൽ, ഷക്കീർ മൗവഞ്ചേരി, എംകെ മോഹനൻ, കെഒ സുരേന്ദ്രൻ മാസ്റ്റർ വാഹനത്തിൽ കെ സുധാകരനോടൊപ്പം ഉണ്ടായിരുന്നു.

കെ.എസ്.ടി.യു ധർണ നാളെ

കണ്ണൂർ: സർക്കാറിന്റെ അധ്യാപകവിരുദ്ധ നടപടികൾക്കെതിരെ കെ.എസ്.ടി.യു നാളെ കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന് മുന്നിൽ ധർണ നടത്തും. ഏകപക്ഷീയ അക്കാദമിക് കലണ്ടർ പിൻവലിക്കുക, ജീവനന്ദം പദ്ധതി ഉപേക്ഷിക്കുക, ഡിഎ-ശമ്പള പരിഷ്കരണ കുടിശികകൾ വിതരണം ചെയ്യുക, അധ്യാപക നിയമന അംഗീകാരം നൽകുക, പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കുക, മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി അപാകതകൾ പരിഹരിക്കുക, സ്പെഷലിസ്റ്റ്-കായിക അധ്യാപക പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ. രാവിലെ 10ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി ഉദ്ഘാടനം ചെയ്യും.

കരിയാട് റെയിഞ്ചിൽ സമസ്ത പൊതുപരീക്ഷയിൽ മികച്ച വിജയംനേടിയ വിദ്യാർഥികൾക്കുള്ള സ്വർണ മെഡൽ ടിഎസ് ഇബ്രാഹിംകുട്ടി മുസ്ല്യാർ വിതരണം ചെയ്യുന്നു.

ഉന്നത വിജയികളെ അനുമോദിച്ചു

പെരിങ്ങത്തൂർ: കരിയാട് റെയിഞ്ച് മദ്രസ മാനേജ്മെന്റ് അസോസിയേഷൻ റെയിഞ്ചിലെ മദ്രസകളിൽനിന്നു മികച്ച മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സ്വർണ മെഡൽ നൽകി അനുമോദിച്ചു. കരിയാട് നൂറുൽ ഇസ്‌ലാം മദ്രസയിൽ നടന്ന ചടങ്ങ് സമസ്ത മുശാവറ അംഗം ടിഎസ് ഇബ്രാഹിംകുട്ടി മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് എം സുലൈമാൻ മാസ്റ്റർ അധ്യക്ഷനായി. റെയിഞ്ചിലെ മദ്രസാ അധ്യാപകർക്കുള്ള ബക്രീദ് കിറ്റ് മുനിസിപ്പൽ കൗൺസിലർ എൻഎ കരീം വിതരണം ചെയ്തു. മാനേജ്മെന്റ് അസോസിയേഷൻ മുൻ ജനറൽ സെക്രട്ടറിയായിരുന്ന പി സുലൈമാൻ മാസ്റ്റർ അനുസ്മരണം എൻഎ ഇസ്മായിൽ നടത്തി. പികെ മൂസ ഹാജി, പൊറ്റേരി കുഞ്ഞമ്മദ് ഹാജി, പി കെ അബൂബക്കർ ഹാജി, കെ അബ്ദുൽനസീർ, ടിടി ഫാറൂഖ് ഹാജി, പിഎം ഹക്കീം, പൊറ്റേരി ഹമീദ്, ടി മഹറൂഫ്, ഒകെ ഇബ്രാഹിം, യൂസഫ് സഫ, ടികെ ഹാരിസ്, ഷമീർ നിസാമി, ശബനാസ് യമാനി, നജീബ് നെല്ലിക്ക, ടിടി ഖാലിദ് ഹാജി, ടികെ ഹമീദ്, ഉമർ ഖയാം ഉമ്മർ ഹാജി, വിആർ മൊയ്തു, വികെ ഖാലിദ്, അബ്ദുൽ മജീദ് ദാരിമി, നൗഷാദ് ആയാടത്തിൽ, ഹസീബ് ഹുദവി, പുതിയാണ്ടി ഹമീദ് ഹാജി സംസാരിച്ചു.

അബുദാബിയിലെ ഫ്ളാറ്റിൽ മരിച്ചനിലയിൽ കണ്ടെത്തിയ മനോഗ് നയുടെ സംസ്കാരം ഇന്ന്

അഴീക്കോട്: അബുദാബിയിലെ ഫ്ളാറ്റിൽ ഏതാനും ദിവസങ്ങൾക്ക് മുൻപ് മരിച്ചനിലയിൽ കണ്ടെത്തിയ അലവിൽ സ്വദേശി എംപി മനോഗ്നയുടെ മൃതദേഹം ഇന്ന് നാട്ടിലെത്തിക്കും. രാവിലെ 8 ന് അലവിൽ കുന്നാവിലെ വീട്ടിൽ എത്തിക്കുന്ന മൃതദേഹം രാവിലെ 9.30 ന് പയ്യാമ്പലം ശ്മശാനത്തിൽ സംസ്കരിക്കും.

മുസ്‌ലിംലീഗ് കാസർകോട് മണ്ഡലം യോഗം നാളെ

കാസർകോട്: മുസ്‌ലിം ലീഗ് കാസർകോട് നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങളുടെയും മുനിസിപ്പൽ പഞ്ചായത്ത് പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെയും യോഗം നാളെ രാവിലെ 11 മണിക്ക് ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ ചേരും.

കെ-ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

കാസർകോട്: വിദ്യാഭ്യാസ ജില്ലയിലെ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതി വിജയിച്ചതും വെരിഫിക്കേഷൻ പൂർത്തീകരിച്ചതുമായ ഉദ്യോഗാർഥികളുടെ കെ-ടെറ്റ് സർട്ടിഫിക്കേറ്റുകൾ കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ജൂൺ 12, 13 ദിവസങ്ങളിൽ വിതരണം ചെയ്യും. പരീക്ഷാർഥികൾ ഹാൾ ടിക്കറ്റുമായി വന്ന് സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റണം. ഫോൺ- 04994 230053.

വഖഫ് ബോർഡ് ജുഡീഷ്യൽ സിറ്റിംഗ് 13ന്

കണ്ണൂർ: കേരള സംസ്ഥാന വഖഫ് ബോർഡ് കണ്ണൂർ ഡിവിഷണൽ ഓഫീസിന് കീഴിൽ കണ്ണൂർ, കാസർകോട് ജില്ലകളിലെ വഖഫുകളുമായി ബന്ധപ്പെട്ട് ജൂൺ 15ന് നടത്താൻ തീരുമാനിച്ച ബോർഡ് ജുഡീഷ്യൽ സിറ്റിംഗ് 13ന് നടക്കുമെന്ന് കണ്ണൂർ ഡിവിഷണൽ ഓഫീസർ അറിയിച്ചു.

കാസർകോട് വാർത്തകൾ

പാർട്ടി കോട്ടകളിൽ ഇടറി വീണ് സി.പി.എം

അജാനൂരിലും കാഞ്ഞങ്ങാട് നഗരസഭയിലും യു.ഡി.എഫ് മുന്നിൽ

കാഞ്ഞങ്ങാട്: കാസർകോട് ലോക് സഭ മണ്ഡലത്തിൽ സി.പി.എം കുത്തകയെന്ന് അവകാശപ്പെടുന്ന കാഞ്ഞങ്ങാട് മണ്ഡലത്തിൽ യു.ഡി.എഫിന് മേൽക്കൈ. 1987-ൽ മാത്രം ഒരു കോൺഗ്രസ് എം.എൽ.എ മനോഹരൻ വിജയിച്ച കാഞ്ഞങ്ങാട് മണ്ഡലത്തിൽ അതിനു ശേഷം ആദ്യമായി ഈ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് മുന്നിലായി. 2019-ൽ രാജ്മോഹൻ ഉണ്ണിത്താൻ അട്ടിമറി വിജയം നേടിയപ്പോൾ പോലും 2,221 ലീഡ് എൽ.ഡി.എഫിനുണ്ടായിരുന്നു. ഇക്കുറി അതു തകർന്നു. 2021-നിയമസഭ തിരഞ്ഞെടുപ്പിൽ 27,139 വോട്ടിനു മുന്നിലുണ്ടായിരുന്ന എൽ.ഡി.എഫ് ഇക്കുറി 2050 വോട്ടുകളുടെ മേൽക്കോയ്മ യു.ഡി.എഫിന് ലഭിച്ചു.

യു.ഡി.എഫിന് 69171 വോട്ടാണ് ഇക്കുറി ലഭിച്ചത്. എൽ.ഡി.എഫിനാകട്ടെ 67121 വോട്ടുകൾ ലഭിച്ചു. എൽ.ഡി.എഫ് വോട്ടുകൾ ബി.ജെ.പിക്ക് ലഭിച്ചപ്പോൾ കഴിഞ്ഞ തവണത്തെക്കാൾ അവർക്ക് 7,731 വോട്ടുകൾ അധികം ലഭിച്ചു. കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാഞ്ഞങ്ങാട് നഗരസഭ, അജാനൂർ, ബളാൽ, കള്ളാർ പഞ്ചായത്തുകളിൽ യു.ഡി.എഫിന് മേൽക്കോയ്മയുണ്ടായി. ഇതിൽ യു.ഡി.എഫ് ചരിത്രം കുറിച്ച് അജാനൂർ പഞ്ചായത്ത് പിടിച്ചെടുത്തു. 93 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അജാനൂരിൽ യു.ഡി.എഫിന്റെ മുന്നേറ്റം. യു.ഡി.എഫിന് 12,718 വോട്ടും എൽ.ഡി.എഫിന് 12,625 വോട്ടും ലഭിച്ചു. അതുപോലെ കാഞ്ഞങ്ങാട് നഗരസഭയിലും വമ്പിച്ച മുന്നേറ്റമാണ് യു.ഡി.എഫ് കാഴ്ചവെച്ചത്. കാഞ്ഞങ്ങാട് നഗരസഭയിൽ 7,726 വോട്ടിന്റെ ഭൂരിപക്ഷം യു.ഡി.എഫിനുണ്ടായി. യു.ഡി.എഫ് 19,638 വോട്ടുകൾ നേടിയപ്പോൾ എൽ.ഡി.എഫിന് കിട്ടിയത് 15,150 വോട്ടുകൾ മാത്രം.

സി.പി.എം കേന്ദ്രങ്ങളിൽ വോട്ട് കുറഞ്ഞു

കാഞ്ഞങ്ങാട്: സി.പി.എമ്മിന്റെ ഉറച്ച കോട്ടകളായ മടിക്കൈ പഞ്ചായത്തിലും കിനാനൂർ കരിന്തളത്തും കോടോം ബേളൂരിലും സി.പി.എം വോട്ടുകൾ കുറഞ്ഞു. പാർട്ടി കേന്ദ്രമായ മടിക്കൈയിൽ കഴിഞ്ഞ തവണത്തേക്കൾ 1,315 വോട്ടുകൾ കുറഞ്ഞു. യു.ഡി.എഫിന് 405 വോട്ടുകൾ കൂടി. എൽ.ഡി.എഫിന് 9,866 വോട്ടും യു.ഡി.എഫിന് 2509 വോട്ടുകളും ലഭിച്ചു. എൻ.ഡി.എക്ക് 3,193 വോട്ടുകൾ ലഭിച്ചു. മടിക്കൈയിൽ ആകെയുള്ള 15 വാർഡുകളിൽ 14ഉം സി.പി.എമ്മിനാണ്. ഒരു വാർഡിൽ ബി.ജെ.പിയാണ് ജയിച്ചത്. കഴിഞ്ഞ തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിൽ എതിരില്ലാതെ നാലു സി.പി.എം മെമ്പർമാർ ഇവിടെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കോടോം ബേളൂർ പഞ്ചായത്തിൽ 799 വോട്ടുകൾ സി.പി.എമ്മിന് കുറഞ്ഞു. ആകെയുള്ള ബൂത്തുകളിൽ 23 എണ്ണത്തിൽ പത്തിൽ യു.ഡി.എഫിന് ലീഡ് ചെയ്യാനായി. കഴിഞ്ഞ തവണ ആറു ബൂത്തുകളിലാണ് യു.ഡി.എഫിന് ലീഡ് ചെയ്യാനായത്. കിനാനൂർ കരിന്തളത്ത് സി.പി.എം ലീഡ് വെറും 871ൽ ഒതുങ്ങി. 2019-ൽ 1985ഉം 2021-ൽ 4,400 വോട്ടും ഭൂരിപക്ഷമുണ്ടായ പഞ്ചായത്തിലാണ് സി.പി.എം കഷ്ടി ലീഡ് ചെയ്തിരിക്കുന്നത്. പനത്തടി പഞ്ചായത്തിലും 808 വോട്ടുകൾ കഴിഞ്ഞ വർഷത്തേക്കാൾ സി.പി.എമ്മിന് കുറഞ്ഞു.

CLICK പ്രവാസി ലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് കേമ്പിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി മുഖ്യപ്രഭാഷണം നടത്തുന്നു

പ്രവാസികൾ നാടിന്റെ സമ്പത്ത്: കല്ലട്ര മാഹിൻ ഹാജി

കാസർകോട്: പ്രവാസികൾ നാടിന്റെ സമ്പത്താണെന്നും അവരെ അവഗണിക്കുന്നത് തികഞ്ഞ നന്ദികേടാണെന്നും മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി. പ്രവാസികളുടെ സമ്പത്താണ് നമ്മുടെ നാടിന്റെ വികസനത്തിന് അടിസ്ഥാനം. എന്നാൽ സർക്കാരുകൾ അവരെ മറക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞു. കാപ്പിൽ സെനാബിലകത്തിൽ വച്ച് നടന്ന പ്രവാസി ലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് കേമ്പ് സൈകതം 2ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം,. പ്രസിഡന്റ് ഹനീഫ മൂന്നിയൂർ അധ്യക്ഷത വഹിച്ചു.

തൃക്കരിപ്പൂർ- പേക്കടം- ആയിറ്റി റോഡ് പൊതുമരാമത്ത് ഏറ്റെടുക്കണം

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ- പേക്കടം- ആയിറ്റി റോഡ് പൊതുമരാമത്ത് ഏറ്റെടുക്കണമെന്ന് ആവശ്യം. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡാണ് തൃക്കരിപ്പൂർ- പേക്കടം- ആയിറ്റി റോഡ്. തൃക്കരിപ്പൂർ വെള്ളാപ്പ് പിഡബ്ല്യുഡി റോഡും വെള്ളാപ്പ് ആയിറ്റി പടന്ന പിഡബ്ല്യുഡി റോഡും ബന്ധിപ്പിക്കുന്ന ഈറോഡിന് മൂന്നു കി.മീ ദൈർഘ്യമുണ്ട്.

ദിനേന എന്നോണം നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ്. ആയതിനാൽ പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ആവശ്യമായ നടപടി ഉണ്ടാകണമെന്ന് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ. ബാവ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസിന് നൽകിയ കത്തിൽ ആവശ്യപ്പെട്ടു.

കാസർകോട്ടെ പള്ളികൾ ബോംബിട്ട് തകർക്കുമെന്ന് ഭീഷണി

കാസർകോട്: കാസർകോട്ടെ പള്ളികൾ വെള്ളിയാഴ്ച ബോംബിട്ട് തകർക്കുമെന്ന് റിയാസ് മൗലവി കേസിലെ പ്രതിയുടെ ഭീഷണി കമന്റ്. ചൂരിയിൽ പള്ളിയിൽ കയറി റിയാസ് മൗലവിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ കസിൽ വെറുതെവിട്ട ഒന്നാം പ്രതിയും ആർഎസ്എസ് പ്രവർത്തകനുമായ അജേഷ് എന്ന അപ്പുവാണ് സാമൂഹിക മാധ്യമങ്ങളിലൂടെ ഭീഷണി കമന്റ് ചെയ്തത്.

"ഇതു വെറും സാമ്പിൾ മാത്രമാണെന്നും വലുതു വരാൻ പോകുന്നതേ ഉള്ളൂ എന്നും കാസർകോട്ടെ മുഴുവൻ പള്ളികളും ഒരു വെള്ളിയാഴ്ച ബോംബിട്ട് തകർക്കുമെന്നും അതിനായി വരുന്നു" എന്നുമാണ് ഭീഷണി മുഴക്കി കമന്റ് ചെയ്തത്.

സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിപ്പിക്കുന്ന വർഗീയ വിദ്വേഷ പോസ്റ്റിട്ടവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ലീഗ് ജില്ലാ പൊലീസ് ചീഫിന് പരാതി നൽകി. ജില്ലയുടെ സമാധാനം തകർക്കാൻ നടത്തുന്ന നീക്കങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും പോസ്റ്റിട്ടവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്നും എസ്.പിക്ക് നൽകിയ പരാതിയിൽ ജില്ലാ പ്രസിഡന്റ് അസീസ് കളത്തൂരും ജനറൽ സെക്രട്ടറി സഹീർ ആസിഫ് ആവശ്യപ്പെട്ടു.

എന്നാൽ പ്രതിയുടെ അക്കൗണ്ടിൽ ഇത്തരമൊരു കമന്റ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പൊലീസ് പറയുന്നത്. പോസ്റ്റ് ഡിലിറ്റ് ചെയ്തിട്ടുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. സംഭവത്തിൽ കേസെടുക്കാൻ തന്നെയാണ് പൊലീസിന്റ തീരുമാനം. യുവാവ് പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ യുവാവിനെതിരെയും വ്യാജപ്രചാരണമാണ് നടത്തിയതെങ്കിൽ അവർക്കെതിരെയും കേസെടുക്കുമെന്നാണ് പൊലീസ് നൽകുന്ന സൂചന.

മകളെ ലൈംഗിക അതിക്രമത്തിനിരയാക്കിയ പിതാവിന് 18 വർഷം കഠിന തടവ്

കാഞ്ഞങ്ങാട്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗിക അതിക്രമത്തിനിരയാക്കിയ കേസിൽ പെൺകുട്ടിയുടെ പിതാവിന് 18 വർഷം കഠിനതടവും 40,000 രൂപ പിഴയും പിഴ അടച്ചില്ലെങ്കിൽ നാലു മാസം അധിക തടവിനും ശിക്ഷ വിധിച്ചു. ഹോസ്ദുർഗ് ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി ജഡ്ജ് പിഎം സുരേഷാണ് ശിക്ഷവിധിച്ചത്. 2023 മെയ് 24നും അതിന് മുമ്പുള്ള രണ്ടു മാസങ്ങളിലും 16 വയസുള്ള പെൺകുട്ടിയെ സ്വന്തം വീട്ടിൽ വച്ച് പല പ്രാവശ്യം കുട്ടിയുടെ സംരക്ഷണ ചുമതലയുള്ള പിതാവായ പ്രതി

ഗൗരവതരമായ ലൈംഗിക പീഡനം നടത്തിയ കേസ്സിൽ ഇന്ത്യൻ ശിക്ഷ നിയമം 354(എ)(1)(ഐ) പ്രകാരം 3 വർഷം കഠിന തടവും, 10,000 രൂപ പിഴയും പിഴ അടച്ചില്ലെങ്കിൽ ഒരുമാസം അധിക തടവും പോക്സോ ആക്ട് പ്രകാരം അഞ്ചു വർഷം വീതം കഠിന തടവും 10,000 രൂപ വീതം പിഴയും പിഴ അടച്ചില്ലെങ്കിൽ 3 മാസം വീതം അധിക തടവിനുമാണ് ശിക്ഷ വിധിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി. ഹോസ്ദുർഗ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലാണ് കോടതി വിധി.

അന്നത്തെ സബ് ഇൻസ്പെക്ടറായിരുന്ന കെ. വേലായുധനാണ് കേസിൽ അന്വേഷണം നടത്തി പ്രതിക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷനു വേണ്ടി ഹോസ്ദുർഗ് ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോർട്ട് പബ്ലിക് പ്രോസിക്യൂട്ടർ എ. ഗംഗാധരൻ ഹാജരായി.

CLICK നെല്ലിക്കുന്ന് ജി.വി.എച്ച്എസ്.എസ് ഫോർ ഗേൾസിൽ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മൈലാഞ്ചിയിടൽ മത്സരത്തിൽ അണിനിരന്ന മൊഞ്ചത്തികൾ

മൈലാഞ്ചി മേളവുമായി നെല്ലിക്കുന്ന് ഗേൾസ് സ്കൂൾ

കാസർകോട്: നെല്ലിക്കുന്ന് ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസിൽ സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മൈലാഞ്ചിയിടൽ മത്സരത്തിൽ 35 മൊഞ്ചത്തികൾ മാറ്റുരച്ചു. മത്സരം പ്രമുഖ ഫാഷൻ ഡിസൈനർ ജസീല റിയാസ് ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർഥികൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പ്രിൻസിപ്പൽ എം. രാജീവൻ സ്വാഗതം പറഞ്ഞു.

വർക്കിംഗ് പ്രസിഡന്റ് റാഷിദ് പൂരണം അധ്യക്ഷത വഹിച്ചു. എസ്.എം.സി ചെയർമാൻ ഇബ്രാഹിം ചൗക്കി, വി.എച്ച്.എസ്.സി പ്രിൻസിപ്പൽ ആർ. എസ് ശ്രീജ, എൻ. അനസൂയ, മദർ പി.ടി.എ പ്രസിഡന്റ് സാക്കിയ, ഇസ്മയിൽ മാപ്പിള, റഹിം ചൂരി, ഷാഫി തെരുവത്ത്,

സാബിറ എവറസ്റ്റ്, ടി.എം മൻസൂർ, അബ്ദുൽ റഹിമാൻ ബാങ്കോട്, എം. അബ്ദുൽ റഹിമാൻ, ഖമറുന്നീസ കടവത്ത്, പ്രോഗ്രാം കമ്മിറ്റി കൺവീനർ സി.കെ മദനൻ പ്രസംഗിച്ചു.

മർച്ചന്റ് നേവിയിൽ ജോലി

ഏജൻസികളിലൂടെ ആപ്പിലാവുന്നത് നിരവധി പേർ

ഉദുമ: മർച്ചന്റ് നേവിയിൽ ജോലി തേടിപ്പോകുന്നവരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ കള്ളനാണയങ്ങളെ തിരിച്ചറിയാനുള്ള ഒട്ടേറെ നിർദ്ദേശങ്ങളുമായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുംബൈയിലെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് (ഡി.ജി ഷിപ്പിങ്) ജീവനക്കാരുടെ അറിവിലേക്കായി പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചു. ആദ്യമായാണ് ഡി.ജി ഓഫീസിൽ നിന്ന് ഈ വിധം ഒരു പൊതു സർക്കുലർ പുറപ്പെടുവിക്കുന്നത്. ഏജൻസികൾക്ക് ലക്ഷങ്ങൾ നൽകി ജോലി തേടി വഞ്ചിക്കപ്പെട്ടവർ, അവരുടെ കുടുംബാംഗ ങ്ങൾ,കപ്പലോട്ട തൊഴിലാളി സംഘടനകൾ എന്നിവരുടെ പരാതികളുടെയും ഐ.ടി.എഫിന്റെ (ഇന്റർ നാഷണൽ ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ) റിപ്പോർട്ടിന്റെയും വെളിച്ചത്തിലാണ് ഉപദേശ രൂപത്തിൽ അനുബന്ധ കൂട്ടിച്ചേർക്കൽ അടക്കം 36 പേജുള്ള അസാധാരണമായ സർക്കുലർ ഡിജി ഓഫീസിൽ നിന്ന് പുറപ്പെടുവിച്ചത്.

വാണിജ്യ കപ്പലുകളിൽ ജിപിറേറ്റിംഗ്, സലൂൺ റേറ്റിംഗ്, ഡെക്ക്, എഞ്ചിൻ ഓഫീസർമാർ, എലക്ട്രിഷ്യൻ വിഭാഗങ്ങളിൽ ജോലി നേടാനുള്ള അംഗീകൃത പരിശീലന കേന്ദ്രങ്ങളുടെയും കപ്പലുകളിൽ ജോലിക്കാരെ റിക്രൂട്ട് ചെയ്യാനുള്ള അംഗീകൃത ഏജൻസികളുടെയും പേരുവിവര പട്ടിക സർക്കുലറിൽ ചേർത്തിട്ടുണ്ട്. നിർദിഷ്ട പരിശീലനത്തിന് ശേഷം കപ്പലിൽ ജോലി നേടാനുള്ള ആധികാരിക പ്രമാണമായ സിഡിസിയും അനുബന്ധ രേഖകളുമായി ജോലിക്കായി സമീപിക്കേ ണ്ടത് ഇന്ത്യൻ രജിസ്റ്റർഡ് ആർ.പി.എസ്. (റിക്രൂട്ട്മെന്റ് ആൻഡ് പ്ലയ്സ്മെന്റ് ഓഫ് സീഫെയറെഴ്സ്) ഏജൻസികളെയാണ്. ആർ.പി.എസ്. അംഗീകാരമില്ലാത്ത ഏജൻസികളിലൂടെ ജോലി തേടി പോകുന്നവർ പലവിധത്തിൽ ചതിയിൽ പെട്ടുപോകുന്ന സാഹചര്യത്തിലാണ് ഡിജിഷിപ്പിങ് പ്രത്യേക മുൻകരുതൽ നിർദേശങ്ങൾ പുറപ്പെടുവിച്ചത്.

ചില അംഗീകൃത ആർപിഎസ് ഏജൻസികളും ഇത്തരം തട്ടിപ്പുകൾ നടത്തുന്നതും ഡി.ജിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതേറെ ഗൗരവമാണെന്നും ഇവരുടെ ചതിയിൽ പെട്ട നിരവധി പേരുടെ മോചനത്തിനായി പലപ്പോഴായി ഇടപെടേണ്ടി വന്ന സതാംപ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈലേഴ്സ് സൊസൈറ്റിയുടെ ഇന്ത്യയിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മാനേജർ മലയാളിയായ വി. മനോജ് ജോയ് (ചെന്നൈ) പറയുന്നു.

തട്ടിപ്പിന്റെ വഴികൾ

ജോലി തേടി ഏജൻസി ഓഫീസുകളിലെത്തുന്നവർക്ക് ആർ.പി.എസ് രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും കപ്പലിന്റെ പേരിൽ ജോലി വാഗ്ദാനം നൽകി കരാർ പേപ്പർ നൽകുന്നു. എല്ലാ രേഖകളും കൃത്യമായുള്ള കപ്പലായിരിക്കും അത്. ആ പ്രത്യേക കപ്പലിൽ കയറാൻ എയർപോർട്ട് ഇ-മൈഗ്രേറ്റ് സിസ്റ്റത്തിലെ പരിശോധന എളുപ്പം പൂർത്തിയാക്കാനാകും എന്ന പഴുത് ഉപയോഗിച്ച് വിദേശത്തേക്ക് (പലപ്പോഴും ഗൾഫ് രാജ്യങ്ങൾ, തുർക്കി) കയറ്റിവിടും. കരാർ അനുസരിച്ചുള്ള കപ്പലിലാണെന്ന ധാരണയിൽ അവിടെ എത്തുന്നവരെ ജോലിക്ക് കയറ്റുന്നത് ബ്ലാക്ക്ലിസ്റ്റിൽ പെട്ട മറ്റേതെങ്കിലും തല്ലിപ്പൊളി കപ്പലിലായിരിക്കും. നേരാംവണ്ണം ഭക്ഷണമോ വേതന മോ ലഭിക്കാതെ മാസങ്ങൾ പിന്നിടുമ്പോഴാണ് ലക്ഷങ്ങൾ നൽകി തട്ടിപ്പിനിരയായ കാര്യം ഇവർ അറിയുന്നത്.

ജോലിചെയ്യാനുള്ള സുരക്ഷ മാനദണ്ഡങ്ങളില്ലാതെ ജോലിക്കാർക്ക് വെള്ളവും ഭക്ഷണവും വേതനവും നൽകാനാവാത്ത അവസ്ഥയിൽ ഉടമ തന്നെ കപ്പൽ കയ്യൊഴി യുമ്പോൾ അതിൽ തുടരാനോ നാട്ടിലേക്ക് തിരിച്ചുപോകാനോ വയ്യാത്ത അവസ്ഥയിൽ ജീവനക്കാർ കഷ്ടപ്പെടുന്ന നിരവധി സംഭവങ്ങൾ ഏറെ ഗൗരവത്തോടെയാണ് ഡി.ജി വിലയിരുത്തുന്നത്. കപ്പലോട്ടക്കാർ ഈവിധം ചതിക്കപ്പെട്ടുപോകുന്ന സന്ദർഭങ്ങളിൽ അവരുടെ മോചനത്തിനായി സൈലേഴ്സ് സൊസൈറ്റി പലപ്പോഴായി ഇടപെടേണ്ടിവരുന്ന സാഹചര്യമുണ്ടാകാറുണ്ടെന്നും മലയാളികളടക്കം നിരവധിപേരെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിന്റെ സഹായത്തോടെ മോചിപ്പിക്കാനും നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനും സാധിച്ചിട്ടുണ്ടെന്നും മനോജ് ജോയ് പറയുന്നു. ഇത്തരം കപ്പലുകളിൽ നിന്ന് മയക്കുമരുന്നുകൾ പോലും പിടിക്കപ്പെടുമ്പോൾ പൊലിസിന്റെ പിടിയിലാകുന്നത് ഈജീവനക്കാർ ആയിരിക്കും. അത്തരം ഒത്തിരി അനുഭവക്കഥകൾ അദ്ദേഹത്തിന്റെ കേസ് ഡയറിയിലുണ്ട്.

കരുതൽ നിർദേശവുമായി മുംബൈ ഡിജിയുടെ സർക്കുലർ

ശ്രദ്ധിക്കേണ്ടത്

അംഗീകാര്യമില്ലാത്ത മാറീടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടരുത്, ആർ.പി.എസ് അംഗീകാരം ഉണ്ടെന്ന് ഉറപ്പുവരുത്തുക, പരിശീലനം തേടുമ്പോൾ ആ സ്ഥാപനത്തെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുക, ജോലി ഉറപ്പുനൽകാതെ അതിനായി ഭീമയായ തുക ആവശ്യപ്പെടുന്നവരുടെ കുരുക്കിൽപെടാതെ നോക്കുക തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ ശ്രദ്ധിക്കണം. ആദ്യമായി കപ്പൽ ജോലി തേടുന്നവരാണ് ഏജന്റുമാരുടെ വലയിൽ കുടുങ്ങുന്നവരിൽ ഏറെയും. അവരാണ് ഏറെ ശ്രദ്ധിക്കേണ്ടത്. ഏജന്റുമാരെ ഒഴിവാക്കി വെബ്സൈറ്റ് വഴി സർച്ച് ചെയ്ത് ഒഴിവുകൾ കണ്ടെത്തുക തുടങ്ങിയ ഒട്ടേറെ നിർദേശങ്ങളും ഉപദേശങ്ങളും സർക്കുലറിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബന്ധപ്പെടാൻ

അത്യാവശ്യ സന്ദർഭങ്ങളിൽ ബന്ധപ്പെടേണ്ട മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നിവിടങ്ങളിലെ വിവിധ ഓഫീസ് വിവരങ്ങളും നിയുക്ത ഓഫീസർന്മാരുടെ പേരുകളും ഫോൺ നമ്പറുകളും ഇമെയിൽ ഐഡിയും സർക്കുലറിൽ ചേർത്തിട്ടുണ്ട്.

സർക്കുലർ കോട്ടിക്കുളം മർച്ചന്റ് നേവി ക്ലബ്ബിൽ പരിശോധനയ്ക്ക് ലഭിക്കുമെന്ന് പ്രസിഡന്റ് പാലക്കുന്നിൽ കുട്ടി അറിയിച്ചു. കപ്പൽ ജോലി തേടുന്നവരുടെ എണ്ണം ഈയിടെയായി വർദ്ധിച്ചു വരികയാണെന്നും രണ്ടു ലക്ഷത്തോളം രൂപ ചെലവിട്ട് 6 മാസത്തെ പരിശീലനം പൂർത്തിയാക്കി ജോലിക്കായി കാത്തിരിക്കുന്നവരുടെ എണ്ണം കൂടുന്നതിന് ആനുപാതികമായി ജോലി സാധ്യതയില്ലാത്തതിനാലാണ് പലരും ലക്ഷങ്ങൾ നൽകി വഞ്ചിക്കപ്പെടുന്നതെന്ന് അദ്ദേഹം പറയുന്നു.

ഓരോ കപ്പലിലും കൂടുതൽ ട്രൈനികൾക്ക് അവസരമൊരുക്കാൻ നടപടികൾ ഉണ്ടായാൽ ഈ രംഗത്തെ തട്ടിപ്പുകൾ ഒരു പരിധിവരെ നിയന്ത്രിക്കാം.നിലവിൽ ജോലി ചെയ്യുന്ന പരിചയസമ്പന്നരായ കപ്പലോട്ടക്കാർക്ക് അവധിയിൽ വന്നാൽ അധികം കാത്തിരിപ്പ് ഇല്ലാതെ തന്നെ ജോലിയിൽ കയറാനാവുന്നുണ്ട്. മർച്ചന്റ് നേവി ക്ലബ്: 7994020011, 9447692439.

CLICK മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് ഒന്നാം വാർഡ് കടവത്ത് ദിഡുപ്പപള്ളി പരിസരത്ത് കാസർകോട് മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം എൻ.എ നെല്ലിക്കുന്ന് എം.എൽ.എ നിർവഹിക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷമീറ ഫൈസൽ, വൈസ് പ്രസിഡന്റ് മുജീബ് കമ്പാർ, മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് അൻവർ ചേരങ്കൈ, ജാഫർ എരിയാൽ, എസ്.കെ മുഹമ്മദലി, കാദർ കടവത്ത്, മൊയ്തീൻകുട്ടി കടവത്ത്, അബ്ദുൽ റഹ്മാൻ ബള്ളൂർ, ഷാഫി മൊഗർ, മുനീർ മൊഗർ സംബന്ധിച്ചു.

കാറ്റിലും മഴയിലും മരം വീണ് വീട് തകർന്നു

കാഞ്ഞങ്ങാട്: കാറ്റിലും മഴയിലും മരം വീണ് വീട് തകർന്നു. ഇരിയ കാനത്തൂർ കുഞ്ഞമ്പുവിന്റെ വീടാണ് ഞായറാഴ്ച രാത്രി 11.30 മണിയോടെ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വീട് തകർന്നത്. ഈസമയം വീട്ടിൽ കടന്നുറങ്ങുകയായിരുന്ന കുടുംബം പരിക്കുകളൊന്നും ഏൽക്കാതെ അത്ഭുതകരമായ രക്ഷപ്പെട്ടു.

CLICK മരം വീണ് തകർന്ന് ഇരിയയിലെ വീട്

അണ്ടത്തോട് തങ്ങൾ പ്പടി 310 റോഡിൽ പ്രവർത്തിക്കുന്ന ഭഗവത് സിംഗ് വായനശാല ഉൽഘാടന ചടങ്ങിൽ പ്രശസ്ത എഴുത്തുകാരി ദീപ നിശാന്ത് മുഖ്യ പ്രഭാഷണം നടത്തുന്നു

കൂട്ടായ്മയിലൂടെവായനശാല പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനാർഹമാണ്: ദീപ നിശാന്ത്

അണ്ടത്തോട്: വായന സംസ്ക്കാരത്തിൽ നിന്ന് പുറകോട്ട് പോകുന്ന ഈ കാലഘട്ടത്തിൽ യുവ കൂട്ടായ്മയിലൂടെ വായന സംസ്ക്കാരം ഊട്ടി ഉറപ്പിക്കാൻ വായനശാല കൾ ഏറെ അഭിനന്ദനാർഹമാണ് എന്ന് പ്രശസ്ത എഴുത്തുകാരി ദീപനിശാന്ത് അഭിപ്രായപ്പെട്ടു. അണ്ടത്തോട് തങ്ങൾ പ്പടി മുന്നൂറ്റി പത്ത് റോഡിൽ പ്രവർത്തന ആരംഭിച്ച ഭഗത് സിംഗ് വായനശാല ഉൽഘാടന പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ദീപ.പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ തീരദേശ മേഖലയിൽ വായന സംസ്ക്കാരം വളർത്തി എടുക്കുക എന്നതിന്റെ ഭാഗമായി തങ്ങൾ പ്പടി മുന്നൂറ്റി പത്ത് റോഡിൽ സ്ഥാപിച്ച ഭഗവത് സിംഗ് വായനശാല ഉൽഘാടനവും, ഈ വർഷം എസ് എസ് എൽ സി, പ്ലസ് ടൂ പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെയും, പുന്നയൂർക്കുളം പഞ്ചായത്ത് ഹരിത കർമ്മ സേന, കവി ഷെബീർ അണ്ടത്തോട്, ആരോഗ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നവരേയുംഅനുമോദിക്കലും നടത്തി.പരിപാടി ഗുരുവായൂർ എം എൽഎ എൻ കെ.അക്ബർ ഉൽഘാടനം ചെയ്തു.വായനശാല പ്രസിഡന്റ് അൻസാർ അദ്യക്ഷത വഹിച്ചു..പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജാസ്മിൻ ഷെഹീർ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എ ഡി. ധനീപ്, വാസും എം, ശ്രീനിവാസൻ മൂക്കത്തയിൽ, പ്രമീദ തുടങ്ങിയവർ സംസാരിച്ചു.ശ്രീനിവാസൻ സ്വാഗതവും പ്രമീദ ടീച്ചർ നന്ദിയും പറഞ്ഞു.

തൃശൂർ വാർത്തകൾ

കവചം: ജില്ലയിൽ ആറിടങ്ങളിൽ സൈറണുകൾ പ്രവർത്തിപ്പിക്കും

തൃശൂർ: ദുരന്തനിവാരണ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടത്തും. ജില്ലയിൽ ആറ് സ്ഥലങ്ങളിൽ സൈറണുകൾ വിവിധ സമയങ്ങളിലായി മുഴങ്ങും. എം.പി.സി.എസ് കടപ്പുറം, ജി.എഫ്.എസ്.എസ്.എസ് നാട്ടിക, മണലൂർ ഐ.ടി.ഐ, ജി.എഫ്.എസ്.എസ്.എസ് കൈപ്പമംഗലം, എം.പി.സി.എസ് അഴീക്കോട്, ചാലക്കുടി മോഡൽ സ്കൂൾ എന്നിവിടങ്ങളിലെ സൈറണുകളാണ് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുക. പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടെന്ന് അധികൃതർ അറിയിച്ചു.

നീറ്റ് 2024 അഖിലേന്ത്യ മത്സര പരീക്ഷയിൽ വിജയം നേടിയ മുഹ്സിൻ സ്വാലിഹിനെ ഏനാമാക്കൽ സെന്റ് ജോസ്പ്ട് ഹൈസ്കൂൾ മാനേജർ ഫാ.ജെയ്സൻ തെക്കുംപുറം മെമൊന്റോ നൽകി ആദരിക്കുന്നു

നീറ്റ് പരീക്ഷയയിൽ വിജയം നേടിയ മുഹസിൻ സ്വാലിഹിന് പൂർവ്വവിദ്യാലയത്തിന്റെ ആദരം

പാവറട്ടി : നീറ്റ് 2024 അഖിലേന്ത്യ മത്സര പരീക്ഷയിൽ 720 ൽ 705 മാർക്ക് നേടി മിന്നും വിജയം കരസ്ഥമാക്കിയ പൂർവ്വ വിദ്യാർത്ഥി മുഹ്സിൻ സ്വാലിഹിനെ ഏനാമാക്കൽ സെന്റ് ജോസ്പ്ട് ഹൈസ്കൂൾ അദരിച്ചു.ഓപൺ സ്കൂൾ അസംബ്ലിയിൽ വെച്ചാണ് ആദരം സംഘടിപ്പിച്ചത്.

സ്കൂൾ മാനേജർ ഫാ.ജെയ്സൻ തെക്കുംപുറം മെമൊന്റോ നൽകിയാണ് ആദരിച്ചത്. ചടങ്ങിൽ പി ടി എ പ്രസിഡന്റ് ബിജോയ് പെരുമാട്ടിൽ അധ്യക്ഷനായി. പ്രധാന അധ്യാപകൻ ജോഷി പോൾ, പി ടി എ വൈസ് പ്രസിഡന്റ് ജോസ് വാവേലി, ഫസ്റ്റ് അസിസ്റ്റന്റ് അജിത റോയി, അധ്യാപിക സോഫി റാഫി എന്നിവർ സംസാരിച്ചു.ആദരവിന് മുഹസിൻ സ്വാലിഹ് കൃതജ്ഞത രേഖപ്പെടുത്തി.

കെ.എസ്.ആർ.ടി.സി ബസിന്റെ ചില്ല് തകർന്ന നിലയിൽ

കെ.എസ്.ആർ.ടി.സി ബസിന്റെ ചില്ല് തകർന്നു വീണു

ചെന്ത്രാപ്പിന്നി: ദേശീയ പാതയിൽ ഓടി കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി ബസിന്റെ മുൻ വശത്തെ ചില്ല് തകർന്ന് വീണു. ആർക്കും പരിക്കില്ല. ചെന്ത്രാപ്പിന്നി ജി.എൽ.പി സ്കൂളിന് സമീപത്ത് വെച്ചാണ് ചില്ല് തകർന്ന് വീണത്. സംഭവ സമയം ബസിൽ നിരവധി യാത്രക്കാരുണ്ടായെങ്കിലും പരിക്കേൽകാതെ രക്ഷപ്പെട്ടു. ഗുരുവായൂരിൽ നിന്നും പറവൂരിലേക്ക് പോയിരുന്ന ബസിന്റെ ചില്ലാണ് തകർന്നത്.

കയ്പമംഗലം മൂന്നാം വാർഡ് വികസന സമിതിയുടെ ആഭിമുഖ്യത്തിൽ വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ ചടങ്ങ് ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

വിദ്യാർത്ഥികളെ അനുമോദിച്ചു

കയ്പമംഗലം: മൂന്നാം വാർഡ് വികസന സമിതിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്. എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. കവിയും ഗാനരചയിതാവുമായ ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ദേവിക ദാസൻ അധ്യക്ഷനായി. ആർ.എം.വി.എച്ച്.എസ് സ്കൂളിലെ അധ്യാപകൻ ടി.ആർ.രാഗേഷ് മുഖ്യപ്രഭാഷണം നടത്തി. അധ്യാപകരായ സുദർശിനി, മഹേഷ്, സന്തോഷ് മാമ്പറമ്പത്ത്, കാസിം ഇല്ലത്ത് പറമ്പിൽ എന്നിവർ സംസാരിച്ചു.

അണ്ടത്തോട് കടലിൽ കുളിക്കുന്നതിനിടെ തിരയിൽപെട്ട യുവാവിനെ രക്ഷപ്പെടുത്തി

അണ്ടത്തോട്: അണ്ടത്തോട് ബീച്ചിൽ കുളിക്കുന്നതിനിടെ തിരയിൽപെട്ട അണ്ടത്തോട് സ്വദേശി ചെട്ടിയാൻ വീട്ടിൽ ഗണേഷ് അമിദേഷ് (17) എന്നവർ തിരയിൽ പെടുകയായിരുന്നു. വിവരമറിഞ്ഞ് എത്തിയ നാട്ടുകാർ ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ യുവാവിനെ കരക്കെത്തിച്ചു. തുടർന്ന് അകലാട് മുന്നൈനി വി - കെയർ ആംബുലൻസ് പ്രവർത്തകർ ചാവക്കാട് ഹയാത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.കടൽ ക്ഷോഭം രൂക്ഷമായി കൊണ്ടിരിക്കുന്ന അണ്ടത്തോട്, പെരിയമ്പലം, മന്ദലാംകുന്ന്, ബീച്ചുകളിൽ യുവാക്കൾ ഉൾപ്പെടെയുള്ള സന്ദർശകർ യാതൊരു ഭയവും ഇല്ലാതെ കടലിൽ ഇറങ്ങുന്നതും കുളിക്കുന്നതെന്നും പരാതി വ്യാപകമാണ്

അണ്ടത്തോട് ബീച്ചിൽ തിരയിൽ പെട്ട യുവാവിനെ രക്ഷപ്പെടുത്തുന്ന യുവാക്കൾ

അണ്ടത്തോട് കടലിൽ കാണാതായ വിദ്യാർത്ഥിയെ രക്ഷപ്പെടുത്തിയ യുവാക്കളെ നാട്ടുകാർ അഭിനന്ദിക്കാൻ ഒത്തു കൂടിയപ്പോൾ

കണ്ണന് രക്ഷകരായി ചെറുപ്പക്കാർ

അണ്ടത്തോട്: ഇന്നലെ വൈകുന്നേരം 6.30 ന് അണ്ടത്തോട് ബീച്ചിൽ കൂട്ടുകാരോടൊപ്പം കുളിക്കാനിറങ്ങി കടലിൽ വീണ് മരണത്തോട് മല്ലടിക്കുന്ന അണ്ടത്തോട് മഹാത്മാ ഗാന്ധി റോഡ് സ്വദേശി ചെട്ടിയാംവീട്ടിൽ ഗണേശൻ മകൻ കണ്ണൻ എന്ന് വിളിക്കുന്ന അമിദേശ് (17) എന്ന കുട്ടിയാണ് കടലിൽ വീണത്. വിവരമറിഞ്ഞ് ബീച്ചിൽ ഓടിയെത്തിയ യുവാക്കൾ ആഞ്ഞടിക്കുന്ന തിരമാലകളെ വക വെക്കാതെ ധൈര്യ പൂർവ്വം കടലിൽ ഇറങ്ങി കുട്ടിയെ രക്ഷപ്പെടുത്തി. അണ്ടത്തോട് സ്വദേശികളായ അണ്ടിപ്പാട്ട് നൗഷാദ്,അലി, ഷഫീക്, ഹരിദാസ്, അഷ്കർ എന്നിവരുടെ നേതൃത്തത്തിലായിരുന്നു രക്ഷാ പ്രവർത്തനം നടത്തിയത് ഉടനെ തന്നെ കുട്ടിയെ ചാവക്കാട് ഹയാത്ത് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു വിവരം അറിഞ്ഞ് സ്ഥലത്ത് എത്തിയ വടക്കേക്കാട് എസ് എച് ഒ ആർ ബിനു, പഞ്ചായത്ത് മെമ്പർ, പി എസ് അലി എന്നിവരും അണ്ടത്തോട് മഹല്ല് ഇസ്ലാമിക് സെന്റർ ഭാരവാഹികളും മറ്റു നാട്ടുകാരും യുവാക്കളെ അഭിനന്ദിച്ചു

കലി തുള്ളുന്ന കടലിൽ അപകടക്കുളി

അണ്ടത്തോട്: കലി തുള്ളി കടൽ ഇരമ്പുമ്പോൾ മന്ദലാംകുന്ന്, പെരിയമ്പലം ബീച്ചിൽ യുവാക്കൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ കടലിൽ ഇറങ്ങുന്നതും കുളിക്കുന്നതും ഏറെ അപകട സാധ്യത ഉയർത്തുന്നു. ശക്തമായ മഴയും മഴയോടൊപ്പമുള്ള കാറ്റിൽ തിര അടിക്കുമ്പോഴും കഴുത്തറ്റം ആഴത്തിൽ കടലിൽ ഇറങ്ങി സെൽഫി എടുക്കാനുള്ള മൽസരം ഇത്തരക്കാരെ നിയന്ത്രിക്കാൻ പോലീസോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തതിനാൽ കടലിലെ കുഴികൾ പലപ്പോഴും അപകട ചുഴിയിലേക്കാണ് നീക്കുന്നത്.

കൂടുതലും ബീച്ചിലെക്ക് സന്ധ്യയോടെ എത്തുന്ന യുവാക്കളാണ് കുളിക്കാനെന്ന പേരിൽ ഇറങ്ങി കടലിൽ അപകടകരമായ കളി നടത്തുന്നത്.ഈയിടെ കടലേറ്റത്തെ തുടർന്ന് കടലിലെക്ക് കടപുഴകി വീണതെങ്ങിൻതടി കളിലും, കാറ്റാടി തടി കളിലും കൂട്ടമായി കയറി നിന്നുള്ള ഫോട്ടോ, സെൽഫി എടുപ്പും പത്ത് എറിഞ്ഞുള്ള കളിയുമാണ് പ്രധാനം. അപകട സാധ്യതയുടെ വിലക്ക് പോലും ചെവിക്കൊള്ളാതെയാണ് കടലിൽ അഭ്യാസം. അവധി ദിവസങ്ങളിൽ കൂട്ടത്തോടെ എത്തുന്ന സംഘങ്ങൾ അതിരുവിട്ട പ്രകടനങ്ങളാണ്. ബീച്ചിൽ സ്ത്രീകൾ ഉൾപ്പെടെ ധാരാളം ആളുകൾ എത്തുമ്പോഴാണ് യുവാക്കളുടെ കുളിയിലെ ഹരം കയറുന്നത്. മദ്യവും മറ്റു ലഹരികളും ഉപയോഗിച്ചാണ് പലരും കടലിൽ ഇറങ്ങുന്നത് എന്ന് പരാതി വ്യാപകമാണ്. അന്യജില്ലകളിൽ നിന്ന് ബീച്ചിലെത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള സന്ദർശകർ കടലിൽ ഇറങ്ങി ചെറിയ കുട്ടികളെയും തിരമാലയിൽ നിർത്തിയും, വാരിയെടുത്ത് അരക്കൊപ്പം തിരമാലകളിൽ കളിപ്പിക്കുന്നതും പതിവ് കാഴ്ച അപകടത്തിലേക്ക് തള്ളി വിടുകയാണ് എന്ന് പരാതി വ്യാപകമായിരിക്കുകയാണ്.

മന്ദലാംകുന്ന് ബീച്ചിൽ സ്ത്രീകൾ ഉൾപ്പെടെ കടലിൽ ഇറങ്ങിയും, യുവാക്കൾ കടലിൽ ഇറങ്ങിയുള്ള കുളിയും

സീറ്റ് ഒഴിവ്

തൃശൂർ: വിമല കോളേജിൽ ബിരുദ കോഴ്സുകളിലേയ്ക്ക് എതാനും ഒഴിവ്. താത്പര്യമുള്ളവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2332080.

തീരദേശത്ത് വൻ കഞ്ചാവ് വേട്ട

വാടാനപ്പള്ളി: പോലീസ് സ്റ്റേഷൻ പരിധിയിലെ ചിലങ്ക സെന്ററിൽ നിന്നും 12.500 കിലോ കഞ്ചാവുമായി യുവാവിനെ തൃശ്ശൂർ റൂറൽ ജില്ലാ ഡൻസാഫ് ടീമും വാടാനപ്പിള്ളി പോലിസും ചേർന്ന് പിടികൂടി.

മഹാരാഷ്ട്ര സ്വദേശിയായ സയ്യിദ് ഇർഫാൻ (32) എന്നയാളെയാണ് പ്രത്യേക പോലിസ് സംഘം അറസ്റ്റ് ചെയ്തത്.തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് തൃശ്ശൂർ റൂറൽ ഡാൻസാഫ് സംഘം നാളുകളായി നടത്തിയ അന്വേഷണത്തിലാണ് പ്രതി അറസ്റ്റിലായത്.

തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി നവനീത് ശർമ്മ ഐ പി എസ് ന്റെ നിർദേശ പ്രകാരം തൃശ്ശൂർ റൂറൽ ജില്ലാ സി ബ്രാഞ്ച് ഡിവൈഎസ്പി മുരളീധരൻ, കൊടുങ്ങല്ലൂർ ഡിവൈഎസ്പി, സന്തോഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ വാടാനപ്പള്ളി പോലിസ് സ്റ്റേഷൻ ഐ എസ് എച്ച് ഓ ബിനു, എസ് ഐ മാരായ മുഹമ്മദ് റഫീഖ്, ശ്രീലക്ഷ്മി, തൃശ്ശൂർ റൂറൽ ഡാൻസാഫ് എസ് ഐ മാരായ പ്രദീപ് സി ആർ , ജയകൃഷ്ണൻ പി പി, ഷൈൻ ടി ആർ , സീനിയർ സിവിൽ പോലിസ് ഓഫീസർമാരായ സൂരജ് വി ദേവ്, ലിജു ഇയ്യാനി, സോണി, മാനുവൽ എം വി , നിഷാന്ത്, ഷിന്റോ, വാടാനപ്പിള്ളി പോലിസ് സ്റ്റേഷനിലെ എസ് സി പി ഓ സജയൻ, ബൈജു, രൺദീപ് എന്നിവരും ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

തീരദേശ മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികളെ ലക്ഷ്യമാക്കിയാണ് ടിയാൻ കഞ്ചാവ് കൊണ്ടുവന്നത്. കഞ്ചാവ് കൈ മാറുന്നതിനായി കാത്തു നിൽക്കുന്ന സമയത്താണ് ടിയാൻ പോലിസിന്റെ പിടിയിൽപെടുന്നത്. പ്രതി ആർക്ക് വേണ്ടിയാണ് കഞ്ചാവ് കൊണ്ടുവന്നതെന്നും ആരൊക്കെയാണ് ഇതിന്റെ ഉപഭോക്താക്കൾ എന്നും പോലിസ് അന്വേഷിച്ചു വരികയാണ്.

ദേശീയ പവർ ലിഫ്റ്റിങ് മത്സരത്തിൽ മെഡലുകൾ നേടിയ ഡി ആർച്ച, എം.ആർ ആശംസ

പവർ ലിഫ്റ്റിങ് ആശംസയ്ക്ക് ദേശീയ റെക്കോഡ്

മുഹമ്മ: ദേശീയ പവർ ലിഫ്റ്റിങ് മത്സരത്തിൽ മുഹമ്മ എ ബി വിലാസം ജിമ്മിലെ എം.ആർ ആശംസയ്ക്ക് റെക്കോഡ്. എ ബി വിലാസം സ്കൂളിലെ പ്ലസ് ടു വിദ്യാർഥിനി ഡി ആർച്ചയ്ക്ക് വെള്ളിമെഡലും. രാജസ്ഥാനിലായിരുന്നു മത്സരം. ഇരുവരും സുബ്ജൂനിയർ വിഭാഗത്തിലാണ് മത്സരിച്ചത്.

എം ആർ ആശംസ 65 കിലോ വിഭാഗത്തിൽ ഡെഡ്ലിഫ്റ്റിൽ 155.5 കിലോ ഉയർത്തിയാണ് നിലവിലുള്ള ദേശീയ റെക്കോഡ് തകർത്തത്.152.5 ആയിരുന്നു റെക്കോഡ്. പാതിരപ്പള്ളി ആൽഫ ജീനിയസ് ഇന്റഗ്രേറ്റഡ് സ്കൂളിൽ പ്ലസ് ടുവിന് പഠിച്ചുകൊണ്ട് നീറ്റിന് തയാറെടുക്കുകയാണ് ആശംസ.എ ബി വിലാസം സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ഏഷ്യൻ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ ഉൾപ്പെടെ സ്വർണം നേടി രാജ്യത്തിന്റെ അഭിമാനം ഉയർത്തിയിരുന്നു.വിവിധ മത്സരങ്ങളിലായി സ്വർണം ഉൾപ്പടെ 11 മെഡൽ നേടിയിട്ടുണ്ട്. മുഹമ്മ ആര്യക്കര മൂപ്പൻപറമ്പിൽ രാജിയുടെയും ലേഖയുടെയും മകളാണ് എം ആർ ആശംസ.പ്ലസ് ടു വിദ്യാർഥിനി ഡി ആർച്ച 57 കിലോ വിഭാഗത്തിൽ ഡെഡ്ലിഫ്റ്റിൽ 137 കിലോ ഉയർത്തിയാണ് വെള്ളി നേടിയത്. വിവിധ മത്സരങ്ങളിലായി സ്വർണം ഉൾപ്പടെ 10 മെഡൽ നേടിയിട്ടുണ്ട്.മുഹമ്മ കൊല്ലംവെളിയിൽ ധർമ്മജി അമ്പിളി ദമ്പതികളുടെ മകളാണ് ഡി ആർച്ച. ആശംസയും ആർച്ചയും കായികാധ്യാപകൻ വി സവിനയന്റെ ശിക്ഷണത്തിൽ എ ബി വിലാസം ജിമ്മിലാണ് പരിശീലനം നേടുന്നത്.

കരിമണൽ ഖനന വിരുദ്ധ സമരം നാലാം വർഷത്തിലേക്ക്

തോട്ടപ്പള്ളി :കരിമണൽ ഖനനത്തിനെതിരെ 2021 ജൂൺ 10ന് തോട്ടപ്പള്ളിയിൽ ആരംഭിച്ച റിലേ സത്യാഗ്രഹം ഇന്ന് മൂന്നു വർഷം തികയുകയാണ്.കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ് കുമാർ ഒന്നാം സത്യാഗ്രഹിയായി ആരംഭിച്ച റിലേ സത്യാഗ്രഹം ഇന്ന് 1097-ാം ദിവസം സി ഭാർഗവൻ സത്യാഗ്രഹിയായി. വിവിധ തുറകളിൽപ്പെട്ടവർ സത്യാഗ്രഹികൾ ആയും ഉദ്ഘാടകരായും സമരത്തിൽ സജീവമായി.

മദ്യനയത്തിനെതിരെ ഉപ്പ് സത്യാഗ്രഹം നാളെ

തൃശൂർ: മദ്യലഭ്യതയും മദ്യ ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്ന എൽ.ഡി.എഫ് സർക്കാർ നയത്തിനെതിരെ മദ്യവിമോചന മഹാസഖ്യം നാളെ സെക്രട്ടറിയേറ്റിന് മുന്നിൽ ഉപ്പ് സത്യാഗ്രഹം ആരംഭിക്കുന്നു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ഉപ്പ് സത്യാഗ്രഹത്തിൽ രാഷ്ട്രീയ - മത - ഗാന്ധിമാർഗ - സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

മദ്യപിക്കുന്നതിനിടെ തർക്കം: തലയടിച്ച് വീണ യുവാവ് മരിച്ചു

കുന്നംകുളം: അഞ്ഞൂരിൽ സുഹൃത്തുക്കൾക്കൊപ്പം മദ്യപിക്കുന്നതിനിടെയുണ്ടായ തർക്കത്തിനിടെ യുവാവ് തലയടിച്ചു വീണു മരിച്ചു. കുന്നംകുളം അഞ്ഞൂർ സ്വദേശി വിഷ്ണു (29) ആണ് മരിച്ചത്. സംഭവത്തിൽ സുഹൃത്തുക്കളായ ശ്രീശാന്ത്, ഷിജിത്ത്, വിഷ്ണു എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തു. മദ്യലഹരിയിൽ വാക്കേറ്റത്തിനിടെ വിഷ്ണു തലയിടിച്ച് വീഴുകയായിരുന്നുവെന്ന് പൊലീസ് പറയുന്നു. വിഷ്ണുവിനെ കുന്നംകുളത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. അതേസമയം, സുഹൃത്തുക്കൾ വിഷ്ണുവിനെ മർദിക്കുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നു. ഞായറാഴ്ച്ച അർദ്ധരാത്രിയിലാണ് സംഭവം. പൊലീസ് അന്വേഷണം തുടരുകയാണ്.

കരുവന്നൂർ ബാങ്ക് കൊള്ള: നിക്ഷേപകരെ വഴിയാധാരമാക്കരുത്: മുസ്ലിം ലീഗ്

പാവറട്ടി: കരുവന്നൂർ ബാങ്ക് കൊള്ളയിൽ സർവ്വതും നഷ്ടപ്പെട്ട നിക്ഷേപകർക്ക് പണം തിരിച്ചു കിട്ടാനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും കേന്ദ്ര മന്ത്രിയും തൃശൂർ എം.പി.യുമായ സുരേഷ് ഗോപി തയ്യാറാകുമോ എന്ന കാര്യം വ്യക്തമാക്കണമെന്ന് മുസ്ലിംലീഗ് മണലൂർ നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ആയിരുന്ന എം.ശിവശങ്കർ ഉൾപ്പെട്ട സ്വർണ കള്ളക്കടത്തു കേസിൽ പല പ്രമുഖർക്കും പങ്ക് ഉള്ളതായി തെരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ പ്രധാന മന്ത്രി നരേന്ദ്ര മോദി തന്നെ പ്രസംഗിച്ചിരുന്നു.

പാർലമെന്റ് തിരെഞ്ഞെടുപ്പിൽ സി പി എം നേതാക്കളുമായി ഉണ്ടാക്കിയ ധാരണകൊണ്ട് ഇത്തരം ഗുരുതര വിഷയങ്ങൾ എഴുതി തള്ളാൻ ഇടവരരുത്. മണലൂർ മണ്ഡലത്തിലെ ഇടതുപക്ഷ മുന്നണിയുടെ ഭരണം നിലനിൽക്കുന്ന മുല്ലശ്ശേരി, എളവള്ളി, കണ്ടാണശ്ശേരി പഞ്ചായത്തുകൾ സുരേഷ് ഗോപി ലീഡ് ചെയ്തത് ഈ ധാരണയുടെ അടിസ്ഥാനത്തിലാണ്. നേരത്തെ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച്, തുടക്കത്തിലേ പ്രചാരണ രംഗത്ത് നിറഞ്ഞുനിന്നു എന്ന് വരുത്തിത്തീർക്കുകയായിരുന്നു ഇവിടങ്ങളിലൊക്കെ. അല്ലാതെ സ്വന്തം ഘടകകക്ഷിയായ സി പി ഐ യ്ക്ക് വേണ്ടി അകമഴിഞ്ഞ് പ്രവർത്തിക്കുന്നത് ആരും കണ്ടില്ല. നൂറു ശതമാനം വിജയം ഉറപ്പിച്ചു മുന്നേറിയ ഇടതു പക്ഷ മുന്നണി സ്ഥാനാർത്തിയുടെ പരാജയം സിപി എം ബോധപൂർവം മറച്ചു വെക്കുകയാണ്. ഇപ്പോൾ മുരളീധരൻ പരാജയപ്പെട്ട കാര്യം മാത്രം ചർച്ചയാക്കി

മുസ്ലിം ലീഗ് മണലൂർ മണ്ഡലം കൗൺസിൽ മീറ്റ് ജില്ലാ സെക്രട്ടറി കെ എ ഹാറൂൺ റഷീദ് ഉദ്ഘാടനം ചെയ്യുന്നു

സുനിൽ കുമാറിന്റെ പരാജയം സി പി എം വിസ്മൃതിയിൽ ആക്കുകയാണ്. മുസ്ലിം ലീഗിന് ശക്തിയുള്ള മേഖലകളിൽ മുരളീധരൻ വലിയ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. തെരെഞ്ഞെടുപ്പ് പ്രവത്തന ഹങ്ങളിൽ ഏർപ്പെട്ട മുഴുവൻ പ്രവർത്തകരെയും യോഗം അഭിനന്ദിച്ചു. പിഴവുകൾ തിരുത്തി പഞ്ചായത്ത് തിരെഞ്ഞെടുപ്പിൽ മുന്നേറാൻ യോഗം പദ്ധതികൾക്ക് രൂപം നൽകി. പ്രസിഡന്റ് ആർ. എ. അബ്ദുൽ മനാഫ് അധ്യക്ഷത വഹിച്ചു.

മുസ്ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കെ.എ.ഹാറൂൺ റഷീദ് ഉദ്ഘാടനം ചെയ്തു.

മണലൂർ നിയോജക മണ്ഡലം പ്രസിഡന്റ് ആർ എ അബ്ദുൽ മനാഫ് അധ്യക്ഷത വഹിച്ചു. മണ്ഡലം ഭാരവാഹികളായ, അശ്റഫ് ഹസൈനാർ, എ എം അശ്റഫ് തങ്ങൾ, വി കെ ഉമ്മർ ഹാജി, ബി വി കെ ഫക്രുദ്ദീൻതങ്ങൾ, എ എസ് എം അൽതാഫ് തങ്ങൾ, മുഹ്സിൻ മാസ്റ്റർ, പി എം ജമാൽ, എ ടി അബ്ദുള്ള, എ.എ.ഷജിൽ, പി.എം ഖാലിദ്, താഹിറ സാദിക്, റസിയ ഇബ്രാഹിം, ആർ ഒ സുൽഫീക്കർ, ഹംസ മന്ദലാംകുന്ന് എന്നിവർ ആശംസകൾ നേർന്നു. മണലൂർ മണ്ഡലം ജനറൽ

സെക്രട്ടറി പി എം ഷെരിഫ് സ്വാഗതവും മജീദ് ഹസ്സൻ നന്ദിയും പറഞ്ഞു.

ഐ.ടി.ഐ. പ്രവേശനം

ആലപ്പുഴ: കായംകുളം ഗവ.ഐ.ടി.ഐ.യിൽ എൻ.സി.വി.ടി. അംഗീകാരമുള്ള മെട്രിക്ക് ട്രേഡുകളിലേക്ക് 2024 ഓഗസ്റ്റ് പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. രണ്ട് വർഷത്തെ ഡ്രാഫ്ട്സ്മാൻ സിവിൽ, ഒരു വർഷത്തെ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡുകളിലേക്കാണ് പ്രവേശനം. ദ്യേ://ശശേമറാശശൈി.സെല്യമഹമ.ഴീ.ശി എന്ന പോർട്ടലിലൂടെ അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷ നൽകിയശേഷം ലഭ്യമാകുന്ന പ്രിന്റ് ഔട്ട് ഒറിജിനൽ രേഖകളുമായി തൊട്ടടുത്തുള്ള ഗവ.ഐ.ടി.ഐയിൽ എത്തി വേരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഫോൺ: 04792442900. അപേക്ഷ ഫീസ് :100 രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 29.

റെയിൽവെ ഗേറ്റ് അടച്ചിടും

ആലപ്പുഴ: തുറവൂർചേർത്തല റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് 31 (തങ്കി ഗേറ്റ്) ഇന്ന് വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും. വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 32 (ഒറ്റപ്പുന്ന), നമ്പർ: 30(സി.എം.എസ്. ഗേറ്റ്) എന്നില വഴി പോകണം.

ആലപ്പുഴ വാർത്തകൾ

ദേശീയ ലോക് അദാലത്ത്

22.33 കോടിയുടെ നഷ്ടപരിഹാരം

6750 കേസുകൾ ഒത്തുതീർപ്പായി

ആലപ്പുഴ: ജില്ലയിലെ കോടതി കേന്ദ്രങ്ങളിൽ ശനിയാഴ്ച നടന്ന ദേശീയ ലോക് അദാലത്തിൽ 6750 ഒത്തുതീർപ്പുകൾ നടന്നു. 22.33 കോടി രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചു. കോടതികളിൽ പരിഗണനയിലിരിക്കുന്ന കേസുകളും കോടതിയേതര തർക്കങ്ങളുമാണ് പരിഹരിച്ചത്.

വാഹനാപകട നഷ്ടപരിഹാര കേസുകളിൽ 19,72,33,000 രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചു.

മജിസ്ട്രേറ്റ് കോടതികളിൽ കുറ്റം സമ്മതിച്ചു പിഴ ഒടുക്കാവുന്ന കേസുകളിൽ 5458 കേസുകൾ തീർപ്പാക്കി. 62,28,750 രൂപ പിഴ ഈടാക്കി.വിവിധ ബാങ്കുകൾ സമർപ്പിച്ച വായ്പ കുടിശിക സംബന്ധിച്ച കേസുകൾ, രജിസ്ട്രേഷൻ വകുപ്പ് സംബന്ധിച്ച കേസുകളും അദാലത്തിൽ പരിഗണിക്കപ്പെട്ടു. അദാലത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ കോടതി കേന്ദ്രങ്ങളിൽ വച്ച് നടത്തിയ അദാലത്തിന് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി കെ.കെ. ബാലകൃഷ്ണൻ, സിവിൽ ജഡ്ജിയും ജില്ല നിയമ സേവന അതോറിറ്റി സെക്രട്ടറിയുമായ പ്രമോദ് മുരളി എന്നിവരുടെ നേതൃത്വത്തിലാണ് അദാലത്ത് നടത്തിയത്. അഡിഷണൽ ജില്ല ജഡ്ജിമാരായ റോയ് വർഗീസ്, എസ്. സജികുമാർ, അജികുമാർ, വി.എസ്. വിദ്യാധരൻ, ന്യായാധികാരി എം. കെ. സംയുക്ത എന്നിവർ അദാലത്തിലെ ബെഞ്ചുകൾക്ക് നേതൃത്വം നൽകി. അഭിഭാഷകർ, കോടതി ജീവനക്കാർ, അഭിഭാഷക ക്ലർക്കുമാർ, പാരാ ലീഗൽ വാളണ്ടിയർമാർ എന്നിവരും അദാലത്തിൽ പങ്കാളികളായി.

തെരുവ്നായ അക്രമണം: ആടുകളെ കടിച്ചു കൊന്നു

ചേർത്തല : തെരുവു നായ്ക്കൾ ആടുകളെ കടിച്ചു കൊന്നു. വയലാർ പഞ്ചായത്ത് ഏഴാം വാർഡിൽ നെസ്റ്റിൽ ഷണ്മുഖന്റെ മൂന്ന് ആടുകളെയാണ് ഇന്നലെ പുലർച്ചെ മൂന്നോടെ നായകൾ അക്രമിച്ചത്.

ബഹളം കേട്ട് ഷണ്മുഖനും കുടുംബാംഗങ്ങളും ഉണർന്ന് ആടുകളെ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും നായകൾ ഇവർക്കു നേരേ തിരിഞ്ഞു.ഒടുവിൽ വടിയെടുത്ത് പ്രതിരോധിച്ചപ്പോഴാണ് നായക്കൂട്ടം പിന്തിരഞ്ഞത്. മലബാറി ഇനത്തിൽ പെട്ട ആട്ടിൻ കുട്ടികളാണ് ചത്തത്. വർഷങ്ങളായി ആടുകളെ വളർത്തുന്നയാളാണ് ഷണ്മുഖൻ. കഴിഞ്ഞ ദിവസം മൂന്നാടുകളെ ആട് വളർത്തുന്നവർക്ക് വിറ്റിരുന്നു. ഇതിനൊപ്പം മലബാറി ഇനത്തിലെ ആടുകളെയും വാങ്ങാൻ തയ്യാറായെങ്കിലും ആടുകളോടുള്ള ഇഷ്ടം കൊണ്ട് വീട്ടിൽ നിർത്തുകയായിരുന്നെന്ന് ഷണ്മുഖൻ പറഞ്ഞു. പ്രദേശത്ത് തെരുവ് നായകളുടെ ശല്യം രൂക്ഷമായിട്ടും അധികൃതർ നടപടി സ്വീകരിക്കാത്തത് വ്യാപാക പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്.

വയലാറിൽ തെരുവ് നായകൾ കടിച്ചു കൊന്ന ആടുകൾ

സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ പ്രോഗ്രാം

ആലപ്പുഴ: എസ്.ആർ.സി. കമ്മ്യൂണിറ്റി കോളജിന്റെ ആഭിമുഖ്യത്തിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോളിൽ ഓൺലൈൻ പാർട്ട്ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കാം. ഡോക്ടർമാർ, ഡിപ്ലോമയോ ഡിഗ്രിയോ ഉള്ള നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് പ്രൊഫഷണലുകൾ എന്നിവർക്കാണ് അപേക്ഷിക്കാനാകുക. https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂൺ 30. വിശദവിവരങ്ങൾക്ക് 9048110031/8075553851 എന്ന നമ്പറുകളിൽ വിളിക്കുകയോ www.srccc.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

'മോചനം' ലഹരി വിരുദ്ധ ബോധവൽക്കരണം റോട്ടറി ക്ലബ് ഓഫ് ആലപ്പി ഗ്രേറ്ററിന്റെ ആഭിമുഖ്യത്തിൽ ആര്യാട് ലൂഥറൻ സ്കൂളിൽ റോട്ടറി സോണൽ സെക്രട്ടറി അഡ്വ. പ്രദീപ് കൂട്ടാല ഉദ്ഘാടനം ചെയ്യുന്നു

റോട്ടറി 'മോചനം' പ്രൊജക്റ്റ് ഉദ്ഘാടനം

ആലപ്പുഴ : റോട്ടറി ഡിസ്ട്രിക്ട് 3211 ലഹരി വിരുദ്ധ ബോധവൽക്കരണ പ്രൊജക്റ്റ് ' മോചനം' റോട്ടറി ക്ലബ് ഓഫ് ആലപ്പി ഗ്രേറ്ററിന്റെ ആഭിമുഖ്യത്തിൽ ആര്യാട് ലൂഥറൻ സ്കൂളിൽ റോട്ടറി സോണൽ സെക്രട്ടറി അഡ്വ. പ്രദീപ് കൂട്ടാല ഉദ്ഘാടനം ചെയ്തു.

ലോബി വിദ്യാധരൻ, ജിഷ പി. വിജയൻ, കവിത എസ്, ലക്ഷ്മി ലോബി, ആതിര എസ്, സന്തോഷ് രാജീവൻ എന്നിവർ പ്രസംഗിച്ചു.

മഴക്കാല ശുചീകരണ പ്രവർത്തനം; നഗരസഭയും പഞ്ചായത്തും മുൻകരുതലുകൾ എടുക്കണം

കായംകുളം: മഴക്കാല ശുചീകരണ പ്രവർത്തനത്തിന് വേണ്ടത്ര മുൻകരുതലുകൾ എടുക്കാൻ നഗരസഭയും വിവിധ പഞ്ചായത്തുകളും തയ്യാറായില്ലെന്ന് വ്യാപാരി വ്യവസായി ഏകോപനസമിതി കായംകുളം നിയോജക മണ്ഡലം കമ്മിറ്റി. പി.ഡബ്ല്യു.ഡി.യുമായി ചേർന്ന് ഓട നവീകരിക്കുന്നതിന് വേണ്ടത്ര മുൻകരുതലുകൾ എടുത്തില്ല. കായംകുളം നിയോജക മണ്ഡലത്തിലെ ദേശീയപാതയോട് ചേർന്നും അല്ലാതെയുമുള്ള വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി പത്ത്ലക്ഷത്തോളം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായെന്നും യൂണിറ്റു കമ്മിറ്റി പറഞ്ഞു. മറ്റ് നഷ്ടപരിഹാരങ്ങൾ നൽകുന്നതുപോലെ തന്നെ വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറുമ്പോൾ വേണ്ട അടിയന്തിര സഹായം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കലക്ടർക്ക് ഈമെയിൽ സന്ദേശം അയച്ചു എന്നും യൂണിറ്റുകമ്മിറ്റി പറഞ്ഞു. പി.ഡബ്ല്യു.ഡി.യു.ഡി വിഭാഗവുമായും ചേർന്ന് പി.ഡബ്ല്യു.ഡി.യു.ഡിയുടെ കീഴിലുള്ള ഓട നവീകരണം സംബന്ധിച്ചും ദേശീയപാത അധികൃതരുമായി ചേർന്ന് ദേശീയ പാതയിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിലേക്ക് വെള്ളം കയറുന്നത് സംബന്ധിച്ച് എം.എൽ.എ ചർച്ച ചെയ്ത് തീരുമാനം എടുത്ത് പരിഹരിച്ചില്ലെങ്കിൽ കൂടുതൽ നാശനഷ്ടം വ്യാപാരികൾക്കും എൻ.എച്ചിന് സമീപമുള്ള വീടുകൾക്കും ഉണ്ടാകുന്ന സാഹചര്യമാണ് വരാൻപോകുന്നതെന്നും യൂണിറ്റ് കമ്മിറ്റി കുറ്റപ്പെടുത്തി. വ്യാപാര ഭവനിൽ ചേർന്ന യോഗത്തിൽ നിയോജകമണ്ഡലം പ്രസിഡന്റ് സിനിൽ സബാദ് അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് എ.എം. ഷരീഫ്, ബി.ഭദ്രകുമാർ, പ്രഭാകരൻ പത്തിയൂർ, ധനേഷ് കൃഷ്ണ, സുരേഷ് മുഞ്ഞനാട്, ബിജു തമ്പി, വിനോദ് ശക്തി, ബാബുജി കാക്കനാട്, യൂത്ത്വിംഗ് ജില്ലാ വൈസ് പ്രസിഡന്റ് അസിം നാസർ സംസാരിച്ചു.

എസ്.എൻ.ഡി.പി യോഗം മാന്നാർ യൂണിയൻ യൂത്ത്മൂവ്മെന്റ് ഗ്രാമം മേഖല വാർഷിക പൊതുയോഗം യൂണിയൻ ചെയർമാൻ കെ എം ഹരിലാൽ ഉദ്ഘാടനം നിർവഹിക്കുന്നു

ദേവസ്വം ബോർഡുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം

മാന്നാർ: സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകളിൽ പിന്നോക്ക വിഭാഗക്കാർക്കും പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കുമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് മാന്നാർ എസ്.എൻ.ഡി.പി യൂണിയൻ യൂത്ത്മൂവ്മെന്റ് ഗ്രാമം മേഖല വാർഷിക പൊതുയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.ദേവസ്വം ബോർഡിന്റെ വിവിധ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്ലൂടെ പിന്നോക്കക്കാരെയും പട്ടിക ജാതി വിഭാഗക്കാരെയും നിയമിച്ചെങ്കിൽ മാത്രമേ സാമൂഹ്യനീതി ഉറപ്പുവരുത്തു എന്ന് യോഗം വിലയിരുത്തി. മേഖലാ വൈസ് ചെയർമാൻ അമ്പിളിക്കുട്ടൻറെ അധ്യക്ഷതയിൽ കൂടിയ യോഗം യൂണിയൻ ചെയർമാൻ കെ.എം ഹരിലാൽ ഉദ്ഘാടനം ചെയ്തു. യൂത്ത്മൂവ്മെന്റ് യൂണിയൻ കൺവീനർ ബിനുരാജ് സംഘടന പ്രവർത്തനം വിശദീകരിച്ചു. യൂത്ത്മൂവ്മെന്റ് യൂണിയൻ ചെയർപേഴ്സൺ വിധു വിവേക് മുഖ്യപ്രഭാഷണം നടത്തി.യൂത്ത് മൂവ്മെന്റ് മേഖല കൺവീനർ അഭിനന്ദ് സ്വാഗതവും നിയുക്തമേഖലാ കൺവീനർ അമൃത പ്രജീഷ് നന്ദിയും പറഞ്ഞു.

വാക്ക് ഇൻ ഇന്റർവ്യൂ

ആലപ്പുഴ: പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാരപരിധിയിലെ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഹോസ്റ്റലുകളിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിലും നിലവിലുള്ള രണ്ട് സ്റ്റുഡന്റ് കൗൺസിലർ തസ്തികകളിൽ ഒരു വർഷത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.വാക്ക് ഇൻ ഇന്റർവ്യൂ 13ന് രാവിലെ 10.30 ന് പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ വച്ച് നടത്തും.

അപേക്ഷിക്കാം

ആലപ്പുഴ: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റ ആഭിമുഖ്യത്തിൽ എസ്. ആർ.സി. കമ്മ്യൂണിറ്റി കോളജ് ജൂലൈ സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ക്ലാസിക്കൽ ആന്റ് കൊമേർഷ്യൽ ആർട്സിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് https://apps. rccc.in/register ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

മദ്യ വ്യാപനം വർധിപ്പിക്കുന്ന സർക്കാരിൻറെ മദ്യനയം തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള പ്രദേശ് മദ്യവിരുദ്ധ സമിതി നടത്തിയ കലക്ടറേറ്റ് ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് ബേബി പാറക്കാടൻ സംസാരിക്കുന്നു

സർക്കാരിന്റെ മദ്യനയത്തിൽ മാറ്റം വരുത്തണം

ആലപ്പുഴ: കേരള സർക്കാരിൻറെ പ്രഖ്യാപിത മദ്യനയത്തിൽ മാറ്റം വരുത്തണമെന്നും മദ്യ വർജന മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളും ആയി ചർച്ച ചെയ്ത് പുതിയ മദ്യനയത്തിന് രൂപം നൽകണമെന്നും കേരള പ്രദേശ് മദ്യവിരുദ്ധ സമിതി സംസ്ഥാന പ്രസിഡൻറ് ബേബി പാറക്കാടൻ പറഞ്ഞു.കേരള പ്രദേശ് മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ സർക്കാരിൻറെ മദ്യനയം തിരുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി നടത്തിയ നിൽപ്പ് ധർണ സമരത്തിൻറെ ഭാഗമായി ആലപ്പുഴ കലക്ടറേറ്റ് പടിക്കൽ നടത്തിയ നിൽപ്പ് ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു. പ്രദേശ് മദ്യവിരുദ്ധ സമിതി ജില്ലാ പ്രസിഡന്റ് ഹക്കീം മുഹമ്മദ് രാജ അധ്യക്ഷത വഹിച്ചു. കേരള കോൺഗ്രസ് ജില്ലാ സെക്രട്ടറി തോട്ടുങ്കൽ ജോർജ് ജോസഫ് മുഖ്യ സന്ദേശം നൽകി. എം. ഇ. ഉത്തമക്കുറിപ്പ്, ഈ .ഖാലിദ്, രാജു പള്ളിപ്പറമ്പിൽ, പി. എ. കുഞ്ഞുമോൻ ,പി. ജെ. കുര്യൻ, ഈ. ഷാബ്ദീൻ,എൻ.എൻ. ഗോപിക്കുട്ടൻ ,ഹാജിറാ ബീവി, എച്ച്. സുധീർ, ലൈസമ്മ ബേബി,മൂർത്തി എസ്. കൃഷ്ണ, എൻ സദാശിവൻ നായർ, തോമസ് വാഴപ്പള്ളിക്കളം, ജോർജ് തോമസ് എന്നിവർ സംസാരിച്ചു.

സീഡ് റെസിഡൻസ് അസോസിയേഷൻ പ്രവർത്തനം തുടങ്ങി

മാരാരിക്കുളം: എസ്.എൽ.പുരം സീഡ് റെസിഡൻസ് അസോസിയേഷൻ പ്രവർത്തനം തുടങ്ങി.മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുദർശനാഭായി ഉദ്ഘാടനം നിർവ്വഹിച്ചു. പരിസ്ഥിതി ദിനാചാരണവും പച്ചക്കറി തൈവിതരവും ഇതോടപ്പം നടന്നു .പഞ്ചായത്ത് അംഗം മാലൂർ ശ്രീധരൻ അദ്ധ്യക്ഷത വഹിച്ചു.കൃഷി ഓഫീസർ ജാനിഷ് റോസ് വൃക്ഷ തൈകൾ വിതരണം ചെയ്തു. സതീശൻ അത്തിക്കാട്ട് ക്ലാസ് എടുത്തു. രാധാകൃഷ്ണൻ, രവീന്ദ്രൻ, അജേഷ്കുമാർ, അശോകൻ, പി. പി. ആനന്ദൻ തുടങ്ങിയവർ സംസാരിച്ചു.

ജീവൻ രക്ഷാ പരിശീലന ശിൽപശാല

ആര്യാട് : കൈതത്തിൽ ശ്രീനാരായണ ഗുരുസ്മാരക ഭജന സമിതി ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ജീവൻ രക്ഷാ പരിശീലന ശിൽപശാല സംഘടിപ്പിച്ചു.ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ഡി മഹീന്ദ്രൻ ഉദ്ഘാടനം ചെയ്തു എസ്.എൻ.ജി. എസ് പ്രസിഡന്റ് വിമൽ ജി നാഥ് അധ്യക്ഷനായി. ചടങ്ങിൽ സംസ്ഥാന പ്രിസൺസ് മീറ്റിൽ ഷോട്പുട്ടിൽ റിക്കാർഡോടെ സ്വർണമെഡൽ നേടിയ കെ.അനിൽകുമാറിനെ അദരിച്ചു.ആര്യാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സന്തോഷ് ലാൽ ,സ്വതന്ത്ര കോളേജ് പ്രിൻസിപ്പൾ എസ്.ഷാജി ഗ്രാമ പഞ്ചായത്തംഗം കവിത ഹരിദാസ്, ഡോ. വിപിൻ , എസ്.എൻ.ജി.എസ്. സെക്രട്ടറി എസ്.ഷിബു,കമ്മിറ്റി അംഗം ശ്യാംകുമാർ എന്നിവർ സംസാരിച്ചു. ചെട്ടികാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസി.സർജൻ ഡോ.എം ആർ മുഹ്സിൻ മുഹമ്മദ്, ഡോ. ക്രിസ്റ്റീന എന്നിവർ ശില്പശാല നയിച്ചു. ഹൃദയാരോഗ്യ പുനരുജ്ജീവനം (സി.പി.ആർ) പ്രായോഗിക പരിശീലനവും നൽകി.

എൻ.സി.പി സ്ഥാപക ദിനത്തോടനുബന്ധിച്ച് ചെങ്ങന്നൂർ നിയോജക മണ്ഡലം ഓഫീസിൽ സേവാദൾ ചെയർമാൻ റ്റി.കെ. ഇന്ദ്രജിത് പതാക ഉയർത്തുന്നു

അനുസ്മരണം

ആലപ്പുഴ :നിരവധി കർഷക സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാക്കളായിരുന്നു ടി. എസ്. ജോണും വി.സി. ചാക്കോയും. തണ്ണീർമുക്കം ബണ്ടിന്റെ പൂർത്തീകരണത്തിന് വേണ്ടി ആലപ്പുഴ കലക്ടറേറ്റ് പടിക്കൽ ആറ് ദിവസം നീണ്ടുനിന്ന നിരാഹാര സത്യാഗ്രഹം നടത്തിയ നേതാക്കളായിരുന്നു ഇരുവരും.കേരള കോൺഗ്രസിൻറെ ആഭിമുഖത്തിൽ പ്രത്യേക കർഷ വിഭാഗം രൂപീകരിച്ചപ്പോൾ കേരള കർഷക യൂണിയൻറെ സംസ്ഥാന പ്രസിഡന്റായി റ്റി. എസ്. ജോണിനേയും ആലപ്പുഴ ജില്ലാ പ്രസിഡന്റായി വി.സി. ചാക്കോ വെട്ടിച്ചിറയേയും പാർട്ടി നിയോഗിച്ചു.

സമ്മേളനത്തിൽ നെൽ നാളികേര കർഷക ഫെഡറേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ആന്റണി കരിപ്പാശ്ശേരി അധ്യക്ഷത വഹിച്ചു. സമ്മേളനം സംസ്ഥാന പ്രസിഡൻറ് ബേബി പാറക്കാടൻ ഉദ്ഘാടനം ചെയ്തു.

കേരള കോൺഗ്രസ് സംസ്ഥാന സെക്രട്ടറി തോട്ടുങ്കൽ ജോർജ് ജോസഫ് മുഖ്യ സന്ദേശം നൽകി.എൻ. അജിത്ത് രാജ്, എം. ഇ. ഉത്തമക്കുറിപ്പ് , രാജു പള്ളിപ്പറമ്പിൽ ,ഇ.ഷാബുദ്ദീൻ, ജേക്കബ് എട്ടുപറയിൽ , ജോ നെടുങ്ങാട് ,ജോസ് റ്റി പൂണിച്ചിറ, ഹക്കീം മുഹമ്മദ് രാജാ, ബിനു മദനൻ,പി.റ്റി. രാമചന്ദ്രപണിക്കർ എന്നിവർ സംസാരിച്ചു.

ചെങ്ങന്നൂർ നഗരസഭ പച്ചത്തുരത്ത് നിർമ്മാണം ആരംഭിച്ചു

ചെങ്ങന്നൂർ: നഗരസഭയുടെ നേതൃത്വത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം പച്ചത്തുരുത്തുകളുടെ നിർമ്മാണം ആരംഭിച്ചു. മഹാകവി പുത്തൻകാവ് മാത്തൻ തരകൻ മെമ്മോറിയൽ ഗവ: യു.പി.സ്കൂളിൽ നിർമ്മിക്കുന്ന പച്ചത്തുരുത്തിന്റെ നിർമ്മാണോദ്ഘാടനം നഗരസഭ ചെയർപേഴ്സൺ ശോഭാ വർഗ്ഗീസ് നിർവഹിച്ചു. വൈസ് ചെയർമാൻ കെ.ഷിബുരാജൻ അധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ റിജോ ജോൺ ജോർജ്, റ്റി.കുമാരി, ശ്രീദേവി ബാലകൃഷ്ണൻ സെക്രട്ടറി എം.എസ്.ശ്രീരാഗ്, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സി.നിഷ, തൊഴിലുറപ്പ് പദ്ധതി ഓവർസീയർ വി.കെ.ജൽജ റാണി, സ്കൂൾ ഹെഡ്മിസ്ട്രസ് ജെനി അലക്സ് എന്നിവർ പ്രസംഗിച്ചു.

കെടെറ്റ് സർട്ടിഫിക്കറ്റ് വിതരണം ഇന്നുമുതൽ

ആലപ്പുഴ: ആലപ്പുഴ വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ നടന്ന ഒക്ടോബർ 2023 കെ ടെറ്റ് പരീക്ഷ ഉൾപ്പെടെ വിവിധ വർഷങ്ങളിലെ കെടെറ്റ് പരീക്ഷ വിജയിച്ച് വെരിഫിക്കേഷൻ വിജയകരമായി പൂർത്തിയാക്കിയ പരീക്ഷാർഥികളുടെ സർട്ടിഫിക്കറ്റ് ഇന്ന് മുതൽ ജില്ല വിദ്യാഭ്യാസ ഓഫീസിൽ വിതരണം ചെയ്യുന്നു.

സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ പരീക്ഷാർത്ഥികൾ ഹാൾ ടിക്കറ്റുമായി എത്തണം.

ചെങ്ങന്നൂർ നഗരസഭയുടെ നേതൃത്വത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം പച്ചത്തുരുത്തുകളുടെ നിർമ്മാണോദ്ഘാടനം മഹാകവി പുത്തൻകാവ് മാത്തൻ തരകൻ ഗവ: എൽ.പി.സ്കൂളിൽ നഗരസഭ ചെയർപേഴ്സൺ ശോഭാ വർഗ്ഗീസ് നിർവഹിക്കുന്നു

സൈറൺ മുഴങ്ങും, പേടി വേണ്ട

കൊച്ചി: കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണം വരും ദിവസങ്ങളിൽ നടത്തുമെന്ന് സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് ഇന്ന് വിവിധ സമയങ്ങളിൽ നടക്കുക. ജില്ലയിൽ പള്ളിപ്പുറം, തുരുത്തിപ്പുറം, പാലിയം ഗവ.എച്ച്എസ്എസ് ചേന്ദമംഗലം, ഗവ. ജെബിഎസ് കുന്നുകര, ഗവ. എം.ഐ.യു.പി.എസ് വെളിയത്തുനാട്, ഗവ. എച്ച്എസ് വെസ്റ്റ് കടുങ്ങല്ലൂർ, ഗവ.ബോയ്സ് എച്ച്എസ്എസ് ആലുവ, ഗവ.ഹയർ സെക്കൻഡറി സ്കൂൾ ശിവൻകുന്ന്, മുവാറ്റുപുഴ, ഗവ.ഹയർ സെക്കൻഡറി സ്കൂൾ, മുടിക്കൽ, എറണാകുളം ഗവ.ഗസ്റ്റ് ഹൗസ്, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, കളക്ടറേറ്റ്, കാക്കനാട് എന്നിവിടങ്ങളിലാണ് സൈറണുകളുടെ പരീക്ഷണം നടക്കുക.

പുതുക്കിയ സ്കൂൾ ഉച്ചഭക്ഷണം നിരക്ക് എൽ.പി. സ്കൂളുകൾക്ക് തിരിച്ചടി

പെരുമ്പാവൂർ: പുതുക്കിയ സ്കൂൾ ഉച്ചഭക്ഷണം നിരക്ക് എൽ.പി. സ്കൂളുകൾക്ക് തിരിച്ചടി ആകുന്നു. 150 കുട്ടികൾ വരെ ഒരു കുട്ടിക്ക് എട്ട് രൂപ ആയിരുന്നത് ഇപ്പോൾ പുതിയ ഉത്തരവിലൂടെ ആറു രൂപയാക്കി കുറച്ചു. സംസ്ഥാന പോഷകാഹാരം പദ്ധതിയായ മുട്ട, പാൽ വിതരണത്തിന് ഇതുവരെ തുക അനുവദിച്ചിട്ടില്ല. നൽകികൊണ്ടിരുന്ന എട്ട് രൂപയിൽ നിന്നാണ് അതിനും തുക കണ്ടെത്തികൊണ്ടിരുന്നത്. കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഇത്തരം തീരുമാനങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് ബോയ്സ് എൽ.പി. സ്കൂൾ പി.ടി.എ. കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രസിഡന്റ് വി.എ. പ്രേം നസീർ സർക്കാരിന് നിവേദനം നൽകി.

ഫലം പ്രസിദ്ധീകരിച്ചു

കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി,പി.ജി ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് ഓഫീസ് പ്രൊസീഡിംഗ്സ് ഇൻ ഹിന്ദി,നാലാം സെമസ്റ്റർ എം.എഫ്.എ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

കൊച്ചി വാർത്തകൾ

ട്രോളിങ് നിരോധനം തുടങ്ങി

കടലിൽ പോയ മുഴുവൻ ബോട്ടുകളും തിരിച്ചെത്തി

മട്ടാഞ്ചേരി: സംസ്ഥാനത്ത് 52 ദിവസം നീണ്ട് നിൽക്കുന്ന ട്രോളിങ് നിരോധനത്തിന് ഞായറാഴ്ച അർദ്ധരാത്രിയിൽ തുടക്കമായി. ജൂലൈ 31 ന് നിരോധനം അവസാനിക്കും.

നേരത്തെ കടലിൽ പോയ മുഴുവൻ ബോട്ടുകളും ഹാർബറിൽ മടങ്ങിയെത്തിയിട്ടുണ്ട്. രണ്ടു ദിവസം ഹാർബറിൽ മത്സ്യ വിൽപനക്ക് തടസമില്ല. നിരോധനം പരിഗണിച്ച് മത്സ്യതൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലെ പോലെ സാമ്പത്തിക സഹായമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല. ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകൾ തീരം വിട്ടു കഴിഞ്ഞു. തീര മേഖലയിലെ സ്വകാര്യ പെട്രോൾ പമ്പുകൾ അടച്ച് പൂട്ടി. നീണ്ടകര, കൊച്ചി, ബേപ്പൂർ, മത്സ്യ ബന്ധന ഹാർബർ മേഖലകൾ കേന്ദ്രീകരിച്ച് 3800 ബോട്ടുകളും അയ്യായിരത്തോളം ഇൻ ബോർഡ് വള്ളങ്ങളും അഞ്ഞൂറോളം ഗിൽനെറ്റ് ബോട്ടുകളും 114 പേഴ്സിൻ നെറ്റ് ബോട്ടുകളുമാണ് പ്രവർത്തിക്കുന്നത്. കൊച്ചി മേഖല ഹാർബറുകൾ കേന്ദ്രീകരിച്ച് ആയിരത്തി എഴുന്നൂറ്റി അമ്പതോളം ബോട്ടുകളാണുള്ളത്. ഫിഷറീസ് ഹാർബറുകൾ നിശ്ചലമാകുന്നതോടെ.അനുബന്ധ മേഖലയിലെ തൊഴിലാളികളും പട്ടിണിയിലാകും. കടലിലുണ്ടാകുന്ന അപകടങ്ങൾ നേരിടാൻ പട്രോളിങ് ബോട്ടുകളും വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും തയ്യാറാക്കിയിട്ടുണ്ട്. കോസ്റ്റ്ഗാർഡിന്റെ കപ്പലും ഹെലികോപ്റ്ററും രക്ഷാപ്രവർത്തനത്തിനും പട്രോളിങ്ങിനുമായി രംഗത്തുണ്ടാകും. മൺസൂൺ കാലട്രോളിങ്ങിനെ ബോട്ടുകാരുടെ സംഘടന അംഗീകരിക്കുന്നില്ല. എല്ലാ വർഷവുമുള്ള ട്രോളിങ് നിരോധനത്തിന് ശാസ്ത്രീയ പിൻബലമില്ലെന്നാണ് ബോട്ടുകാരുടെ പക്ഷം. ദശാബ്ദങ്ങളായി തുടരുന്ന വർഷകാല നിരോധനം കൊണ്ട് ലക്ഷ്യം നേടിയിട്ടില്ലെന്നും കടലിൽ മത്സ്യം കുറയുകയല്ലാതെ കൂടിയാട്ടില്ലെന്ന് കണക്കുകൾ നിരത്തി ബോട്ടുകാർ സമർത്ഥിക്കുന്നു. മത്സ്യ മേഖല പരിപാലനത്തിലെ ഒരു ഭാഗം മാത്രമാണ് ട്രോളിങ് നിരോധനമെന്നും ഇതോടൊപ്പം പരമ്പരാഗത മേഖലയിലും ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും കൊണ്ട് വരണമെന്നും കേരള മത്സ്യതൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ് പറഞ്ഞു.

ജെഇഇ അഡ്വാൻസ്ഡ്: മാധവിനും മനുവിനും ആദ്യ റാങ്കുകൾ

കൊച്ചി: ജെഇഇ അഡ്വാൻസ്ഡിൽ കേരളത്തിലെ ആദ്യ രണ്ടു റാങ്കുകൾ ആകാശ് വിദ്യാർഥികളായ മാധവ് മനുവിനും ഗൗതം പി എയ്ക്കും. കോഴിക്കോട് സ്വദേശിയായ മാധവ് മനു അഖിലേന്ത്യാ തലത്തിൽ 348ാം റാങ്കും, കൊച്ചി ആകാശിലെ ടോപ് സ്കോറർ ഗൗതം പി.എ അഖിലേന്ത്യാ തലത്തിൽ 394ാം റാങ്കുമാണ് നേടിയത്. മദ്രാസ് ഐഐടിയാണ് ഈ വർഷത്തെ ജെഇഇ അഡ്വാൻസ്ഡ് ഫലം പുറത്തുവിട്ടത്. ഇരുവരുടെയും നേട്ടത്തെ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡിന്റെ ചീഫ് അക്കാദമിക് ആന്റ് ബിസിനസ് ഹെഡ് ധീരജ് മിശ്ര അഭിനന്ദിച്ചു. ജെഇഇ അഡ്വാൻസ്ഡിന് 2024ൽ 180,200 വിദ്യാർഥികളാണ് പങ്കെടുത്തത്. അതിൽ 48,248 പേരാണ് യോഗ്യത നേടിയത്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർഥികൾക്ക് അനുയോജ്യമായ വിവിധ കോഴ്സ് ഫോർമാറ്റുകളിലൂടെ സമഗ്രമായ ഐഐടി ജെഇഇ കോച്ചിങ്ങാണ് വാഗ്ദാനം ചെയ്യുന്നതെന്ന് ആകാശ് അവകാശപ്പെട്ടു. കൊച്ചി സെന്ററിൽ നടന്ന ചടങ്ങിൽ മികച്ച വിജയം നേടിയ റിയ മനു ജോസഫ്, ഇർഫാൻ അക്തർ, ഗൗതം പി.എ എന്നിവരെ അനുമോദിച്ചു. ബ്രാഞ്ച് ഉദ്യോഗസ്ഥരായ മിഥുൻ രാമചന്ദ്രൻ, അരുൺ വിശ്വനാഥ്, വിപിൻ, സൂരജ്, ആന്റണി ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

കെവിവിഇഎസ് കലൂർ യൂണിറ്റ് ഭാരവാഹികൾ

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) കലൂർ യൂണിറ്റ് പ്രസിഡന്റായി കെ.എ നാദിർഷയെയും, ജനറൽ സെക്രട്ടറിയായി കെ.സി അനസിനെയും, ട്രഷറർ ആയി സജി സ്റ്റാൻലിയെയും തിരഞ്ഞെടുത്തു. സമ്മേളനം ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ് ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, ട്രഷറർ സി.എസ് അജ്മൽ, ജിമ്മി ചാക്യാത്ത്, എം.സി പോൾസൺ, അബ്ദുൾ റസാഖ്, കെ.ടി ജോയ്, എഡ്വേർഡ് ഫോസ്റ്റസ്, സുബൈദ നാസർ, പ്രദീപ് ജോസ്, കെ.എസ് നിഷാദ്, ജയ പീറ്റർ, വി.വി സ്റ്റീഫൻ, കെ.എം ഖാലിദ് തുടങ്ങിയവർ സംസാരിച്ചു.

കൊച്ചിക്കാർക്ക് ഇഷ്ടംകമ്പ്യൂട്ടിങ് ഉത്പന്നങ്ങൾ

കൊച്ചി: ഇലക്ട്രോണിക് പേഴ്ണൽ കംപ്യൂട്ടിങ് ഉൽപ്പന്നങ്ങളുടെയും ഓഫീസ് ഉൽപ്പന്നങ്ങളുടെയും അതിവേഗം വളരുന്ന വിപണിയായി കൊച്ചി മാറിയതായി ആമസോൺ കണക്കുകൾ. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ ഉത്പന്നങ്ങൾ ആമസോൺ വഴി കൊച്ചിയിൽ ഓർഡർ ചെയ്തവരുടെ എണ്ണം ഇരട്ടിയായി. ക്യാമറ ഉപകരണങ്ങൾ, ആക്സസറികൾ, ടാബ്ലറ്റ്, ഡെസ്ക്ക്ടോപ്പ് കംപ്യൂട്ടർ, പി.സി ആക്സസറികൾ, ലാപ്ടോപ്, മോണിട്ടർ പോലെയുള്ള കൺസ്യൂമർ ഇലക്ട്രോണിക്സിന്റെയും വിൽപന കഴിഞ്ഞ ഒരു വർഷത്തിൽ ഇരട്ടിയായെന്നും ആമസോൺ അറിയിച്ചു.

'ജമാലിന്റെ പുഞ്ചിരി' പ്രദർശനം നാളെ

നെടുമ്പാശേരി: മൂഴിക്കുളം ശാലയുടെ നേതൃത്വത്തിൽ വി എസ് സുഭാഷ്കഥ, തിരക്കഥ, സംഭാഷണം നിർവ്വഹിച്ചതും ഇന്ദ്രൻസ് നായകനുമായ സിനിമ 'ജമാലിന്റെ പുഞ്ചിരി' ക്ഷണിക്കപ്പെട്ട സദസിനു മുമ്പിൽ ബുധൻ രാവിലെ 11 ന് കുറുമശ്ശേരി കൃപ മൂവീസിൽ പ്രദർശിപ്പിക്കും. തിരക്കഥാകൃത്ത് വി എസ് സുഭാഷ് മുഖ്യാതിഥിയായിരിക്കും. പാറക്കടവ് പഞ്ചായത്ത് പ്രസിഡന്റ് എസ് വി ജയദേവൻ പ്രദർശനം ഉദ്ഘാടനം ചെയ്യും.

വിദ്യാർത്ഥികളുടെ രക്തദാനം ശ്രദ്ധേയം

കാലടി: മാണിക്കമംഗലം എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിലെ ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ 25-ാമത് രക്തദാന ക്യാമ്പൊരുക്കി. ഇവർ ഒരുക്കുന്ന മുഴുവൻ ക്യാമ്പുകളിലും 17 വയസുവരെ പ്രായക്കാരായ വിദ്യാർത്ഥികളാണ് രക്തദാനം നടത്തുന്നതെന്നത് വ്യത്യസ്തവും ശ്രദ്ധേയവുമാണ്.

ഐ.എം.എ യുടെ സഹകരണത്തോടെയാണ് ക്യാമ്പ് നടത്തിയത്.

സ്കൗട്ട് ഗൈഡ് ജില്ലാ സെക്രട്ടറി ജോസഫ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. സായിശങ്കരശാന്തി കേന്ദ്രം ഡയറക്ടർ പി. എൻ ശ്രീനിവാസൻ, പഞ്ചായത്തംഗങ്ങളായ സ്മിത ബിജു, ശാന്ത ബിനു, സംവിധായകൻ വിനോദ് ലീല,വി.സരിത, സ്കൗട്ട് മാസ്റ്റർ പി. രഘു എന്നിവർ സംസാരിച്ചു.

കാലടിയുടെ സാമൂഹിക സാംസ്കാരികമണ്ഡലത്തിലെ സജീവ സാന്നിധ്യമായിരുന്ന സലീഷ് ചെമ്മണ്ടൂർ അനുസ്മരണവുമുണ്ടായിരുന്നു.നവാഗത സംവിധായകനും രക്ത ദാതാവുമായ വിനോദ് ലീലയെ ചടങ്ങിൽ ആദരിച്ചു.

മുത്തൂറ്റ് ഫിൻകോർപ്പ് പുതിയ കാമ്പയിൻ തുടങ്ങി

കൊച്ചി: മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (ബ്ലൂ മുത്തൂറ്റ്) ഫ്ളാഗ്ഷിപ്പ് കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ഷാരൂഖ് ഖാനുമായി ചേർന്ന് ബുക്ക് മൈ ഗോൾഡ് ലോൺ കാമ്പയിന് തുടക്കം കുറിച്ചു. എവിടെയിരുന്നും ഏതു സമയത്തും ഉടനടി സ്വർണ വായ്പ ബുക്ക് ചെയ്യാവുന്ന ഈ സേവനം ഇന്ത്യയിൽ ആദ്യത്തേതാണ്. പുതിയതായി അവതരിപ്പിച്ച ഈ സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് ഒരു മിസ്ഡ് കോളിലൂടെ വായ്പ ഇടപാട് നടത്താം. നൂതനമായ ഈ സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് സ്വർണ വായ്പകൾ ല്യമാക്കും എന്നു മാത്രമല്ല സൗകര്യപ്രദമായി ഇടപാടു നടത്തുകയും ചെയ്യാം. രാജ്യത്തുടനീളമുള്ള മുത്തൂറ്റ് ഫിൻകോർപ്പിന്റെ 3700ലധികം ബ്രാഞ്ചുകളുടെയും 50ലധികം നഗരങ്ങളിലുള്ള ഗോൾഡ് ലോൺ ഫ്രം ഹോമിന്റെയും പിന്തുണയും ഈ സേവനത്തിനുണ്ടാവുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. 2024 സാമ്പത്തിക വർഷം ആകെ 61,703.26 കോടി രൂപയുടെ വായ്പ ലഭ്യമാക്കി മുത്തൂറ്റ് ഫിൻകോർപ്പ് റെക്കോഡ് നേട്ടം സ്വന്തമാക്കിയിരുന്നു.

നിയന്ത്രണം വിട്ട ടോറസ് ഹോട്ടലിലേക്ക് ഇടിച്ചു കയറി

നെടുമ്പാശ്ശേരി : അങ്കമാലി ആലുവ ദേശീയപാതയിൽ നിയന്ത്രണം വിട്ട ടോറസ് ഹോട്ടലിലേക്ക് ഇടിച്ചു കയറി. അത്താണിയ്ക്ക് സമീപം പറമ്പയത്ത് നെടുവന്നൂർ യൂടേണിന് സമീപം ഞായറാഴ്ച്ച അർധരാത്രിയായിരുന്നു അപകടം. ഹോട്ടൽ അടഞ്ഞ് കിടന്നതിനാൽ വൻ ദുരന്തം ഒഴിവായി. ഞായറാഴ്ച രാത്രി 12.30 ഓടെയായിരുന്നു അപകടം. ടോറസിന് മുൻപിൽ അങ്കമാലി ഭാഗത്ത് നിന്നും വരികയായിരുന്ന കണ്ടയ്നർ ലോറി പെട്ടെന്ന് മുന്നറിയിപ്പില്ലാതെ യുടേൺ തിരിഞ്ഞതോടെ ടോറസ് ഇടത്തോട്ട് വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുമ്പോഴാണ് കണ്ടയിനറിന്റെ പിന്നിൽ തട്ടി നിയന്ത്രണംവിട്ട് സമീപത്തെ ഹോട്ടലിലേക്ക് ഇടിച്ചു കയറിയത്. ശ്രീമൂലനഗരം സ്വദേശി അഷറഫ് മുപ്പത് വർഷത്തോളമായി വാടകയ്ക്ക് നടത്തുന്ന പറമ്പയം സ്വദേശിയുടെ ഉടമസ്ഥതയിലുള്ള റോയൽ ഹോട്ടലിലേക്കാണ് ടോറസ് ഇടിച്ചു കയറിയത്. ഹോട്ടലിലും വഴികളിലും ആളുകളില്ലാതിരുന്നതാണ് വൻ ദുരന്തം ഒഴിവായത്. ആഴമുള്ള അഴുക്ക് കാനയിൽ ടോറസിന്റെ പിന്നിലെ ടയർ വീണതിനാലാണ് കെട്ടിടം തകരാതിരുന്നത്. പാലക്കാട് ആലത്തൂർ നിന്ന് കൊച്ചിൻ ഷിപ്പ് യാർഡിലേക്ക് മെറ്റൽ പൊടി കയറ്റി വരികയായിരുന്ന ടോറസാണ് അപകടത്തിൽപ്പെട്ടത്. ഡ്രൈവർ തൃശൂർ സ്വദേശി രഞ്ജിത് (36) നിസാര പരുക്കുകളോടെ അത്ഭുതകരമായി രക്ഷപ്പെട്ടു. അശ്രദ്ധയോടെ വാഹനമോടിച്ച് അപകടത്തിനിടയാക്കിയ കണ്ടയ്നർ പൊലിസ് കസ്റ്റഡിയിലെടുത്തു. അപകടത്തിൽ ഹോട്ടലിന്റെ അടുക്കള ഭാഗവും സീലിങ്ങും മുകൾഷീറ്റുകളും ഫർണീച്ചറുകൾ, പാത്രങ്ങൾ, സ്റ്റൗ, ഫ്രിഡ്ജ്, ഗ്ലാസുകൾ സ്ഥാപിച്ച കൗണ്ടർ, വൈദ്യുതികരണം, ജലവിതരണ പൈപ്പുകൾ അടക്കം തകർന്നു. ടോറസ് പൂർണമായും അകത്തേക്ക് കയറാതിരുന്നതിനാലാണ് കെട്ടിടത്തിനടക്കം വൻ നാശം ഒഴിവായത്. ഏകദേശം നാല് ലക്ഷത്തിന്റെ നഷ്ടം കണക്കാക്കുന്നു. രാവിലെ ഭീമൻ ക്രെയിനുകൾ ഉപയോഗിച്ച് ടോറസ് പുറത്തെടുക്കാൻ ശ്രമിക്കുന്നതിനിടെ ദേശീയപാതയും നെടുവന്നൂർ റോഡും മണിക്കൂറോളം ഗതാഗതക്കുരുക്കിലായി.

ദേശീയപാതയിൽ പറമ്പയത്ത് നിയന്ത്രണംവിട്ട ടോറസ് ഹോട്ടലിലേക്ക് ഇടിച്ചു കയറിയപ്പോൾ

കൊച്ചി കോർപ്പറേഷൻ 65-ാം ഡിവിഷൻ കൗൺസിലർ രജനിമണിയുടെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകർ തകർന്ന കലൂർ കത്യക്കടവ് റോഡിലെ കുഴികളിൽ ഇറങ്ങിയിരുന്ന് പ്രതിഷേധിക്കുന്നു.

നിതിൻ കൃഷ്ണൻ

ബസ് സർവ്വീസുകൾ പൂതംകുറ്റിയിൽ ട്രിപ്പ് അവസാനിപ്പിച്ചു; മലയോരമേഖലകൾ ഒറ്റപ്പെട്ടു

അങ്കമാലി : മൂക്കന്നൂർ ഏഴാറ്റുമുഖം റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പൂതംകുറ്റി ഭാഗത്ത് അരകിലോമീറ്റർ റോഡ് ആഴത്തിൽ കുഴിച്ചിട്ടിരിക്കുന്നതിനാൽ ഇത് വഴിയുള്ള 12 ബസ് സർവ്വീസുകൾ പൂതംകുറ്റി ജംഗ്ഷനിൽ ട്രിപ്പ് അവസാനിപ്പിച്ചതിനെ തുടർന്ന് എടലക്കാട്, ഒലിവ്മൗണ്ട്, വെള്ളപ്പാറ, പോർക്കുന്ന് പാറ, മാവേലിമറ്റം, കട്ടിംഗ്, ആനാട്ട് ചോല എന്നി മലയോര പ്രദേശങ്ങൾ ഒറ്റപ്പെട്ടു. വിവിധ ഭാഗങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന നൂറുകണക്കിന് വിദ്യാർത്ഥികളും വിവിധയിടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളും ബസ് സർവ്വീസ് നിലച്ചത് മൂലം കഷ്ടപ്പെടുന്നു. മൂക്കന്നൂർ ഏഴാറ്റുമുഖം റോഡിന്റെ നിർമ്മാണം താബോർ മുതൽ വടക്കോട്ടുള്ള ഭാഗങ്ങളിൽ ഒച്ചിഴയുന്നത് പോലെയാണ്. കരാറുകാർ യാതൊരു മുന്നറിയിപ്പുംകൂടാതെ റോഡിന്റെ ടാറിംഗ് വെട്ടിപ്പൊളിച്ച് തുടർനടപടികളില്ലാതെ നാട്ടുകാരെ ബുദ്ധിമുട്ടിപ്പിക്കുകയാണ്. കരാറുകാരന്റെ യന്ത്രസാമഗ്രികളുടെ ലഭ്യത പോലെ മാത്രമാണ് പണികൾ നടത്തുന്നത്.

സീക്കാട്, വെള്ളപ്പാറ ഭാഗങ്ങളിൽ കൾവർട്ട് നിർമ്മാണം ഒരു വർഷം മുമ്പ് ആരംഭിച്ചെങ്കിലും ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും അനാസ്ഥമൂലമാണ് റോഡ് നിർമ്മാണം വൈകുന്നതെന്ന് യു. ഡി. എഫ്. നിയോജകമണ്ഡലം കൺവീനർ ടി. എം. വർഗീസ് ആരോപിച്ചു. സ്കൂൾ അവധിക്കാലവും അനുകൂലമായ കാലാവസ്ഥയും ലഭിച്ചിട്ടും പണികൾ ചെയ്യാതെ കാലവർഷം ആരംഭിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുകയും ചെയ്തതിന്റെ പിന്നാലെ തന്നെ റോഡ് പൊളിച്ച് ഗതാഗതതടസ്സം ഉണ്ടാക്കിയതിന് ന്യായികരണമില്ല കൂടുതൽ ജോലിക്കാരെ നിയോഗിച്ച് നിർമ്മാണം വേഗം പൂർത്തിയാക്കണമെന്നും അത് വരെ ഒറ്റവരി ഗതാഗതസൗകര്യം ഒരുക്കി മലയോര മേഖലയിൽ ഗതാഗതസൗകര്യം പുനസ്ഥാപിക്കണമെന്നും ടി. എം. വർഗീസ് ആവശ്യപ്പെട്ടു.

പരസ്യ മേഖല തൊഴിലാളികളുടെ കൺവെൻഷൻ

കൊച്ചി: പരസ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ക്ഷേമനിധിയും പെൻഷനും അടിയന്തിരമായി നടപ്പിലാക്കണമെന്ന് കെപിസിസി ജനറൽ സെക്രട്ടറി ബി.എ അബ്ദുൾ മുത്തലിബ് ആവശ്യപ്പെട്ടു. അപകടങ്ങൾ സംഭവിക്കുന്ന തൊഴിലാളികൾക്ക് സഹായങ്ങൾ നൽകേണ്ടി വരുന്ന സന്ദർഭങ്ങളിൽ അധികാരികൾ കൈമലർത്തുന്നത് ദുഖകരമാണെന്നും അദ്ദേഹം അഭിപ്രായപെട്ടു . പരസ്യമേഖല തൊഴിലാളികളുടെ സംസ്ഥാന തല നേതൃത്വ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് കെ.കെ ജയപ്രകാശ് അധ്യക്ഷത വഹിച്ചു. കിൻഫ്ര ഇൻഡസ്ടിയൽ പാർക്ക് ചെയർമാൻ സാബു ജോർജ് മുഖ്യ പ്രഭാഷണം നടത്തി. കെ.ബി സോമരാജ്, സുരേഷ് തൈക്കാട്, വി.എം മനോജ്, ജിജോഷ് ഗോകുലൻ, ടി.വി വിമൽ, കെ.എം വിനോദ്, ടി.പി നൗഫൽ, കെ.മഹേന്ദ്രൻ, സുനിൽ പൂജപ്പുര സംസാരിച്ചു.

പരസ്യ മേഖല തൊഴിലാളികളുടെ സംസ്ഥാന നേതൃത്വ കൺവെൻഷൻ കെപിസിസി ജനറൽ സെക്രട്ടറി ബി.എ അബ്ദുൾ മുത്തലിബ് ഉദ്ഘാടനം ചെയ്യുന്നു

ഇടപ്പള്ളി അൽബിർറ് പ്രവേശനോത്സവത്തിൽ അഡ്വ. സി. ആർ. നീലകണ്ഠൻ സംസാരിക്കുന്നു.

പ്രവേശനോത്സവം

കൊച്ചി: ദാറുൽ ബനാത് യതീംഖാനയുടെ കീഴിലുള്ള പി. ടി. എ. എം. എം. അൽബിർറ് സ്കൂളിൽ പ്രവേശനോൽസവം നടത്തി. പുതുതായി ചേർന്ന കുട്ടികൾക്കു സയ്യിദ് ഷഫീഖ് തങ്ങൾ അൽ ഐദറൂസി പഠനാരംഭം കുറിച്ചു ഉദ്ഘാടനം നിർവ്വഹിച്ചു. അഡ്വ. സി. ആർ. നീലകണ്ഠൻ മുഖ്യാതിഥിയായിരുന്നു. സ്കൂൾ കോർഡിനേറ്റർ പി. ടി. മുഹമ്മദ് കാതിയോട് അധ്യക്ഷത വഹിച്ചു. ദാറുൽ ബനാത് അക്കാദമി പ്രിൻസിപ്പൽ പി. എ. അഷ്റഫ് ഹുദവി, ഐ. എം. മുഹമ്മദ് അനസ്, പി. ടി. അബ്ദുറഹ്മാൻ ഫൈസി, കെ. ഇ. അബ്ദുൽ സലീം, പി. എം പരീത് മുസ്ലിയാർ സംസാരിച്ചു.

സലഫി മദ്റസ പ്രവേശനോത്സവം

കൊച്ചി: ചേരാനെല്ലൂർ സലഫി മദ്റസ പ്രവേശനോത്സവം ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി അബ്ദുൽ സലാം കെ.എ ഉദ്ഘാടനം ചെയ്തു. ജില്ല മദ്റസ കൺവീനർ അൻസാരി ഇസ്ലാഹി മുഖ്യ പ്രഭാഷണം നടത്തി. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്കും, കൂടുതൽ അറ്റഡൻസ് നേടിയ വിദ്യാർഥിക്കുമുള്ള പുരസ്കാരങ്ങൾ എൻ.എ അബ്ദുൽ ഖാദർ വിതരണം ചെയ്തു. കാക്കനാട് മണ്ഡലം പ്രസിഡന്റ് സഗീർ കാക്കനാട്, അമൽ, അബ്ദുൽ ലത്തീഫ് മാസ്റ്റർ, സുഹൈബ് ബുസ്താനി, ആസിഫ് ഇസ്ലാഹി തുടങ്ങിയവർ സംസാരിച്ചു. എം.എസ്.എം ബാലവേദി പോസ്റ്റർ പ്രകാശനവും ചടങ്ങിനോടനുബന്ധിച്ച് നടന്നു.

യുഡിഎഫ് നേതാക്കളെ ആദരിച്ചു

കാലടി: ചാലക്കുടി പാർലിമെന്റ് മണ്ഡലത്തിലെയു ഡി എഫ് സ്ഥാനാർത്ഥി ബെന്നി ബഹനാന് ഏറ്റവുമധികം വോട്ട് നൽകിയത് ആലുവ നിയോജക മണ്ഡലത്തിലെ ശ്രീഭൂതപുരം 40-ാം നമ്പർ ബൂത്താണ്. ഈ നേട്ടത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് ബൂത്തിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നേതാക്കളെ ആദരിച്ചു. കോൺഗ്രസ്സ് ബ്ലോക്ക് സെക്രട്ടറി ഇ.വി വിജയകുമാർ,ബൂത്ത് പ്രസിഡന്റ് എം.എം ഷിഹാബ്, മുസ്ലിം ലീഗ് മണ്ഡലം പ്രസിഡന്റ് എം.എസ് ഹാഷിം, സെക്രട്ടറി പി.എസ് ഷാനവാസ് എന്നിവരെയാണ് പ്രവർത്തകർ ആദരിച്ചത്.എ.എ അജ്മൽ,അനൂജ് ജമാൽ,ഇ.എ ഷമീർ, അഷറഫ് വാഴേലി,പി.എം ഷക്കീർ,പിഎം ഷാജഹാൻ,ടി.എ അലിക്കുട്ടി എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

പഠനോപകരണങ്ങൾ വിതരണം ചെയ്തു

നെടുമ്പാശേരി : തുരുത്തിശ്ശേരി സിംഹാസന റെസിഡന്റ് അസോസിയേഷനിലെ സ്കൂൾ വിദ്യാർഥികൾക്ക് ഡോ.ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത പഠനോപകരണങ്ങൾ വിതരണം ചെയ്തു. അസോസിയേഷൻ സെക്രട്ടറി റോബിൻസ് സി പി, എ ലത,സൗമ്യ സിജോ,അജീഷ് വി കെ,ദീപ വർഗീസ് എന്നിവർ പങ്കെടുത്തു.

തെറ്റായ വാഗ്ദാനം: സ്പോക്കൺ ഇംഗ്ലീഷ് സ്ഥാപനത്തിന് പിഴയിട്ട് കോടതി

കൊച്ചി: ഇംഗ്ലീഷ് പഠിച്ചില്ലെങ്കിൽ ഫീസ് തിരികെ നൽകുമെന്ന വാഗ്ദാനം ലംഘിച്ച സ്പോക്കൺ ഇംഗ്ലീഷ് സ്ഥാപനം 19,000 രൂപ നഷ്ട പരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി.

കവചം പരീക്ഷണം:ഇന്ന് സൈറൺ മുഴങ്ങും

കോട്ടയം: ഇടിമിന്നൽ മുന്നറിയിപ്പ് സംവിധാനമായ കവചത്തിന്റെ പ്രവർത്തനപരീക്ഷണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഇടങ്ങളിൽ സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടക്കുമെന്നു ജില്ലാ കളക്ടർ വി. വിഗ്നേശ്വരി അറിയിച്ചു. സംസ്ഥാനത്താകെ 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണം വിവിധ സമയങ്ങളിലായി നടത്തുമെന്ന് കേരള ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചിട്ടുണ്ട്.
വരും ദിവസങ്ങളിലും ഇതു തുടരും. കോട്ടയം ജില്ലയിൽ നാട്ടകം ഗവ. എച്ച്. എസ്/ വി.എച്ച്.എസ്.എസ്., പൂഞ്ഞാർ എൻജിനീയറിങ് കോളജ്, അടുക്കം ഗവ. ഹൈസ്കൂൾ, പാലാ മഹാത്മാഗാന്ധി ഹയർ സെക്കൻഡറി സ്കൂൾ, കോട്ടയം താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണമായിരിക്കും ചൊവ്വാഴ്ച നടക്കുക.

ആംബുലൻസ് ഡിവൈഡറിൽ ഇടിച്ചു കയറി

ചിങ്ങവനം :ഗോമതിക്കവലയിൽ ആംബുലൻസ് നിയന്ത്രണം വിട്ട് ഡിവൈഡറിൽ ഇടിച്ചു കയറി. ഞായറാഴ്ച രാത്രി 10.30നായിരുന്നു അപകടം.
ഗുരുതരാവസ്ഥയിലുള്ള രോഗിയുമായി ആലപ്പുഴയിൽ നിന്നു വന്ന ഐസിയു അംബുലൻസ് ആണ് ഡിവൈഡറിൽ ഇടിച്ചുകയറിയത്. 50 മീറ്റ റോളം ഡിവൈഡറിൽകൂടി ഓടിയാണ് അംബുലൻസ് നിന്നത്. ആംബുലൻസിൽ ഉണ്ടായിരുന്നവർ പരുക്കില്ലാതെ രക്ഷപ്പെട്ടു. രോഗിയെയും ഒപ്പമുണ്ടായിരുന്ന ബന്ധു ഉൾപ്പെടെയുള്ളവരെയും മറ്റൊരു ഐസിയു ആംബുലൻസിൽ ആശുപത്രിയിൽ എത്തിച്ചു. ആംബുലൻസിന്റെ മുൻഭാഗം തകർന്നു. അപകടവിവരം അറിഞ്ഞ് ചിങ്ങവനം പൊലീസ് സ്ഥലത്ത് എത്തി. റോഡിനു മധ്യഭാഗത്തായി കിടന്ന ആംബുലൻസ് ക്രെയിനിന്റെ സഹായത്തോടെ മാറ്റി. ഇതേസ്ഥലത്ത് ശനിയാഴ്ച രാത്രി കാർ അപകടത്തിൽപെട്ടിരുന്നു.

കോട്ടയം വാർത്തകൾ

മുസ്‌ലിം ലീഗ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് യോഗം ഇന്ന്

കോട്ടയം: മുസ്‌ലിം ലീഗ് കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് യോഗം ഇന്ന് രാവിലെ 11ന് ജില്ലാ ലീഗ് ഹൗസിൽ പ്രസിഡന്റ് അസീസ് ബഡായിലിന്റെ അധ്യക്ഷതയിൽ നടക്കും.ജില്ലാ ഭാരവാഹികളും നിയോജകമണ്ഡലം പ്രസിഡന്റ്,സെക്രട്ടറിമാരും പങ്കെടുക്കണമെന്ന് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല അറിയിച്ചു.

ഭക്ഷ്യ സുരക്ഷാ ബോധവത്കരണം

കോട്ടയം:ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജിയും കോട്ടയം ജില്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസും സംയുക്തമായി സംഘടിപ്പിച്ച ബോധവത്കരണ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.
ഭക്ഷ്യ സുരക്ഷാ അസിസ്റ്റൻറ് കമ്മീഷണർ സി.ആർ. രൺദീപ് ആമുഖ പ്രഭാഷണം നടത്തി. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, കോ ഓർഡിനേറ്റർ ഡോ. അനൂജ തോമസ്, ഡോ. ഇ.വി. രാമസ്വാമി, ഫുഡ് സേഫ്റ്റി സൊല്യൂഷൻസ് ഇൻറർനാഷണൽ ജനറൽ മാനേജർ ടി.ആർ. അനന്തനാരായണൻ തുടങ്ങിയവർ പങ്കെടുത്തു.

ഖനന നിരോധനം പിൻവലിച്ചു

കോട്ടയം: അതിതീവ്ര മഴ മുന്നറിയിപ്പിനെത്തുടർന്ന് ജില്ലയിൽ ഖനന പ്രവർത്തികൾക്ക് ഏർപ്പെടുത്തിയ നിരോധനം നിലവിൽ മഴയുടെ തോത് കുറഞ്ഞ സാഹചര്യത്തിൽ പിൻവലിച്ചുകൊണ്ടു ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർമാനായ ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ഉത്തരവായി.

ഐ.ടി.ഐ. പ്രവേശനം

കോട്ടയം: വ്യാവസായിക പരിശീലന വകുപ്പിലെ വിവിധ സർക്കാർ ഐടിഐകളിലേക്ക് 2024 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ https://itiadmissions.kerala.gov.in എന്ന പോർട്ടൽ മുഖേന നേരിട്ടോ ഏതെങ്കിലും ഗവ. ഐടിഐ/ അക്ഷയ കേന്ദ്രം മുഖേനയോ നൽകാവുന്നതാണ്.
അപേക്ഷാ സമർപ്പണത്തിന് എത്തുന്നവർ നിർബന്ധമായും ആധാർ കാർഡ് ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളുടേയും ഒറിജിനൽ ഹാജരാക്കണം. ഓൺലൈനായി അപേക്ഷ സമർപ്പിച്ചശേഷം ആധാർ കാർഡും സർട്ടിഫിക്കറ്റുകളുമായി ഏതെങ്കിലും സർക്കാർ ഐടിഐയിൽ എത്തി വെരിഫിക്കേഷൻ പൂർത്തീകരിക്കണം. വെരിഫിക്കേഷൻ നടത്താത്ത അപേക്ഷകൾ അഡ്മിഷനുവേണ്ടി പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ജൂൺ 29. വൈകിട്ട് 5 മണി. ഫോൺ: 94950 80024, 98472 71858, 94968 00788

ഫീവർ ക്ലിനിക്കുകൾ ആരംഭിച്ചു

കോട്ടയം: ഹോമിയോപ്പതി വകുപ്പിന് കീഴിൽ കോട്ടയം, കുറിച്ചി, പാലാ സർക്കാർ ഹോമിയോ ആശുപത്രികളിൽ ഫീവർ ക്ലിനിക്കുകൾ ആരംഭിച്ചു.
രാവിലെ ഒമ്പതു മണി മുതൽ ഉച്ചകഴിഞ്ഞ് രണ്ടു മണി വരെ പകർച്ചപ്പനി, മറ്റു മഴക്കാല രോഗങ്ങൾ എന്നിവക്കുള്ള ചികിത്സ ലഭ്യമാണ്. ഡെങ്കിപ്പനിക്കുള്ള പ്രതിരോധ മരുന്നുകൾ ജില്ലയിലെ എല്ലാ സർക്കാർ ഹോമിയോ സ്ഥാപനങ്ങളിലും ലഭ്യമാണെന്ന് ഡി.എം.ഒ. അറിയിച്ചു.

ഭാര്യയെ ആക്രമിച്ച കേസിൽ ഭർത്താവ് അറസ്റ്റിൽ

ആശിഷ്

വൈക്കം: ഭാര്യയെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഭർത്താവിനെ പോലീസ് അറസ്റ്റ് ചെയ്തു. ചെമ്പ് കാട്ടിക്കുന്ന് ഗുരുമന്ദിരം ഭാഗത്ത് ആശാരിപ്പറമ്പിൽ വീട്ടിൽ ആശിഷിനെയാണ്(22) വൈക്കം പോലീസ് അറസ്റ്റ് ചെയ്തത്.
ഇയാൾ തന്റെ ഭാര്യയെ കഴിഞ്ഞദിവസം രാത്രി10:30 മണിയോടുകൂടി ഇയാളുടെ വീട്ടിൽ വച്ച് മർദ്ദിക്കുകയും, മുറിയിൽ ഉണ്ടായിരുന്ന സ്റ്റീൽ കലം കൊണ്ട് തലയ്ക്ക് അടിച്ചു കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. ഇവർ തമ്മിൽ കുടുംബപരമായ പ്രശ്നങ്ങൾ നിലനിന്നിരുന്നു. പരാതിയെ തുടർന്ന് വൈക്കം പോലീസ് ഇയാളെ പിടികൂടുകയുമായിരുന്നു.
വൈക്കം സ്റ്റേഷൻ എസ്.ഐ പ്രദീപ്.എം ന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

മലയാളം അധ്യാപക ഒഴിവ്

കോട്ടയം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വെള്ളൂരിൽ പ്രവർത്തിച്ചുവരുന്ന പാമ്പാടി, ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ പാർട്ട്ടൈം മലയാളം അദ്ധ്യാപകന്റെ ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിനായി ജൂൺ 13ന് രാവിലെ 10 മണിക്ക് സ്കൂളിൽ വച്ച് അഭിമുഖം നടത്തും.
മലയാളത്തിൽ ബിരുദവും, ബി.എഡ് (കെ ടെറ്റ്കാറ്റഗറി 3) ആണ് യോഗ്യത. ഫോൺ 0481 2507556, 9400006469

കൊശമറ്റം കോളനിയിൽ വീട് ഇടിഞ്ഞ് താഴ്ന്നു

കോട്ടയം: കൊശമറ്റം കോളനിയിൽ വീട് ഭാഗികമായി ഇടിഞ്ഞ് താഴ്ന്നു. കഴിഞ്ഞയിടെയുണ്ടായ കനത്ത മഴയിൽ ദിവസങ്ങളോളം വെള്ളപ്പൊക്ക കെടുതികൾ നേരിട്ട പ്രദേശം കൂടിയാണിത്.
ഇന്നലെ ഉച്ചയ്ക്ക് 12:30 യോടെയാണ് സംഭവം ഉണ്ടായത്. കൊശമറ്റം കോളനിയിൽ വാടകയ്ക്ക് താമസിക്കുന്ന നാല്പാമറ്റം കാട്ടിപ്പറമ്പിൽ രേണുക രവിയുടെ വീട്ടിനാണ് കേടുപാടുകൾ സംഭവിച്ചത്.
അടുക്കളയുടെ പിൻഭാഗത്ത് മണ്ണ് ഇടിഞ്ഞ് താഴ്ന്നതിനൊപ്പം വീടിന്റെ ഭിത്തികൾക്കും വിള്ളൽ ഉണ്ടായിട്ടുണ്ട്.മുറികളുടെ തറയും താഴ്ന്നിട്ടുണ്ട്. ഇതിനാൽ വീട് പൂർണമായും അപകടാവസ്ഥയിലായിരിക്കുകയാണ്.
മീനച്ചിലാറിന്റെ സമീപ പ്രദേശം കൂടിയായ ഇവിടെ ഏതാനും ദിവസങ്ങൾക്കു മുമ്പ് പെയ്ത കനത്ത മഴയിൽ ദിവസങ്ങളോളം ഈ വീട്ടിലും പരിസരപ്രദേശങ്ങളിലും വെള്ളം പൊങ്ങിയിരുന്നു. ഇതേത്തുടർന്നാണ് ഇപ്പോൾ വീട് ഇടിഞ്ഞു താഴ്ന്നതെന്നാണ് പ്രാഥമിക നിഗമനം.
വീട് അപ്രതീക്ഷിതമായി ഇടിഞ്ഞ് താഴ്ന്ന പശ്ചാത്തലത്തിൽ താമസസ്ഥലം അടിയന്തരമായി മറ്റൊരിടത്തേക്ക് മാറ്റേണ്ട പ്രതിസന്ധിയും നേരിട്ടിരിക്കുകയാണ് ഈ കുടുംബം.
വിവരമറിഞ്ഞ് വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ടി സോമൻ കുട്ടി, വാർഡ് മെമ്പർ മിഥുൻ ജി. തോമസ്, വില്ലേജ് ഓഫീസർ പ്രമോദ് ജി. നായർ, സെക്ഷൻ ക്ലർക്ക് ജോർജുകുട്ടി തുടങ്ങിയവർ സ്ഥലത്തെത്തി പരിശോധന നടത്തി.

മുസ്‌ലിം ലീഗ് ഇടക്കുന്നം ശാഖാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഭാ സംഗമത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഈരാറ്റുപേട്ട നഗരസഭാ ചെയർപേഴ്സൺ സുഹ്റ അബ്ദുൽ ഖാദർ മൊമെന്റോ നല്കുന്നു . പി. എ ഇബ്രാഹിം കുട്ടി, പി.ഐ നൗഷാദ്,വി.പി നാസർ ,പി.എച്ച് ഷുക്കൂർ,പി.എം സൈനുൽ ആബിദീൻ,വി എം എ റഷീദ് തുടങ്ങിയവർ സമീപം

വിള ഇൻഷുറൻസ് പദ്ധതി

കോട്ടയം: കേന്ദ്ര സംസ്ഥാന കൃഷിവകുപ്പുകൾ നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലേക്കുള്ള അപേക്ഷ ജൂൺ 30 വരെ നൽകാം.
കർഷകർക്ക് നേരിട്ടും അക്ഷയ, സി.എസ്.സി.കൾ വഴിയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിളകൾക്ക് വായ്പ എടുത്ത കർഷകർക്ക് ബാങ്കുകൾ വഴിയും പദ്ധതിയിൽ ചേരാം. ആധാറിന്റെ പകർപ്പ്, കരം അടച്ച രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി നൽകണം. കർഷകർക്ക് വ്യക്തിഗത നഷ്ടത്തിനും കാലാവസ്ഥ ഡേറ്റയുടെ അടിസ്ഥാനത്തിലുള്ള നഷ്ടത്തിനും അർഹതയുണ്ട്. ഓരോ വിളയുടെയും പ്രീമിയം തുകയും ഇൻഷുറൻസ് തുകയും വ്യത്യസ്തമാണ്.
നെല്ല്, റബർ, തെങ്ങ്, ഗ്രാമ്പൂ, വാഴ, കവുങ്ങ്, ഇഞ്ചി, വെറ്റില, മഞ്ഞൾ, കരിമ്പ്, മരച്ചീനി, മാവ്, ജാതി, കുരുമുളക്, തേയില, കിഴങ്ങുവർക്ഷങ്ങൾ, പച്ചക്കറി വിളകൾ എന്നീ വിളകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശം, കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള വിളവ് കുറവ് എന്നിവയ്ക്ക് കർഷകർക്ക് ആശ്വാസം നൽകുന്നതാണ് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ശക്തമായ കാറ്റ് എന്നിവ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കും.
പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്ന കാലാവസ്ഥ നിലയങ്ങളിലെ തോത് അനുസരിച്ചാണ് ഇത് നൽകുക. കൃഷി പൂർണ്ണമായും നശിക്കാതെ വിളവിലുണ്ടാകുന്ന കുറവിനും നഷ്ടപരിഹാരം ലഭിക്കുമെന്നതും കർഷകർക്ക് സഹായകമാകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9645162338, 9061675557

വിശപ്പിന് ഒരു കൈയ് താങ്ങ് എന്ന പദ്ധതി ഭക്ഷണക്കൂട് തുറന്ന് ജില്ല പഞ്ചായത്ത് അംഗം അനപമ ഉദ്ഘാടനം നിർവ്വഹിക്കുന്നു

വിശപ്പിന് ഒരു കൈത്താങ്ങ് പദ്ധതിയുമായി വീട്ടമ്മമാർ

മുണ്ടക്കയം: ഒരു നേരത്തേ ആഹാരം പോലും കിട്ടാതെ നാട്ടിലാരും വിശന്നിരിക്കരുതെന്ന ലക്ഷ്യവുമായി ഒരു കൂട്ടം വീട്ടമ്മമാർ.
വിശപ്പിന് ഒരു കൈയ് താങ്ങ് എന്ന ആശയവുമായി മുണ്ടക്കയം ചാച്ചിക്കവലയിൽ ഒരുക്കിയ വിശപ്പിന് ഒരു കൈത്താങ്ങ് പദ്ധതി നാടിന്റെ കൂട്ടായ്മയായി മാറി.ഒരു നേരത്തെ ആഹാരം പോലും കിട്ടാതെ പലരും നമ്മുടെ നാട്ടിൻ അലയുന്നത് നമ്മളിൽ അറിയാതെ പോകുന്നു. ഈ തിരിച്ചറിവിൽ നിന്നാണ് കുടുംബശ്രീയിലും, മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളിലും പ്രവർത്തിച്ചു വരുന്ന റബിനാ സിയാദിന്റെ മനസ്സിലെ ആശയം, നാട്ടിലെ മറ്റ് വീട്ടമ്മമാർ കൂടി ചേർന്നപ്പോൾ വിശപ്പിന് ഒരു കൈത്താങ്ങ് പദ്ധതി യഥാർത്ഥ്യമായത്. പദ്ധതിയുടെ ഭാഗമായി മുണ്ടക്കയം ബൈപാസിന്റെ വശത്ത് ഭക്ഷണ കൂട് എന്ന പേരിൽ ഒരു ബോക്സ് സ്ഥാപിച്ചു. പരിസരവാസികളായ വീട്ടമ്മമാർ തങ്ങളുടെ വീട്ടുകളിൽ ഉണ്ടാക്കുന്ന ഉച്ച ഊണിന് ഒപ്പം തന്നെ ഭക്ഷണ കൂട്ടിൽ വെക്കാൻ ഉള്ള പൊതി ചോറുകൾ കൂടി പാകം ചെയ്യും. ഭക്ഷണ കൂട്ടിൽ വെക്കുന്ന പൊതിചോറുകൾ വഴിയാത്രക്കാർ ഉൾപ്പെടെ ആർക്കും സൗജന്യമായി എടുത്ത് ഭക്ഷിക്കാം. പദ്ധതിയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം പി ആർ അനുപമ നിർവഹിച്ചു. കൂടാതെ ഭക്ഷണം കൂടിന് സമീപത്തായി സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിന്നും സംഭാവനയായി ലഭിക്കുന്ന പണം നിർധനരായ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് വിനിയോഗിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
റബിന സിയാദ് അധ്യക്ഷത വഹിച്ച യോഗത്തിൽ മൂസ,പി. എസ്. ഹുസൈൻ, മുജീബ് ഷാ,സുമി,നാദിർഷ മൗലവി തുടങ്ങിയവർ പ്രസംഗിച്ചു.

പെൺകുട്ടിയെ ആക്രമിച്ച കേസിൽ അന്യസംസ്ഥാന സ്വദേശി അറസ്റ്റിൽ

കോട്ടയം : സ്കൂട്ടറിൽ യാത്രചെയ്യുകയായിരുന്ന പെൺകുട്ടിയെ ആക്രമിച്ച കേസിൽ അന്യസംസ്ഥാന സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു.
ആസാം സ്വദേശി മിന്റുകാലിറ്റയെയാണ് (28) കോട്ടയം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞ ദിവസം വൈകിട്ട് 6:45 മണിയോടുകൂടി പിതാവിനോടൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന പെൺകുട്ടിയെ പൂവൻതുരുത്ത് ഭാഗത്ത് വച്ച് കഴുത്തിനു പിടിച്ചു വലിച്ച് വണ്ടിയിൽ നിന്നും താഴെയിടുകയായിരുന്നു. വണ്ടി ഓടിച്ചിരുന്ന പിതാവ് സ്കൂട്ടറുമായി വഴിയിൽ വീഴുകയും ചെയ്തു. വഴിയിൽ വീണ പെൺകുട്ടിയെ ഇയാൾ ആക്രമിക്കുകയുമായിരുന്നു. ബഹളം കേട്ട് സമീപവാസികൾ എത്തി ഇയാളെ കീഴ്പ്പെടുത്തുകയായിരുന്നു.തുടർന്ന് പോലീസിൽ വിവരമറിയിച്ചു. കോട്ടയം ഈസ്റ്റ് പോലീസ് സ്ഥലത്തെത്തി ഇയാളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു.
കോട്ടയം ഈസ്റ്റ് സ്റ്റേഷൻ എസ്.ഐ മനോജ്കുമാർ കെ.എ സിന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

മിന്റുകാലിറ്റ

മോഷണം നടന്ന പതിനേഴാംമൈൽ എസ്.എൻ.ഡി.പി ശാഖ ഗുരുമന്ദിരത്തിൽ പോലിസ് പരിശോധന നടത്തുന്നു.

ഗുരുമന്ദിരത്തിൽ മോഷണം

വാഴൂർ: പതിനേഴാംമൈൽ 231 നമ്പർ എസ്.എൻ.ഡി.പി ശാഖയിലെ ഗുരു മന്ദിരത്തിന്റെ പൂട്ട് തകർത്ത് കാണിക്കവഞ്ചിയിലെ പണം മോഷ്ടിച്ചു. 5000ത്തോളം രൂപയുടെ കാണിക്ക പണം മോഷണം പോയതായി കണക്കാക്കുന്നു.
ഞായറാഴ്ച വൈകുന്നേരം ശാഖാ പ്രസിഡന്റ് പി.എ.അനിയപ്പൻ എത്തിയപ്പോഴാണ് മോഷണവിവരം അറിയുന്നത്.
ശനിയാഴ്ച വൈകുന്നേരവും എസ്.എൻ.ഡി.പി യിൽ ഭാരവാഹികൾ ഉണ്ടായിരുന്നു. അതിനാൽ തന്നെ ശനിയാഴ്ച രാത്രി വൈകിയോ, ഞായറാഴ്ച പുലർച്ചെയോആകാം മോഷണം നടന്നതെന്ന് കരുതുന്നു.ഗുരുമന്ദിരത്തിന്റെ പിൻവശത്തെ പൂട്ട് തകർത്ത് അകത്ത് കടന്ന മോഷ്ടാക്കൾ കാണിക്കവഞ്ചിയുടെ പൂട്ട് തകർത്താണ് പണം കവർന്നത്.
ശഖാ ഭാരവാഹികൾ പള്ളിക്കത്തോട് പോലിസിൽ പരാതി നൽകി.
പോലീസ് എത്തി മേൽ പരിശോധന നടത്തി അന്വേഷണം ആരംഭിച്ചു.

അഭിമുഖം

കോട്ടയം: ജില്ലയിലെ സർക്കാർ ഹോമിയോ ആശുപത്രികളിൽ നിലവിലുള്ളതും ഉണ്ടാകാൻ സാധ്യതയുള്ളതുമായ നഴ്സ് തസ്തികയിലെ ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി ജൂൺ 14ന് രാവിലെ 10.30ന് കോട്ടയം നാഗമ്പടം ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ (ഹോമിയോ)വെച്ച് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. യോഗ്യരായ ഉദ്യോഗാർത്ഥികൾ വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്. പ്രായപരിധി 40 വയസ്. ഫോൺ 0481 2583516

മെറിറ്റ് ഡേ

പാറത്തോട്: ഗ്രീൻ നഗർ റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ മേഖലയിലെ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. പാടിക്കൽ കൾച്ചറൽ സെന്ററിൽ നടന്ന പരിപാടിയിൽ പ്രസിഡണ്ട് ഷാജി പാടിക്കൽ അധ്യക്ഷത വഹിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അജിതാ രതീഷ് ഉദ്ഘാടനം ചെയ്തു . പാറത്തോട് ഗ്രാമപഞ്ചായത്ത് മെമ്പർ ജോണിക്കുട്ടി മഠത്തിനകം മുഖ്യപ്രഭാഷണം നടത്തി. പി.എ. ഇബ്രാഹിംകുട്ടി മോട്ടിവേഷൻ ക്ലാസെടുത്തു. .സെക്രട്ടറി നാസർ മുണ്ടക്കയം , പി.എച്ച്. ഷംസുദ്ദീൻ എന്നിവർ പ്രസംഗിച്ചു

ബാലവേല വിരുദ്ധ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം

കോട്ടയം: ബാലവേല വിരുദ്ധ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ജൂൺ 12 മുതൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ബാലവേല വിരുദ്ധ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം ബുധൻ (ജൂൺ 12) രാവിലെ 11.30 മണിക്ക് കോട്ടയം ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂളിൽ കോട്ടയം ജില്ലാ കളക്ടർ വി. വിഗ്നേശ്വരി നിർവഹിക്കും. പ്രസ്തുത പരിപാടികൾക്ക് മുന്നോടിയായി കുട്ടികൾക്കായി ചിത്രരചന മത്സരം, ക്വിസ് മത്സരം എന്നിവ നടത്തും.

വാഴൂർ മുസ്‌ലിം ജമാഅത്ത് യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി ദിനാചരണം ചീഫ് ഇമാം അൽഹാഫിസ് അബ്ദുൽ സമദ് മൗലവി അൽകൗസരി ഉദ്ഘാടനം ചെയ്യുന്നു

പരിസ്ഥിതി ദിനാചരണം

ചാമംപതാൽ:വാഴൂർ മുസ്‌ലിം ജമാഅത്ത് യൂത്ത് വിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി ദിനാചരണം ജമാഅത്ത് ചീഫ് ഇമാം അൽഹാഫിസ് അബ്ദുൽ സമദ് മൗലവി അൽകൗസരി ഉദ്ഘാടനം ചെയ്തു.
ജമാഅത്ത് വൈസ് പ്രസിഡന്റ് നൗഷാദ് കരിമ്പിൽ പരിസ്ഥിതി ദിന സന്ദേശം നൽകി. യൂത്ത് വിംഗ് പ്രസിഡന്റ് മുഹമ്മദ് സാലി, സെക്രട്ടറി നാസിം നൗഷാദ് കമ്മിറ്റിയംഗങ്ങളായ ആസിഫ് , സ്വാലിഹ്, ഗഫാർ വോളന്റിയർമാരായ സിയാഫ്, ബാദുഷ, ഇർഫാൻ, ആദിൽ, മുക്താർ, ബിലാൽ, ആസിഫ് അൻസാരി, ഇബ്രാഹിം, ബാസിത്ത് എന്നിവർ പങ്കെടുത്തു. അസർ മറ്റത്തിൽ സ്വാഗതവും ആസിഫ് ഉനൈസ് നന്ദിയും പറഞ്ഞു.

ഗ്രീൻ നഗർ റസിഡൻസ് അസോസിയേഷൻ നേതൃത്വത്തിൽ 'പാറത്തോട് നടന്ന മെറിറ്റ് ഡേ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അജിതാ രതീഷ് ഉദ്ഘാടനം ചെയ്യുന്നു

ഡയാലിസിസ് യൂണിറ്റ് ആരംഭിക്കും

കാഞ്ഞിരപ്പള്ളി:കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സെപ്റ്റംബർ മാസത്തോടെ ആരംഭിക്കുമെന്ന് മന്ത്രിയുടെ ഉറപ്പ് ലഭിച്ചതായി ഗവ.ചീഫ് വിപ്പ് ഡോ.എൻ.ജയരാജ് അറിയിച്ചു.സംസ്ഥാനത്തെ ആശുപത്രികളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണവുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായിട്ടാണ് മന്ത്രി ഇക്കാര്യമറിയിച്ചത്. ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപ അനുവദിക്കും. ആവശ്യമായ സ്റ്റാഫിനെയും ഉടൻ നിയമിക്കുമെന്ന് ഉറപ്പ് ലഭിച്ചതായും ചീഫ് വിപ്പ് അറിയിച്ചു.

ട്രേഡ്സ്മാൻ ഒഴിവ്

കോട്ടയം: നാട്ടകം ഗവ.പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ വിഭാഗത്തിൽ പ്ലംബിങ്, ഓട്ടോമൊബൈൽ എന്നിവയിൽ ട്രേഡ്സ്മാൻമാരുടെ താത്കാലിക ഒഴിവുണ്ട്. ടി.എച്ച്.എസ്.എൽ.സി., കെ.ജി.സി.ഇ., ഐ.ടി.ഐ.ഇവയിൽ ഏതെങ്കിലുമാണ് യോഗ്യത. അഭിമുഖം 12ന് രാവിലെ 11ന്.

യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ

തൃക്കൊടിത്താനം : യുവാവിനെ കമ്പിവടിയും, വെട്ടുകത്തിയും ഉപയോഗിച്ച് ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു.
പായിപ്പാട് നാലുകോടി പുതുജീവൻ ഭാഗത്ത് കൂടത്തേട്ട് വടക്കേ പറമ്പിൽ വീട്ടിൽ പാപ്പൻ ബിനു എന്ന് വിളിക്കുന്ന ബിനു കുര്യാക്കോസിനെയാണ്(45) തൃക്കൊടിത്താനം പോലീസ് അറസ്റ്റ് ചെയ്തത്.
ഇയാൾ കഴിഞ്ഞദിവസം വൈകിട്ട് ആറുമ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 11 ചൊവ്വ
ഗൾഫ് ചന്ദ്രിക

വ്യാജ പാസ്പോർട്ടുമായി യാത്രക്കാരൻ പിടിയിൽ

നെടുമ്പാശ്ശേരി : കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിൽ നിന്നും വ്യാജ പാസ്പോർട്ടുമായി വിദേശത്തേക്ക് പോകുവാൻ വന്ന യാത്രക്കാരൻ പിടിയിൽ . ബംഗ്ലാദേശ് സ്വദേശി സെയ്ത് മുല്ല (32) എന്ന യാത്രക്കാരനാണ് പിടിക്കപ്പെട്ടത് . ഇയാൾ പൂന മേൽവിലാസത്തിലുള്ള വ്യാജ പാസ്പോർട്ടിലാണ് പോകുവാൻ വന്നത് .
കൊച്ചിയിൽ നിന്ന് പുറപ്പെട്ട ഇത്തിഹാദ് വിമാനത്തിൽ അബുദാബിക്ക് പോകുവാനാണ് ടിക്കറ്റ് എടുത്തിരുന്നത് . എമിഗ്രേഷൻ വിഭാഗം ഈ യാത്രക്കാരനെ നെടുമ്പാശ്ശേരി പോലീസിന് കൈമാറി.

നിയന്ത്രണം വിട്ട കാർ തലകീഴായി മറിഞ്ഞു

ആലുവ : തോട്ടക്കാട്ടുകര മണപ്പുറം റോഡിൽ സെന്റ് ആൻസ് കപ്പേളക്ക് സമീപം നിയന്ത്രണം വിട്ട കാർ തലകീഴായി മറിഞ്ഞു. മണപ്പുറത്ത് ബലി തർപ്പണം കഴിഞ്ഞ് മടങ്ങിയ രണ്ടു പേരാണ് കാറിൽ ഉണ്ടായിരുന്നത്. ഇവർ നിസാര പരിക്കുകളോടെ അത്ഭുതകരമായി രക്ഷപ്പെട്ടു.

നിയന്ത്രണം വിട്ട കാർ തലകീഴായി മറിഞ്ഞ നിലയിൽ

അധ്യാപക ഒഴിവ്

മട്ടാഞ്ചേരി: വില്ലിങ്ടൺ ഐലൻഡ് ഗവ.എൽ പി സ്കൂളിൽ താൽക്കാലിക അധ്യാപക ഒഴിവുണ്ട്. കൂടിക്കാഴ്ച ബുധനാഴ്ച രാവിലെ 11:30 നടക്കും. വിവരങ്ങൾക്ക് ഫോൺ 9961475799.

എറണാകുളം വാർത്തകൾ

സബ് ജയിൽ മതിൽ ചാടി കടക്കുവാൻ ശ്രമിച്ച പ്രതി പിടിയിൽ

പ്രതി ഷിറാസ്

മട്ടാഞ്ചേരി : മട്ടാഞ്ചേരി സബ് ജയിൽ മതിൽ അതിക്രമിച്ച് ചാടി കടക്കുവാൻ ശ്രമിച്ച പ്രതി പിടിയിലായി.മട്ടാഞ്ചേരി സ്വദേശിയും ഇപ്പോൾ പള്ളുരുത്തി പെരുമ്പടപ്പ് താമസിക്കുന്നതും നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയുമായ ചെങ്കിരിഷിറാസ് എന്ന് വിളിക്കുന്ന ഷിറാസ്(26)നെ യാണ് മട്ടാഞ്ചേരി പൊലിസ് ഇൻസ്പെക്ടർ എവി ബിജുവിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.ഞായറാഴ്ചയാണ് സംഭവം.സബ് ജയിലിന്റെ പടിഞ്ഞാറ് ഭാഗത്തെ മതിൽ ചാടി കടക്കുവാൻ ശ്രമിച്ച പ്രതി മൊബൈൽ ഫോൺ ജയിലിനകത്തേക്ക് വലിച്ചെറിയുകയും ചെയ്തു. ജയിലധികൃതർ അറിയിച്ചതിനെ തുടർന്ന് അക്രമാസക്തനായ ഇയാളെ മട്ടാഞ്ചേരി പൊലിസെത്തി പിടികൂടുകയായിരുന്നു.പള്ളുരുത്തി പൊലിസ് സ്റ്റേഷനിൽ 13 മോഷണ കേസുകളിലും ഒരു കവർച്ച കേസിലും രണ്ട് മയക്ക് മരുന്ന് കേസിലും ഇയാൾ പ്രതിയാണെന്ന് പൊലിസ് പറഞ്ഞു.

പ്രവേശനോത്സവം നടത്തി

കാലടി: ചൊവ്വര ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പ്രവേശനോത്സവം അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. സ്വീഡനിൽ നടക്കുന്ന മാസ്റ്റേഴ്സ് ലീഡേഴ്സ് മീറ്റിൽ അത്‌ലറ്റിക് വിഭാഗത്തിൽ ഇന്ത്യയ്ക്കു വേണ്ടി മത്സരിക്കാൻ അവസരം ലഭിച്ച ഫെഡറൽ ബാങ്ക് ജീവനക്കാരനായ കെ. എസ് ബിന്നിയെ ചടങ്ങിൽ ആദരിച്ചു. പിടിഎ പ്രസിഡൻറ് മഞ്ജു നവാസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡൻറ് വി. എം ഷംസുദ്ദീൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. ഷബീറലി പഠനോപകരണങ്ങൾ നൽകി.വാർഡ് മെമ്പർമാരായ കെ.പി സുകുമാരൻ,സിമി ജിജോ,പ്രിൻസിപ്പൽ വി.ടി വിനോദ്, പ്രധാനാധ്യാപിക എഎസ് ഷില,എസ്.എം.സി ചെയർമാൻ പി.എം സിദ്ദീഖ്,മദർ പി ടിഎ ചെയർപേഴ്സൺ നിജിത റിജു,സീനിയർ അധ്യാപിക സിന്ധ്യ പൗലോസ് എന്നിവർ സംസാരിച്ചു.

മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് കൊച്ചിയിൽ

കൊച്ചി: കേരളത്തെ ആരോഗ്യ ടൂറിസം ഹബ്ബാക്കി മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) പ്രസിഡന്റ് ഡോ. കെ.എ അബൂബക്കർ, സെക്രട്ടറി നൗഫൽ ചാക്കേരി, ട്രഷറർ പി.എച്ച് അയൂബ് എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. 600 കോടി മുതൽ ആയിരം കോടിവരെയുള്ള വരുമാനം നിലവിൽ ആരോഗ്യ ടൂറിസം വഴി കേരളത്തിന് ലഭ്യമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് മെഡിക്കൽ വിസ ചട്ടങ്ങൾ ലഘൂകരിച്ചാൽ വിദേശത്ത് നിന്നുള്ള വരുമാനം വർധിപ്പിക്കാനുള്ള ഏറ്റവും വിലയ സാധ്യതയാണ് മെഡിക്കൽ ടൂറിസം തുറന്നിടുന്നത്. ഇത്തരം വിഷയങ്ങളിലടക്കം സർക്കാരിന്റെ അനുകൂല ഇടപെടലും വിദേശ രാജ്യങ്ങളിൽ നിന്നും കൂടുതൽ പേരെ ചികിത്സക്കായി ഇവിടേക്ക് എത്തിക്കുന്നതും ലക്ഷ്യമിട്ട് കെഎംടിഎഫ്എഫിന്റെ നേതൃത്വത്തിൽ 13ന് കൊച്ചിയിൽ മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് സംഘടിപ്പിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു. ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുന്ന പരിപാടി സിയാൽ എംഡിഎസ്.സുഹാസ് ഉദ്ഘാടനം ചെയ്യും. കെ.എം.ടി.എഫ്.എഫ് പ്രസിഡന്റ് ഡോ.കെ.എ അബൂബക്കർ അധ്യക്ഷത വഹിക്കും. എഫ്.എച്ച്.ഡബ്ല്യൂ.പി പ്രസിഡന്റ് ദലിപ് കുമാർ ചോപ്ര, രാജഗിരി ആശുപത്രി സിഇഒ ഫാ.ജോൺസൺ വാഴപ്പിള്ളി എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ് മുഖ്യാതിഥിയായിരിക്കും. വിപിഎസ് ലേക്ക്ഷോർ എസ്.കെ അബ്ദുള്ള, ആസ്റ്റർ മെഡ്സിറ്റി വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ സി.ഒ.ഒ ഡോ.ഷുഐബ് ഖാദർ തുടങ്ങിയവർ സംസാരിക്കും.

മഹാരാജാസ് ആശുപത്രിയിൽ ചികിത്സ നിഷേധിച്ചതായി പരാതി

മട്ടാഞ്ചേരി: കരുവേലിപ്പടി ഗവ. മഹാരാജാസ് ആശുപത്രിയിൽ ഞായറാഴ്ച ചികിത്സ നിഷേധമെന്ന് പരാതി.ശക്തമായ പനിയുമായി എത്തിയ അമ്മക്കും മകനുമാണ് ആശുപത്രിയിൽ ദുരനുഭവമുണ്ടായത്.
ചുള്ളിക്കൽ സ്വദേശിനി ശബ്ന നൗഷാദാണ് പരാതിയുമായി രംഗത്ത് വന്നിട്ടുള്ളത്. പരിശോധിക്കാതെ ഗുളിക മാത്രം കൊടുത്തു പറഞ്ഞു വിടുകയാണുണ്ടായതത്രേ. അവശ നിലയിലായ ഇവർ രക്ത സമ്മർദ്ദം പരിശോധിക്കാൻ ആവശ്യപ്പെട്ടെങ്കിലും അടുത്ത ദിവസം വന്നാൽ മതിയെന്ന് ഡോക്ടർ പറഞ്ഞുവെന്നാണ് പരാതി. അവശ നിലയിലായ അമ്മയും മകനും ഇന്നലെ മട്ടാഞ്ചേരി വിമൻസ് ആശുപത്രിയിൽ ചികിത്സ തേടി. മണിക്കൂറുകളോളം ആശുപത്രിയിൽ കിടത്തി ഇവരുടെ ആരോഗ്യ നില മെച്ചപ്പെട്ട ശേഷമാണ് പറഞ്ഞ് വിട്ടത്.അണുബാധയുണ്ടെന്നും അതിനായുള്ള മരുന്നും മട്ടാഞ്ചേരി ആശുപത്രിയിൽ നിന്ന് നൽകിയതായി ഇവർ പറഞ്ഞു.
കരുവേലിപ്പടി ആശുപത്രിയിൽ ചികിത്സ നിഷേധം സംബന്ധിച്ച വിവരം ധരിപ്പിക്കുവാൻ സൂപ്രണ്ടിനെ കാണാൻ ചെന്നപ്പോൾ സൂപ്രണ്ട് അവരെ ആക്ഷേപിക്കുകയും ഭീഷണി സ്വരത്തിൽ സംസാരിക്കുകയും ചെയ്തതായും പരാതിയുണ്ട്. ഇതേ തുടർന്ന് പരാതിക്കാരിയായ ശബ്ന നൗഷാദ് കുത്തിയിരുന്ന് പ്രതിഷേധിച്ചു. വിവരം അറിഞ്ഞെത്തിയ കോൺഗ്രസ് പ്രവർത്തകരായ ഷമീർ വളവത്ത് ,ടി.എം റിഫാസും, ഷിജ സുധീർ, ജാസ്മിൻ പനയപ്പിള്ളി എന്നിവരും സ്ഥലത്തെത്തി പ്രതിഷേധിച്ചു.പൊലിസും രംഗത്തുണ്ടായിരുന്നു. ഡെപ്യൂട്ടി സൂപ്രണ്ട് വിനോദുമായി പൊതുപ്രവർത്തകർ ചർച്ച നടത്തി. ആരോപണ വിധേയനായ ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് പരാതി നൽകി. യുക്തമായ നടപടികൾ സ്വീകരിക്കാമെന്ന ഡെപ്യൂട്ടി സൂപ്രണ്ടിന്റെ ഉറപ്പിന്മേൽ സമരം അവസാനിപ്പിച്ചു. പരാതിക്കാരി ശബന നൗഷാദ്, കോൺഗ്രസ് പ്രവർത്തകരായ ഷമീർ വളവത്ത്, ടി.എം റിഫാസ്, ഷിജ സുധീർ, ജാസ്മിൻ പനയപ്പിള്ളി എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു ചർച്ച.

ട്രാൻസ്ഫോർമറിന് തീപിടിച്ചു; പെട്രോൾ പമ്പ് ജീവനക്കാരന്റെ ഇടപെടലിൽ ഒഴിവായത് വൻദുരന്തം

ആലുവ :ട്രാൻസ്ഫോർമറിന് തീപിടിച്ചു; പെട്രോൾ പമ്പ് ജീവനക്കാരനായ യുവാവിന്റെ ഇടപെടൽ മൂലം ഒഴിവായത് വൻദുരന്തം. ആലുവ പെരുമ്പാവൂർ കെഎസ്ആർടിസി റോഡിൽ ചാലക്കൽ എസ്.എ പെട്രോൾ പമ്പിന് സമീപം ട്രാൻസ്ഫോർമറിന് കത്ത് പിടിച്ചത്. തിങ്കളാഴ്ച രാവിലെ 10 മണിയോടെയാണ് ചാലയ്ക്കൽ എസ്.എ.പെട്രോൾ പമ്പിന് അടുത്തുള്ള ട്രാൻസ്ഫോമർ കത്തുന്നത് സമീപത്തുള്ളവരുടെ ശ്രദ്ധയിൽപ്പെടുന്നത്.
ഉടൻ നാട്ടുകാർ പമ്പിൽ അറിയിച്ചത് അനുസരിച്ച് പെട്രോൾ പമ്പിലെ ജീവനക്കാരനായ തെങ്കാശി സ്വദേശി മുഹമ്മദ് കൗദ് ധൈര്യപൂർവ്വം പമ്പിലെ അഗ്നി സുരക്ഷ ഉപകരണം ഉപയോഗിച്ചുകൊണ്ട് തീ കെട്ടുത്താനായി സധൈര്യം രംഗത്ത് വരുകയായിരുന്നു.റോഡിനോട് ചേർന്നാണ് ട്രാൻസ്ഫോമർ സ്ഥിതി ചെയ്യുന്നത്. തൊട്ടടുത്തായി ഉള്ളത് പെട്രോൾ പമ്പുമാണ്. അതുകൊണ്ടുതന്നെ തീ വലിയ രീതിയിൽ ആളിപ്പടർന്നാൽ വൻ അപകടം സംഭവിക്കുമായിരുന്നു. ഇവിടെ പെട്രോൾ പമ്പ് ജീവനക്കാരുടെ ഇടപെടൽ മൂലം വൻ അപകടമാണ് ഒഴിവായത്. ട്രാൻ ഫോർമറിലെ ഓയിൽ ലീക്കായാണ് കത്ത് പിടിച്ചത്. കെ.എസ്.ഇ.ബി ജീവനക്കാർ

ചാലക്കൽ എസ് എ പെട്രോൾ പമ്പിന് സമീപം ട്രാൻസ്ഫോർമറിന് തീപിടിച്ചപ്പോൾ തീ കെടുത്താൻ ശ്രമിക്കുന്ന പമ്പ് ജീവനക്കാരൻ മുഹമ്മദ് കൗദ് .

സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

മന്ത്രി പി.രാജീവിന്റെ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച്

കൊച്ചി: പെരിയാറിലെ ഏറ്റവും വലിയ മത്സ്യക്കുരുതിക്കെതിരെ നടപടിയെടുക്കാതെ, പെരിയാറിനെ കമ്പനികളുടെ അഴുക്കു ചാലാക്കാൻ ഒത്താശ ചെയ്യുന്ന വ്യവസായ മന്ത്രിയും കളമശേരി എംഎൽഎയുമായ പി.രാജീവ് രാജിവയ്ക്കണമെന്ന് എസ്ഡിപിഐ ജില്ലാ സെക്രട്ടറി കെ.എ മുഹമ്മദ് ഷമീർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. മത്സ്യക്കുരിതിയിൽ ചെറിയ കമ്പനികൾക്ക് നോട്ടീസ് നൽകിയത് ഒഴിച്ചാൽ കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. ജില്ലയിൽ സിഎസ്ആർ രാഷ്ട്രീയ പ്രവർത്തനമാണ് ഇപ്പോൾ സിപിഎം രാജീവിന്റെ നേതൃത്വത്തിൽ നടത്തുന്നത്. ഇത്തരം കമ്പനികളിൽ നിന്നുള്ള ഫണ്ട് കൊണ്ടാണ് ഇടതുപക്ഷ പാർട്ടി നിലനിൽക്കുന്നത്. അതിനു വേണ്ട സൗകര്യങ്ങൾ ചെയ്യുന്നത് പി.രാജീവാണ്.ഈ സാഹചര്യത്തിൽ വിവിധ ആവശ്യങ്ങളുന്നയിച്ച്എസ്ഡിപിഐപി.രാജീവിന്റെഓഫീസിലേക്ക്ഇന്ന്പ്രതിഷേധ മാർച്ച്നടത്തുമെന്നും സംഘടന അറിയിച്ചു.

ഫോർട്ടുകൊച്ചിയിൽ നിർമ്മാണം പൂർത്തിയാക്കി അടച്ചിട്ട സ്മാർട്ട് സിറ്റി കിയോസ്ക്കുകൾ

കിയോസ്ക്കുകളുടെ നിർമ്മാണം പൂർത്തിയായെങ്കിലും കൈമാറ്റം ഇനിയും നടന്നിട്ടില്ല

മട്ടാഞ്ചേരി: കൊച്ചി ടൂറിസം വികസനത്തിന്റെ ഭാഗമായി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിർമ്മിച്ച ചെറുകിട കടകളുടെ (കിയോസ്ക്കുകൾ) നിർമ്മാണം മാസങ്ങൾക്ക് മുമ്പ് പൂർത്തിയായങ്കിലും ആവശ്യക്കാർക്ക് കൈമാറുന്നത് നീളുകയാണ്.
കൊച്ചി നഗരസഭയാണ് കടകൾ അർഹതപ്പെട്ടവർക്ക് കൈമാറേണ്ടത്. എന്നാൽ അതിനുള്ള രൂപരേഖ ഇന്നും തയ്യാറാകാത്തതും സാങ്കേതിക തടസങ്ങളുമാണ് കൈമാറ്റത്തിന് കാലതാമസം. മാസങ്ങളായി അടച്ചിട്ടിരിക്കുന്ന ഇത്തരം കിയോസ്ക്കുകൾക്ക് മുന്നിലാണിപ്പോൾ ചെറുകിട കച്ചവടക്കാർ വിൽപ്പന നടത്തുന്നത്. ഫോർട്ടു കൊച്ചി, മട്ടാഞ്ചേരി മേഖലകളിലായി 36 ഓളം കിയോസ്ക്കുകളാണ് തയ്യാറായിരിക്കുന്നത്. രണ്ടു ലക്ഷം രൂപയാണ് ഒരു കിയോസ്ക്കിന്റെ ചിലവ് കണക്കാക്കുന്നത് .
നിലവിലുള്ള വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുക ലക്ഷ്യമാക്കിയാണ് കിയോസ്ക്ക് നൽകുക. ഇതിനുള്ള നടപടികൾ ഇനിയുമായില്ല. സി. എസ്.എം.എൽ നിർമ്മിച്ച് കൈമാറുന്ന ചെറുകിട കിയോ സ്ക്കുകൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നത് ഇനിയും വൈകികൂടെന്നാണ് പൊതുജന ആവശ്യം.

പെട്രോൾ പമ്പിലെ ജീവനക്കാരിയുടെ പണമടങ്ങിയ ബാഗ് പിടിച്ചുപറിച്ച പ്രതികൾ പിടിയിൽ

പള്ളുരുത്തി: പള്ളുരുത്തിപെട്രോൾ പമ്പിലെ ജീവനക്കാരിയുടെ പണമടങ്ങിയ ബാഗ് പിടിച്ച് പറിച്ച കേസിൽ പ്രതികൾ പിടിയിലായി.പള്ളുരുത്തി തങ്ങൾ നഗർ മുണ്ടേക്കൽ വീട്ടിൽ മുഹമ്മദ് ഫാജർ (24),തങ്ങൾ നഗർ തേവഞ്ചേരി പറമ്പിൽ ഷുഹൈബ് (21) എന്നിവരെയാണ് പള്ളുരുത്തി പൊലിസ് അറസ്റ്റ് ചെയ്തത്.ഇന്നലെ രാവിലെ പതിനൊന്ന് മണിയോടെയാണ് സംഭവം.പെട്രോൾ അടിക്കാൻ വാഹനവുമായി വെളിയിലെ പമ്പിൽ എത്തിയ പ്രതികൾ ജീവനക്കാരിയുടെ പണമടങ്ങിയ ബാഗ് പിടിച്ച് പറിച്ച ശേഷം കടന്ന് കളയുകയായിരുന്നു.

പെട്രോൾ പമ്പിലെ ജീവനക്കാരിയുടെ പണമടങ്ങിയ ബാഗ് പിടിച്ച് പറിച്ച കേസിൽ പിടിയിലായ പ്രതികൾ.

എം എ കോളജ് ബിരുദ പ്രവേശനം: ആദ്യ അലോട്ട്മെന്റ് നാളെ

കോതമംഗലം : കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ വിവിധ യു ജി പ്രോഗ്രാമുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് കോളജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശന നടപടികൾ നാളെ രാവിലെ 10 മണിക്ക് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നു. ലിസ്റ്റിൽ പേരുള്ള എല്ലാ വിദ്യാർത്ഥികളും മാർക്ക് ലിസ്റ്റും, അനുബന്ധ രേഖകളും സഹിതം എത്തിച്ചേരണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

കാർ മോഷ്ടിക്കാൻ ശ്രമം

ആലുവ : ശിവരാത്രി മണപ്പുറത്ത് കാർ മോഷ്ടിക്കാൻ ശ്രമം. മണപ്പുറത്തോട് ചേർന്ന് താമസിക്കുന്ന അനൂപ് എന്നയാളുടെ കാറാണ് മോഷ്ടിക്കാൻ ശ്രമിച്ചത്.
മോഷണത്തിനായി കാറിന്റെ ഗ്ലാസ് ള്ളക്കി മാറ്റാൻ ശ്രമിക്കുന്നത് കണ്ട് മണപ്പുറത്തുണ്ടായിരുന്ന ചിലർ മോഷ്ടാവിനെ പിടി കൂടി. ഒഡീഷ സ്വദേശിയായ വീരേന്ദ്ര ജനയെയാണ് പിടി കൂടിയത്. ഇയാളെ നാട്ടുകാർ പിടികൂടി മണിക്കൂറുകളോളം തടഞ്ഞുവച്ചിട്ടും പൊലീസെത്തിയില്ല. പിന്നീട് റൂറൽ എസ്പിയെ നേരിൽ വിളിച്ചു പറഞ്ഞാണ് പൊലീസിനെ വരുത്തിയത്.
സ്റ്റേഷനിൽ പൊലീസുകാർ കുറവാണ്. അതിനാൽ എന്തെങ്കിലും കേസുമായി ബന്ധപ്പെട്ട് എത്തുന്ന പോലീസുദ്യോഗസ്ഥർ കേസിന്റെ നടപടിക്രമങ്ങൾ തീരുന്നതുവരെ വീണ്ടും ജോലി ചെയ്യേണ്ടതായി വരും അതാണ് സ്റ്റേഷനിൽ വിളിച്ചു പറ ഞ്ഞാലും പൊലീസ് വേഗത്തിൽ എത്താത്തതിന് കാരണം.
മണപ്പുറത്തെ കുട്ടി വനം കേന്ദ്രീകരിച്ച് സാമൂഹ്യദ്രോഹികൾ ഇവിടെ വിലസുകയാണ്. ദേവസ്വം ബോർഡ് എയ്ഡ് പോസ്റ്റിനായി മുറി നൽകിയെങ്കിലും പൊലീസ് കുറവായതിനാൽ എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നില്ല.

ആലുവ നഗര മധ്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും മോഷ്ടിച്ച ബൈക്കുമായി മോഷ്ടാവ് കടക്കുന്ന സിസിടിവി ദൃശ്യം

പട്ടാപ്പകൽ ബൈക്ക് മോഷണം

ആലുവ : നഗര മധ്യത്തിലെ ഷോപ്പിംഗ് കോംപ്ലക്സിൽ പാർക്ക് ചെയ്തിരുന്ന എൻഫീൽഡ് ബൈക്ക് പട്ടാപ്പകൽ മോഷണം നടത്തിയത്. നഗര മധ്യത്തിൽ റെയിൽവേ സ്റ്റേഷൻ കവാടത്തിനോട് ചേർന്ന് കയാനാട്ട് ഷോപ്പിങ് കോംപ്ലസ് ഇൽ നിന്നും ഇന്നലെ വൈകിട്ട് 3.30 കൂടി ചുവന്ന കളർ റോയൽ എൻഫീൽഡ് മോഷണം പോയത്. കെ.എൽ 43എ 8815 എന്നതാണ് വണ്ടി നമ്പർ. ഈ ഷോപ്പിങ് കോംപ്ലക്സിൽ ജോലിക്കു വന്ന ഫോർട്ട് കൊച്ചി സ്വാദേശി ഷിബിൻ എന്ന ആളുടേതാണ് ബൈക്ക് .മോഷ്ടാവ് ഷോപ്പിംഗ് കോംപ്ലക്സിലേക്ക് എത്തുന്നതും തുടർന്ന് ബൈക്ക് നിരീക്ഷിക്കുന്നതും ബൈക്കുമായി കടക്കുന്നതും എല്ലാം സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്. ആലുവ പൊലീസിൽ പരാതി നൽകിയതിനെത്തുടർന്ന് പൊലീസ് അന്വേഷണം ആരംഭിച്ചു.

എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ ടി. എസ് മുഹമ്മദ് ആദിലിന് ആലുവ നഗരസഭ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ലത്തീഫ് പുഴിത്തറ ഉപഹാരം സമ്മാനിക്കുന്നു.

റെയിഞ്ച് പാഠശാലയും അവാർഡ് ദാനവും നടത്തി

ആലുവ : സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ആലുവ റെയിഞ്ച് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാഠശാലയും മദ്റസയിൽ പഠിക്കുന്നതിനോടൊപ്പം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയവർക്കുള്ള അവാർഡ്ദാന ചടങ്ങും നടത്തി. മുഹത്തിഷ് എൻ.കെ. മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സയ്യിദ് അബ്ദുറഊഫ് തങ്ങൾ പ്രാർത്ഥന നടത്തി.
പടിഞ്ഞാറെ തോട്ടുമുഖം മഹല്ല് ചീഫ് ഇമാം ഫൈസൽ കൗസരി ഉദ്ഘാടനം നിർവ്വഹിച്ചു.
ആലുവ നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ലത്തീഫ് പുഴിത്തറ, റെയിഞ്ച് ട്രഷറർ വി.കെ. മുഹമ്മദ് ഹാജി എടയപ്പുറം , പടിഞ്ഞാറെ തോട്ടുംമുഖം മഹല്ല് പ്രസിഡന്റ് അലി കല്ലുങ്ങൽ എന്നിവർ അവാർഡ് ദാനങ്ങൾ നിർവ്വഹിച്ചു.എസ്.കെ.ജെ.എം.സി.സി. മുദരി ബ് അഷ്റഫ് അഷ്റഫി തദ് രിബ് ക്ലാസ്സിന് നേതൃത്വം നൽകി. എസ്.കെ.ജെ.എം.ജില്ലാ ജനറൽ സെക്രട്ടറി കെ.എച്ച് അബ്ദുസമദ് ദാരിമി, അബൂബക്കർ അൽഖാസിമി തോട്ടുംമുഖം , മഹല്ല് സെക്രട്ടറി സാഹിദ്, അശ്റഫ് ബാഖവി, ജലാലുദ്ധീൻ മുസ്‌ലിയാർ, അബ്ദുലത്തീഫ് വഹബി, നിസാർ അഹ്സനി, റിയാസ് ഫൈസി. ഇസ്മായിൽഫൈസി. അബൂബക്കർ മുസ്‌ലിയാർ, മുഹമ്മദ് അലി അനസ് മുസ്‌ലിയാർ, അബ്ദുൽ ഹമീദ് കമാലി എന്നിവർപങ്കെടുത്തു.

കാട്ടാന ശല്യത്തിന് അടിയന്തിര പരിഹാരം വേണം : ഷിബു തെക്കുംപുറം

കോതമംഗലം : വന്യമൃഗ ശല്യത്തിന് ശാശ്വത പരിഹാരം കണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും, കൃഷി നാശം സംഭവിച്ചവർക്ക് വേണ്ടത്ര നഷ്ടപരിഹാരം നൽകാൻ വനം വകുപ്പും അധികാരികളും തയ്യാറാവണമെന്നും യുഡി എഫ് ജില്ലാ കൺവീനർ ഷിബു തെക്കുംപുറം ആവശ്യപ്പെട്ടു.
കാട്ടാനകൾ കഴിഞ്ഞ ദിവസം കൃഷി നശിപ്പിച്ച സ്ഥലവും കർഷകരെയും ഷിബു തെക്കുംപുറം സന്ദർശിച്ചു. കാഞ്ഞിരവേലി, മുള്ളരിങ്ങാട് വനമേഖലയിൽ നിന്നും കാട്ടാനക്കൂട്ടം നീണ്ടപാറ ചെമ്പൻകുഴി പ്രദേശങ്ങളിലെ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും തമ്പടിച്ചിരിക്കുകയാണ്.
500ന് മേലെ വരുന്ന വാഴ കൃഷിയും, കവുങ്ങ്, റബ്ബർ, തെങ്ങ്, പൈനാപ്പിൾ കൃഷികളുമാണ് കഴിഞ്ഞ ദിവസം മാത്രം നശിപ്പിക്കപ്പെട്ടത്. ലക്ഷക്കണക്കിന് രൂപയുടെ കൃഷി നാശമാണ് ഈ പ്രദേശങ്ങളിലെ കർഷകർക്ക് ഉണ്ടായിട്ടുള്ളത്. നേര്യമംഗലം ഭാഗത്ത് ആർ ആർ ടി ടീമിനെ നിയോഗിച്ചിട്ടുണ്ടെങ്കിലും വനം വകുപ്പ് മതിയായ വാഹന സൗകര്യം ഏർപ്പെടുത്താത്തതിനാൽ ടീമംഗങ്ങളോ, വനം വകുപ്പ് ഉദ്യോഗസ്ഥരോ പ്രദേശത്ത് എത്തിയിട്ടില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും യാതൊരു സംരക്ഷണവും നൽകാൻ അധികാരികളും ഉദ്യോഗസ്ഥരും തയ്യാറാകുന്നില്ല.
നീണ്ടപാറ, ചെമ്പൻകുഴി പ്രദേശങ്ങളിൽ നിന്നും പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളും നിത്യവൃത്തിക്കായി തൊഴിലിനു പോകുന്നവരും
വൈകിട്ട് തിരികെയെത്തുന്നത് ജീവഭയത്തിലാണ്. കർഷകർക്ക് പുറത്തിറങ്ങുവാനും കൃഷി ഭൂമിയിൽ ഇറങ്ങി പണിയെടുക്കുവാനും പകലോ രാത്രിയിലോ കഴിയാത്ത അവസ്ഥയാണ്.

ആലുവയിൽ കഞ്ചാവ് വേട്ടയിൽ വലയിലായവർ

ആലുവയിൽ വൻ കഞ്ചാവ് വേട്ട

ആലുവ : ആലുവയിൽ വൻ കഞ്ചാവ് വേട്ട. ദേശീയ പാതയിൽ മുട്ടത്തുവച്ചാണ് 12 കിലോ കഞ്ചാവ് പിടി കൂടിയത്. ഒഡീഷ സ്വദേശികളായ രാജാസാഹിബ് നായിക് സൂരജ് ചിഞ്ചാനി എന്നിവർ അറസ്റ്റിലായി.
ഒഡീഷയിൽ നിന്നും ട്രെയിൻ മാർഗം എത്തിച്ച കഞ്ചാവ് മറ്റു ചിലർക്ക് കൈമാറാൻ കാത്തുനിൽക്കുന്നതിനിടയിലാണ് ഇവർ പിടിയിലായത്. പതിവായി ഇവർ കഞ്ചാവ് കേരളത്തിലെത്തിക്കുന്നവരാണെന്ന് ചോദ്യം ചെയ്യലിൽ വെളിപ്പെട്ടു. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ജിമ്മി ജോസഫിന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്നാണ് ഇവർ വലയിലായത് .

എം.ഡി.എം.എ: മൂവർ സംഘം അറസ്റ്റിൽ

തിരുവനന്തപുരം: എം.ഡി.എം.എയുമായി മൂവർ സംഘം അറസ്റ്റിൽ. കരമന മേലാറന്നൂർ സ്വദേശി വിമൽരാജ്(23), മുട്ടട വയലിക്കട വീട് ഉണ്ണി(32), തമ്പാനൂർ മുത്താരമ്മൻ കോവിൽ റോഡ് വിഷ്ണു(23) എന്നിവരെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്.

വഞ്ചിയൂർ പൊലീസ് നടത്തിയ വാഹനപരിശോധനയിലാണ് അമ്പലത്തുംമുക്ക് മുത്തുമാരി അമ്മൻ കോവിലിന് മുൻവശം റോഡിന് സമീപം കാറിൽ വിൽപ്പനക്കായി കൊണ്ടുവന്ന 0.10 ഗ്രാം എം.ഡി.എം.എയുമായി ഇവരെ പിടികൂടിയത്.

മാരകായുധങ്ങളുമായി പ്രതികൾ പിടിയിൽ

തിരുവനന്തപുരം: ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിന് പുറകുവശം സ്കൂട്ടറിൽ മാരകായുധങ്ങളുമായി വന്ന പ്രതികൾ പിടിയിൽ. പേട്ട ചായക്കുടി ലൈൻ സന്തോഷ് എന്ന വേലായുധൻ(36), പാപ്പനംകോട് സത്യൻ നഗർ വിജയകുമാർ(36) എന്നിവരെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. തകരപ്പറമ്പ് റോഡിൽ പോലീസ് വാഹന പരിശോധന നടത്തുമ്പോഴാണ് ഇവരെ പിടികൂടിയത്. സ്കൂട്ടറിനുള്ളിലെ ഹെൽമെറ്റ് ബോർഡിലാണ് ആയുധങ്ങൾ സൂക്ഷിച്ചു വച്ചിരുന്നത്.ക്രിമിനൽ ലിസ്റ്റിലും, നിരവധി ക്രിമിനൽ കേസുകളിലും ഉൾപ്പെട്ടവരാണ് ഇവർ.

സന്തോഷ് വിജയകുമാർ

ഷോക്കേറ്റ് വീട്ടമ്മ മരിച്ചു

ആറ്റിങ്ങൽ:വീട്ടിലെ പറമ്പിൽ നിന്നും മാങ്ങ പറിക്കുന്നതിനിടെ ഇരുമ്പ് വടി വൈദ്യുത കമ്പിയിൽ തട്ടി ഷോക്കേറ്റ് വീട്ടമ്മ മരിച്ചു. കരവാരം ഞാറക്കാട്ടുവിള സ്വദേശി ശാന്ത (60) ആണ് മരിച്ചത്.ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെയായിരുന്നു അപകടം നടന്നത്.ഷോക്കേറ്റു വീണ ശാന്തയെ നാട്ടുകാർ കല്ലമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിയ്ക്കാനായില്ല. മൃതദ്ദേഹം പാരിപ്പള്ളി മെഡിക്കൽ കോളെജിലേക്ക് മാറ്റി.

തിരുവനന്തപുരം വാർത്തകൾ

വിജയികൾക്കും സൂത്രധാരൻമാർക്കും അനുമോദനവുമായി മുസ്‌ലിംലീഗ്

ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് നേടിയ വിജയത്തിന്റെ അണിയറ ശിൽപിയായ മുസ്‌ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ ദേശീയ അധ്യക്ഷൻ നേതാവ് ഖാദർ മൊയ്തീൻ പൊന്നാട അണിയിച്ച് അനുമോദിക്കുന്നു

മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ മികച്ച വിജയം നേടിയ യു.ഡി.എഫ് സ്ഥാനാർത്ഥി ഇ.ടി മുഹമ്മദ്ബഷീറിനെ ഖാദർ മൊയ്തീൻ അനുമോദിക്കുന്നു

ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് നേടിയ വിജയത്തിന്റെ അണിയറ ശിൽപിയായ പ്രതിപക്ഷഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയെ ദേശീയ അധ്യക്ഷൻ നേതാവ് ഖാദർ മൊയ്തീൻ അനുമോദിക്കുന്നു

പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ മികച്ച വിജയം നേടിയ യു.ഡി.എഫ് സ്ഥാനാർത്ഥി അബ്ദു സമദ് സമദാനി എം.പിയെ ഖാദർ മൊയ്തീൻ അനുമോദിച്ചപ്പോൾ

ലഹരി നിർമ്മാർജ്ജന സമിതി സെക്രട്ടറിയേറ്റ് ധർണ്ണ ഇന്ന്

തിരുവനന്തപുരം: ബാർകോഴ വിവാദം അന്വേഷിക്കുക ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് ലഹരി നിർമ്മാർജ്ജന സമിതി ഇന്ന് രാവിലെ 10 മണിക്ക് സെക്രട്ടറിയേറ്റ് പടിക്കൽ നടത്തുന്ന ധർണ്ണ പ്രതിപക്ഷനേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.ചടങ്ങിൽ എൽ എൻ എസ് സംസ്ഥാന പ്രസിഡണ്ട് കുറുക്കോളി മൊയ്തീൻ എം.എൽ.എ അധ്യക്ഷത വഹിക്കും. എം.എൽ.എമാരായ പി ഉബൈദുള്ള, പി അബ്ദുൽ ഹമീദ്,കെ.കെ രമ തുടങ്ങി രാഷ്ട്രീയ-മത സംഘടനാ നേതാക്കൾ ധർണയിൽ പങ്കെടുക്കും. കേരളത്തെ മദ്യാലയം ആക്കുന്ന സർക്കാർ മദ്യനയം പിൻവലിക്കുക, വിദ്യാലയങ്ങളിൽ ലഹരി മാഫിയകളുടെ കടന്നുകയറ്റം തടയാൻ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുക, ലഹരിക്ക് അടിമപ്പെട്ട വിദ്യാർത്ഥികളെ മോചിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിക്കുക, വിദ്യാലയ പാഠഭാഗങ്ങളിൽ ലഹരി വിരുദ്ധ സന്ദേശം ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചാണ് ധർണ.

ഓടയിൽ വീണ ഫോൺ ഫയർഫോഴ്സ് എടുത്തു നൽകി

ഫ്ലാകിളിമാനൂർ: കിളിമാനൂരിൽ ലോട്ടറി വിൽപ്പനക്കാരിയുടെ ഓടയിൽ കളഞ്ഞുപോയ മൊബൈൽ ഫോൺ അഗ്നിശമന സേനാ സംഘം സാഹസികമായി എടുത്തു നൽകി. എം.സി റോഡിൽ കുറവൻകുഴി വഴിയോരകടയ്ക്ക് സമീപം ലോട്ടറി വില്പന നടത്തുന്ന ചന്ദ്രികയുടെ മൊബൈൽ ഫോണാണ് ഓടകയിൽ പോയത്. ഓടയുടെ തുരങ്കത്തിലകപ്പെട്ട ഫോൺ തിരിച്ചെടുക്കാൻ ചന്ദ്രികയ്ക്ക് കഴിഞ്ഞില്ല. തുടർന്ന് വെഞ്ഞാറമൂട് അഗ്നിരക്ഷാ സംഘം സ്ഥലത്തെത്തി ഓടയിലെ തുരങ്കത്തിനുള്ളിൽ നിന്നും ഫോൺ എടുക്കുകയായിരുന്നു.

യുവാവിനെ ആക്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

തിരുവനന്തപുരം: മണ്ണന്തല മുക്കോല ജെ.കെ.ബേക്കറിക്ക് മുന്നിൽ യുവാവിനെ ആക്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ. ഇക്കഴിഞ്ഞ 9 ന് രാത്രിയാണ് സംഭവം. അമ്മാവനെ ആക്രമിക്കുന്നത് കണ്ട തടയാൻ ചെന്ന ശരത്തിനെ അക്രമികകൾ നിലത്ത് തള്ളിയിട്ട് ചവിട്ടുകയും തലയിലും നെറ്റിയിലും തടികഷണം കൊണ്ട് അടിക്കുകയും ചെയ്യുകയായിരുന്നു. ശരതിന്റെ വലതു കൈക്ക് മർദനത്തിൽ പൊട്ടലുണ്ടായി. സഹോദരങ്ങൾ കൂടിയായ നെടുമൺ മാഞ്ഞാങ്കോട് കോളനി സ്വദേശികളായ അരുൺ കുമാർ, മുത്തുകുമാർ എന്നിവരെയാണ് മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്തത്. ക്രിമിനൽ ലിസ്റ്റിലും, നിരവധി ക്രിമിനൽ കേസുകളിലും ഉൾപ്പെട്ടവരാണിവർ.

ഒന്നാം പ്രതി പിടിയിൽ

തിരുവനന്തപുരം: തിരുവല്ലം വണ്ടിത്തടത്ത് വിട്ടിൽ കയറി ഗൃഹനാഥനെ കത്രിക കൊണ്ട് കുത്തിപ്പരിക്കേൽപ്പിച്ച കേസിലെ ഒന്നാം പ്രതി അറസ്റ്റിൽ.തിരുവല്ലം ലക്ഷം വീട് കോളനി അമ്പുവിനെയാണ് തമിഴ്നാട്ടിലെ സേലത്തു നിന്നും തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്. ക്രിമിനൽ കേസിലെ പ്രതിയെ വീട്ടിൽ വിളിച്ച് കൊണ്ടുവരരുതെന്ന് സഹോദരനോട് പറഞ്ഞ ഷാമില മൻസിൽ ഷഫീഖിനെയാണ് മർദിച്ചത്. ഇക്കഴിഞ്ഞ മാർച്ച് 29ന് വെളുപ്പിനാണ് സംഭവം. ക്രിമിനൽ ലിസ്റ്റിലും, നിരവധി ക്രിമിനൽ കേസുകളിലും ഉൾപ്പെട്ടയാളാണ് അമ്പു.

സമുദ്രദിനം: സെമിനാർ നടന്നു

പാറശ്ശാല:കോവളം യു.ഡി.എസ് ഗ്രൂപ്പ് ഒഫ് ഹോട്ടൽസും തിരുവനന്തപുരം എസ്.കെ.എ.എൽ ഇന്റർനാഷണൽ ക്ലബ്ബും ചേർന്ന് കോളേജ് വിദ്യാർത്ഥികൾ,ഹൈസ്കൂൾ വിദ്യാർത്ഥികൾ,സ്കൂബാ ഡൈവിംഗ് പരിശീലന സ്ഥാപനം എന്നിവർക്ക് വേണ്ടി ലോക സമുദ്രദിനസെമിനാർ നടത്തി. കോവളം യു.ഡി.എസ് ഹോട്ടലിൽ നടന്ന പരിപാടിയിൽ കോവളം ബോണ്ട് വാട്ടർ സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ്,വാഴമുട്ടം ഗവ.ഹൈസ്കൂൾ,വെങ്ങാനൂർപ്രൈ കസ്റ്റ് കോളേജ്,എൻ.ജി.ഒ പ്രതിനിധികൾ,സായി കൃഷ്ണ പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. അക്വാട്ടിക് ബയോളജി വിഭാഗത്തിലെ വിദഗ്ദ്ധർ സെമിനാറിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

മത്സ്യബന്ധനത്തിന് വിലക്ക്

തിരുവനന്തപുരം: മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് അറിയിച്ചു.ഇന്ന് ഗൾഫ് ഓഫ് മന്നാർ, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ വടക്കൻ ഭാഗങ്ങൾ അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും തമിഴ്നാട് തീരം, കന്യാകുമാരി തീരം, മധ്യ കിഴക്കൻ അറബിക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, തെക്ക് കിഴക്കൻ അറബി കടലിന്റെ വടക്കൻ ഭാഗങ്ങൾ അതിനോട് ചേർന്ന കടൽ പ്രദേശങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, തെക്കൻ ആന്ധ്രപ്രദേശ് തീരം, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

ഭാരവാഹികളെ തെരഞ്ഞെടുത്തു

തിരുവനന്തപുരം: കേരളാ റിട്ടയേഡ് ടീച്ചേഴ്സ് കോൺഗ്രസ്(കെ.ആർ.റ്റി.സി.) പുതിയ സംസ്ഥാന ഭാരവാഹികളെ 19ാംസംസ്ഥാന സമ്മേളനത്തിൽ തെരഞ്ഞെടുത്തു. പ്രസിഡന്റ് എം.സലാഹുദീൻ തിരുവനന്തപുരം,ജനറൽ സെക്രട്ടറി അടാട്ട് വാസുദേവൻ മലപ്പുറം,ട്രഷറർ കെ.സുധാകൻ കൊല്ലംവൈസ് പ്രസിഡന്റുമാർ:സജി ജോൺ, ലളിതാ സോമൻ, വിജയാനന്ദൻ വിഴിഞ്ഞം ഹനീഫ, കെ.എം എ.റഹ്മാൻ,സെക്രട്ടറിമാർ ആർ.സുരേഷ് കുമാർ ,കെ.ജി.തോമസ്, ആർ.മോഹനൻ, ലീലാമ്മ ഐസക്, എസ്.ഗോപകുമാർ,ആഡിറ്റേഴ്സ്.ആർ.ശ്രീകുമാർ ,എം.സി.ജോൺസൻ.

സലാഹുദീൻ അടാട്ട് വാസുദേവൻ

നെയ്യാറ്റിൻകരയിൽ ഒരു വീട്ടിലെ മൂന്നു പേർ ജീവനൊടുക്കി

പാറശ്ശാല: ഒരു കുടുംബത്തിലെ മൂന്നുപേർ ജീവനൊടുക്കി. നെയ്യാറ്റിൻകര വഴുതൂർ അറപ്പുരവിള വീട്ടിൽ,മണിലാൽ(50), ഭാര്യ സ്മിത(45),മകൻ അഭിലാൽ(22)എന്നിവരാണ് ജീവൻ ഒടുക്കിയത്.ഞായറാഴ്ച രാത്രി 11 മണിയോടെയാണ് സംഭവം. ഇന്നലെ രാവിലെ വീട്ടിലെത്തിയ ബന്ധുക്കളാണ് ഇവരെ മരിച്ച നിലയിൽ കണ്ടെത്തിയത്.

മണിലാൽ സ്മിത

അഭിലാൽ

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനായി മൃതദേഹങ്ങൾ രാവിലെ തന്നെ എത്തിക്കുകയായിരുന്നു.ആത്മഹത്യ ആണെന്നാണ് പ്രഥമ നിഗമനം. മരണകാരണം പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ എന്ന നെയ്യാറ്റിൻകര പോലീസ് അറിയിച്ചു. മരണപ്പെട്ട മണിലാൽ വർഷങ്ങൾക്കു മുമ്പ് നെയ്യാറ്റിൻകര എം.എൽ.എ സി കെ ഹരീന്ദ്രന്റെ ഡ്രൈവർ ആയിരുന്നു.

ഇപ്പോൾ പാലക്കാട് ഏതോ സ്വകാര്യ കമ്പനിയിലെ ജോലിയാണെന്ന് പറയപ്പെടുന്നു.സാമ്പത്തിക ബുദ്ധിമുട്ടാണ് ആത്മഹത്യക്ക് കാരണമെന്ന് നാട്ടുകാർ പറയുന്നു.

മരണപ്പെട്ട മണിലാലിന്റെ ഭാര്യ സ്മിത എഴുതിയതെന്ന് പറയപ്പെടുന്ന കുറിപ്പ് നെയ്യാറ്റിൻകര പോലീസിന് ലഭിച്ചിട്ടുണ്ട്. മൂന്നുപേരുടെയും മൃതദേഹം നെയ്യാറ്റിൻകര ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് രാത്രി മാറ്റിയിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പോസ്റ്റ് മോർട്ടത്തിന് ശേഷം മൃതദേഹങ്ങൾ ഇന്നലെ ശാന്തികവാടത്തിൽ സംസ്കരിച്ചു.

ജീവാനന്ദം പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറണം: ടി.വി ഇബ്രാഹിം എം.എൽ.എ

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ജീവനക്കാരുടെ സാലറി കവർന്നെടുക്കുന്ന ജീവാനന്ദം പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറണമെന്ന് ടി.വി ഇബ്രാഹിം എം.എൽ.എ

സെറ്റ്ക്കോ ജില്ലാ കമ്മിറ്റി നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സെറ്റ്ക്കോ ജില്ലാ ചെയർമാൻ കുളത്തൂർ ഷെഫീഖ് അധ്യക്ഷത വഹിച്ചു, മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗം കണിയാപുരം ഹലീം, മുഖ്യപ്രഭാഷണം നടത്തി. കൺവീനർ നിസാം, നേതാക്കളായ പ്രകാശ്, ഷാജി പിരപ്പൻകോട്, സുബൈർ, നൗഷാദ് ടച പുരം, ഫസിലുദീൻ,നിഷാദ്,നിസാറുദ്ധീൻ,

സുൽഫിക്കർ,ഷിഹാബ്, അൽസബീൻ, പാളയം ഫിറോസ്, സജിം ഷാ, സിയാദ്, യാസീൻ,എന്നിവർ സംസാരിച്ചു

സെറ്റ്കോ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണ ടി.വി ഇബ്രാഹിം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ബൈക്ക് പോസ്റ്റിലിടിച്ച് വിദ്യാർത്ഥി മരിച്ചു

കാട്ടാക്കട:ബൈക്ക് ഇലക്ട്രിക്ക് പോസ്റ്റിലിടിച്ച് പത്താംക്ലാസ് വിദ്യാർത്ഥി മരിച്ചു. കാട്ടാക്കട പ്ലാവൂർ വാണിയം വിളാകത്ത് വീട്ടിൽ സുധീർ- ഷംന ദമ്പതികളുടെ മകൻ ആരീഫ്(15)ആണ് മരിച്ചത്.

കുച്ചപ്പുറം തൃക്കാഞ്ഞിരപുരം ക്ഷേത്രത്തിനടുത്ത് വച്ച് ബൈക്ക് നിയന്ത്രണം തെറ്റി ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ചായിരുന്നു അപകടം.പ്ലാവൂർ ഗവ.ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്നു.സ്കൂളിൽ പൊതു ദർശനത്തിന് ശേഷം മൃതദേഹം ആമച്ചൽ ജുമാ മസ്ജിദിൽ സംസ്കരിച്ചു.സഹോദരൻ:ഷംസീർ.

ദേശീയ പാതയിൽ കാറുകൾ കൂട്ടിയിടിച്ച് നാലു പേർക്ക് പരിക്ക്

ആറ്റിങ്ങൽ : ദേശീയ പാതയിൽ ചാത്തൻപാറ ജംഗ്ഷനിൽ കാറുകൾ കൂട്ടിയിടിച്ച് നാലു പേർക്ക് പരിക്ക്. ഇന്നലെ വൈകുന്നേരം അഞ്ചു മണിയോടെയാണ് അപകടം. കൊല്ലം ഭാഗത്ത് നിന്ന് വന്ന ഹ്യുണ്ടായി കാറും എതിർ ദിശയിൽ വന്ന ഫോർച്ചൂണർ കാറുമാണ് അപകടത്തിൽ പെട്ടത്.

ഹ്യുണ്ടായ് കാർ മറ്റൊരു വാഹനത്തെ ഓവർടേക് ചെയ്യുമ്പോൾ എതിർദിശയിൽ വന്ന ഫോർച്ചൂണർ കാറിലേക്ക് ഇടിക്കുകയായിരുന്നു എന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. അപകടത്തിൽ ഇരു കാറുകളിലെയും ഡ്രൈവർമാർക്ക് പരിക്കുകളില്ല. എന്നാൽ കാറുകളിൽ ഉണ്ടായിരുന്ന രണ്ട് പുരുഷന്മാർക്കും രണ്ട് സ്ത്രീകൾക്കും പരിക്കേറ്റു.

ചാത്തൻപാറ ജംഗ്ഷനിൽഅപകടത്തിൽ പെട്ട കാറുകൾ

പരിക്കേറ്റ രണ്ടു പേരെ സമീപത്തെ സ്വകാര്യ ആശുപത്രിയിലും, രണ്ട് പേരെ വെഞ്ഞാറമൂട്ടിലെ സ്വകാര്യാശുപത്രിയിലും പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ലന്ന് പറയുന്നു. അപകടത്തെ തുടർന്ന് ദേശീയപാതയിൽ ഗതാഗത തടസ്സം ഉണ്ടായി.

മുന്നറിയിപ്പ് സൈറൺ പരീക്ഷണം ഇന്ന്

തിരുവനന്തപുരം:സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള മുന്നറിയിപ്പ് സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടക്കും. ജില്ലയിലെ എട്ട് സ്ഥലങ്ങളിൽ സ്ഥാപിച്ച സൈറണുകൾ രാവിലെ മുതൽ പല സമയങ്ങളിലായി മുഴങ്ങും.ഗവൺമെന്റ് എച്ച്.എസ്.കരിക്കകം, ഗവൺമെന്റ് വി.എച്ച്.എസ്.എസ്. കല്ലറ, ഗവൺമെന്റ് യു.പി.എസ്, കിഴുവില്ലം, ഗവൺമെന്റ് യു.പി.എസ് വെള്ളറട, ഗവൺമെന്റ് എച്ച്.എസ്.എസ് കാട്ടാക്കട, ഗവൺമെന്റ് വി.എച്ച്. എസ്. എസ്. പൂവാർ, മിനി ഓഡിറ്റോറിയം, പൊഴിയൂർ, ഗവൺമെന്റ് എച്ച്.എസ്.എസ്. വിതുര എന്നിവിടങ്ങളിലാണ് ജില്ലയിൽ സൈറണുകൾ സ്ഥാപിച്ചിട്ടുള്ളത്. സൈറണുകൾ മുഴങ്ങുമ്പോൾ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

പിന്റേഴ്സ് അസോസിയേഷൻ നെയ്യാറ്റിൻകര മേഖലാ സമ്മേളനം ബാലരാമപുരം വ്യാപാര ഭവനിൽ ജില്ലാ പ്രസിഡന്റ് ശ്രീകാര്യം ബാബു ഉദ്ഘാടനം ചെയ്യുന്നു

പ്രിന്റേഴ്സ് അസോസിയേഷൻ നെയ്യാറ്റിൻകര മേഖലാ സമ്മേളനം

നെയ്യാറ്റിൻകര: പ്രിന്റേഴ്സ് അസോസിയേഷൻ നെയ്യാറ്റിൻകര മേഖലാ സമ്മേളനം ബാലരാമപുരം വ്യാപാര ഭവനിൽ ജില്ലാ പ്രസിഡന്റ് ശ്രീകാര്യം ബാബു ഉദ്ഘാടനം ചെയ്തു. കെ.എസ്. ബാലചന്ദ്രൻ അധ്യക്ഷൻ ആയി.സംസ്ഥാന പ്രസിഡന്റ് വൈ. വിജയൻ മുഖ്യപ്രഭാഷണം നടത്തി.സംസ്ഥാന വൈസ് പ്രസിന്റ് ജെ. ഭുവനേന്ദ്രൻ നായർ, സംസ്ഥാന സെക്രട്ടറി അജിത്ത് സൈമൺ, പി. എം. സലാഹുദ്ദീൻ, എ. രാധാകൃഷ്ണൻ നായർ, പി. വിജയകുമാർ, ആർ. ശശിധരൻനായർ, ബി. അനിൽ കുമാർ,സജി വൈഗ, എസ്. രേണുക, വിജയകുമാർ, കെ. ശ്രീകണ്ഠൻ നായർ,കെ. ജയശീലൻ. എൻ. പി. ഷാലു എന്നിവർ ആശംസകൾ നേർന്നു.

മെഡിസെപ്പ് ആശങ്കകൾ പരിഹരിക്കണം കെ.ആർ.റ്റി.സി

തിരുവനന്തപുരം: ജീവനക്കാർക്കും പെൻഷൻകാർക്കും യാതൊരു പ്രയോജനവുമില്ലാത്ത മെഡിസെപ്പ്, പോരായ്മകൾ പരിഹരിച്ച്, കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്ന് കേരളാറിട്ടയേഡ് ടീച്ചേഴ്സ് കോൺഗ്രസ് കെ.ആർ.റ്റി.സി. 19ാംസംസ്ഥാന സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.തിരുവനന്തപുരം അധ്യാപക ഭവനിൽ സംസ്ഥാന പ്രസിഡന്റ് പി.മൊയ്തീന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം കെ.ആർ.റ്റി.സി.മുഖ്യ രക്ഷാധികാരി കല്ലട എൻ.പി. പിള്ള ഉദ്ഘാടനം ചെയ്തു.ജനറൽ സെക്രട്ടറി ജി.രവീന്ദ്രൻ നായർ സ്വാഗതം ആശംസിച്ചു.സംസ്ഥാന ഭാരവാഹികളായ കെ.ആർ.ജനാർദ്ദനൻ പിള്ള, ഇ. നീലകണ്ഠൻ നമ്പൂതിരി എൻ.ചന്ദ്രശേഖരൻ നായർ, പനവൂർ യൂനുസ് കുഞ്ഞ്, വിഴിഞ്ഞം ഹനീഫ, എം.സൈനല്ലാബ്ദീൻ, കെ.എം.എ.റഹമാൻ, പി.കെ നാരായണൻ കെ.സുധാകരൻ തുടങ്ങിയവർ ആശംസകളർപ്പിച്ചു.വനിതാ സമ്മേളനം വസുമതി.ജി.നായർ ഉദ്ഘാ ടനം ചെയ്തു.ഉച്ചയ്ക്ക് ശേഷം നടന്ന പ്രതിനിധി സമ്മേളനം എം.സലാഹുദീൻ ഉദ്ഘാടനം ചെയ്തു.പി.കോയക്കുട്ടി മാസ്റ്റർ, ബി.ശശിധരൻ, മോഹനൻ മുക്കോല, അടാട്ട് വാസുദേവൻ, ലീലാമ്മ ഐസക്, എം.എസ്.ഗോപകുമാരൻ നായർ, കെ. മനോഹരൻ തുടങ്ങിയവർ സംബന്ധിച്ചു.

തഖ്‌വിയ്യ 2024 ജില്ലാ മുഅല്ലിം സംഗമം നാളെ: ഒരുക്കങ്ങൾ പൂർത്തിയായി

തിരുവനന്തപുരം:സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്ന സദർ മുഅല്ലിം മദ്രസാ അദ്ധ്യാപക സംഗമം നാളെ വിഴിഞ്ഞം സിറാജുൽ ഇസ്ലാം ഓഡിറ്റോറിയത്തിൽ നടക്കും. തിരുവനന്തപുരം ജില്ല മുഅല്ലിം സംഗമമാണ് നാളെ രാവിലെ 9 മണി മുതൽ വിഴിഞ്ഞം സിറാജുൽ ഇസ്ലാം ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നത്. ജില്ലാ പ്രസിഡന്റ് കണിയാപുരം അബ്ദുല്ലത്തീഫ് ബാഖവിയുടെ അധ്യക്ഷതയിൽ വിഴിഞ്ഞം സഈദ് മുസ്ലിയാർ പ്രാർത്ഥനയും ഓ എം എസ് തങ്ങൾ നിസാമി മേലാറ്റൂർ ഉദ്ഘാടനവും നിർവഹിക്കും. വിവിധ പഠന ക്ലാസുകൾക്ക് കെ.എച്ച്. കോട്ടപ്പുഴ , പി കെ അബ്ദുൽ ഖാദർ ഖാസിമി, എ.ടി ഹുസൈൻ കുട്ടി മുസ്ലിയാർ നേതൃത്വം നൽകും.ഷാജഹാൻ ദാരിമി പനവൂർ സുബൈർ വഴിമുക്ക് മുഫത്തിശ് അഹ്മദ് റശാദി ചുള്ളിമാനൂർ, അഹമ്മദ് സിറാജി വഴിമുക്ക്, ഹാഫിസ് ഷറഫുദ്ദീൻ ബാഖവിചിറ്റാറ്റ് മുക്ക്, അർഷുദ്ദീൻ മുസ്ലിയാർ പറയത്തു കോണം സുലൈമാൻ സഖാഫി വിഴിഞ്ഞം,മുഹമ്മദ് ഷഫീഖ് ബാഖവികല്ലമ്പലം, ഹാഫിളുറഹ്മാൻ തുടങ്ങിയവർ സംബന്ധിക്കും.

സമ്മേളനത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായും ജില്ലയിലെ മുഴുവൻ മദ്രസകളിലെയും ഉസ്താദുമാരും മാനേജ്മെൻറ് പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കണമെന്നും ജില്ലാ ജനറൽ സെക്രട്ടറി ബി മാപള്ളി പീരുമുഹമ്മദ് മുസ്ലിയാർ ഹിഷാമി അറിയിച്ചു. മദ്രസ അധ്യാപകന് നിർമ്മിച്ച് നൽകിയ മുഅല്ലിം മൻസിൽ വീടിന്റെ താക്കോൽ ദാന കർമ്മവും, ഭവനനിർമാണധനസഹായവിതരണവും ഉസ്താദുമാരെ ആദരിക്കലും വിദ്യാർത്ഥികളെ അനുമോദിക്കലും നടക്കും.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 11 ചൊവ്വ
ഗൾഫ് ചന്ദ്രിക

ജനിക്കാത്ത മദ്യനയത്തിന്റെ ജാതകം ചമയ്ക്കുന്നവരോട് എന്നായിരുന്നു വകുപ്പ് മന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിന്റെ തലക്കെട്ട്. അങ്ങയുടെ വകുപ്പിൽ കുഞ്ഞ് ജനിച്ചു, ഇനി അച്ഛനാരാണെന്ന് അന്വേഷിച്ചാൽ മതി. വേറെ ആളുകളാണ് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ശ്രദ്ധിക്കണ്ടേ അമ്പാനെ.

– റോജി എം ജോൺ

ചരിത്ര മുഹൂർത്തമാണിത്. കേരളാ രാഷ്ട്രീയത്തിൽ ഒരു പ്രതിപക്ഷ സംഘടന സർവകലാശാലാ ഭരണം പിടിച്ചെടുക്കുന്നത് ഇതാദ്യമാണ്. ഭരിക്കുന്നവർക്കൊപ്പമാണ് എപ്പോഴും കലാശാലാ ഭരണം. ഏറ്റവുമധികം വിദ്യാർത്ഥികൾ പഠിക്കുന്ന കലാശാലയാണ് കാലിക്കറ്റ്. അവിടെയാണ് എം.എസ്.എഫ്-കെ.എസ്.യു മുന്നണി വലിയ ഭൂരിപക്ഷത്തിൽ മഹാവിജയം നേടിയിരിക്കുന്നത്. സർക്കാരിന്റെയും എസ്.എഫ്.ഐക്കാരുടെയും അഹന്തക്കുള്ള മറുപടിയാണിത്. ഈ വിജയം കലാശാല ചരിത്രത്തിൽ എന്നും തങ്കലിപികളാൽ രേഖപ്പെടുത്തും

– പി.കെ. നവാസ്

കേരള വാർത്തകൾ

കാൽനൂറ്റാണ്ടിന്റെ ഇന്ദ്രപ്രസ്ഥ അനുഭവവുമായി ഹാരിസ് ബീരാൻ

നിയമ പോരാട്ടത്തിൽ നിന്ന് നിയമ നിർമ്മാണത്തിലേക്ക്

പാർലമെന്റിൽ മുസ്‌ലിം ലീഗിന് അഞ്ചംഗങ്ങൾ

ഷാജഹാൻ കാരുവള്ളി/ ലുഖ്മാൻ മമ്പാട്

കൊച്ചി / കോഴിക്കോട്

നിലവിലെ പാർലമെന്റിലെ മുസ്‌ലിംലീഗിലെ അഞ്ചാമനായി പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചത് പാർലമെന്ററി രംഗത്തെ പുതുമുഖമായ യുവത്വ നേതാവിനെ. കാൽ നൂറ്റാണ്ടായി ഇന്ദ്രപ്രസ്ഥത്തിൽ നിയമ പോരാട്ടത്തിന്റെ നിലക്കാത്ത ശബ്ദമായ അഡ്വ.ഹാരിസ് ബീരാൻ തിളങ്ങിയതിന്റെ കൂടി അംഗീകാരമാണ് മുസ്‌ലിംലീഗ് നേതാക്കൾ ഐക്യഖണ്ഡേന ഒറ്റപ്പേരിലേക്ക് എത്തിയത്. നിലവിലെ പാർലമെന്റിലെ ഇ.ടി മുഹമ്മദ് ബഷീർ, ഡോ.എം.പി അബ്ദുസമദ് സമദാനി, കെ നവാസ് കനി(ലോക്സഭ), പി.വി അബ്ദുൽ വഹാബ് (രാജ്യസഭ) എന്നിവർക്ക് പുറമെ മുസ്‌ലിംലീഗിലെ അഞ്ചാമനായെത്തുന്ന അഡ്വ.ഹാരിസ് ബീരാൻ പത്താമത്തെ രാജ്യസഭാംഗമാണ്.

ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ഇബ്രാഹിം സുലൈമാൻ സേട്ട്, എ.കെ.എ അബ്ദുസമദ്, ബി.വി അബ്ദുല്ലക്കോയ, എസ്.എ ഖാജ മുഹിയുദ്ദീൻ, ഹമീദലി ഷംനാട്, എ.കെ രിഫാഇ, ഡോ. എം.പി അബ്ദുസമദ് സമദാനി, പി.വി അബ്ദുൽ വഹാബ് എന്നിവരാണ് ഇതിന് മുമ്പ് രാജ്യസഭാംഗങ്ങളായ മുസ്‌ലിംലീഗ് പ്രതിനിധികൾ. മുസ്‌ലിംലീഗിന്റെ രാജ്യസഭാ സ്ഥാനാർത്ഥിയായി അഡ്വ.ഹാരിസ് ബീരാനെ പ്രഖ്യാപിച്ചത് അർഹതയുടെ അംഗീകാരമായി. സുപ്രീം കോടതി അഭിഭാഷകനും ഡൽഹി കെ.എം.സി.സി പ്രസിഡന്റുമായ ഹാരിസ് ബീരാൻ എം.എസ്.എഫിലൂടെയാണ് സംഘടനാ രംഗത്തെത്തുന്നത്. എറണാകുളം ജില്ലയിലെ ആലുവ സ്വദേശിയും മുസ്‌ലിംലീഗ് കുടുംബത്തിലെ ഇളംതലമുറക്കാരനുമാണ്.

1998 മുതൽ രാജ്യ തലസ്ഥാനത്ത് സ്ഥിര താമസമാക്കി ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ ശാക്തീകരണത്തിനും നിയമ പരിരക്ഷക്കുമായി പോരാടുന്ന വ്യക്തിത്വമാണ്. പൗരത്വ ഭേദഗതി നിയമം പോലെയുള്ള സുപ്രധാന വിഷയങ്ങളിൽ മുസ്‌ലിം ലീഗിന് വേണ്ടി സുപ്രിംകോടതിയിൽ നിലകൊണ്ട ഹാരിസ് ബീരാൻ 2011 മുതൽ ഡൽഹി കെ.എം.സി.സി പ്രസിഡന്റാണ്. ദേശീയ തലത്തിൽ മുസ്‌ലിംലീഗിന്റെ സംഘാടനത്തിന് വേണ്ടിയും ദേശീയ ആസ്ഥാന മന്ദിരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും രംഗത്തുണ്ട്. ഡൽഹി കലാപം ഉൾപ്പെടെ നിരവധി പ്രതിസന്ധി ഘട്ടങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഇരകൾക്ക് സാന്ത്വനമെത്തിക്കുന്നതിനും മുന്നിൽനിന്ന് പ്രവർത്തിച്ചു. അബ്ദുന്നാസർ മഅ്ദനിക്കും സിദ്ദീഖ് കാപ്പനും നീതി ലഭ്യമാക്കുന്നതിന് ഹാരിസ് ബീരാൻ നടത്തിയ നിയമ പോരാട്ടം ശ്രദ്ധേയമായിരുന്നു. കപിൽ സിബലിനെ പോലുള്ള മുതിർന്ന അഭിഭാഷകരോടൊപ്പം യു.എ.പി.എ ദുരുപയോഗത്തിനെതിരായ നിയമ യുദ്ധത്തെ മുന്നിൽ നിന്ന് നയിച്ചു. മുസ്‌ലിം ലീഗിന്റെ പേര് മാറ്റണമെന്ന ഹർജിക്കെതിരെയും മുത്തലാഖ് ബിൽ, ഹിജാബ്, ലൗ ജിഹാദ് തുടങ്ങിയ വിഷയങ്ങളിലും ഹാരിസ് ബീരാൻ നടത്തിയ നിയമപരമായ ഇടപെടലുകൾ ദേശീയ രാഷ്ട്രീയത്തിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. പ്രവാസി വോട്ടവകാശത്തിന് വേണ്ടിയും ജാതി സെൻസസ് നടപ്പാക്കുന്നതിനും ഹാരിസ് ബീരാൻ നിയമപോരാട്ടം നടത്തി. ഡൽഹി കേന്ദ്രീകരിച്ച് ഇന്ത്യയിലെ ന്യൂനപക്ഷ രാഷ്ട്രീയ മുന്നേറ്റത്തിന് കരുത്ത് പകരാൻ ഹാരിസ് ബീരാന്റെ രാജ്യസഭാംഗത്വം ഉപകരിക്കും.

ആൾ ഇന്ത്യ ലോയേഴ്സ് ഫോറം ദേശീയ കൺവീനറായും പ്രവർത്തിക്കുന്നു. നിയമ രംഗത്തെ പ്രാഗത്ഭ്യത്തിന് നിരവധി ദേശീയ, അന്തർദേശീയ പുരസ്ക്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി അംഗവും എറണാകുളം ജില്ലാ വൈസ് പ്രസിഡന്റുമായിരുന്ന അഡ്വ. വി. കെ ബീരാനാണ് പിതാവ്. ഇദ്ദേഹം സംസ്ഥാന സർക്കാരിന്റെ അഡീഷണൽ അഡ്വക്കേറ്റ് ജനറലും എ.ജി. റാങ്കിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമ കമ്മിറ്റി ചെയർമാനുമായിരുന്നു. ബാബരി മസ്ജിദ്, സംവരണം തുടങ്ങി നിരവധി കേസുകളിൽ ഇടപെട്ട അദ്ദേഹം സി.എച്ച് മുഹമ്മദ് കോയയെ പോലുള്ള മുസ്‌ലിംലീഗ് നേതാക്കളുടെ ആത്മ സുഹൃത്തായിരുന്നു. മാതാവ് സൈനബ കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ ചരിത്ര വിഭാഗം മേധാവിയായിരുന്നു. രണ്ട് പതിറ്റാണ്ട് മുമ്പ് ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്ഥാനാർഥിയായി വാഴക്കുളം ബ്ലോക്കിലേക്ക് മൽസരിച്ചിട്ടുമുണ്ട്.

മുൻ വ്യവസായ മന്ത്രിയും മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റുമായ വി.കെ. ഇബ്രാഹിം കുഞ്ഞ് പിതൃസഹോദരനാണ്. നിലവിലെ എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. വി. ഇ അബ്ദുൽ ഗഫൂർ പിതൃസഹോദര പുത്രനാണ്. എറണാകുളം മഹാരാജാസ് കോളജിൽ എം.എസ്.എഫ് യൂണിറ്റ് പ്രസിഡന്റായാണ് ഹാരിസ് ബീരാൻ പൊതുപ്രവർത്തനം ആരംഭിക്കുന്നത്. എറണാകുളം ഗവ. ലോ കോളജിലും എം.എസ്.എഫിന് വേണ്ടി പ്രവർത്തിച്ച അദ്ദേഹം നിയമ ബിരുദം നേടിയ ശേഷം അഭിഭാഷകവൃത്തിയിലേക്ക് തിരഞ്ഞെങ്കിലും രാഷ്ട്രീയരംഗത്തും സജീവമായിരുന്നു. ബി.ജെ.പി സർക്കാർ ഇന്ത്യയിലെ ദളിത് – മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കെതിരെ നടത്തുന്ന ഭീഷണിയെ ഭരണഘടനാപരമായി നേരിടുന്നതിൽ ശക്തമായ പോരാട്ടമാണ് ഹാരിസ് ബീരാൻ നടത്തിവരുന്നത്. ഇബ്രാഹിം സുലൈമാൻ സേട്ടിനും സാലേ മുഹമ്മദ് സേട്ടിനും ശേഷം എറണാകുളം ജില്ലക്ക് കിട്ടുന്ന അംഗീകാരം കൂടിയാണ്. കണ്ണൂർ വളപട്ടണം സ്വദേശിനി മജ്ദ ത്വഹാനിയാണ് ഭാര്യ. മക്കൾ: അൽ റയ്യാൻ, അർമാൻ.

ഡൽഹി കെ.എം.സി.സി സംഘടിപ്പിച്ച പരിപാടിയിൽ സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. ആലിക്കുട്ടി മുസ്‌ലിയാർ, മുൻ കേന്ദ്ര മന്ത്രി ഇ അഹമ്മദ്, മുസ്‌ലിം ലീഗ് മുൻ അധ്യക്ഷൻ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, ഇ.ടി മുഹമ്മദ് ബഷീർ എം.പി, ഖുർറം അനീസ് ഉമർ എന്നിവർക്കൊപ്പം ഹാരിസ് ബീരാൻ (ഫയൽ)

ലോക്സഭാ തിരഞ്ഞെടുപ്പിൽ വൻ വിജയം നേടിയ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളായ ഇ.ടി മുഹമ്മദ് ബഷീർ, ഡോ. എം.പി അബ്ദു സമദ് സമദാനി എന്നിവരെ അഖിലേന്ത്യാ അധ്യക്ഷൻ പ്രൊഫ. ഖാദർ മൊയ്തീൻ അനുമോദിക്കുന്നു. മുനവ്വറലി ശിഹാബ് തങ്ങൾ, പി.വി അബ്ദുൾ വഹാബ്, പി.കെ കുഞ്ഞാലിക്കുട്ടി, സാദിഖലി ശിഹാബ് തങ്ങൾ ,കെ.പി.എ മജീദ്, പി.അബ്ദുൾ ഹമീദ് സമീപം

ഡൽഹിയിലെ നീറ്റ് ആസ്ഥാനത്ത് എം.എസ്.എഫ് പ്രവർത്തകർ ഇന്നലെ നടത്തിയ പ്രതിഷേധം

നീറ്റ് പരീക്ഷയിലെ ക്രമകേട് എം.എസ്.എഫ് സുപ്രീം കോടതിയിൽ

ന്യൂഡൽഹി: കഴിഞ്ഞ ദിവസം പുറത്ത് വന്ന നീറ്റ് പരീക്ഷ ഫലത്തിലെ വ്യാപക ക്രമകേടിനെതിരെ എംഎസ്എഫ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. ഗ്രേസ് മാർക്ക് ഒഴിവാക്കിയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക. ചോദ്യപേപ്പർ ചോർച്ചയിൽ സമഗ്ര അന്വേഷണം നടത്തുക,അന്വേഷണം പൂർത്തിയാകാതെ കൗസിലിംഗ് നടപടിയിലേക് കടകരുത് തുടങ്ങിയ ആവിശ്യങ്ങൾ ഉന്നയിച്ചാണ് കേസ് ഫയൽ ചെയ്തത്. അഡ്വ ഹാരിസ് ബീരാൻ മുഖേനയാണ് കേസ് ഫയൽ ചെയ്തത്. എൻടിഎ ആസ്ഥാനത്ത് എംഎസ്എഫിന്റെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടന്നു. നീറ്റ് ക്രമകേട് വിഷയത്തിൽ സുപ്രീം കോടതിയെ സമീപിക്കുന്ന ആദ്യ വിദ്യാർഥി സംഘടനയാണ് എംഎസ്എഫ്. വിദ്യാർഥികൾക്ക് നീതി ലഭിക്കും വരെ എം.എസ്.എഫ് മുന്നിലുണ്ടാവുമെന്ന് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു പറഞ്ഞു.

രാജ്യസഭ: ജോസ് കെ മാണിയും സി.പി.ഐയും വിരട്ടി

വഴങ്ങാൻ നിർബന്ധിതരായി സി.പി.എം

ഇടതുമുന്നണി യോഗത്തിൽ പൊട്ടിത്തെറിച്ച് ആർ.ജെ.ഡി

തിരുവനന്തപുരം: സി.പി.ഐയും കേരള കോൺഗ്രസ് മാണി വിഭാഗവും വിട്ടുവീഴ്ചയില്ലെന്ന നിലപാടെടുത്തതോടെ സ്വന്തം സീറ്റ് വിട്ടുനൽകി രാജ്യസഭയിൽ സി.പി.എമ്മിന്റെ 'ത്യാഗം'. സീറ്റ് കിട്ടിയില്ലെങ്കിൽ മുന്നണി വിടുന്ന തടക്കം ആലോചിക്കേണ്ടിവരുമെന്ന ജോസ് കെ മാണിയുടെ ഭീഷണിയിലും അർഹതപ്പെട്ട സീറ്റിനു വേണ്ടി എന്തിന് ചർച്ചയെന്ന ചോദ്യമുന്നയിച്ച് സി.പി.ഐയും സി.പി.എമ്മിനെ പ്രതിസന്ധിയിലാക്കിയതോടെയാണ് സ്വന്തം സീറ്റ് ഘടകകക്ഷിക്ക് കാഴ്ചവെച്ച് സി.പി.എം വിട്ടുവീഴ്ച ചെയ്തത്. ഘടകകക്ഷികളുടെ സീറ്റുകൾ പിടിച്ചെടുത്ത് മാത്രം ശീലമുള്ള സി.പി.എം, ഇത്തവണ മൂക്കുകുത്തി വീണു.

ഒരു സീറ്റ് സ്വയമെടുക്കാനുള്ള തീരുമാനമാണ് സി.പി.ഐയുടെയും കേരള കോൺഗ്രസ് എമ്മിന്റെയും ഭീഷണിയിൽ സി.പി.എമ്മിന് ഉപേക്ഷിക്കേണ്ടി വന്നത്. രാജ്യസഭാസീറ്റ് ഘടകകക്ഷികൾക്കു വേണ്ടി വിട്ടുകൊടുക്കുന്ന രീതി സിപിഎം സാധാരണ സ്വീകരിക്കാറില്ല. 2000ത്തിൽ ആർ.എസ്.പിക്ക് രാജ്യസഭാ സീറ്റ് നൽകിയതാണ് ഇതിനൊരപവാദം. കഴിഞ്ഞ ദിവസം ചേർന്ന സംസ്ഥാന സെക്രട്ടറിയേറ്റിൽ സിപിഎം അവരുടെ സ്ഥാനാർത്ഥിയെ വരെ തീരുമാനിച്ചിരുന്നതാണ്. അതേസമയം രാജ്യസഭാ സീറ്റിൽ അവഗണിക്കപ്പെട്ട രാഷ്ട്രീയ ജനതാദൾ (ആർ.ജെ.ഡി) മുന്നണി യോഗത്തിൽ വൻ പ്രതിഷേധം ഉയർത്തി. കഴിഞ്ഞ 40 വർഷമായി എൻ.സി.പി തഴയപ്പെടുന്ന സ്ഥിതിയുണ്ടെന്നും ഇത്തവണ സീറ്റ് കിട്ടിയേ തീരൂവെന്നും പ്രഖ്യാപിച്ച എൻ.സി.പിയുടെ പ്രതികരണം സി.പി.എം മുഖവിലക്കെടുത്തില്ല.

പി.പി സുനീർ ജോസ് കെ. മാണി

ഇന്നലെ വൈകുന്നേരം എ.കെ.ജി സെന്ററിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന ഇടതുമുന്നണി യോഗത്തിൽ രാജ്യസഭാ സീറ്റ് അഭിമാന പ്രശ്നമാണെന്ന നിലപാട് സി.പി.ഐയും കേരളാ കോൺഗ്രസ് എമ്മും ശക്തമായി ആവർത്തിച്ചു. രാജ്യസഭാ സീറ്റായിരുന്നു യോഗത്തിന്റെ പ്രധാന അജണ്ട. നേരത്തെ ഉഭയകക്ഷി ചർച്ചയിലും ഇതേ വാദം തന്നെയായിരുന്നു ഇരുപാർട്ടികളുടേതും.

രാജ്യസഭാ സീറ്റില്ലാതെ നിലനിൽപ്പില്ലെന്ന് ഇരുപാർട്ടികളുടെയും നേതൃത്വം അറിയിച്ചു. ഇതോടെ, തദ്ദേശ തിരഞ്ഞെടുപ്പും പിന്നാലെ നിയമസഭാ തെരഞ്ഞെടുപ്പും വരാനിരിക്കെ രണ്ട് ഘടകകക്ഷികളേയും പിണക്കാതെ പ്രശ്നം പരിഹരിക്കാനുള്ള പോംവഴിയെന്ന നിലയിൽ തർക്കത്തിനില്ലെന്ന് മുഖ്യമന്ത്രി തന്നെ യോഗത്തിൽ അറിയിക്കുകയായിരുന്നു.ഇതിനിടെ ആർ.ജെ.ഡിയുടെ പ്രതിഷേധം ശക്തമായി. രാജ്യസഭാ സീറ്റ് എപ്പോഴും സി.പി.ഐക്ക് നൽകുന്നതിലായിരുന്നു പ്രതിഷേധം. എം.വി ശ്രേയാംസ് കുമാറിന്റെ കാലാവധി കഴിഞ്ഞപ്പോഴും സീറ്റ് നൽകിയത് സി.പി.ഐക്കാണെന്ന് വർഗീസ് ജോർജ്ജ് ചൂണ്ടിക്കാട്ടി.

ആഗോള സംഗമത്തിന് നാല് നാൾ മാത്രം വിപുലമായ ഒരുക്കങ്ങളുമായി ഹജ്ജ് മന്ത്രാലയം

അഷ്റഫ് വേങ്ങാട്ട്
റിയാദ്

ആഗോള മുസ്‌ലിംസംഗമത്തിന് നാല് നാൾ ബാക്കിയിരിക്കെ വിപുലമായ ഒരുക്കങ്ങളുമായി സഊദി ഹജ്ജ് മന്ത്രാലയം. മുൻകാലങ്ങളെക്കാൾ സൗകര്യങ്ങളൊരുക്കി തീർത്ഥാടകർക്ക് നടപടികളും കർമ്മങ്ങളും എളുപ്പമാക്കാൻ നൂതന സംവിധാനങ്ങളാണ് മന്ത്രാലയം ഒരുക്കിയത്. സഊദി ഭരണാധികാരി സൽമാൻ രാജാവിന്റെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന്റെയും നേതൃത്വത്തിൽ സഊദി ഭരണകൂടം ശാസ്ത്രീയമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വിശുദ്ധ ഹറമിലും മിനായിലും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ഹാജിമാർക്കുള്ള സൗകര്യങ്ങൾ പരമാവധി വർധിപ്പിച്ചു വരികയാണ്.

ഹജ്ജ് സീസണിൽ തീർഥാടകരെ സ്വീകരിക്കാനുള്ള സൗകര്യങ്ങൾ ഉറപ്പാക്കാൻ മക്ക ഡെപ്യൂട്ടി അമീർ സഊദ് ബിൻ മിഷാൽ ഞായറാഴ്ച വിശുദ്ധ സ്ഥലങ്ങളിലെ നിരവധി സ്ഥലങ്ങളിൽ പരിശോധന നടത്തി. പബ്ലിക് സെക്യൂരിറ്റി ഡയറക്ടർ ലഫ്. ജനറൽ മുഹമ്മദ് അൽ ബസ്സാമിയും മറ്റ് നിരവധി ഉന്നത ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു. ഈ ഹജ്ജ് സീസണിൽ തീർഥാടകരെ പുണ്യസ്ഥലങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള മശായിർ ട്രെയിൻ സംവിധാനം ഏഴ് ദിവസങ്ങളിലായി രണ്ടായിരത്തിലധികം ട്രിപ്പുകളിലൂടെ രണ്ട് ദശലക്ഷത്തിലധികം ഹാജിമാർക്ക് തുണയാകും. ഇരുപത്തിയഞ്ച് ലക്ഷം ഹാജിമാർക്കുള്ള സുരക്ഷ ഭദ്രമാക്കാൻ സഊദി ആഭ്യന്തര മന്ത്രാലയത്തിന്റെ ശാസ്ത്രീയമായ നടപടികളും പൂർത്തിയായി. പഴുതടച്ച സുരക്ഷാ ക്രമീകരങ്ങളാണ് ഇത്തവണ ഏർപ്പെടുത്തിയിട്ടുള്ളത്.

ഹാജിമാരല്ലാത്തവരെ മക്കയിലേക്ക് പ്രവേശിക്കുന്നത് ശക്തമായി വിലക്കി നിയമ ലംഘനം നടത്തിയാൽ നാടുകടത്തൽ ഉൾപ്പടെയുള്ള കർശനമായ ശിക്ഷ നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഹജ്ജ് പെർമിറ്റില്ലാത്ത പൗരന്മാർക്കും സന്ദർശകർക്കും ഹജ്ജ് ചട്ടങ്ങൾ ലംഘിക്കുന്നവർക്കും 10,000 റിയാൽ പിഴയാണ് പൊതു സുരക്ഷാവിഭാഗം ചുമത്തുന്നത്. പിടിയിലാവുന്ന വിദേശികളെ അവരുടെ രാജ്യങ്ങളിലേക്ക് നാടുകടത്തുകയും നിയമം അനുശാസിക്കുന്ന നിശ്ചിത കാലയളവിലേക്ക് രാജ്യത്തേക്ക് വിണ്ടും പ്രവേശിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യും.

തീർഥാടകർക്ക് മികച്ച ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് ആരോഗ്യ മന്ത്രാലയം മികച്ച പദ്ധതികളാണ് നടപ്പിലാക്കുന്നത്. മക്ക, മദീന, മറ്റു പുണ്യസ്ഥലങ്ങൾ എന്നിവിടങ്ങളിലെ ആശുപത്രികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ ഇതിനായുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു. വിവിധ സ്പെഷ്യാലിറ്റികളിൽ നിന്നുള്ള അയ്യായിരത്തിലധികം ഡോക്ടർമാർ, 32,000ത്തിലധികം മെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾ എന്നിവരെ സജ്ജമാക്കിയിട്ടുണ്ട്. 32 ആശുപത്രികൾ, 151 ആരോഗ്യ കേന്ദ്രങ്ങൾ, നൂതന മെഡിക്കൽ സാങ്കേതിക വിദ്യയുള്ള ആറ് മൊബൈൽ ക്ലിനിക്കുകൾ എന്നിവയുൾപ്പെടെ 183 ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ആരോഗ്യ സംരക്ഷണം നൽകാനും ഏത് അടിയന്തര സാഹചര്യത്തിലും വേഗത്തിൽ പ്രതികരിക്കാനും ഈ മെഡിക്കൽ സംഘം സദാ ജാഗ്രത പാലിക്കും. 6,400 ലധികം കിടക്കകളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത്. തീവ്രപരിചരണം, എമർജൻസി, ഹീറ്റ് സ്ട്രോക്കുകൾക്കായി സംവിധാനിച്ച ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ ഇൻപേഷ്യന്റ് സർവീസ് നൽകും. വിർചൽ ഹോസ്പിറ്റൽ വഴിയും അനുബന്ധ ക്ലിനിക്കുകൾ വഴിയും റിമോട്ട് ഹെൽത്ത് കെയർ സേവനം നടപ്പിലാക്കുന്നുണ്ട്.

സംയോജിത ഇലക്ട്രോണിക് സംവിധാനങ്ങൾ, പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്കൊപ്പം സ്മാർട്ട്ഫോണുകൾ വഴി തീർഥാടകർക്ക് കൺസൾട്ടിംഗ് സേവനങ്ങളും മെഡിക്കൽ വിവരങ്ങളും നൽകാനുമുള്ള സിഹാത്തി ആപ്ലിക്കേഷൻ ഹാജിമാർക്ക് ഏറെ ഗുണകരമാകും . വിശുദ്ധ സ്ഥലങ്ങളിലെ ആശുപത്രികൾക്കിടയിൽ രക്ത യൂണിറ്റുകളും ലബോറട്ടറി സാമ്പിളുകളും വേഗത്തിലും കാര്യക്ഷമമായും കൊണ്ടുപോകുന്നതിന് ഡ്രോണുകളും രംഗത്തുണ്ടാകും. ആരോഗ്യ പരിപാലനത്തിൽ ജാഗ്രത പാലിക്കാൻ ഹജ്ജ് മിഷൻ ആസ്ഥാനങ്ങളിലും ബോധവൽക്കരണവും മുൻകരുതൽ നിർദേശങ്ങളടങ്ങിയ സ്ക്രീനുകളും സ്ഥാപിച്ചിട്ടുണ്ട്. സഊദി റെഡ് ക്രസന്റ് സൊസൈറ്റി മുൻകാലങ്ങളെക്കാൾ ആധുനിക സൗകര്യങ്ങളാണ് പുണ്യ നഗരികളിൽ ഒരുക്കുന്നത്.

സഊദി ഭരണാധികാരി സൽമാൻ രാജാവ് ഹജ്ജ് ടെന്റുകൾ സന്ദർശിക്കുന്നു

ഫലസ്തീനിൽ നിന്ന് ആയിരം പേര് കൂടി അതിഥികളായെത്തും

റിയാദ് : ഗാസയിൽ കുരുതിക്കിരയാവുകയും പരിക്കേൽക്കുകയും ചെയ്ത ഫലസ്തീനികളുടെ ആയിരം കുടുംബാംഗങ്ങളെ കൂടി വിശുദ്ധ ഹജ്ജ് കർമ്മത്തിലേക്ക് ക്ഷണിക്കാൻ തിരുഗേഹങ്ങളുടെ സേവകൻ സൽമാൻ രാജാവ് ഉത്തരവിട്ടു. ഇതോടെ രണ്ടായിരം പേരാണ് രാജാവിന്റെ അതിഥികളായി ഹജ്ജ് കർമത്തിനെത്തുക. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നായി 88 രാജ്യങ്ങളിൽ നിന്ന് 3322 പേരാണ് ഇത്തവണ രാജാവിന്റെ അതിഥികളായി പുണ്യകർമത്തിനെത്തുന്നത്. ഫലസ്തീനിൽ നിന്ന് നേരത്തെ ആയിരം പേർക്കുള്ള ക്ഷണം രണ്ടായിരമാക്കി ഇന്നലെയാണ് സഊദി ഭരണാധികാരി ഉത്തരവിറക്കിയതെന്ന് സഊദി പ്രസ്സ് ഏജൻസി അറിയിച്ചു.

കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ വരവ് പൂർത്തിയായി

റിയാദ്: ഇക്കൊല്ലത്തെ ഹജ്ജ് കർമ്മത്തിനുള്ള കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ യാത്ര പൂർത്തിയായി 17920 മലയാളി തീർത്ഥാടകർ ഉൾപ്പടെ 18200 പേരാണ് ഞായറാഴ്ച്ചയോടെ ജിദ്ദ ഹജ്ജ് ടെർമിനൽ വഴി മക്കയിലെത്തിയത് . കേരളത്തിൽ നിന്നുള്ള വിവിധ എംബാർകേഷൻ പോയിന്റുകളിൽ നിന്ന് യാത്ര തിരിച്ച തീർത്ഥാടകരിൽ 7408 പുരുഷന്മാരും 10792 സ്ത്രീകളുമാണുള്ളത്. 17920 മലയാളികളും 280 അന്യ സംസ്ഥാനക്കാരുമാണ് ഇക്കൂട്ടത്തിലുള്ളത്. ഇവരെല്ലാവരും അസീസിയയിലുള്ള കെട്ടിടങ്ങളിലാണ് താമസ സൗകര്യമൊരുക്കിയത്.

ഹജ്ജിന്റെ കർമ്മങ്ങൾ പൂർത്തിയാക്കി ജൂൺ ഇരുപതിന് ശേഷം ജിദ്ദ വഴിയെത്തിയ മലയാളി ഹാജിമാർ മദീനയിലേക്ക് പോകും. ജൂലൈ ഒന്ന് മുതലാണ് മദീനയിൽ നിന്നുള്ള മലയാളി ഹാജിമാരുടെ മടക്ക യാത്ര ആരംഭിക്കുക. കഴിഞ്ഞ ദിവസങ്ങളിൽ ഉംറ നിർവഹിക്കാനും ജുമുഅ നിസ്കാരത്തിനും മറ്റു നിസ്കാരങ്ങൾക്കും ഹറമിലെത്താനും ഇന്ത്യൻ ഹാജിമാർക്കും വിശിഷ്യാ മലയാളി ഹാജിമാർക്കും സഹായങ്ങളുമായി കെഎംസിസി ഉൾപ്പടെയുള്ള വളണ്ടിയർ സംഘം മുഴുസമയമെന്നോണം രംഗത്തുണ്ട്. താമസ കേന്ദ്രങ്ങളിലും വിശുദ്ധ ഹറമിന്റെ പരിസരങ്ങളിലും മറ്റു പുണ്യ കേന്ദ്രങ്ങളിലുമായി സേവന നിരതരാണ് മക്ക കെഎംസിസിയുടെ വളണ്ടിയർ സംഘവും മറ്റുള്ളവരും. പ്രസിഡണ്ട് കുഞ്ഞിമോൻ കാക്കിയയുടെയും ജനറൽ സെക്രട്ടറി മുജീബ് പൂക്കോട്ടൂരിന്റെയും ട്രഷറർ മുസ്തഫ മഞ്ഞക്കുളത്തിന്റെയും നേതൃത്വത്തിൽ കെഎംസിസിയുടെ വിപുലമായ സേവന പ്രവർത്തങ്ങളാണ് നടന്നു വരുന്നത്.